
www.malankaralibrary.com



# മലങ്കര - അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം

ഫാ. മാത്യു കളരിക്കാലായിൽ

www.malankaralibrary.com

# മലങ്കര - അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മലങ്കര - അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം

ഫാ. മാത്യു കളരിക്കാലായിൽ

2004
തിരുവല്ല

www.malankaralibrary.com

Malayalam

**Malankara Antiochn Aradhanakrama Dhaivasasthram**

Author

**Fr. Mathew Kalarikalayil**

| | | |
|---|---|---|
| First Published | : | December 2004 |
| Copy Right | : | Reserved to the Author |
| Published by | : | Catholic Bishop's House,<br>Marygiri, Thiruvalla |
| Printed at | : | Bethany Offset Printers<br>Kottayam - 686 010 |
| Price | : | Rs. 70/- |

www.malankaralibrary.com

# ആമുഖം

സഭ ഏറ്റവുമധികം സജീവമാകുന്നത് ആരാധനയുടെ അവസരത്തിലാണ്. മതാത്മകതയുടെ ഏറ്റവും ഉദാത്തമായ പ്രകടനമായ ആരാധന വിശ്വാസത്തിന്റെ ആഘോഷവും ഏറ്റുപറച്ചിലുമാണ്. വിശ്വാസത്തിന്റെ വിശദീകരണം എന്ന നിലയിൽ ആരാധന ദൈവശാസ്ത്രത്തിന്റെ അടിത്തറയും തൂണുമായി മാറുന്നു. സഭ രൂപപ്പെട്ടതും പ്രകടമാകുന്നതും ആരാധന ക്രമം വഴിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു. "സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ച സ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നത് അവിടുന്ന് തന്നെ" (SC.10). ആരാധന സഭാജീവിതത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നു. സഭയെ സഭയാക്കുന്നതും നിലനിർത്തുന്നതും ആരാധനാക്രമം വഴിയാണ്. ആരാധനയും ദൈവശാസ്ത്രവും തമ്മിൽ അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. സ്രഷ്ടാവിനോടുള്ള സൃഷ്ടിയുടെ സംസർഗ്ഗവും സാമീപ്യവുമാണ് സകല ആരാധനകളുടെയും അടിസ്ഥാനം. സ്രഷ്ടാവിനെ ആരാധിക്കുക എന്നതാണ് സൃഷ്ടിയുടെ ഏറ്റവും വലിയ കടമ.

സഭയെ ഉറപ്പിച്ചുനിർത്തുന്നത് ദൈവാരാധനയും ദൈവശാസ്ത്രവും ആത്മീയതയും അച്ചടക്കവും മുഖേനയാണ്. ആരാധനക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയെക്കുറിച്ചും ദൈവശാസ്ത്രത്തെക്കുറിച്ചും പ്രബോധിപ്പിക്കേണ്ടത് സഭയുടെ അടിസ്ഥാനപരമായ കർത്തവ്യമാണ്. അതിനുള്ള ഒരു ചെറിയ ശ്രമമാണ് മലങ്കര അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം എന്ന ഗ്രന്ഥത്തിലൂടെ പരിശ്രമിക്കുന്നത്. ഓരോ വ്യക്തിഗത സഭയ്ക്കും അതിന്റേതായ ആരാധനയും ദൈവശാസ്ത്രവുമുണ്ട്. ശരിയായ ആദ്ധ്യാത്മികത സഭാപരമാണ്. അത് സഭാപരമാകുന്നത് ശരിയായ ആരാധനാക്രമ അനുഷ്ഠാനംവഴിയാണ്. ആദ്ധ്യാത്മികതയുടെ അടിത്തറയും ആലംബവും ആരാധനക്രമമാണ്. ആരാധനയിൽ നിന്ന് ഉത്ഭവിക്കുന്ന ദൈവശാസ്ത്രചിന്തകൾ യഥാർത്ഥമായ ആദ്ധ്യാത്മികതയിലേക്ക് നയിക്കും എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

അന്ത്യോക്യൻ ആരാധനക്രമം ഏറ്റം അർത്ഥസംപുഷ്ടവും ദൈവശാസ്ത്ര സമ്പന്നവും അമൂല്യവുമാണ്. ഈ ആരാധനയിൽ നിന്നും ഉത്ഭവിക്കുന്ന

www.malankaralibrary.com

ദൈവശാസ്ത്രചിന്തകളാണ് ഈ ചെറിയ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. എന്റെ പൗരോഹിത്യ സ്വീകരണത്തോടനു ബന്ധിച്ച് ഈ പുസ്തകം പ്രകാശനം ചെയ്യപ്പെടുമ്പോൾ ഈ ഗ്രന്ഥത്തിന്റെ രചനയ്ക്കായി എന്നെ പ്രോത്സാഹിപ്പിച്ചവർ ധാരാളം. ഈ ഗ്രന്ഥത്തിന് പ്രൗഢഗംഭീരമായ അവതാരിക എഴുതി തരികയും സഹായിക്കുകയും ചെയ്ത തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് തിരുമേനിയോടുള്ള എന്റെ നന്ദി നിസീമമാണ്. ഈ ഗ്രന്ഥം വായിക്കുകയും ആസ്വാദനം എഴുതിത്തന്ന് അനുഗ്രഹിക്കുകയും ചെയ്ത ദൈവശാസ്ത്രജ്ഞനും ആരാധനക്രമത്തിൽ അവഗാഹമുള്ള അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയെ നന്ദിപൂർവ്വം ഓർക്കുന്നു. ഈ ഗ്രന്ഥം സൂക്ഷ്മമായി പരിശോധിക്കുകയും ആശംസകളറിയിക്കുകയും ചെയ്ത രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയേയും ഈ ഗ്രന്ഥരചനയ്ക്ക് എന്നെ വളരെ പ്രോത്സാഹിപ്പിക്കുകയും ആശംസകളിലൂടെ അനുഗ്രഹിക്കുകയും ചെയ്ത മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ റസിഡന്റ് മെത്രാപ്പോലീത്താ അഭിവന്ദ്യ കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെയും നന്ദിപൂർവം അനുസ്മരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രിന്റിംഗ് ജോലികൾ ചെയ്തുതന്ന കോട്ടയം, കളത്തിപ്പടി, ബഥനിപ്രസ് അധികൃതർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. മാത്യു കളരിക്കാലായിൽ, അയിരൂർ**

30 -12 - 2004

www.malankaralibrary.com


SYRO - MALANKARA CATHOLIC CHURCH

**DIOCESE OF TIRUVALLA**

Dr. ISAAC MAR CLEEMIS
BISHOP

Catholic Bishop's House
Marygiri, P.B. No. 4
Tiruvalla - 689 101
Kerala, India.




# അവതാരിക

വിശുദ്ധസഭ അടിസ്ഥാനപരമായി ഒരു ആരാധനസമൂഹമാണ്. സഭ രൂപം കൊണ്ടത് ആരാധനയുടെ മദ്ധ്യത്തിൽ ഇറങ്ങിവന്ന ദൈവാത്മാവിന്റെ തിരസാന്നിദ്ധ്യത്തിലും തിരുസാന്നിദ്ധ്യം മൂലവുമാണ്. സൃഷ്ടാവായ ദൈവത്തെ ആരാധിക്കുകയെന്നത് സൃഷ്ടിയുടെ വലിയ കടമയാകുന്നു. സഭയുടെ സ്വഭാവം ദൈവികവും മാനുഷികവുമായ അതിന്റെ ഭാവരൂപങ്ങൾ ആരാധനയുടെ ആഘോഷത്തിൽ പ്രകടമാണ്. അതിനാൽ തന്നെ ആരാധനയിൽ അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികതയ്ക്കാണ് പൗരസ്ത്യസഭകൾ പ്രത്യേകമായും ഊന്നൽ കൊടുക്കുക.

ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നീ മേഖലകളിൽ വ്യക്തിഗതസഭകൾ അവയുടെ പിതൃസ്വത്ത് (Patrimony) അവതരിപ്പിക്കുന്നു. ഈ നാലു മേഖലകളിലൂടെ മലങ്കരസഭ അതിന്റെ സഭാത്മകത വെളിവാക്കുന്നു; ആരാധനയിൽ ഇത് ഏറ്റം പ്രകടമായി അവതരിപ്പിക്കുന്നു, അനുഭവവേദ്യമാക്കുന്നു. പൗരസ്ത്യസഭാദർശനത്തിൽ, ആരാധനയിൽ ദൈവമനുഷ്യസംഗമം നടക്കുന്നു; ദൃശ്യസഭയും അദൃശ്യസഭയും സംഗമിക്കുന്നു.

വിശ്വാസം അതിന്റെ പരിശുദ്ധിയിൽ ജീവിക്കുകയും ജീവിക്കുന്നത് ആഘോഷിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ് മലങ്കരസഭയുടേത്. ആരാധനക്ര

www.malankaralibrary.com

മത്തിൽ അധിഷ്ഠിതമായ ദൈവശാസ്ത്രമാണ് മലങ്കരസഭയുടേത്. ക്രൈസ്തവ ലോകത്തിലെ ഏറ്റം മനോഹരമായ ആരാധനക്രമമെന്ന് ആരാധനക്രമപണ്ഡിതന്മാർ വിശേഷിപ്പിക്കുന്ന അന്ത്യോക്യൻ ആരാധനക്രമം ഭാഗ്യവശാൽ മലങ്കരസഭയ്ക്കും ലഭ്യമായി. സൃഷ്ടികർമ്മം തുടങ്ങി നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകരസംഭവങ്ങൾ മുഴുവൻ മനോഹരമായി ഈ ആരാധനക്രമത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ദൈവോന്മുഖതയിലേക്കും യഥാർത്ഥ മാനവികതയിലേക്കും വിശ്വാസികളെ നയിക്കുന്നതിനുപയുക്തമായ വി.കൂദാശകൾ, ആണ്ടുവട്ടത്തിലെ പെരുന്നാളുകൾ, യാമനമസ്ക്കാരങ്ങൾ, നോമ്പ്, ഉപവാസം, ദാനധർമ്മം, വിശ്വാസപ്രബോധനങ്ങൾ, സമൂഹത്തോടുള്ള പ്രതിബദ്ധത, പാവങ്ങൾക്കുള്ള കാരുണ്യപ്രവർത്തികൾ ഇവയെല്ലാം ഈ ആരാധനക്രമത്തിൽ അർത്ഥവത്തായി സംയോജിപ്പിച്ചിരിക്കുന്നു. അതിന്റെ ബോധപൂർവ്വമായ സ്വീകരണത്തിലൂടെ, ദൈവശാസ്ത്രമെന്നത് വിശ്വാസത്തിന്റെയും ആരാധനയുടെയും ജീവിത ഗന്ധിയായ വ്യാഖ്യാനമാണെന്ന് വിശ്വാസികൾക്ക് ബോദ്ധ്യപ്പെടുന്നു. ഈ ദിശയിലേക്ക് സഭാമക്കളുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു ഗ്രന്ഥമാണ് ബ. മാത്യു കളരിക്കാലായിൽ അച്ചൻ രചിച്ച ‘‘മലങ്കര അന്ത്യോക്യൻ ആരാധനക്രമദൈവശാസ്ത്രം.’’ പതിനെട്ട് അദ്ധ്യായങ്ങളിലൂടെ അന്ത്യോക്യൻ ആരാധനയുടെ ഉത്ഭവം, പൗരാണികത്വം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. അന്ത്യോക്യൻ ആരാധനക്രമ പഠനത്തിന് സഭാമക്കൾക്ക് ഏറ്റം പ്രയോജനപ്രദമായ ഒരു വഴികാട്ടിയാണീ പുസ്തകം. ബ. മാത്യു കളരിക്കാലായിൽ അച്ചൻ തന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സ്മരണികയായിട്ടാണ് ഈ ഗ്രന്ഥം മലങ്കരസഭാമക്കൾക്ക് സമ്മാനിച്ചിരിക്കുന്നത്. വൈദികവിദ്യാഭ്യാസകാലത്തുതന്നെ അദ്ദേഹത്തിൽ സജീവമായി നിലനിന്നിരുന്ന സഭാത്മകതയുടെ ബഹിർസ്ഫുരണമാണീ പുസ്തകമെന്നതാണ് സത്യം. ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. മലങ്കരസഭകൾക്ക് ഈ ഗ്രന്ഥം സംലഭ്യമാക്കിയതിൽ ബ.കളരിക്കാലായിൽ അച്ചന് കൃതജ്ഞതയർപ്പിക്കുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുന്നു.

+marcleemis


| | |
|---|---|
| മേരിഗിരി | ഡോ. ഐസക് മാർ ക്ലീമിസ് മെത്രാപ്പോലിത്താ |
| തിരുവല്ല | തിരുവല്ലാ രൂപതാദ്ധ്യക്ഷൻ |
| 8 - 11 - 2004 | |

www.malankaralibrary.com

# CATHOLIC DIOCESE OF MUVATTUPUZHA

THOMAS MAR KOORILOS
BISHOP

CATHOLIC BISHOP'S HOUSE
VAZHAPPILLY, MUDAVOOR P.O.,
MUVATTUPUZHA - 686669,
ERNAKULAM DIST., KERALA, INDIA.
Tel : (0485) 2812650
E-mail : markoorilos@hotmail.com



## സന്ദേശം

മനുഷ്യനുമാത്രം സാദ്ധ്യമായ ഒന്നാണ് ആരാധന. തങ്ങളേക്കാൾ ശക്തരായവരുടെ മുമ്പിൽ ഭയന്നുവിറയ്ക്കുന്ന മൃഗജാലങ്ങളെ നാം കണ്ടിട്ടുണ്ടാവാം. ഇതൊരിക്കലും ആരാധനയല്ല, മറിച്ച് വലിയവന്റെ മുമ്പിൽ ചെറിയവന്റെ നിസ്സഹായതമാത്രം. ദൈവം തന്റെ ജനത്തെ വാഗ്ദാനനാട്ടിലേക്ക് നയിച്ച് സത്യത്തിലും ആത്മാവിലും തന്നെ ആരാധിക്കുവാൻ പ്രാപ്തനാക്കി. മനുഷ്യനെ തന്റെ ജീവിതലക്ഷ്യത്തിലേക്കും രക്ഷയിലേക്കും ആനയിക്കുന്നതാണ് ക്രിസ്തീയ ആരാധന. മനുഷ്യൻ എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടുവോ അതിന്റെ പൂർണ്ണതയാണ് ദൈവമനുഷ്യസംയോഗം, ഈ സംയോഗമാണ് ആരാധന. പലപ്പോഴും ആരാധന യാന്ത്രികമാകുന്നു. കടം തീർക്കാനുള്ള വേദിയായി മാറുന്നു.

ഇവയ്ക്കൊരു പോംവഴി എന്ന നിലയിൽ ആരാധനയും ആരാധനയിലെ പ്രതീകങ്ങളെയും ദൈവത്തിന് അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളെയും വിശദീകരിച്ച് വിശ്വാസികളെ യഥാർത്ഥ ആരാധകരാക്കി മാറ്റുന്നതിനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥം. ഏതാണ്ട് പൂർണ്ണമായും ആധികാരികമായ രീതിയിൽ തന്നെ

www.malankaralibrary.com

വ്യാഖ്യാനിക്കുന്നതിനും വിശദീകരിക്കുന്നതിനും ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. ആരാധനയുടെ ഉള്ളാർത്ഥങ്ങൾ സാധാരണ ജനത്തിന് ലഭ്യമാക്കുന്നതിന് മുൻകൈയെടുത്ത അച്ചനെ ഞാൻ അഭിനന്ദിക്കുന്നു. കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും വേണ്ട ഒരു മേഖലയാണിത്. സാധാരണക്കാരന്റെ ഭാഷ്യം എന്നതിലുപരി ദൈവശാസ്ത്രസംവേദനത്തിന് സാധിക്കുന്ന തലത്തിലേക്ക് അച്ചന്റെ ഗവേഷണത്വര വളരട്ടെ എന്ന് ആശംസിക്കുന്നു.

**തോമസ് മാർ കൂറിലോസ് മെത്രീപ്പോലീത്താ**
മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ


**കാത്തലിക് ബിഷപ്പ്സ് ഹൗസ്**
മൂവാറ്റുപുഴ
6-11-2004

www.malankaralibrary.com

The Malankara Syrian Orthodox Theological Seminary
(Reg. No. ER 1562/90)

Dr. Kuriakose Theophilose Metropolitan
Prof. & Resident Metropolitan
Metropolitan of Europe Diocese
Metropolitan of UAE Diocese

Udayagiri, Vettickal P.O., Mulanthuruthy,
Ernakulam, Kerala - 682 314, India
Phone : +91-484-2748072
Mobile: +91-9447475105
E-mail : theophilosethirumeni@yahoo.com



# സന്ദേശം

ഏതൊരു മതത്തിന്റേയും സഭയുടേയും പൗരാണികതയും ആത്മീയ നിലവാരവും നിർണ്ണയിക്കുന്നതിന് അതിന്റെ ആരാധനക്രമങ്ങൾക്കും ആരാധനാജീവിതത്തിനുമുള്ള സ്ഥാനം നിർണ്ണായകമാണ്. ആരാധനയിലൂടെ മനുഷ്യൻ ഭൗമികതലങ്ങളിൽ നിന്നും സ്വർഗ്ഗീയ തലങ്ങളിലേക്ക് ഉയർത്തപ്പെടുകയും അവിടെ നടക്കുന്ന മനുഷ്യ-ദൈവസംഗമത്തിലൂടെ ദൈവഹിതത്തോട് മനുഷ്യഹിതം അനുരൂപപ്പെടുകയും മനുഷ്യന് തന്നെക്കുറിച്ചും താൻ ജീവിക്കുന്ന സമൂഹത്തെക്കുറിച്ചുള്ള അവബോധത്തിനും ജീവിതദർശനത്തിനും മതദർശനത്തിനും അത് മുഖാന്തിരമായി തീരുകയും ചെയ്യുന്നു.


ആരാധനാക്രമങ്ങളിൽ അതിശ്രേഷ്ഠവും അമൂല്യവുമാണ് അന്ത്യോക്യൻ ആരാധനക്രമം. ബൈസാന്റിയൻ സഭയുടെ ദൈവശാസ്ത്രവും ക്രിസ്തുശാസ്ത്രവും സഭാവിജ്ഞാനീയവുമെല്ലാം ഐക്കണു (Icon)കളിലൂടെ വെളിപ്പെടുത്തുമ്പോൾ അന്ത്യോക്യൻ സഭയിൽ ആരാധനയിലാണ് (Liturgy) ആഴമായ സഭാവിജ്ഞാനീയവും ദൈവശാസ്ത്രവും രക്ഷാശാസ്ത്രവുമെല്ലാം അടങ്ങിയിരിക്കുന്നത്. എന്നാൽ ഇന്നും അതിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് അവ കണ്ടെത്തുവാനും സഭാമക്കൾക്ക് പ്രയോജനപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ വളരെ കുറച്ച് മാത്രമേ നടന്നിട്ടുള്ളൂ. ആത്മീയതയും ആരാധനയും വൈകാരിക പ്രകടനങ്ങളിലും ഭൗതീകനേട്ടങ്ങളിലും മാത്രം ഒതുങ്ങിനിൽക്കു

www.malankaralibrary.com

കയും സഭയെ സ്ഥലകാല ദേശീയ പരിമിതികൾക്കകത്ത് പരിമിതപ്പെടുത്തിക്കൊണ്ടുള്ള സഭാവിജ്ഞാനീയങ്ങൾ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സൃഷ്ടിയുടെ സമസ്ത മണ്ഡലങ്ങളേയും ഉൾക്കൊള്ളുന്ന ആത്മീയതയും, ശ്രുതിമധുരവും, സ്വർഗ്ഗീയവും, ആദ്ധ്യാത്മികവും, വേദപുസ്തകാധിഷ്ഠിതവുമായ, ആരാധനയും ആരാധനക്രമങ്ങളും ആഴമേറി യതും സ്ഥലകാല വർഗ്ഗവർണ്ണ പരിമിതികളെ അതിജീവിക്കുന്നതും നിത്യസനാതനവും ആനുകാലികവുമായ ദൈവശാസ്ത്രവും കൂടുതൽ പഠനവിധേയമാക്കേണ്ടതും വ്യാഖ്യാനിക്കപ്പെടേണ്ടതും അനിവാര്യമാണ്.


18 അദ്ധ്യായങ്ങളിലായി അന്ത്യോക്യൻ ആരാധനാക്രമ ങ്ങളുടെ ഉത്ഭവവും വളർച്ചയും മുതൽ ദൈവശാസ്ത്രപരവും ക്രിസ്തുശാസ്ത്രപരവുമായ കാര്യങ്ങളും ആത്മീയതയും കൂദാശ കളും ഉൾപ്പെടെ സമസ്ത മണ്ഡലങ്ങളേയും സ്പർശിച്ചു കൊണ്ടുള്ള വിജ്ഞാനപ്രദവും ആശയസംപുഷ്ഠതയും പ്രൗഢഗംഭീര്യവുമായ ലേഖനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബഹു. മാത്യു കളരിക്കാലായിൽ അച്ചന്റെ ഈ കൃതി അന്ത്യോക്യൻ പാരമ്പര്യമുള്ള സഭകൾക്കുമാത്രമല്ല സകല എപ്പിസ്കോപ്പൽ സഭകൾക്കും അമൂല്യവും അതുല്യവുമായ ഒരു മുതൽക്കൂട്ടും സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിന് ഉതകുന്നതു മാണെന്നതിന് സംശയമില്ല.

വിനയത്തിന്റെയും വിജ്ഞാനത്തിന്റെയും വിശ്വാസത്തിന്റെയും മാതൃകയും സുറിയാനിഭാഷയിൽ അഗാധപാണ്ഡിത്യമുള്ള ബഹു.അച്ചൻ നവപൂജാർപ്പണത്തിന്റെ നിറവിൽ നിൽക്കുന്ന ഈ വേളയിൽ സകല ദൈവീകാനുഗ്രഹങ്ങളും നേരുന്നു. ക്രിസ്തുവിന്റെ മുന്തിരിതോട്ടത്തിലെ ഉത്തമശുശ്രൂഷകനായിരുന്ന് അജപാലനത്തോടൊപ്പം തന്റെ രചനകളിലൂടെ പരി.പിതാക്കന്മാരുടെ കാലടികളെ പിൻതുടർന്ന് വിശ്വാസത്തിന്റെ സംരക്ഷണത്തിനും സഭകളുടെ ഐക്യത്തിനും പ്രവർത്തിക്കുവാൻ ദൈവീക കൃപ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 'മലങ്കര - അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം' എന്ന കൃതി വിശ്വാസജീവിതയാത്രയിൽ ഏവർക്കും ഒരു മാർഗ്ഗദീപമാകട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.



**കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ**

www.malankaralibrary.com



**Mar Joseph Powathil**

Metropolitan Archbishop
of Changanacherry

# ആസ്വാദനം

ആരാധനക്രമത്തെ കേന്ദ്രമാക്കിയാണ് ക്രൈസ്തവജീവിതം രൂപം കൊള്ളേണ്ടത്. ആരാധന സഭയുടെ വിശ്വാസത്തിന്റെ ആഘോഷമാണല്ലോ. അതിൽ പങ്കുപറ്റുമ്പോഴാണ് നാം ദൈവകൃപയാൽ അനുഗ്രഹീതരാകുന്നത്. നമ്മുടെ പ്രവർത്തനങ്ങളെല്ലാം ആരാധനയിൽ സമർപ്പിക്കപ്പെടേണ്ടതാണ്. സ്വർഗ്ഗീയ ജീവിതത്തിന്റെ ആരംഭവും അവിടെതന്നെ. ആരാധനയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത, ആരാധനയിൽ ആഘോഷിക്കുന്നതിനു ചേർന്നുള്ള ജീവിതം ഇതാണ് നമുക്കുണ്ടായിരിക്കേണ്ടത് (cf Apostolic Letter of Joh Paul II on the Fourteth Aniversarry of the constitution Sacrosanctum Concilium)".

ആരാധനയുടെ അർത്ഥമറിയാനും ക്രിസ്തീയജീവിതത്തോട് അതിനുള്ള ബന്ധം മനസ്സിലാക്കുവാനുമെല്ലാം നമുക്ക് ദൈവശാസ്ത്രത്തിന്റെ സഹായം ആവശ്യമാണ്. രക്ഷാകര സംഭവങ്ങളും ആരാധനക്രമവും തമ്മിലുള്ള ബന്ധവും മറ്റും ആഴമായി മനസ്സിലാക്കേണ്ടതുണ്ട്. എങ്കിലേ ആരാധനയുടെ അനുഭവത്തിൽ നമുക്ക് ഫലപ്രദമായി പങ്കുകാരാകാൻ സാധിക്കൂ. പ്രാർത്ഥനകളുടെയും അനുഷ്ഠാനങ്ങളുടെയും പ്രതീകങ്ങളുടെയുമെല്ലാം അർത്ഥം വിശുദ്ധഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടത് ക്രിസ്തീയ ജീവിതത്തിന് അനുപേക്ഷണീയമാണ്.

www.malankaralibrary.com

ആരാധനക്രമത്തേയും പ്രത്യേകിച്ച് പരി.കുർബാനയേയും മനസ്സിലാക്കുന്നതിൽ ക്രൈസ്തവരുടെ ഇടയിൽ ഭിന്നതയുണ്ട്. പരി.കുർബാന ബലിയാണെന്ന കാര്യം നിഷേധിച്ചുകൊണ്ട് കേവലം അന്ത്യത്താഴത്തെ അനുസ്മരിപ്പിക്കുന്ന ഒന്നായാണ് മിക്ക പ്രോട്ടസ്റ്റന്റു വിഭാഗങ്ങളും സ്വീകരിച്ചിട്ടുള്ളത്. കത്തോലിക്കാസഭ പരി.കുർബാനയെ നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സഭാത്മകമായ അനുസ്മരണമായിട്ടാണു കാണുന്നത്. പരി.കുർബാനയിലും കുർബാനയിലൂടെയുമുള്ള മിശിഹായുടെ ഉത്ഥാനസാന്നിദ്ധ്യം കത്തോലിക്കാ വിശ്വാസത്തിന്റെ കാതലായ ഭാഗമാണ്. ചിലർ അതിനെ കേവലം വിരുന്നായി മാത്രം ചിത്രീകരിക്കുന്നത് പല വികലതകൾക്കും വഴി തെളിയിക്കുകയും ചെയ്തുവെന്നത് വിസ്മരിക്കാനാവില്ല.

പരി.കുർബാനയുടെ ദൈവശാസ്ത്രം വേണ്ട രീതിയിൽ മനസ്സിലാക്കാത്തതിനാലാണ് ഈ തെറ്റിധാരണകളും വികലതകളും കടന്നുവന്നിട്ടുള്ളത്. പരി.കുർബാനയ്ക്ക് മിശിഹായോടും സഭയോടുമുള്ള ബന്ധം മനസ്സിലാക്കുകയാണ് ഇതിനുള്ള പ്രതിവിധി. കർദ്ദിനാൾ റാറ്റ്സിംഗർ ഈ വിഷയത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. "The Liturgy is an expression of the conscience of the community which, in any case, is different and changing. It is revelation received in faith and prayer and its measure is consequentaly the faith of the Church, in which revelation is received. The forms which are given to the liturgy can very according to the place and time, just as the rites are diverse. What is essential is the link to the Church which for her part, is united by faith in the doctrine. The obediance of faith guarantees the unity of the liturgy (Card Ratzinger in a paper on "The theology of the Liturgy" No 7, 2003).

ആരാധനക്രമത്തെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ ശരിയായ വിശ്വാസം സംരക്ഷിക്കുന്നതിനും സഭാത്മകമായ ആദ്ധ്യാത്മികത പുലർത്തുന്നതിനും അത്യാവശ്യമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയെങ്കിലും ഇന്നും ഈ രംഗത്ത് ശരിയായ അവബോധം ഉണ്ടായിട്ടുണ്ടെന്ന് പറയാനാവില്ല. സഭയുടെ ആരാധനക്രമത്തിന്റെ അർത്ഥവും സമ്പന്നതയും വേണ്ടരീതിയിൽ മനസ്സിലാക്കിയാലേ അതിലെ പങ്കാളിത്തം സജീവവും സമ്പൂർണ്ണവുമാകുകയുള്ളൂ.

മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമത്തിന്റെ പൊരുൾ

www.malankaralibrary.com

ആഴത്തിൽ മനസ്സിലാക്കാൻ എല്ലാവരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബഹു. അച്ചൻ മാത്യു കളരിക്കാലായിൽ മലങ്കര അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം എന്ന ഗ്രന്ഥത്തിനു രൂപം നല്കിയിരിക്കുന്നത്. മലങ്കര കത്തോലിക്കാസഭ അന്ത്യോക്യൻ ആരാധനക്രമമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഈ ആരാധനക്രമത്തെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ ഒരു പഠനമാണിത്.

പതിനെട്ട് അധ്യായങ്ങളിലായി ആരാധനക്രമത്തിന്റെ ഉത്ഭവവും വളർച്ചയും തുടങ്ങി ഈ ആരാധനക്രമത്തിന്റെ സവിശേഷതകളെക്കുറിച്ചും വിവിധ കർമ്മാനുഷ്ഠാനങ്ങളെക്കുറിച്ചുമെല്ലാം സവിസ്തരം പ്രതിപാദിക്കാനാണ് അച്ചൻ ശ്രമിക്കുന്നത്. ഈ ആരാധനക്രമത്തിന്റെ ചൈതന്യം വീണ്ടെടുക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും ഗ്രന്ഥകർത്താവിനു ബോധ്യമുണ്ട്. ദൈവശാസ്ത്രവും മലങ്കര ആരാധനക്രമവുമായുള്ള ബന്ധം വ്യക്തമാക്കാൻ ഈ ഗ്രന്ഥം ശ്രദ്ധിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. ആരാധനക്രമത്തെ ദൈവശാസ്ത്രത്തിന്റെ സുപ്രധാനസ്രോതസായി കണ്ടാലേ സഭയ്ക്കു ചേർന്ന ഒരു ദൈവശാസ്ത്രസരണി രൂപം കൊള്ളുകയുള്ളൂ. ദൈവശാസ്ത്രത്തെ സാഹചര്യങ്ങളുടെ തടവറയിൽ തളച്ചിടുന്നതിനേക്കാൾ ആവശ്യം അതിനെ ആരാധനക്രമപാരമ്പര്യവുമായി ബന്ധപ്പെടുത്തുകയെന്നുള്ളതാണ് സഭാബന്ധമായ ദൈവശാസ്ത്ര സംഗതികളെ മറികടക്കാനുള്ള സംരംഭം സ്വീകാര്യമല്ലാ എന്ന് പറയേണ്ടിയി രിക്കുന്നു.

ഇങ്ങനെ പ്രസക്തമായ ഒരു വിഷയം തെരഞ്ഞെടുക്കുകയും ഭംഗിയായി ഒരു ഗ്രന്ഥരചന സാധിക്കുകയും ചെയ്ത ബഹുമാനപ്പെട്ട മാത്യു കളരിക്കാലായിൽ അച്ചന് അനുമോദനങ്ങൾ!

**ജോസഫ് പൗവത്തിൽ മെത്രാപ്പോലീത്താ**

www.malankaralibrary.com

# ഉള്ളടക്കം


1. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഉത്ഭവവും വളർച്ചയും - 19
2. പരിശുദ്ധദൈവമാതാവ് അന്ത്യോക്യൻ ആരാധനക്രമത്തിൽ - 25
3. അനുതാപവും സ്തുതിയും അന്ത്യോക്യൻ ആരാധനയിൽ - 32
4. രക്ഷാകരമായ സ്ലീബാ അന്ത്യോക്യൻ ആരാധനാക്രമത്തിൽ - 38
5. മലങ്കര അന്ത്യോക്യൻ ആരാധനയിലെ ക്രിസ്തുശാസ്ത്രം - 44
6. മലങ്കര സഭയിലെ വിവാഹശുശ്രൂഷ - ഒരു ദൈവശാസ്ത്ര വീക്ഷണം - 51
7. വി. മൂറോൻ മലങ്കര അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ - 58
8. മലങ്കര അന്ത്യോക്യൻ ആരാധനക്രമവത്സരം - 69
9. വി. നോമ്പുകൾ മലങ്കര സഭാ പാരമ്പര്യത്തിൽ - 77
10. വി. ദേവാലയം മലങ്കര അന്ത്യോക്യൻ സഭാ ദർശനത്തിൽ - 82
11. ജനനപ്പെരുന്നാൾ ശുശ്രൂഷയിലെ ദൈവശാസ്ത്രം - 90
12. മ്ശംശോനോ പദവി : മലങ്കര അന്ത്യോക്യൻ സഭാ ദർശനത്തിൽ - 96
13. കിഴക്കിനഭിമുഖമായ പ്രാർത്ഥന : അന്ത്യോക്യൻ ആരാധന പാരമ്പര്യത്തിൽ - 105
14. ആരാധനാക്രമാധിഷ്ഠിത ആദ്ധ്യാത്മികത - 110
15. സഭ ഒരു ആരാധനാസമൂഹം - 116
16. മലങ്കര കുർബാന ഒരു ദൈവശാസ്ത്രവീക്ഷണം - 121
17. മലങ്കര കുർബാന ഒരു വ്യാഖ്യാനം - 129
18. ദേവാലയത്തിലെ തിരുവസ്തുക്കൾ ഒരു പഠനം - 146

www.malankaralibrary.com

# അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഉത്ഭവവും വളർച്ചയും

ആരാധനക്രമങ്ങളിൽവച്ച് ഏറ്റവും പുരാതനവും ശ്രേഷ്ഠവുമായ ആരാധനക്രമമാണ് അന്ത്യോക്യൻ ആരാധനക്രമം. യേശുക്രിസ്തുവിന്റെ കല്പനപ്രകാരം ശിഷ്യന്മാർ വിവിധ സ്ഥലങ്ങളിൽ സുവിശേഷം ഘോഷിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു. ശ്ലൈഹികസഭകൾ ഓരോന്നും സ്വന്തമായ പാരമ്പര്യത്തിലൂടെ വളർന്നുവികസിച്ചു. അതിന്റെ ഫലമായി വിവിധ രീതിയിൽ ഉള്ള (റീത്തുകൾ) ആരാധനക്രമങ്ങൾ രൂപം പ്രാപിച്ചു. സാർവ്വത്രിക സഭയെ പാശ്ചാത്യം എന്നും പൗരസ്ത്യം എന്നും രണ്ടായി തരംതിരിക്കാം. പൗരസ്ത്യസഭയിൽ തുല്യപദവികളോടുകൂടിയ അഞ്ച് പ്രധാനറീത്തുകൾ ഉണ്ട്. അലക്സാൺഡ്രിയൻ, അന്ത്യോക്യൻ, കൽദായ, ബൈസന്റയിൻ, അർമ്മേനിയൻ എന്നിവയാണ് അവ.

### അന്ത്യോക്യൻ റീത്തിന്റെ ആരംഭവും വളർച്ചയും

സിറിയയിൽ ആധുനിക അന്റാർക്കിയായ്ക്കടുത്തുള്ള പുരാതന പട്ടണമാണ് അന്ത്യോക്യാ. " 'അന്റിയോക്കേയ' എന്ന ഗ്രീക്ക് മൂലമാണ് 'അന്ത്യോക്യാ' എന്ന പദത്തിനാധാരം. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ആഴമായി വിശ്വസിച്ച് ജീവിച്ചിരുന്ന ആദിമക്രിസ്ത്യാനികളുടെ സങ്കേതമായിരുന്നു അന്ത്യോക്യാ നഗരം."[1] യവന റോമാ സാമ്രാജ്യങ്ങളുടെ കാലത്ത് ഏറ്റവും പ്രധാനപ്പെട്ട

1. ഡോ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി. യാക്കോബിന്റെ അന്നാഫുറ ഒരു പഠനം, ബഥനി പബ്ലിക്കേഷൻ, കോട്ടയം പേജ് 9

www.malankaralibrary.com

പട്ടണങ്ങളിലൊന്നായിരുന്നു ഇത്. ക്രിസ്തുവിന്റെ അനുയായികൾ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത് അന്ത്യോക്യായി (നടപടി 16:26) ൽ വച്ചാണ്. പത്രോസ് ശ്ലീഹായാണ് അന്ത്യോക്യാ യിൽ സുവിശേഷം പ്രഘോഷിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു. കർത്താവിന്റെ സഹോദരനും ശ്ലീഹയുമായ മാർ യാക്കോബിന്റെ കുർബ്ബാന തക്സായാണ് അന്ത്യോക്യൻ ആരാധനക്രമത്തിന്റെ അടിസ്ഥാനം. വി.യാക്കോബ്ശ്ലീഹാ ആയിരുന്നു ജറുസലേം സഭയുടെ പ്രഥമാധ്യക്ഷൻ. അന്ത്യോക്യൻ ആരാധനക്രമത്തിന് അടിസ്ഥാനം ഇട്ടത് മാർ യാക്കോബാണ്. വി.കുർബാനയ്ക്ക് ഒരു രൂപവും ഭാവവും നല്കി ഒരു ആരാധനാക്രമമാക്കി മാറ്റിയതും മാർ യാക്കോബ് ശ്ലീഹാ യാണ്. മാർ ദിവന്നാസ്യോസ് ബർസ്ലീബി ഇപ്രകാരം പറയുന്നു: "പെന്തിക്കോസ്തി ദിവസം ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. തിങ്കളാഴ്ച അവർ മൂറോൻ കൂദാശ ചെയ്തു. ചൊവ്വാഴ്ച ബലി പീഠം കൂദാശ ചെയ്തു. നമ്മുടെ കർത്താവിൽ നിന്ന് ഗ്രഹിച്ച പ്രകാരം അവർ സംഘം കൂടി, വി.കുർബാനയുടെ അനുഷ്ഠാനങ്ങൾക്ക് രൂപം കൊടുത്തു. ബുധനാഴ്ച നമ്മുടെ കർത്താവിന്റെ സഹോദരനും ജറുസലേമിന്റെ എപ്പിസ്കോപ്പായുമായ മാർ യാക്കോബ് ശ്ലീഹാ ഈ ക്രമംവച്ച് പ്രഥമകുർബാന അർപ്പിച്ചു."[2] സാർവ്വത്രികസഭയിലെ ഏറ്റം ശ്രേഷ്ഠമായ ഈ വി.കുർബാന തക്സായിലെ കാതലായ ഭാഗങ്ങൾ എല്ലാംതന്നെ ശ്ലീഹന്മാരുടെ കാലത്ത് അവരാൽ രൂപപ്പെടുത്തിയതാണ്. എ.ഡി.4-ാം നൂറ്റാണ്ടോടുകൂടി അന്ത്യോക്യാ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രകേന്ദ്രങ്ങളിൽ ഒന്നായി മാറി. ഇവിടുത്തെ സഭ ധനികവും (നടപടി 11:27-30) പ്രവാചകന്മാരാൽ സമ്പന്നവുമായിരുന്നു (നടപടി 11:27). പാശ്ചാത്യസഭയും, പൗരസ്ത്യസഭയും ഒരുപോലെ ബഹുമാനിക്കുന്ന മല്പാൻ, പരിശുദ്ധാത്മാവിന്റെ വീണയായ മാർ അപ്രേമും സാഗുറിലെ മാർ യാക്കോബ്, വി.ജോൺ ക്രിസോസ്റ്റം, മാർ സേവേറിയോസ്, വി. ഇഗ്നേഷ്യസ് നൂറോനോ തുടങ്ങിയ പിതാക്കന്മാരാൽ ഈ ആരാധനക്രമം അതിവേഗം വളർന്നുവികസിച്ചു. പരിശുദ്ധാത്മ പ്രേരിതരായ ഈ പുണ്യപിതാക്കന്മാരുടെ കൈകളാൽ എഴുതപ്പെട്ട

2. ഫാദർ ഗീവർഗീസ് പണിക്കർ കാരിച്ചാൽ, മലങ്കര കുർബാന തീർത്ഥാടക സഭയിൽ, പേജ് 27

www.malankaralibrary.com

അർത്ഥസംപുഷ്ടവും ദൈവശാസ്ത്രസമ്പന്നവുമായ പ്രാർത്ഥനകളാൽ നിറയപ്പെട്ടതാണ് അന്ത്യോക്യൻ ആരാധനക്രമം. മാർ അപ്രേമിന്റെ കവിതാകീർത്തനങ്ങളും മാർ യാക്കോബിന്റെയും വി.ജോൺ ക്രിസോസ്റ്റം എന്നിവരുടെയും ദൈവശാസ്ത്രസമ്പന്നമായ പ്രാർത്ഥനകളും സംഗീതത്താൽ സഭയെ ഉയർത്തിയ മാർ സേവേറിയോസിന്റെ മാനിസാകളും ഏതൊരുവിശ്വാസിയെയും പണ്ഡിതനെയും പാമരനേയും ഒരുപോലെ ഹഠാതാകർഷിക്കുന്നതാണ്. ആയതിനാൽ അന്ത്യോക്യൻ ആരാധനക്രമം 'വിശ്വാസികളുടെ ആരാധനക്രമം' എന്നാണ് അറിയപ്പെടുന്നത്.

"ആഴമായ ആദ്ധ്യാത്മികതയും കർക്കശമായ തപശ്ചര്യകളും കൈമുതലാക്കിയ അനേകം താപസന്മാരുടെ സങ്കേതമായിരുന്നു ഈ സഭ. തന്മൂലം അന്ത്യോക്യൻ സഭയുടെ ആരാധനക്രമങ്ങൾ സന്ന്യാസാശ്രമങ്ങളിലാണ് വളർച്ച പ്രാപിച്ചത്."[3] 6-ാം നൂറ്റാണ്ടുമുതൽ 12-ാം നൂറ്റാണ്ടുവരെ തുടർച്ചയായി വളർച്ചയുടെ പാതയിലായിരുന്നു ഈ ആരാധനക്രമം. 451-ൽ നടന്ന കൽക്കദോനിയ സൂനഹദോസിന്റെ ഫലമായി അന്ത്യോക്യൻ സഭയിൽ വിശ്വാസപരമായി ചേരിതിരിവ് ഉണ്ടായെങ്കിലും സഭ അവളുടെ സമ്പന്നമായ ഈ ആരാധനക്രമവും വിശ്വാസവും, ദൈവശാസ്ത്രവും ആത്മീയ ജീവിതക്രമവും അഭംഗുരം സംരക്ഷിച്ചു. 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മോശെബർകേഫായും 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ദിവന്നാസ്യോസ് ബർസ്ലീബിയും 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ഗ്രിഗോറിയോസ് ബർ എബ്രായും അന്ത്യോക്യൻ ആരാധനക്രമത്തിന് അമൂല്യനായ സംഭാവനകൾ നൽകിയ പിതാക്കന്മാർ ആയിരുന്നു. "മാർ യാക്കോബിന്റെ തക്സായെ ആസ്പദമാക്കിയും അനുകരിച്ചും നൂറിൽപരം തക്സാകൾ വിരചിതമായി."[4] എന്നാൽ മിക്കവയും സുറിയാനി ഭാഷയിൽ തന്നെ ഇരിക്കുന്നു.

### അന്ത്യോക്യൻ ആരാധനക്രമത്തിന്റെ സവിശേഷതകൾ

ക്രിസ്തീയ ആരാധനക്രമങ്ങളുടെ എല്ലാ ഉറവിടവും

3. ക്രൈസ്തവ വിജ്ഞാനകോശം പ്രകാശം പബ്ലിക്കേഷൻസ് ആലപ്പുഴ, പേജ് 362
4. ഫാ. ഗീവർഗീസ് പണിക്കർ കാരിച്ചാൽ മലങ്കര കുർബാന തീർത്ഥാടക സഭയിൽ, പേജ് 30

www.malankaralibrary.com

കേന്ദ്രവും ആണ് അന്ത്യോക്യൻ ആരാധനക്രമം. ക്രിസ്തീയകൂട്ടായ്മ, മിഷ്യൻശുശ്രൂഷ, പരസ്യആരാധന, സാക്ഷ്യം ഇവയ്ക്ക് എല്ലാം ഒരു ക്രമം തുടങ്ങിയതും അന്ത്യോക്യായിൽ വച്ചാണ് എന്ന് പറയാം. "കറയറ്റ വിശ്വാസതീക്ഷ്ണതയും ആഴമായ ദൈവശാസ്ത്രവും പ്രബുദ്ധമായ മതതാത്പര്യവും അന്ത്യോക്യൻ സഭയുടെ കൈമുതലാണ്. ദൈവാനുഭവം ത്വരിതപ്പെടുത്തുന്ന അനുഷ്ഠാനക്രമങ്ങളും ആകർഷകമാകുന്ന സാംസ്കാരിക പശ്ചാത്തലവും അന്ത്യോക്യൻ റീത്തിന്റെ പ്രത്യേകതകളാണ്."[5]

അന്ത്യോക്യൻ ആരാധനയിൽ പ്രത്യേകിച്ച് വി.കുർബ്ബാനയിൽ യേശുക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങൾ മുഴുവൻ ആചരിക്കപ്പെടുന്നു. ഈ ആരാധനയിലെ പ്രാർത്ഥനകൾക്കും ഗാനങ്ങൾക്കും ശക്തമായ വേദപുസ്തകാടിസ്ഥാനം ഉണ്ട്. ക്രൈസ്തവപാരമ്പര്യത്തിന്റെ ഈടുറ്റനിക്ഷേപമായി ഈ ആരാധനക്രമം ഇന്നും പരിലസിക്കുവാൻ ഉള്ള കാരണം ഈ ആരാധനക്രമത്തിന്റെ ദൈവശാസ്ത്രസമ്പത്താണ്. രക്ഷാകരപദ്ധതിയുടെ എല്ലാ വശങ്ങളും വളരെ സമഗ്രമായി ഈ ആരാധനക്രമത്തിൽ ഉണ്ട്. അന്ത്യോക്യൻ ആരാധനക്രമത്തിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങളെ അനുസ്മരിക്കുക മാത്രമല്ല, ഓരോ വിശ്വാസികളും ഈ ആരാധനക്രമത്തിലൂടെ രക്ഷാകരസംഭവങ്ങളിൽ പങ്കുപറ്റുകയാണ് ചെയ്യുന്നത്. സർവ്വശക്തനായ ദൈവത്തിന്റെ ദൈവികസാന്നിധ്യത്തെപ്പറ്റിയുള്ള ശക്തമായ പ്രചോദനം അതിൽനിന്ന് ലഭിക്കുന്ന ഭയഭക്തിയും അന്ത്യോക്യൻ ആരാധനക്രമത്തിന്റെ സവിശേഷതയാണ്. ദൈവജനവും ശുശ്രൂഷകരും വൈദികരും എല്ലാവരുംചേർന്ന് ആരാധിക്കുന്ന മഹനീയമായ പാരമ്പര്യമാണ് അന്ത്യോക്യൻസഭയുടെ ആരാധനക്രമത്തിൽ ദർശിക്കുവാൻ സാധിക്കുന്നത്.

### അന്ത്യോക്യൻ ആരാധനക്രമം കേരളത്തിൽ

എ.ഡി.52-ൽ ക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരളസഭ പതിനാറാം നൂറ്റാണ്ടോടെ കലുഷിതമായ ഒരു അന്തരീക്ഷത്തിലേക്ക് നീങ്ങി. പോർട്ടുഗീസുകാരുടെ വരവിനു മുൻപുവരെ മാർത്തോമാ ക്രിസ്ത്യാനികൾ ഏകയോഗ

5. ഫാ. ഗീവർഗീസ് പണിക്കർ കാരിച്ചാൽ മലങ്കര കുർബാന തീർത്ഥാടക സഭയിൽ, പേജ് 31

www.malankaralibrary.com

മായിത്തന്നെയാണ് സഭാജീവിതം നയിച്ചിരുന്നത്. പോർട്ടുഗീസുകാരുടെ വരവോടെ, അവരുടെ അധികാരദുർവിനിയോഗത്തിന്റെ ഫലമായി കേരളസുറിയാനി സഭ രണ്ടായി പിളർന്നു. പോർട്ടുഗീസുകാർക്ക് എതിരെ നടന്ന കൂനൻകുരിശുസത്യത്തോടെ പുത്തൻകൂർ എന്നും പഴയകൂർ എന്നും രണ്ട് വിഭാഗമായി സഭ മാറ്റപ്പെട്ടു. ഇവരിൽ പുത്തൻകൂർവിഭാഗം അന്ത്യോക്യയിലെ യാക്കോബായ പാത്രിയർക്കീസിന്റെ സഹായം അപേക്ഷിക്കുകയും അദ്ദേഹം തന്റെ അധീനതയിൽ ഉള്ള മെത്രാന്മാരെ മലങ്കരയിലേക്ക് അയയ്ക്കുകയും ചെയ്തു. 1665 മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ കേരളത്തിൽ എത്തി. കൃത്യമായി പറഞ്ഞാൽ ഈ മെത്രാന്റെ ആഗമനത്തോടെയാണ് അന്ത്യോക്യൻ ആരാധനക്രമം ഇവിടേയ്ക്കു കടന്നുവരുന്നത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കും അവരുടെ മഹനീയ പാരമ്പര്യങ്ങൾ പലതും പോർട്ടുഗീസുകാരുടെ വരവോടെ നഷ്ടപ്പെട്ടിരുന്നു. മാർ ഗ്രിഗോറിയോസ് ഇവിടെ വരികയും നഷ്ടപ്പെട്ട പല പാരമ്പര്യങ്ങളെയും പുനരുദ്ധരിക്കുകയും ചെയ്തു. മാർ ഗ്രിഗോറിയോസിന്റെ വരവോടെ അന്ത്യോക്യൻ ആരാധനക്രമം കേരളത്തിൽ എത്തി എങ്കിലും അത് ഇവിടെ പ്രാബല്യത്തിൽവന്നത് അനേകം നാളുകൾകൊണ്ടാണ്. മാർ ഗ്രിഗോറിയോസിനെ തുടർന്ന് അന്ത്യോക്യായിൽ നിന്നും മാർ ബസേലിയോസ്, മാർ ജോൺ എന്നീ മെത്രാന്മാരും കൂട്ടരും 1751-ൽ മലങ്കരയിൽ എത്തുകയും അന്ത്യോക്യൻ ആരാധനക്രമം പൂർണ്ണമായും അവതരിപ്പിക്കുകയും ചെയ്തു. മനോഹരവും അർത്ഥസംപുഷ്ടവും ആയ ഈ ആരാധനക്രമം പുത്തൻകൂർ വിശ്വാസികൾ ഹാർദ്ദവമായി സ്വീകരിച്ചു. മലങ്കരയുടെ അദ്ധ്യക്ഷനായിരുന്നു മാർ ദിവന്നാസിയോസ് മൂന്നാമൻ ഈ ആരാധനക്രമം പ്രചരിപ്പിക്കുന്നതിൽ വളരെ പരിശ്രമിച്ചിരുന്നു. അദ്ദേഹം സുദീർഘമായ 43 വർഷം മലങ്കരസഭയുടെ (പുത്തൻകൂർ വിഭാഗം) ഭരണസാരഥ്യം വഹിച്ചു. 1836-ൽ മാവേലിക്കരയിൽ നടന്ന സൂനഹദോസ് ആണ് അന്ത്യോക്യൻ ആരാധനക്രമം ഔദ്യോഗികമായി സ്വീകരിച്ചത്. ഈ സൂനഹദോസിനുശേഷം പുത്തൻകൂറും പഴയകൂറും പൊതുവായി കരസ്ഥമാക്കിയിരുന്ന പള്ളികൾ ഇരുവിഭാഗക്കാർക്കുമായി വേർതിരിച്ചു. ഈ വേർതിരിക്കലും അന്ത്യോക്യൻ റീത്തിന്റെ സ്ഥിരീകരണം എളുപ്പമാക്കുവാൻ സാധിച്ചു. 1876-ൽ നടന്ന മുളന്തു

www.malankaralibrary.com

രുത്തി സൂനഹദോസോടുകൂടി ഈ ആരാധനക്രമം പൂർണ്ണമായി പുത്തൻകൂർ വിഭാഗം സ്വീകരിച്ചു.

**അന്ത്യോക്യൻ റീത്ത് ആഗോള കത്തോലിക്കാസഭയിൽ**

1553-ൽ നടന്ന കൂനൻകുരിശ് സത്യത്തോടെ കേരളസഭ രണ്ടായി എങ്കിലും പുനരൈക്യശ്രമങ്ങളും നടന്നിരുന്നു. ഈ സംരംഭം അതിന്റെ പൂർണ്ണതയിൽ എത്തിയത് 1930 സെപ്റ്റംബർ 20ന് ഓർത്തോഡ്ക്സ് സഭയിൽനിന്നും അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യപ്രസ്ഥാനത്തോടെയാണ്. അതിനെ പിൻതുടർന്ന് ഈ അന്ത്യോക്യൻ ആരാധനക്രമം കത്തോലിക്കാകൂട്ടായ്മയിൽ പ്രവേശിച്ചശേഷം പിൻതുടർന്നു.

മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ റോമാസിംഹാസനത്തോട് അഭ്യർത്ഥിച്ചത് പുരാതനമായ ഈ ആരാധനക്രമം പിൻതുടരാൻ അനുവദിക്കണം എന്നാണ്. റോമാസിംഹാസനം അത് അനുവദിച്ചപ്പോൾ ഈ ആരാധനക്രമം സാർവ്വത്രികസഭയിൽ അംഗീകരിക്കപ്പെട്ടു. ഇന്ത്യയിൽ യാക്കോബായ, ഓർത്തഡോക്സ്, മലങ്കര കത്തോലിക്കാ തൊഴിയൂർ, മാർത്തോമാ എന്നീ സഭകൾ അന്ത്യോക്യൻ ആരാധനക്രമമാണ് ഉപയോഗിക്കുന്നത്.

www.malankaralibrary.com

# പരിശുദ്ധ ദൈവമാതാവ് അന്ത്യോക്യൻ ആരാധനാക്രമത്തിൽ

പരിശുദ്ധ ദൈവമാതാവിനോട് അനിതരസാധാരണമായ ഭക്തി നിറഞ്ഞു നിൽക്കുന്ന ആരാധനക്രമമാണ് അന്ത്യോക്യൻ ആരാധനാ ക്രമം. വചനമായ പുത്രൻ തമ്പുരാനെ പ്രസവിച്ച മാതാവ് ലോക ത്തിന്റെ മുഴുവന്റെയും മാതാവാണ്. വി. സഭ കർത്താവിന്റെ മനു ഷ്യാവതാരത്തിന്റെ തുടർച്ചയാകയാൽ ദൈവമാതാവ് സഭയുടെയും മാതാവാണ്. അതിനാൽ അന്ത്യോക്യൻ ആരാധനയിൽ പരി. ദൈവ മാതാവിന് അതുല്ല്യമായ സ്ഥാനമുണ്ട്.

മലങ്കര സഭാ പാരമ്പര്യത്തിൽ പരിശുദ്ധ ദൈവമാതാവിനെ വിളിക്കുവാൻ രണ്ട് പദങ്ങൾ ആണ് പ്രധാനമായും ഉപയോഗിക്കു ന്നത്. ഏമോ ദാലോഹോ (ദൈവമാതാവ്) യൊൽദാസ് ആലോഹോ (ദൈവത്തെ പ്രസവിച്ചവൾ) എന്നിവയാണ് അവ. എല്ലാ പ്രാർത്ഥ നകളും, ശുശ്രൂഷകളും അവസാനിക്കുന്നത് പരിശുദ്ധ ദൈവമാതാ വിന്റെ മധ്യസ്ഥം യാചിച്ചുകൊണ്ടാണ്. എല്ലാ ശുശ്രൂഷകളിലും മാതാവും സ്ലീബായും പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. കാരണം, പരിശുദ്ധ ദൈവമാതാവും സ്ലീബായും യേശുവിനെ വഹിച്ച രണ്ട് ഘടകങ്ങൾ ആണ്.

പരിശുദ്ധ ദൈവമാതാവിനെ സ്തുതിച്ചു കൊണ്ടും അതോ ടൊപ്പം അവളുടെ മധ്യസ്ഥത യാചിച്ചു കൊണ്ടും പരിശുദ്ധാത്മ പ്രേരിതമായ പിതാക്കന്മാരാൽ രചിക്കപ്പെട്ട മനോഹരങ്ങളായ പ്രാർത്ഥനകളാലും അർത്ഥസംപുഷ്ടമായ ഗാനങ്ങളാലും അലം കൃതമാണ് മലങ്കര ആരാധനാക്രമം.

www.malankaralibrary.com

"ഉടയോൻ നാഥാ
ഗിരി സീനാ നിൻ സ
ന്നിധിയിൽ തുള്ളി
മലയും കടലും പേറു നി-
ന്നെ കന്യക ഗർഭേ പേറി
അവൾ ഗർഭിണിയാ യാശ്ചര്യ
ത്താൽ തന്നെ പെറ്റാൾ നിന്നെ
വലുതാക്കിടണമവൾ തൻ ഓർമ്മ"[1]

സർവ്വത്തിന്റെയും ഉടയവനായ ദൈവമെ, സീനായ് മല നിന്റെ പ്രാഭവത്തിന്റെ മുൻപാകെ ഞെട്ടി വിറച്ചു. മലയേയും കടലിനെയും, ഈ അഖിലാണ്ഡത്തെ മുഴുവനെയും വഹിക്കുന്നവനായ നിന്നെ കന്യക ഗർഭം ധരിച്ച് പ്രസവിച്ചു. എത്ര അത്ഭുതമാണ് ഇത്. അവളുടെ ഓർമ്മയെ നീ വലുതാക്കണമെ.

പുറപ്പാട് പുസ്തകം 19-ാം അദ്ധ്യായം 17 മുതൽ 19 വരെയുള്ള ഭാഗത്തെ അടിസ്ഥാനപ്പെടുത്തി എഴുതപ്പെട്ട അർത്ഥസംപുഷ്ടമായ ഒരു ഗാനമാണിത്. ദൈവത്തെ കാണുന്നതിനു വേണ്ടി മോശ ജനത്തെ പാളയത്തിന് പുറത്തു കൊണ്ടു വന്നു. അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനായ് മല മുഴുവൻ ധൂമാവൃതമായി. ചൂളയിൽ നിന്ന് എന്നതു പോലെ അവിടെ നിന്ന് പുക ഉയർന്നു കൊണ്ടിരുന്നു. മല ശക്തിയായി ഇളകി വിറച്ചു. കാഹളശബ്ദം ശക്തിപ്പെട്ടു കൊണ്ടേയിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കങ്ങളിലൂടെ ഉത്തരം നൽകുകയും ചെയ്തു. ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ട് പത്തു കല്പനകളും മറ്റു നിയമങ്ങളും നൽകിയത് ഈ സീനായ് മലയിൽ വെച്ചാണ്. പാരമ്പര്യം അനുസരിച്ച് സീനായ്മല സ്ഥിതി ചെയ്യുന്നത് സീനായ് എന്ന ഉപദ്വീപിന്റെ തെക്കെ അറ്റത്തുള്ള മലകൾക്ക് ഇടയിലാണ്. ഈ മലയേയും, സർവ്വ ചരാചരങ്ങളേയും വഹിക്കുന്നവനായ ദൈവത്തെ പ്രസവിച്ചവളായ വിശുദ്ധ ദൈവമാതാവ് എല്ലാ വിശുദ്ധന്മാരെയും ശുദ്ധിമതികളെയുംകാൾ ശ്രേഷ്ഠയും മാലിന്യമില്ലാത്തവളും നിത്യകന്യകയുമാണ്.

1. ശ്ഹീമ്മോ നമസ്കാരം, ശുബഹോ, പേജ് 174.

www.malankaralibrary.com

മലങ്കര സഭാ ദർശനം അനുസരിച്ച് ദേവാലയ കൂദാശയിൽ പ്രധാന ത്രോണോസ് ഏത് വിശുദ്ധന്റെയോ ശുദ്ധിമതിയുടെയോ നാമത്തിലാണ് പ്രതിഷ്ഠിക്കുന്നത് എങ്കിലും അദ്യമായി ആ ത്രോണോസ് വി. ദൈവമാതാവിനാണ് സമർപ്പിക്കുന്നത്. യേശുക്രിസ്തു കഴിഞ്ഞാൽ പിന്നെ വിശുദ്ധിയുടെ അത്യുന്നത സ്ഥാനത്ത് പരിശുദ്ധ ദൈവമാതാവ് നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തിന്റെ സാക്ഷ്യമാണ് ഇത്. വി. കുർബ്ബാനയിൽ രഹസ്യ ശുശ്രൂഷയിലും പരസ്യശുശ്രൂഷയിലും മാതാവ് അനുസ്മരിക്കപ്പെടുന്നു. വി. ശോശാപ്പായും ധൂപക്കുറ്റിയും മാതാവിന്റെ പ്രതീകങ്ങളാണ്. എല്ലാ യാമ പ്രാർത്ഥനകളും അവളുടെ ഓർമ്മയാൽ ധന്യമാണ്. വിശുദ്ധ കുർബ്ബാനയിൽ "നിന്നെ പ്രസവിച്ച മറിയായും നിനക്ക് മാമോദീസാ നൽകിയ യൂഹനോനും ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കും" എന്നു ചൊല്ലിക്കൊണ്ടാണ് ത്രോണോസ് ചുറ്റുന്നത്. ഇവിടെ വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും കൂട്ടായ്മയിലും ഉള്ള നമ്മുടെ വിശ്വാസം നാം ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ്.

യേശുവിനെ കൈകളിൽ ഏന്തി നിൽക്കുന്ന ചിത്രമാണ് മലങ്കര പള്ളികളിൽ വയ്ക്കുന്നത്. യേശുവിനെ കൂടാതെ ഉള്ള മാതാവിന്റെ ചിത്രം പൗരസ്ത്യസഭ സ്വീകരിക്കുന്നില്ല. കാരണം യേശു ക്രിസ്തുവിനെ കൂടാതെ മാതാവിന് പ്രസക്തിയില്ല. അതിനാൽ യേശുവിനെ കൈകളിൽ ഏന്തി നിൽക്കുന്ന മാതാവിന്റെ ചിത്രമാണ് നാം ഉപയോഗിക്കുന്നത്. ഇന്ന് മാതാവിനെ കുറിക്കുവാൻ ധാരാളം പേരുകൾ ഉപയോഗിക്കുന്നു എങ്കിലും മലങ്കര സഭയിൽ ദൈവമാതാവ് എന്ന പദത്തിന് ആണ് പ്രാധാന്യം. കാരണം ഈ പേരിനോട് തുലനം ചെയ്യുവാൻ വേറൊരു നാമം ഇല്ല. മറിയം ദൈവമാതാവ് അല്ല എന്നു പറയുന്നവൻ ശപ്തൻ എന്നാണ് ആരാധനയിൽ കാണുന്നത്.

"പ്രസവിച്ചാൾ മറിയം ദൈവത്തെ
എന്നേല്ക്കാത്തോൻ ശാപാർഹൻ
അവനീശൻ - ഈശന്നാത്മജനും
എന്നേറ്ററുളാത്തോരെല്ലാം
വേദ വിരോധികളാകുന്നു
താതൻ മറിയാമിവരിൽ നി-

www.malankaralibrary.com

ന്നാദിയതില്ലാ തിഹകാലേ
വന്നൊരു വന്ദ്യൻ സുതനൊന്നെ-
ന്നേല്ക്കാതുള്ളോൻ ശാപാർഹൻ"[2]

മനുഷ്യകുലത്തിന് രക്ഷ നൽകുവാൻ ഈ ഭൂമിയിലേയ്ക്ക് മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാന് ഗർഭഗൃഹം ഒരുക്കിക്കൊടുത്ത പരി. ദൈവമാതാവിന്റെ ദൈവമാതൃത്വം കന്യകാജനനവും വി. സഭയുടെ അടിസ്ഥാന വിശ്വാസമാണ്. കർത്താവായ യേശുക്രിസ്തു ദൈവം എന്ന് ഏറ്റു പറയുന്നവർക്കു മറിയം ദൈവമാതാവ് അല്ല എന്ന് എങ്ങനെ പറയാൻ സാധിക്കും. എല്ലാ പ്രാർത്ഥനകളിലും അവളെ അനുസ്മരിക്കുന്നു. അല്ലെങ്കിൽ എല്ലാ പ്രാർത്ഥനകളിലും അവൾ ലയിച്ചു ചേർന്നിരിക്കുന്നതിനാൽ മറിയത്തെ മാറ്റിസ്തുതിക്കുന്ന ഒരു രീതി മലങ്കര സഭയിൽ ഇല്ല. മറിയത്തോടൊപ്പമാണ് സഭ യാത്ര ചെയ്യുന്നത്. അവളെ കൂടാതെ സഭയുടെ ആരാധന ഇല്ല.

മലങ്കര സഭയിൽ ബുധനാഴ്ച ദൈവമാതാവിന്റെ ബഹുമാനത്തിനായി മാറ്റി വെച്ചരിക്കുന്നു. ദൈവമാതാവിനോടുള്ള അറിയിപ്പ് ഒരു ബുധനാഴ്ച ആയിരുന്നു എന്ന് പാരമ്പര്യം പറയുന്നു. മനുഷ്യരക്ഷയുടെ സംവിധാനത്തിൽ, ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിനുള്ള സ്ഥാനത്തെയും, യേശു ക്രിസ്തുവിന്റെയും അവനിലൂടെ എല്ലാം വിശ്വാസികളുടെയും മാതാവ് എന്ന നിലയിലുള്ള അവളുടെ ദിവ്യമാതൃത്വത്തെയും കുറിച്ച് ചിന്തിക്കുന്നതിന് ഓരോ ബുധനാഴ്ചയും നമ്മെ ആഹ്വാനം ചെയ്യുന്നു.

അന്ത്യോക്യൻ ആരാധനയിൽ പരിശുദ്ധ ദൈവമാതാവിനെ സാക്ഷ്യപ്പെട്ടകവുമായി ഉപമിച്ചിരിക്കുന്നു. എന്താണ് സാക്ഷ്യപ്പെട്ടകത്തിന്റെ പ്രത്യേകത? ഇസ്രായേൽ ജനം സമാഗമ കൂടാരത്തിൽ തിരിശീലക്ക് പിറകിൽ സൂക്ഷിച്ചിരുന്ന പേടകമാണ് സാക്ഷ്യപ്പെട്ടകം. നാല് അടി നീളവും രണ്ടര അടി വീതിയും രണ്ടര അടി പൊക്കവും ഉള്ള ഈ പെട്ടി ഖദിര മരംകൊണ്ട് നിർമ്മിച്ചതാണ്. പെട്ടി മുഴുവനും സ്വർണ്ണം കൊണ്ട് പൊതിഞ്ഞിരിന്നു. നാലു തണ്ടുകളാൽ നിയമപ്പെട്ടകം പുരോഹിതന്മാരാൽ വഹിച്ചിരുന്നു. യഹോവയുടെ 3 സാക്ഷ്യങ്ങൾ വയ്ക്കുവാൻ ദൈവം തന്നെ മോശയോട്

2. ശ്ഹീമ്മോ നമസ്കാരം, മെനഗാലം, പേജ് 128.

www.malankaralibrary.com

അരുളി ചെയ്ത് നിർമ്മിച്ചതാണ് സാക്ഷ്യപ്പെട്ടകം. ഇതിൽ ദൈവത്തിന്റെ മൂന്ന് സാക്ഷ്യങ്ങൾ വച്ചിരുന്നു. 1. കല്പനകൾ 2. മന്ന 3. അഹറോന്റെ തളിർത്ത വടി

**കല്പനകൾ** - ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ സാക്ഷ്യമാണ്.

**മന്ന** - ജീവന്റെ സാക്ഷ്യമാണ്

**അഹറോന്റെ തളിർത്ത വടി** - പൗരോഹിത്യത്തിന്റെ സാക്ഷ്യമാണ്. ഈ മൂന്ന് സാക്ഷ്യങ്ങളും യേശു ക്രിസ്തുവാകുന്ന സാക്ഷ്യത്തിൽ എത്തിച്ചേരുന്നു. ദൈവത്തിന്റെ വചനമാണ് യേശുക്രിസ്തു. മന്ന - യേശുക്രിസ്തു നിത്യജീവന്റെ അപ്പമാണ്. അഹറോന്റെ തളിർത്ത വടി നിത്യ പുരോഹിതനായ യേശുവിന്റെ സാക്ഷ്യമാണ്. ഈ 3 സാക്ഷ്യങ്ങളാകുന്ന യേശുവിനെ വഹിച്ച പെട്ടിയാണ് മറിയം. അതിനാൽ മറിയത്തെ സാക്ഷ്യപ്പെട്ടകവുമായി പിതാക്കന്മാർ ചിത്രീകരിക്കുന്നു. 4 തണ്ടുകളാൽ നിയമപ്പെട്ടകം പുരോഹിതന്മാരാൽ വഹിച്ചതു പോലെ 4 സുവിശേഷങ്ങളാലും മറിയം പുകഴ്ത്തപ്പെടുന്നു. പുരോഹിതന്മാരാൽ പെട്ടകം സംരക്ഷിക്കപ്പെട്ടതു പോലെ പരി.കന്യകമറിയം ദൈവാലയത്തിൽ പുരേഹിതന്മാരാൽ സംരക്ഷിക്കപ്പെട്ടു.

ശ്ഹീമോ നമസ്കാരത്തിൽ ബുധനാഴ്ച പ്രഭാതത്തിൽ നാം ഇപ്രകാരം പാടുന്നുണ്ട്.

"മാതാവേ നിൻ സാദൃശ്യം പോൽ മോശ ചമച്ച
പേടകമങ്ങേ രൂപം കാട്ടുന്നല്ലോ ഭാഗ്യം.
പേടകമുള്ളിൽ സ്ഥിതമായ് ദിവ്യ ശിലാഫലകങ്ങൾ
നിൻ ഉന്നദത്തിൽ സത്യ ജീവന്നപ്പവുമുണ്ട് ".[3]

മലങ്കര സഭയുടെ പാരമ്പര്യപ്രകാരം മാതാവിന്റെ അനുസ്മരണ ദിനങ്ങൾ പ്രധാനമായി 10 ആണ്. അവ താഴെ പറയുന്നു.

| | | | |
|---|---|---|---|
| 1. | ദൈവമാതാവിന്റെ ജനനം | - | സെപ്റ്റംബർ 8 |
| 2. | വചനിപ്പ് | - | മാർച്ച് 25 |
| 3. | ഏലിശുബായെ സന്ദർശിക്കുന്നത് | - | വചനിപ്പിന് ശേഷമുള്ള ഞായർ |

3. ശ്ഹീമ്മോ നമസ്കാരം, ശുബഹോം, പേജ് 184.

www.malankaralibrary.com

| | | |
|---|---|---|
| 4. | ദൈവമാതാവിന്റെ പുകഴ്ച | - ഡിസംബർ 26 |
| 5. | പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവം | - ഡിസംബർ 8 |
| 6. | വിത്തുകളെ പ്രതിയുള്ള മാതാവിന്റെ ഓർമ്മ | - ജനുവരി 15 |
| 7. | മായൽത്തോ | - ഫെബ്രുവരി 2 |
| 8. | കതിരുകളെ പ്രതി ദൈവമാതാവിന്റെ ഓർമ്മ | - മെയ് 15 |
| 9. | ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) | - ആഗസ്റ്റ് 15 |
| 10. | ദൈവമാതാവിന്റെ ദേവാലയ പ്രവേശനം | - നവംബർ 21 |

ഇവയാണ് മാതാവിന്റെ അനുസ്മരണ ദിനങ്ങൾ.

ക്രിസ്തു രഹസ്യത്തിന്റെ അതുല്ല്യ സാക്ഷിയാണ് അവൾ. “എസെക്കിയേൽ കണ്ട രഥത്തേക്കാൾ ശ്രേഷ്ഠതയുള്ളവളായിത്തീർന്ന ദൈവമാതാവായ മറിയാമിന്റെ പുകഴ്ച്ചകളെ വർണ്ണിക്കുവാൻ കഴിവുള്ള ബോധമോ, നാവോ ഏതാകുന്നു? ക്രൂബേന്മാരാൽ വന്ദിക്കപ്പെടുന്നവനെ ശരീരത്തോടു കൂടി അവൾ വഹിച്ചു. അവൾ രണ്ടാമത്തെ ആകാശമായി തീർന്ന്, നീതിയുടെ സൂര്യനെ ആഘോഷിച്ചു. നിർമ്മലരോമക്കെട്ടായ അവൾ സ്വർഗ്ഗീയ മഴയെ സ്വീകരിച്ചു. കന്യകമാതാവായ അവൾ ശരീരിയായിത്തീർന്ന ദൈവത്തെ പ്രസവിച്ചു. തന്റെ ഉള്ളം കയ്യിൽ സൃഷ്ടിയെ വഹിച്ചിരുന്നവനെ കൈകളിൽ ആഘോഷിക്കുകയും തന്റെ ആംഗ്യത്താൽ ഉറവകൾ ഒഴുക്കുന്നവനെ മുലപ്പാൽ കുടിപ്പിക്കുകയും ചെയ്തവൾക്ക് ഭാഗ്യം”. (പരി. ദൈവമാതാവിന്റെ പെരുന്നാളുകളിലെ പെങ്കീസാ സഭ നമസ്കാര ക്രമം. പ്രഭാത നമസ്കാരം സെദറ.)

അന്ത്യോക്യൻ ആരാധനയിൽ പരിശുദ്ധ ദൈവമാതാവിന് അത്യുന്നതമായ സ്ഥാനം നൽകിയിരിക്കുന്നു. മറിയത്തെപ്പോലെ ഉയർത്തപ്പെട്ടവരായി ആരുമില്ല. മറിയത്തെപ്പോലെ താഴ്ത്തപ്പെട്ടവരായും ആരുമില്ല. അവൾ മാനവരാശി മുഴുവന്റെയും മാതാവാണ്. അതിനാൽ മലങ്കരസഭ മറിയാമിനോടു കൂടെയാണ് യാത്ര ചെയ്യുന്നത്.

www.malankaralibrary.com

വി. ദൈവമാതാവിനെക്കുറിച്ച് പഴയനിയമത്തിലെ സൂചനകൾ നമ്മുടെ പ്രാർത്ഥനകളിൽ വ്യക്തമാണ്.

| | |
|---|---|
| മുൾപ്പടർപ്പ് | പുറ. 3-12 |
| ഗോവേണി | ഉല്പ. 28: 10-18 |
| ന്യായപ്രമാണ പെട്ടകം | പുറ.15-10 |
| മന്നാ സൂക്ഷിച്ചു വച്ച ചെപ്പ് | പുറ. 16-33 |
| അഹറോന്റെ തളിർത്ത വടി | സംഖ്യ. 17 |
| ഗെദയോന്റെ രോമക്കെട്ട് | ന്യായ. 6-36 |
| എലീശായുടെ പുതിയ കുടം | 2 രാജാ. 2: 19-25 |

പ്രവേശിപ്പിച്ച ശേഷം അടക്കപ്പെട്ട വാതിൽ (എസക്കി. 44: 2-3) എസക്കിയേൽ 44-2 പറയുന്നു

അപ്പോൾ യഹോവ എന്നോട് അരുളിചെയ്തു. ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കേണം. ആരും അതിൽ കൂടി കടക്കരുത്. ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിൽ കൂടെ കടന്നതു കൊണ്ട് അത് അടച്ചിരിക്കണം. തുറക്കപ്പെടാതെ അടയ്ക്കപ്പെട്ട വാതിലായി വി. ദൈവമാതാവിനെ പിതാക്കൾ ചിത്രീകരിക്കുന്നു.

വി. മോർ ഇഗ്നാത്തിയോസ് എഫേസ്യ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ വി. മറിയം ദൈവത്തെ പ്രസവിച്ചു എന്നു പറഞ്ഞിരിക്കുന്നു. വി. മാതാവിനെ ദൈവജനനി എന്ന് പറയുന്നു. വി. മാർ ഗ്രിഗോറിയോസ് തന്റെ വചനത്തിൻ ശക്തിയാൽ സർവ്വവും വഹിപ്പിക്കുന്നവനെ വഹിപ്പവൾ അവൾ മാത്രമാകുന്നു എന്നും വി. മറിയാമിൽ നിന്നും ദൈവപുത്രൻ ജാതനായി എന്ന് വി. ബസ്സേലിയോസ് പറയുന്നു. വിശുദ്ധയും നിത്യകന്യകയുമായ മറിയാം സത്യമായിട്ടും ദൈവമാതാവാകുന്നു എന്ന് ഏറ്റുപറയേണ്ടതാകുന്നു. എന്തെന്നാൽ, വി. കന്യക സത്യമായും ദൈവജനനിയാണെന്നു സത്യത്തെ എതിർക്കുന്നവർ അവിശ്വാസികളും, പരീശരുടെയും, സദൂക്യരുടെയും, ശിഷ്യന്മാരാകണം എന്ന് വി. മാർ അപ്രേം പറയുന്നു.[2] എല്ലാറ്റിനും ഉപരിയായി എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരുവാൻ ഉള്ള ഭാഗ്യം എനിക്ക് എവിടെ എന്ന് എലിസബേത്ത് ഉത്ഘോഷിച്ചു (ലൂക്കാ 1-43).

www.malankaralibrary.com

# അനുതാപവും സ്തുതിയും അന്ത്യോക്യൻ ആരാധനയിൽ

പൗരസ്ത്യ ആരാധനയിൽ പ്രത്യേകിച്ച് മലങ്കര അന്ത്യോക്യൻ ആരാധനക്രമത്തിൽ അനുതാപത്തിനും സ്തുതിക്കും അതുല്യമായ സ്ഥാനമുണ്ട്. പൗരസ്ത്യ സഭയുടെ ചിന്തയിൽ മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷവും അനുതാപത്തിനും സ്തുതിക്കും പ്രാധാന്യം നൽകുകയും അന്ത്യശ്വാസംവരെ അത് തുടരുകയും ചെയ്യുന്നതാണ്. വി. വേദപുസ്തകത്തിൽ നാം ആദ്യന്തം കാണുന്നത്, അനുതാപത്തിനുള്ള ആഹ്വാനമാണ്. പൗരസ്ത്യ ആരാധന ക്രമത്തിലെ ഏതൊരു ശുശ്രൂഷയ്ക്കും ശക്തമായ വേദപുസ്തക അടിത്തറയുണ്ട്.

### അനുതാപം മലങ്കര ആരാധനയിൽ

ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം മനുഷ്യന്റെ പാപാവസ്ഥ ഏറ്റുപറയുക എന്നത്, പൗരസ്ത്യ ആരാധനയുടെ പ്രത്യേകതയാണ്. എന്താണ് അനുതാപം? ഭൂതകാലത്തെപ്പറ്റിയുള്ള സങ്കടത്തോടും ഭാവിയെപ്പറ്റിയുള്ള പ്രത്യാശയോടുംകൂടെ ദൈവസന്നിധിയിലേക്ക് ഒരു വ്യക്തി തിരിയുന്നതാണ് അനുതാപം. മലങ്കര ആരാധനയിൽ അനുതാപത്തിനുള്ള സ്ഥാനം അതുല്യവും അവർണ്ണനീയവുമാണ്. മലങ്കര സഭയിലെ എല്ലാ ശുശ്രൂഷകളും ആരംഭിക്കുന്നത് അമ്പത്തിയൊന്നാം സങ്കീർത്തനത്തോടുകൂടിയാണ്. ദൈവം തകർന്ന ഹൃദയത്തെ നിരസിക്കുന്നില്ല എന്ന മനോഭാവം നമ്മുടെ പ്രാർത്ഥനയിൽ വളരെ സ്പഷ്ടമാണ്. നമ്മുടെ വി. കുർബ്ബാനയിലും

www.malankaralibrary.com

യാമപ്രാർത്ഥനകളിലും പ്രത്യേകിച്ച് എല്ലാ ദിവസത്തേയും സൂത്താറാ പ്രാർത്ഥനകളിലും അനുതാപത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ശുശ്രൂഷകളിൽ വൈദികർ ശുബഹോ എന്നു ചൊല്ലുമ്പോൾ ജനം ചൊല്ലുന്നത് ബലഹീനരും പാപികളുമെന്നാണ്. പ്രാർത്ഥനകളിൽ ഉടനീളം കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ എന്ന് അർത്ഥമുള്ള കുറിയേലായിസ്സോൻ എന്ന പദം നിരന്തരം ഉരുവിടുന്നു. അതുപോലെതന്നെ കർത്താവേ കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ എന്നർത്ഥമുള്ള മൊറിയോ റാഹേം ആലൈൻ ഉ ആദാറൈൻ എന്ന് നിരന്തരം ചൊല്ലുന്നു. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായി ശുബ്ക്കോനോ അഥവാ നിരപ്പിന്റെ ശുശ്രൂഷ നടത്തുന്നു. വലിയ നോമ്പാരംഭിക്കുന്ന തിങ്കളാഴ്ച ഉച്ച നമസ്കാരത്തിന്റെ അവസാനം നടത്തുന്ന ഈ ശുശ്രൂഷയിൽ ഇങ്ങനെ പാടുന്നു.

"പാപം ചെയ്തേൻ ദയവാനേ,
പ്രാർത്ഥന കേട്ടെൻ പിഴ മായ്ക്കണമെ
നാഥാ സർവ്വേശാ കൃപ ചെയ്കെന്നിൽ
കേഴുന്നേൻ പാപിനിയെപ്പോലെ,
അർത്ഥിക്കുന്നേൻ ചുങ്കക്കാരൻപോൽ
നാഥാ സർവ്വേശാ കൃപ ചെയ്കെന്നിൽ"[1]

പൗരസ്ത്യ സഭയുടെ കാഴ്ചപ്പാടിൽ അനുതാപം ജീവിതത്തിൽ നിരന്തരം നടക്കേണ്ട ഒരു പ്രക്രിയയാണ്. അനുതാപം വർത്തമാന കലത്തു നടക്കേണ്ടതും ആജീവനാന്തം തുടരേണ്ടതുമാണ്. വി. കുർബ്ബാനയിൽ "പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും" എന്നു തുടങ്ങുന്ന ഹൂസോയോ പ്രാർത്ഥന പൂർണ്ണമായും അനുതാപത്തിന്റേതാണ്. ശുശ്രൂഷാ സമയത്ത് വൈദികൻ കറുത്ത കുപ്പായം ധരിച്ച് ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നതും അനുതാപത്തെയാണ് സൂചിപ്പിക്കുന്നത്. പൗരസ്ത്യ ആരാധന ക്രമത്തിലെ ദേവാലയ നിർമ്മിതിയുടെ ഘടനതന്നെ ഏശയ്യാ ആറാം അധ്യായം അടിസ്ഥാനപ്പെടുത്തിയാണ്. നമ്മുടെ ശുശ്രൂഷയിലെല്ലാം

1. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമം, പെരുന്നാളുകൾ, പേജ് 117.

www.malankaralibrary.com

ഏശയ്യായുടെ ദർശനത്തിന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിനും നിത്യജീവിന്റെ അനുഭവത്തിനും അനുതാപവും മാനസാന്തരവും അത്യന്താപേക്ഷിതമാണെന്ന് മലങ്കര അന്ത്യോക്യൻ ആരാധനക്രമം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ പ്രാർത്ഥനകളിൽ അനുതാപത്തോടൊപ്പം പ്രത്യാശയ്ക്കും പ്രാധാന്യമുണ്ട്. പ്രതീക്ഷിക്കുന്നത് ലഭിക്കും എന്ന ആശയാണ് പ്രത്യാശ. മനുഷ്യൻ പാപിയാണെങ്കിലും തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല എന്ന പ്രത്യാശയിൽ മനുഷ്യൻ അനുദിനം ശരണപ്പെടുന്നു. ആരാധന മനുഷ്യന് നൈസർഗ്ഗികമാണ്. ജീവിതം തന്നെ ആരാധന എന്നതാണ് പൗരസ്ത്യ ആരാധനയുടെ കാതൽ. ആരാധന ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല. മനുഷ്യനെ അനുതാപത്തിലേക്ക് നയിക്കുന്നതും ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്. യേശുവേ ദാവീദിന്റെ പുത്രാ മഹാപാപിയായ എന്നോടു കരുണചെയ്യണമേ എന്ന പ്രാർത്ഥന പ്രത്യക്ഷമായും പരോക്ഷമായും മലങ്കര ആരാധനയിൽ നിറഞ്ഞു നിൽക്കുന്നു. ദൈവമേ നീ പരിശുദ്ധനാകുന്നു എന്നു പറയുമ്പോൾ ദൈവം എത്രയോ പരിശുദ്ധനാകുന്നു, മനുഷ്യൻ എത്രയോ അശുദ്ധനാകുന്നു എന്നും ബലവാനേ നീ പരിശുദ്ധനാകുന്നു എന്നു പറയുമ്പോൾ ദൈവം ബലവാനാണെന്നും മനുഷ്യൻ ബലഹീനനാണെന്നും മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്നു പറയുമ്പോൾ ദൈവം മരണമില്ലാത്തവനാണെന്നും മനുഷ്യൻ മരണമുള്ളവനാണെന്നും ഈ താത്കാലികമായ കൂടാരവാസം വിട്ടുപേക്ഷിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോകേണ്ടവരാണെന്നും കുമ്പിട്ട് നമസ്കരിച്ച് നാം ഏറ്റുപറയുന്നു. മലങ്കര ആരാധനയിൽ അനുതാപത്തിന്റെ അതിശ്രേഷ്ഠമായ മനോഭാവമാണ് ഇവിടെ ദർശിക്കുന്നത്.

ദൈവത്തെ സ്തുതിക്കുക എന്നത് മലങ്കര അന്ത്യോക്യൻ ആരാധനയുടെ മർമ്മപ്രധാനമായ ഘടകമാണ്. നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവസ്തുതികളാണ്. 'തെശ്ബുഹ്ത്തോ,' 'ശുബഹോ,' എന്നീ സുറിയാനി വാക്കുകളും 'കാബോദ്' എന്ന ഹീബ്രു വാക്കുമാണ് സ്തുതി എന്ന വാക്കിന്റെ സ്ഥാനത്തു നിൽക്കുന്നത്.

www.malankaralibrary.com

'ശുബഹോ' എന്ന വാക്കിന് 'സ്തുതി' എന്നാണർത്ഥം. ഈ വാക്കിന് വളരെ വിശാലമായ അർത്ഥമുണ്ട്. ഭൂതകാലങ്ങളിൽ ദൈവം ചെയ്തിട്ടുള്ളതും ഭാവിയിൽ ദൈവം ചെയ്യാൻ പോകുന്നതുമായ വൻകൃപകളെ അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുക എന്നത് മലങ്കര ആരാധനയുടെ പ്രത്യേകതയാണ്. അപ്പസ്തോലിക സഭകളിൽ ആരാധനയ്ക്കായി ഉപയോഗിക്കുന്ന തക്സകളിലെല്ലാം ത്രീയേക ദൈവത്തെ നിരന്തരം സ്തുതിക്കുന്ന ശൈലി കാണാനാകും. മനുഷ്യൻ ആവശ്യങ്ങൾ ദൈവസന്നിധിയിൽ നിരത്തി വയ്ക്കുകയല്ല സ്തുതി. പ്രത്യുത ദൈവത്തിന്റെ ശ്രേഷ്ഠതയെ വാഴ്ത്തിപ്പുകഴ്ത്തുന്നതാണ് സ്തുതി. സ്തുതിയും സ്തോത്രവും നമ്മുടെ അനുദിന ജീവിതത്തിന്റെ പ്രാർത്ഥനയുടെ മാത്രം ഭാഗമല്ല. നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗംകൂടിയായി മാറണമെന്ന് മലങ്കര ആരാധനക്രമം നമ്മോട് ആവശ്യപ്പെടുന്നു. മലങ്കര സഭയുടെ പ്രാർത്ഥനകളും സ്തുതികളുമെല്ലാം ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തെ അടിസ്ഥാനപ്പെടുത്തിയാണ് രചിച്ചിട്ടുള്ളത്.

സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ എന്ന് മാലാഖമാരോട് കൂടിച്ചേർന്ന് പുകഴ്ത്തുന്നു. മലങ്കര ആരാധനയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ പ്രേരിതരായ പുണ്യപിതാക്കന്മാർ എഴുതിയ ദൈവസ്തുതിയും കീർത്തനങ്ങളുമാണ് മലങ്കര അന്ത്യോക്യൻ ആരാധനക്രമം മുഴുവനും.

സൃഷ്ടിയെന്ന നിലയിൽ സൃഷ്ടാവിനെ സ്തുതിക്കുക എന്നത് മനുഷ്യന്റെ അടിസ്ഥാനപരമായ കടമയാണ്. സ്തുതിയും കീർത്തനവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അവർണ്ണ്യനും അപരിമേയനുമായ ദൈവത്തെ സ്തുതിക്കുകയാണ് മലങ്കര ആരാധനയിൽ നടക്കുന്നത്. അതുകൊണ്ട് മലങ്കര ആരാധനയിൽ എല്ലാ ശുശ്രൂഷകളും എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നത് ത്രിത്വൈക ദൈവത്തെ സ്തുതിച്ചുകൊണ്ടാണ്. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമെന്ന് സഭ നിരന്തരം ഉത്ഘോഷിക്കുന്നു. സുറിയാനി ഭാഷയിൽ 'നാസെക്' എന്നാൽ കരേറ്റും എന്നാണർത്ഥം. പ്രാർത്ഥന ധൂപത്തോടുകൂടി

www.malankaralibrary.com

സ്വർഗ്ഗത്തിലേക്ക് കരേറുന്നു. ഈ കരേറൽ ഏതാനും നിമിഷ ത്തേക്കു വേണ്ടിയുള്ളതല്ല. ഇപ്പോഴും എപ്പോഴും എന്നേക്കും കരേ റ്റുന്നു. ഈ വാക്യത്തിന് വളരെ വിശാലമായ അർത്ഥമാണുള്ളത്. ഇപ്പോഴുമെന്നാൽ വർത്തമാനകാലത്തെയും എപ്പോഴുമെന്നാൽ മരണം വരെയും എന്നേക്കുമെന്നാൽ മരണശേഷവും ദൈവത്തിനു സ്തുതി കരേറ്റും എന്നാണർത്ഥം. നമ്മുടെ ആരാധന സ്വർഗ്ഗീയാ രാധനയുടെ മുന്നാസ്വാദനമാണ്. മാലാഖമാരോടു ചേർന്നാണ് നാം ദൈവത്തെ സ്തുതിക്കുന്നത്.

"കർത്താവാം സർവ്വേശാ
അനിശം സ്തുതി ചെയ്തീടുന്ന
വാനവദൂതന്മാരൊത്ത്
സ്തുതി പാടാൻ വരമേകേണം"[2]

മാലാഖമാരോട് ചേർന്ന് ഇടമുറിയാതെ ദൈവത്തെ സ്തുതി ക്കുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് നാം. ദൈവത്തെ സ്തുതി ക്കേണ്ടത് സത്യത്തിലും ആത്മാവിലുമാണ്. മനുഷ്യന്റെ നന്മകളും ശ്രേഷ്ഠതകളും ഏറ്റുപറയുന്നതല്ല സ്തുതി. പിന്നെയോ ദൈവ ത്തിന്റെ ശ്രേഷ്ഠതയേയും മഹത്വത്തേയും സത്യത്തിലും ആത്മാ വിലും കീർത്തിക്കുന്നതാണ് സ്തുതി. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി കരേറ്റാതിരിക്കുന്നത് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങൾക്ക് തടസ്സമായിത്തീരും എന്ന ദർശനം പൗരസ്ത്യ ആധ്യാത്മികതയുടെ പ്രത്യേകതയാണ്. സ്തുതികളിൽ വസിക്കുന്ന യഹോവയാണ് നമ്മുടെ ദൈവം. ഇടവിടാതെ പ്രാർത്ഥിക്കുന്നതും എല്ലാറ്റിനും സ്ത്രോത്രം കരേറ്റുന്നതുമാണ് ദൈവേഷ്ടം. എന്ന് അപ്പസ്തോല നായ പൗലോസ് സാക്ഷിക്കുന്നു. മലങ്കര ആരാധനയിൽ അധികവും സ്തുതിയുടെ സങ്കീർത്തനങ്ങളാണ് ഉപയോഗിക്കുന്നത്. ഉറങ്ങിയ വരേ നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ. ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ.... എന്നു തുടങ്ങുന്ന സ്തുതിയുടെ കീർത്തനങ്ങളാണ് മലങ്കര ആരാധനയിൽ ഉപയോഗിക്കുന്നത്. പൗരസ്ത്യ സഭയുടെ കാഴ്ചപ്പാടിൽ ത്രിത്വസ്തുതി അഥവാ

2. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രാർത്ഥനക്രമം, പ്രഭാത പ്രാർത്ഥന, പേജ് 160.

www.malankaralibrary.com

ഡോക്സോളജി ഇല്ലാതെ ഒരു പ്രാർത്ഥനയും പൂർത്തിയാക്കുന്നില്ല. മാലാഖമാരോടു ചേർന്ന് ദൈവം പരിശുദ്ധനാണെന്നു കീർത്തിച്ച് പാടുന്നതാണ് ഏറ്റവും വലിയ ആരാധന. അതുകൊണ്ടാണ് ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന കൗമ്മ ആവർത്തിച്ച് ചൊല്ലു ന്നത്. ദൈവത്തിന്റെ കരുണയിലാണ് മനുഷ്യൻ ആശ്രയിക്കുന്നത്. ഹീബ്രു ഭാഷയിൽ 'ഹെസെദ്' എന്ന വാക്കിന് 'കരുണാർദ്രമായ സ്നേഹം' എന്നാണർത്ഥം. മനുഷ്യന്റെ പാപാവസ്ഥ കണക്കിലെടു ക്കാതെ മനുഷ്യനെ ആശ്വസിപ്പിക്കുന്ന ദൈവത്തെയാണ് നാമിവിടെ കാണുന്നത്. ദൈവം മനുഷ്യകുലത്തിനു നല്കിയ അവർണ്ണനീയവും അനന്തവുമായ ദൈവകൃപയ്ക്ക് നിരന്തരമായി സ്തുതി കരേറ്റുന്നത് അന്ത്യോക്യൻ ആരാധനയുടെ പ്രത്യേകതയാണ്. അനുതാപവും ദൈവസ്തുതിയും മലങ്കര ആരാധനയിൽ സമഞ്ജസമായി സമ്മേ ളിച്ചിരിക്കുന്നു. ഇതാണ് ഈ ആരാധനക്രമത്തെ ശ്രേഷ്ഠമാക്കു ന്നതും.

MALANKARA
LIBRARY

www.malankaralibrary.com

# രക്ഷാകരമായ സ്ലീബാ അന്ത്യോക്യൻ ആരാധനാക്രമത്തിൽ

രക്ഷാകരമായ സ്ലീബായ്ക്ക് അന്തോക്യൻ ആരാധനയിൽ വളരെ അതുല്യമായ സ്ഥാനം ഉണ്ട്. കുരിശിനെ സൂചിപ്പിക്കുവാൻ സുറിയാനി ഭാഷയിൽ 'സ്ലീബോ' എന്ന പദമാണ് ഉപയോഗിക്കുന്നത്. 'സ്ല്ബ്' എന്ന മൂലപദത്തിൽ നിന്നാണ് 'സ്ലീബാ' എന്ന പദം വരുന്നത്. 'സതൗറോസ്' എന്ന ഗ്രീക്ക് പദമാണ് കുരിശ് എന്ന് മലയാളീകരിക്കപ്പെട്ടിരിക്കുന്നത്. ഈ പദത്തിന്റെ അർത്ഥം നിൽക്കുക അല്ലെങ്കിൽ നാട്ടിനിർത്തുക എന്നാണ്. യേശുക്രിസ്തുവിന്റെ മരണത്തിനു മുമ്പുവരെയും കുരിശ് അപമാനത്തിന്റെയും മ്ലേച്ഛതയുടെയും അടയാളമായിരുന്നു. കാരണം, ഏറ്റവും വലിയ പാപികൾക്ക് നൽകുന്ന ശിക്ഷയായിരുന്നു കുരിശുമരണം.

ആകാശത്തിനും ഭൂമിക്കും മദ്ധ്യേയായിരുന്നു കുരിശുമരണം നടത്തിയിരുന്നത്. കാരണം, വലിയ പാപികൾ ഭൂമിയിൽ കിടന്ന് മരിക്കുന്നത് ഭൂമിക്ക് ഒരു ശാപമാണ് എന്നായിരുന്നു യഹൂദന്മാരുടെ സങ്കൽപ്പം. യേശുക്രിസ്തുവിന്റെ ഉയിർപ്പോടെ അപമാനത്തിന്റെ അടയാളമായിരുന്ന കുരിശ് മഹത്വത്തിന്റെയും രക്ഷയുടെയും വിജയത്തിന്റെയും അടയാളമായി മാറി. വിശ്വസിക്കുന്ന ഏവർക്കും സ്ലീബാ വിജയത്തിന്റെ അടയാളമാണ്. നിത്യരക്ഷയുടെ അച്ചാരമാണ്. വി. സ്ലീബായിൽ നാം മൂന്ന് കാര്യങ്ങളാണ് ദർശിക്കുന്നത്. ഒന്നാമതായി കുരിശ് മനുഷ്യപാപത്തിന്റെ അടയാളമാണ്. രണ്ടാമതായി ദൈവസ്നേഹമാണ് കുരിശിൽ നാം കാണുന്നത്. മൂന്നാമതായി ഇത് രക്ഷയുടെ വഴിയാണ്. അപ്പോൾ, കുരിശ് വെറും ഒരു തടിക്കഷണ

www.malankaralibrary.com

മല്ല. മറിച്ച് ഈ മൂന്ന് യാഥാർത്ഥ്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. പറുദീസായിലെ ജീവവൃക്ഷം ജീവദായകമായ സ്ലീബായെയാണ് സൂചിപ്പിക്കുന്നത്. ഇടയനായ യാക്കോബ് തഴുകിവന്ദിച്ച ദണ്ഡ് വി. സ്ലീബായുടെ സൂചനയായിരുന്നു.

വി. കുരിശിൽ വിശ്വാസത്തിന്റെ മർമ്മം മുഴുവൻ അടങ്ങിയിട്ടുണ്ട്. മലങ്കരസഭയുടെ ദർശനപ്രകാരം വി. സ്ലീബാ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രതീകമാണ്. അതിനാലാണ് രൂപം ഇല്ലാത്ത സ്ലീബാ മലങ്കര സഭ ഉപയോഗിക്കുന്നത്. കുരിശ് നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും മാത്രം പ്രതീകമല്ല. പിന്നെയോ പുനരുത്ഥാനത്തിന്റെയും അതുമൂലം നേടിത്തന്ന നിത്യരക്ഷയുടെയും കൂടെയുള്ള അടയാളമാണ്. പൗരസ്ത്യർക്ക് സ്ലീബാ കർത്താവ് തന്നെയാണ്. അതിനാൽ ആണ് സ്ലീബായിൽ ഊറാറ അണിയിക്കുന്നത്.

പഴയനിയമത്തിൽ ഇസ്രായേൽ ജനം ദൈവത്തിനും മോശയ്ക്കും എതിരെ ശബ്ദമുയർത്തിയപ്പോൾ ഇസ്രായേൽ ജനത്തിന് പാമ്പുകടിയേൽക്കേണ്ടി വന്നു. അപ്പോൾ ദൈവം മോശയോട് കല്പിച്ചത് നീ ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കുക. അതിനെ വിശ്വാസത്തോടെ നോക്കുന്നവൻ രക്ഷ പ്രാപിക്കും. പൗരസ്ത്യപിതാക്കന്മാർ ഇതിനെ സ്ലീബായുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. വി. സ്ലീബായെ വിശ്വാസത്തോടെ നോക്കുന്നവൻ രക്ഷയിലേയ്ക്ക് നീങ്ങും. യേശുക്രിസ്തുവിന്റെ രക്ഷാകരരഹസ്യങ്ങൾ എല്ലാം വി. സ്ലീബായിൽ ഉൾച്ചേർന്നിട്ടുണ്ട്. നമ്മുടെ കർത്താവായ യേശുമിശിഹായുടെ കുരിശിൽ അല്ലാതെ മറ്റൊന്നിലും പ്രശംസിക്കുവാൻ എനിക്കിടയാകാതിരിക്കട്ടെ. (ഗല. 6: 14) യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്വവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു. (1 കൊറി. 1: 23) പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു. (ഫിലി. 3:18). അവൻ തന്റെ കുരിശ് ഒരേ ശരീരത്തിൽ ഇരുകൂട്ടരേയും ദൈവത്തോട് അനുരഞ്ജിപ്പിച്ചു. (എഫേ. 2:16) നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ് രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ. (1 കൊരി 1:8). യേശുക്രിസ്തുവിന്റെ ജനനം തന്നെ ഏറ്റം വലിയ ത്യാഗമായിരുന്നു. അതിനാലാണ് മലങ്കര സഭയിൽ ക്രിസ്തുമസ്സ് ശുശ്രൂഷയിലെ തീ ഉഴലിച്ചയ്ക്കായി കുരിശാകൃതിയിൽ കുഴി ഉണ്ടാക്കുന്നത്.

www.malankaralibrary.com

മലങ്കര സഭയിൽ എല്ലാ ശുശ്രൂഷകളും നടത്തുന്നത് വി. കുരിശിന്റെ മുന്നിൽ നിന്നുകൊണ്ടും കുരിശ് വരച്ചു കൊണ്ടുമാണ്. നിന്റെ സ്ലീബായിൽ ഞങ്ങളെ കാത്തുകൊള്ളണമെ, എന്നു പറയുമ്പോൾ തലവണങ്ങി കുരിശ് വരയ്ക്കുന്നത് അന്തോക്യൻ സഭയുടെ പ്രത്യേകതയാണ്. അതുപോലെ വളരെ പ്രാധാനപ്പെട്ട തിരുന്നാളുകളിൽ എല്ലാം വി. സ്ലീബാ നാലു ദിക്കിലേയ്ക്കും ഉയർത്തി ആഘോഷിക്കുന്ന സ്ലീബാ ആഘോഷവും നാം നടത്തുന്നു. വി. സ്ലീബാ ത്രോണോസിൽ വച്ചുകൊണ്ടാണ് മലങ്കര സഭ വി. കുർബ്ബാന അണയ്ക്കുന്നത്.

വി.മുറോൻ, മാമോദീസാജലം, തിരുശരീരരക്തങ്ങൾ, പട്ടാഭിഷേകശുശ്രൂഷകൾ, വി.ത്രോണോസ്, ദൈവാലയം, ഭവനം, ഇവയെല്ലാം സ്ലീബായുടെ അടയാളം കൊണ്ടാണ് വിശുദ്ധീകരിക്കപ്പെടുകയും, പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നത്. എന്തുകൊണ്ടാണ് വി. സ്ലീബായുടെ അടയാളത്തിൽ ആശീർവദിക്കുന്നത് എന്നതിന് ഉത്തരം മോശെ ബർകേഫായുടെ കൂദാശഭാഷ്യത്തിൽ കാണുന്നുണ്ട്. ‘‘സ്ലീബാ മിശിഹായെ വരച്ചു കാട്ടുന്നു. അവിടുന്ന് വിശുദ്ധീകരിക്കുന്നവനാണ് വിശുദ്ധീകരിക്കപ്പെടുന്നവനല്ല. ക്രിസ്തുവിനെ വരച്ചു കാട്ടുന്നതിന് മറ്റു രീതികൾ ഉണ്ടെങ്കിലും രക്ഷാകര വ്യാപാരം മുഴുവൻ പൂർത്തീകരിക്കപ്പെടുന്നത് സ്ലീബാ വഴിയത്രെ.’’[1]

സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെട്ടവരാണ് ക്രൈസ്തവർ. വി. കുർബാനയിൽ സമാപന ആശീർവാദത്തിൽ നാം കാണുന്നത് ‘‘ദൂരസ്ഥരും സമീപസ്ഥരും മരിച്ചവരും ജീവിക്കുന്നവരും കർത്താവിന്റെ ജയമുള്ള സ്ലീബായാൽ രക്ഷിതരും വിശുദ്ധ മാമോദീസായുടെ റൂശ്മയാൽ (അടയാളത്താൽ) മുദ്ര കുത്തപ്പെട്ടവരുമെ’’[2] എന്നാണ്. എസക്കിയേലിന്റെ പുസ്തകം 9-ാം അധ്യായം 1 മുതൽ ഉള്ള വാക്യങ്ങളിൽ ഈ അടയാളത്തെ പറ്റിപറയുന്നു. ജറുസലേമിന്റെ മ്ലേച്ഛതകളിൽ മനംനൊന്ത് യഹോവയായ ദൈവം ജറുസലേമിനെ ശിക്ഷിക്കുവാൻ ഒരുങ്ങുന്നു. ‘‘ജറുസലേം പട്ടണത്തിലൂടെ കടന്നുപോവുക ആ നഗരത്തിൽ നടമാടുന്ന മ്ലേച്ഛതകളെ ഓർത്ത് കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നവരുടെ നെറ്റിയിൽ

1. മോശെ ബർകേഫായുടെ കൂദാശഭാഷ്യം, പേജ് 59
2. വി. കുർബ്ബാന തക്സാ, പേജ് 70.

www.malankaralibrary.com

അടയാളമിടുക. അവിടുന്ന് മറ്റുള്ളവരോടു ഞാൻ കേൾക്കെ ആജ്ഞാപിച്ചു. അവന്റെ പിന്നാലെ പട്ടണത്തിൽ സഞ്ചരിച്ച് സംഹാരം തുടങ്ങുവിൻ, നിങ്ങളുടെ കണ്ണിൽ അലിവുണ്ടാകരുത്. കരുണ കാണിക്കരുത്. വൃദ്ധരേയും യുവാക്കളേയും യുവതികളേയും പൈതങ്ങളേയും സ്ത്രീകളേയും നിശ്ശേഷം വധിക്കുവിൻ, എന്നാൽ അടയാളമുള്ള ആരേയും തൊടരുത്" (എസക്കി : 9/4-6).

മലങ്കര സഭയുടെ ശ്ഹീമോ നമസ്കാരത്തിൽ വെള്ളിയാഴ്ചയുടെ പ്രാർത്ഥനകളിൽ വി. സ്ലീബാ കണ്ടെടുത്തതിന്റെ ചരിത്രം പ്രതിപാദിച്ചിട്ടുണ്ട്. വെള്ളിയാഴ്ചത്തെ പ്രാർത്ഥന മുഴുവൻ വി. സ്ലീബായെക്കുറിച്ചുള്ള സ്തുതിപ്പുകളാണ്. ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ ആഘോഷ ശുശ്രൂഷയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഞങ്ങളുടെ മിശിഹാ തമ്പുരാനെ, വി.സ്ലീബാ ഞങ്ങൾക്ക് സമാധാനത്തിന്റെ അടയാളവും, വിജയത്തിന്റെ പതാകയും രക്ഷയുടെ ആയുധവും ആയിരിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ ഞങ്ങൾ എല്ലാവരേയും അതിന്റെ കീഴിൽ സംരക്ഷിക്കുകയും അതിന്റെ ശക്തിയാൽ കാത്തുകൊള്ളുകയും ചെയ്യണമേ."[3]

മലങ്കര സഭയുടെ ദർശനമനുസരിച്ച് വിശുദ്ധ സ്ലീബാ ത്രോണോസിന്മേൽത്തന്നെ ഉണ്ടാകണമെന്നും സ്ലീബായ്ക്ക് ചുറ്റുമായി വി. ത്രോണോസിന്മേൽ പന്ത്രണ്ട് തിരികൾ കാണണമെന്നും തൂക്കാസാ (അനുഷ്ഠാനക്രമത്തിൽ) യിൽ കാണുന്നു. എന്നാൽ, ഇന്ന് പല സ്ഥലങ്ങളിലും തിരികളുടെ എണ്ണം തീരെക്കുറച്ച് ചെടിച്ചട്ടികൾ കയറ്റിവയ്ക്കുന്ന പ്രവണതയെ പ്രോത്സാഹിപ്പിക്കാൻ പാടില്ല.

വലതു ഭാഗത്തെ കള്ളൻ സ്ലീബായിൽ തൂങ്ങിക്കിടക്കുന്ന യേശുവിനെ വിശ്വാസത്തോടെ നോക്കിയപ്പോൾ അവൻ രക്ഷപ്രാപിച്ചു. അതിനാൽ മലങ്കര സഭയിലെ സ്ലീബാവന്ദനവ് ശുശ്രൂഷയിൽ വി. സ്ലീബായെ വന്ദിച്ചു കൊണ്ട് ഇപ്രകാരം പാടുന്നു.

"രക്ഷ തന്ന നിൻ സ്ലീബായെ നമിച്ചിടുന്നു
നിന്നാഗമനേ ഓർത്തിടേണം എന്നെ നാഥാ
ഏവം കള്ളൻ ചൊന്നപോലെ യാചിക്കുന്നേൻ."[4]

3. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പെരുന്നാളുകൾ, പേജ് 203
4. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പെരുന്നാളുകൾ, പേജ് 207

www.malankaralibrary.com

ജറുസലേമിലെ വി. കുറിലോസ് വി. സ്ലീബായെ സ്വർഗ്ഗീയ രാജാവിന്റെ സമ്മാനമായി വിശേഷിപ്പിക്കുന്നു. "വി. സ്ലീബാ അടയാളം വഴി വേർതിരിക്കപ്പെടുന്ന വ്യക്തി തന്റെ യജമാനനാൽ തെരഞ്ഞെടുക്കപ്പെടുന്നു. അവൻ വിശുദ്ധ ഗണത്തിൽ ചേർക്കപ്പെടുന്നു. മിശിഹായുടെ അജഗണമായിത്തീരുന്നതു വഴി അവന്റെ വലതുഭാഗത്ത് സ്ഥാനം ലഭിക്കുന്നു." സ്വർണ്ണനാവുകാരനായ വി. ഈവാനിയോസ് പറയുന്നു. "ഒരു വിശ്വാസിക്കുള്ള ഏറ്റം വലിയ സംരക്ഷണ ഉപാധി വി. സ്ലീബായാണ്." പൗരസ്ത്യസഭയുടെ പിതാക്കന്മാർ വി. സ്ലീബായ്ക്കും, അതിൽ നിന്ന് ഉളവാകുന്ന ദർശനത്തിനും ഉന്നതമായ സ്ഥാനം നൽകുന്നു. എല്ലാ പ്രാർത്ഥനകളിലും ശുശ്രൂഷകളിലും വാഴ്വ് നൽകുന്നത് വി. സ്ലീബായുടെ അടയാളത്താലാണ്.

മലങ്കര സഭയുടെ ദേവാലയം ഉയർന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് എല്ലാവരും ഈ  വി. സ്ലീബായെ നോക്കി രക്ഷപെടുവാനാണ്. മനോഹരമായി കുരിശ് നിർമ്മിക്കുവാനും ആഡംബരപൂർവ്വം കുരിശ് പ്രതിഷ്ഠിക്കുവാനും, കുരിശിൻതൊട്ടികൾ വഴിയരികിൽ സ്ഥാപിക്കുവാനും നാം വളരെ ശ്രമിക്കുന്നുണ്ടെങ്കിലും വി. കുരിശിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ ക്രിസ്ത്യാനികൾ പൊതുവെ പരാജയപ്പെട്ടിരിക്കുന്നു എന്ന സത്യം നാം അംഗീകരിച്ചേ മതിയാവൂ.

കുരിശ് വരയ്ക്കുന്നവനും, കുരിശ് ധരിക്കുന്നവനും അല്ല ക്രിസ്ത്യാനി. പകരം യേശുക്രിസ്തു നൽകുന്ന കുരിശിനെ, ജീവിതമാകുന്ന കുരിശിനെ കൈക്കൊള്ളുന്നവൻ ആണ് ക്രിസ്ത്യാനി. ഈ ക്രൂശിനെ കൈക്കൊള്ളുന്നു എന്നതിന്റെ അടയാളമാണ് കുരിശ് വരയ്ക്കുന്നതും കുരിശ് ധരിക്കുന്നതും സൂചിപ്പിക്കുന്നത്.

> "മാമോദീസാ മൂലം മിശിഹാതൻ മുദ്രപതിഞ്ഞവരായ്
> തന്നുടെ ഗാത്രം ഭക്ഷിച്ചും........"[5]

ഓരോ വിശ്വാസിയും സ്ലീബായിൽ മുദ്രകുത്തപ്പെട്ടവരാണ്. യേശുവിന്റെ കുരിശിനെ ബഹുമാനിക്കുമ്പോൾ യേശുവിനെത്തന്നെയാണ് ബഹുമാനിക്കുന്നത്. കുരിശിനെ അധിക്ഷേപിക്കുമ്പോൾ രക്ഷ നേടിത്തന്ന ദൈവത്തെ തന്നെയാണ് അപമാനിക്കുന്നത്.

---

5. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പ്രഭാതപ്രാർത്ഥന, പേജ് 18.

www.malankaralibrary.com

"നിൻ സ്ലീബാ ഞാൻ തള്ളിടില്ല-
തിനാൽ എന്നെ തള്ളരുതെ
തലമുറ തൻ വിധി നീ പറയുമ്പോൾ"[6]

"നാഥാ നിൻ രാജ്യത്തിൻ മഹിമാ ഗമനെ
സ്ലീബാ ചിറകാൽ ഞങ്ങളെ മൂടികൊള്ളേണമേ."[7]

എന്നാണ് സഭ പ്രാർത്ഥിക്കുന്നത്. മനുഷ്യകുലം മുഴുവൻ രക്ഷയുടെ അനുഭവത്തിലേക്ക് വന്നത് ലോകത്തിന്റെ സമഗ്ര വിമോചകനായ യേശു തമ്പുരാന്റെ കുരിശുമൂലമാകയാൽ ഓരോ വിശ്വാസിയും അതിനെ ബഹുമാനിക്കേണ്ടതാണ്. വി.സ്ലീബായുടെ മുമ്പാകെ കുമ്പിട്ട് നമസ്കരിച്ച് വന്ദിക്കുമ്പോൾ യേശു നാഥന്റെ കുരിശുമരണത്തെയാണ് വന്ദിക്കുന്നത്.

അപ്പോസ്തോലനായ പൗലോസ് സാക്ഷിക്കുന്നത് എനിക്ക് നമ്മുടെ കർത്താവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിക്കാൻ ഇടയാകരുത് എന്ന്. ക്രൂശിതനായ കർത്താവാണ് പൗലോസ് ശ്ലീഹായുടെ പ്രസംഗവിഷയം. വി.സ്ലീബാ അലങ്കാരമോ, ആഭരണമോ എന്നതിനെക്കാൾ ഉപരിയായി അത് പിതാവിന്റെ വലിയ സ്നേഹത്തിന്റെ അടയാളമാണ്. അന്ത്യോക്യൻ ആരാധനയിൽ കുരിശു വരയ്ക്കലിനും കുരിശ് ധരിക്കലിനും പ്രാധാന്യം നൽകുന്നു. ജീവിതമാകുന്ന ക്രൂശ് എടുക്കുന്നു എന്നതിന്റെ അടയാളമാണ് ഇത്. ക്രൂശിതന്റെ പാതയിൽ പതറിപ്പോകാതെ വിശ്വാസത്തിന്റെ നായകനായ യേശുവിനെ നോക്കി മോക്ഷയാത്ര നടത്തുന്ന സംഘമാണ് സഭ. രക്ഷകന്റെ സ്ലീബായുടെ ചിറകിൻ കീഴിൽ ആണ് സഭ നിലനിൽക്കുന്നത്.

---

6. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പ്രഭാതപ്രാർത്ഥന, പേജ് 26
7. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പ്രഭാതപ്രാർത്ഥന, പേജ് 24

www.malankaralibrary.com

# മലങ്കര അന്ത്യോക്യൻ ആരാധനയിലെ ക്രിസ്തുശാസ്ത്രം

യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും അന്ത്യോക്യൻ ആരാധനക്രമം അനിതരസാധാരണമായി അവതരിപ്പിക്കുന്നു. വേദവിപരീതങ്ങൾ മിക്കവയും ഉടലെടുത്തത് യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും കുറിച്ചായിരുന്നു. "ക്രിസ്തോസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ക്രിസ്തു എന്ന മലയാള പദത്തിന്റെ ഉത്ഭവം. ഇതിനു സമാനമായ ഹീബ്രുപദം മെഷിയാഹ് ആണ്. ഈ വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്."[1] സുറിയാനിഭാഷയിൽ 'മശ്ഹാ' എന്ന പദത്തിന്റെ അർത്ഥവും 'അഭിഷിക്തൻ' എന്നാണ്. പഴയനിയമത്തിൽ ഈ വാക്ക് വരുവാനിരിക്കുന്ന രക്ഷകനെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചു. അന്ത്യോക്യൻ ആരാധനയിൽ മശിഹാ അല്ലെങ്കിൽ അഭിഷിക്തൻ എന്ന പദത്തിന് വളരെ പ്രാധാന്യം ഉണ്ട്.

ഹെബ്രായ ഭാഷയിലെ 'ജോഷ്വാ' എന്ന പേരിനുണ്ടായ അറമായ പരിണാമത്തിന്റെ ഫലമാണ് 'യേശു' എന്ന നാമം. 'യാഹ്വേ രക്ഷിക്കുന്നു' എന്നാണിതിന്റെ അക്ഷരാർത്ഥം.

മലങ്കരസഭയിൽ എല്ലാ പ്രാർത്ഥനകളും യേശുതമ്പുരാനെ, മശിഹാ തമ്പുരാനെ എന്ന സംബോധനകൾക്ക് പ്രാധാന്യം കൊടുക്കുന്നു. സഭയുടെ പ്രാർത്ഥനകൾ എല്ലാംതന്നെ ക്രിസ്തു ശാസ്ത്ര സമ്പന്നമാണ്. പുത്രൻ തമ്പുരാൻ ത്രിത്വത്തിൽ ഒരുവനായി പിതാ

1. ഡോ. ആന്റണി തേറാത്ത ബൈബിൾ നിഘണ്ടു പേജ് 206.

www.malankaralibrary.com

വിന്റെ വചനവും സാരാംശത്തിൽ പിതാവിനും വി.റൂഹായ്ക്കും സമനും സൃഷ്ടി അല്ലാത്തവനും ആണ്. ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ ശരീരംധരിച്ച് മനുഷ്യനായി. ഈ യാഥാർത്ഥ്യ ത്തിനാണ് മനുഷ്യാവതാര രഹസ്യം എന്നു പറയുന്നത്. മലങ്കരസഭ യുടെ ആരാധനയിൽ യേശുക്രിസ്തുവിന്റെ ദൈവത്വം, രാജത്വം, കർത്തൃത്വം ഇവയ്ക്ക് വളരെ മുൻതൂക്കം കൊടുക്കുന്നതോടൊപ്പം യേശുക്രിസ്തുവിന്റെ മാനുഷികതയും എടുത്തുകാട്ടുന്നു.

മലങ്കരസഭയിലെ വി.കുർബാനയിൽ മാർ സേവേറിയോസിന്റെ മാനിസാ മുഴുവൻ തന്നെ ക്രിസ്തുശാസ്ത്രത്തിൽ അധിഷ്ഠിതമാ ണ്. "സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനു ഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുവേണ്ടി വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽനിന്നും ഭേദം - കൂടാതെ മനുഷ്യനായിത്തീർന്നവനും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനും, സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രനും വചനവും രാജാവുമായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കിയവനും പരിശുദ്ധ ത്രിത്വത്തിൽ ഒരുവനും, പിതാവിനോടും ജീവനുള്ള പരിശുദ്ധാത്മാ വിനോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനു മായ ഞങ്ങളുടെ മിശിഹാതമ്പുരാനെ ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമെ."[2] യേശുക്രിസ്തു ആരാണ് എന്നും, മനുഷ്യാവതാര ത്തിന്റെ അർത്ഥം എന്ത് എന്നും വളരെ വ്യക്തമായി ഈ പ്രാർത്ഥ നയിൽ കാണുവാൻ സാധിക്കും. അന്ത്യോക്യായിലെ പാത്രി യാർക്കിസ് ആയിരുന്ന മാർ സേവേറിയോസ് 5-ാം നൂറ്റാണ്ടിൽ എഴു തിയ പ്രാർത്ഥനയാണ് ഇത്. "എന്റെ ദൈവവും രാജാവുമായ അങ്ങയെ ഞാൻ പുകഴ്ത്തും" (സങ്കീർത്തനം 145, 1). ഈ സ്തുതി ഗീതത്തിന്റെ വെളിച്ചത്തിൽ എഴുതപ്പെട്ട ഈ മനോഹരമായ പ്രാർത്ഥന ഇതുവരേയും ഉണ്ടായിട്ടുള്ള ക്രിസ്തുശാസ്ത്രത്തെ സംബന്ധിച്ചിട്ടുള്ള എല്ലാ പാഷണ്ഡതകൾക്കും ഉള്ള ഉത്തരമാണ്. ഈ പ്രാർത്ഥനയെ ചെറിയ വിശ്വാസപ്രമാണം എന്നാണ് അറിയ പ്പെടുന്നത്. ഈ പ്രാർത്ഥനയിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ വളരെ ക്രിസ്തുശാസ്ത്രസമ്പന്നമാണ്.

2. മലങ്കര സുറിയാനികത്തോലിക്കരുടെ പ്രാർത്ഥനാക്രമം പേജ് 60

www.malankaralibrary.com

| | |
|---|---|
| 1. മോർ | - എന്റെ കർത്താവേ |
| 2. മൽക്കോ | - രാജാവ് |
| 3. യിഹിദോയോ ബ്രോ | - ഏകജാതൻ |
| 4. മെൽസേ ദാബോ ശ്മായോനോ | - സ്വർഗീയ പിതാവിന്റെ വചനം |
| 5. യാഹ് ദീസാവ് ബക്യോനേ ലോമോയൂസോ | - സ്വഭാവപ്രകാരം മരണമില്ലാത്തവൻ |
| 6. ബ് തയ്ബൂസേ ഹ്ലോഫ് ഹായേ വ് ഫുർകോനോ | - കൃപയാൽ വന്നവനും ജീവനും രക്ഷയും |
| 7. വമ്ശാബഹ്തോ ബസുൽതോ ദ് കിസോ യെൽദാസ് ആലോഹോ മറിയാം | - വിശുദ്ധിയും വെടിപ്പുമു ള്ള ദൈവമാതാവായ കന്യകാ മറിയാമിൽ നിന്ന്. |
| 8. ദ് ലോ ശുഹലോഫോ ഹ്വോ ബർന്നോശോ | - ഭേദം കൂടാതെ മനുഷ്യനായി. |
| 9. ദസ്ത് ലെബ് ഹലോഫായൻ | - കുരിശിക്കപ്പെട്ടവൻ |
| 10. മ്ശിഹോ | - അഭിഷിക്തൻ |
| 11. ആലോഹോ ദീലാൻ | - ഞങ്ങളുടെ ദൈവം |
| 12. ദബ് മൗത്തെ ല് മൗത്താൻ ദോശേവ് ഖത്ത്ലെ | - തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും |
| 13. ത്ലീസോ യൂസോ കാദിശ്ത്തോ | - പരിശുദ്ധ ത്രിത്വത്തിൽ ഒരുവനും |

www.malankaralibrary.com

14. വ്ശവ്യോയിസ് വെസ്ത്ഗേദ്
വ് മെശ് താബിഹ് അം ആബൂയ്
വ് റൂഹോ ഹായോവ് കാദിശോ
ഹുസ് അൽകൂലാൻ - പിതാവിനോടും ജീവനുള്ള വിശുദ്ധ റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാ തമ്പുരാനെ.

ഈ പ്രാർത്ഥനയിൽ യേശുക്രിസ്തു ആരെന്നും തന്റെ സ്വഭാവം എന്താണെന്നും വ്യക്തം. ദോശേവ് എന്നാൽ ചവിട്ടുക എന്നാ ണർത്ഥം. ഖ്ത്താൽ എന്നാൽ കൊന്നു എന്നാണർത്ഥം. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കി എന്ന വിവർത്തനത്തെക്കാൾ ദൈവശാസ്ത്രസമ്പന്നമായിട്ടുള്ളത് തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നു എന്ന വിവർത്തനമാണ്. സ്ത്രീയുടെ സന്തതി നിന്റെ തലയെ തകർക്കും എന്ന പ്രവചനം കർത്താവിന്റെ കുരിശുമരണത്തോടെ നിറവേറു കയാണ്. ഇപ്പോഴും യാക്കോബായ ഓർത്തഡോക്സ് സഭകളിൽ ചവിട്ടിക്കൊന്നു എന്ന പദം തന്നെയാണ് ഉപയോഗിക്കുന്നത്.

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സ്വഭാവത്തെയും സംബന്ധിച്ച പ്രാർത്ഥനകളാൽ നിറയപ്പെട്ടതാണ് മലങ്കര ആരാധനാക്രമം. "ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കുമുമ്പേ പിതാവിൽനിന്നും ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടി അല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും സർവ്വസൃഷ്ടികൾക്കും ഹേതുവായവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി. വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിൽ നിന്നും ശരീരിയായിതീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട്, കഷ്ടതയനുഭവിച്ച്, മരിച്ച് അടക്കപ്പെട്ട് തിരുമനസായപ്രകാരം

www.malankaralibrary.com

മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. സ്വർഗത്തിലേക്ക് കരേറി. തന്റെ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനി വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ" എന്നാണ് നാം വിശ്വാസ പ്രമാണത്തിൽ ഏറ്റുപറയുന്നത്. ഈ വിശ്വാസപ്രമാണം ക്രിസ്തു ശാസ്ത്ര സമ്പന്നമാണ്.

യേശുക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ച ധാരാളം പാഷണ്ഡതകൾ ഉടലെടുത്തു. അവകൾ താഴെ പറയുന്നു.

1. ക്രിസ്തുവിൽ 2 സ്വഭാവവും, 2 ആളത്ത്വവും ഉണ്ട് (നെസ്തോർ)
2. പുത്രൻ എടുത്ത ശരീരം ആത്മാവില്ലാത്തതത്രെ. ആത്മാവിനു പകരം ദൈവത്വമായിരുന്നു (അറിയോസ്)
3. യേശുക്രിസ്തുവിന്റെ ജനനം മനുഷ്യനടപടിപ്രകാരം ഉണ്ടായതാകുന്നു. (കുറീന്തോസ്)
4. മിശിഹായുടെ തുടക്കം യൗസേപ്പിൽനിന്നും മറിയാമിൽനിന്നും ആകുന്നു (അബിയ്യൂന്യർ)
5. യേശുക്രിസ്തു മനുഷ്യനായിത്തീരുകയോ, കഷ്ടമനുഭവിക്കുകയോ ചെയ്തില്ല. മായക്കാഴ്ചയായി അപ്രകാരം കാണപ്പെട്ടതേയുള്ളു. (മർക്കിയാൻ)
6. മശിഹാ ഒരു സാധാരണ മനുഷ്യൻ ദൈവകൃപയ്ക്ക് യോഗ്യനായിത്തീർന്നവൻ തന്റെ തുടക്കം മറിയാമിൽനിന്നാകുന്നു. (ശ്മീശത്തുകാൻ പൗലേ)"[3]

ഈ പാഷണ്ഡതകൾക്ക് എല്ലാം ഉള്ള ഉത്തരം അല്ലെങ്കിൽ ക്രിസ്തുശാസ്ത്രമായ സത്യവിശ്വാസങ്ങൾ എല്ലാം മാർ സേവേറിയോസിന്റെ മാനിസായിലും വിശ്വാസപ്രമാണത്തിലും ഉണ്ട്. യേശുനാഥൻ തന്റെ ദൈവത്വത്തിൽനിന്ന് ഒരു ഭേദവുംകൂടാതെ തന്റെയും പിതാവിന്റെയും വി.റൂഹായുടെയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി പരി.കന്യകാമറിയാമിൽനിന്ന് ശരീരം ധരിച്ച് മനുഷ്യനായി കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ടും മൂന്നാം ദിവസം

3. ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ കണിയാംപറമ്പിൽ, സുറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങൾ പേജ് 21.

www.malankaralibrary.com

മഹത്വത്തോടെ കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് കരേറി. "താൻ മനുഷ്യനായിത്തീർന്നു എന്നുള്ളത് കന്യകയിൽനിന്ന് ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല പ്രത്യുത സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ വി.റൂഹായാൽ കന്യകമറിയാമിൽ നിന്നും ജന്മമെടുത്ത് സാക്ഷാൽ മനുഷ്യനായിത്തീർന്നു എന്നത്രേ."[4]

"നിർമ്മലനാം സുതനെ ഞങ്ങൾക്കായ്
ഏകിയതാതാ സ്തോത്രംതേ
ഞങ്ങൾ നിൻ തനയരുസമമാവാൻ
അവനടിയാരൊടു സമനായി"[5]

യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ തന്റെ മനുഷ്യത്വം സമ്പൂർണ്ണമായി വെളിപ്പെട്ടു എങ്കിലും യേശുക്രിസ്തുവിന്റെ ദൈവത്വമാണ് പെസഹാ രഹസ്യത്തെ സംയോജിപ്പിക്കുന്ന കണ്ണി. മലങ്കര സഭയുടെ തനിമ ദൈവശാസ്ത്രത്തിലും ഈ ദൈവശാസ്ത്രത്തിന്റെ ആരാധനക്രമത്തിലുമാണ്. ക്രിസ്തു ആര് എന്ന ചോദ്യത്തിന്റെ ഉത്തരം സഭയുടെ ആരാധനയിൽ നമുക്ക് ദർശിക്കാൻ സാധിക്കും. വി.കുർബാനയിൽ അപ്പംമുറിക്കൽ ശുശ്രൂഷയിൽ വൈദികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു. 'വചനമായ ദൈവം ശരീരത്തിൽ ഇപ്രകാരം യഥാർത്ഥമായി പീഢയനുഭവിക്കുകയും ബലിയായിത്തീർന്ന് കുരിശിൽവച്ച് ഖണ്ഡിക്കപ്പെടുകയും ചെയ്തു. അവന്റെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടെങ്കിലും ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല. അവൻ കുന്തംകൊണ്ട് വിലാപിൽ കുത്തേറ്റു. ലോകത്തിനുമുഴുവൻ പാപപരിഹാരം ഉണ്ടാക്കുന്ന രക്തവും വെള്ളവും അവിടെ നിന്ന് ഒഴുകി. അവയാൽ അവന്റെ ശരീരം മുഴുവൻ നനഞ്ഞു. സർവ്വലോകത്തിന്റെയും പാപം നിമിത്തം പുത്രൻ തമ്പുരാൻ കുരിശിൽ മരിച്ചു. അവന്റെ ആത്മാവ് വീണ്ടും ശരീരത്തോടു ചേരുകയും ഇടത്തേതിനടുത്ത ജീവിതരീതിയിൽനിന്നു വലത്തേതിലേക്ക് അവൻ നമ്മെ തിരിക്കുകയും ചെയ്തു. സ്വന്തരക്തത്താൽ അവൻ സ്വർഗ്ഗീയരെ ഭൗമികരോടും

4. ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ കണിയാംപറമ്പിൽ, സുറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങൾ, പേജ് 20.

5. ശ്ഹിമോ നമസ്കാരം, ശുബഹോ, പേജ് 177.

www.malankaralibrary.com

സ്വജനത്തെ ജാതികളോടും ആത്മാവിനെ ശരീരത്തോടും യോജിപ്പിച്ച് സമാധാനം സ്ഥാപിച്ചശേഷം മൂന്നാംദിവസം കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അമ്മാനുവേൽ ഏകനാകുന്നു. അവിഭാജ്യമായ യോജിപ്പിനുശേഷം ഇരുസ്വഭാവങ്ങളും വേർപിരിയുന്നില്ല.'

"ജറുസലേമിലെ ഗോഗുൽത്തായിൽ ഞങ്ങൾക്കുവേണ്ടി വിലാവിൽ കുത്തുകൊണ്ട ദൈവമായ മിശിഹാ നീയാകുന്നു. ലോകത്തിന്റെ പാപം നീക്കികളയുന്ന ദൈവത്തിന്റെ കുഞ്ഞാട് നീയാകുന്നു. ഞങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്ത് നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിർത്തണമെ."[6]

അന്ത്യോക്യായിലെ വി.ഇഗ്നാത്തിയോസ് (A.D.110) ഇപ്രകാരം പറയുന്നു. ഒരു വൈദ്യനേയുള്ളു. അവൻ ജനിച്ചെങ്കിലും ജനിക്കാത്തവൻ തന്നെ, ശാരീരികനെങ്കിലും ആദ്ധ്യാത്മികനത്രേ; മനുഷ്യനായ ദൈവം; മരണത്തിലെ യഥാർത്ഥ ജീവൻ; ദൈവത്തിൽനിന്നും മറിയത്തിൽനിന്നും ഉളവായവൻ; ആദ്യം സഹിക്കുകയും പിന്നീട് സഹനത്തിന് അതീതനാവുകയും ചെയ്തവൻ അതെ അതു നമ്മുടെ കർത്താവായ യേശുക്രിസ്തുമാത്രം.

---

6. വി.കുർബ്ബാന തക്സാ, പേജ് 59.

❋❋❋

www.malankaralibrary.com

# മലങ്കരസഭയിലെ വിവാഹശുശ്രൂഷ ഒരു ദൈവശാസ്ത്രവീക്ഷണം

ദൈവത്താൽ സ്ഥാപിതമായിരിക്കുന്ന ഒരു ഉടമ്പടിയും കൂദാശയുമാണ് വിവാഹം. ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാന ഘടകം കുടുംബമാണ്. വിവാഹം എന്നത് സാമൂഹ്യമായ ഒരു ചടങ്ങും. ഒരുമിച്ച് ജീവിക്കുവാൻ അനുവാദം കൊടുക്കുന്ന വ്യവസ്ഥ മാത്രമല്ല പിന്നയോ ക്രിസ്തീയ ദർശനപ്രകാരം ഇത് പരിപാവനമായ ഒരു കൂദാശയാണ്. പരസ്പരസ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും ജീവിതമാണ്. ഇത് ഒരു കൂദാശയും സ്നേഹത്തിന്റെ ഉടമ്പടിയും ദൈവത്തിന്റെ വിളിയുമാണ്. ദമ്പതികൾക്ക് ആജീവനാന്തം അത് അനുഗ്രഹത്തിന് കാരണമാകുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ഉത്തമസ്നേഹത്തിന്റെയും സമ്പൂർണ്ണമായ ഐക്യത്തിന്റെയും അടയാളമാണ് ഇത്. മലങ്കരസഭയിൽ വിവാഹശുശ്രൂഷയ്ക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട്. മോതിരം വാഴ്വിന്റെ ക്രമവും കിരീടം വാഴ്വിന്റെ ക്രമവും.

**മോതിരം വാഴ്ത്തലിന്റെ ക്രമം**

ഇത് വിവാഹശുശ്രൂഷയുടെ ഒന്നാംഭാഗമാണ്. വിവാഹം ഒരു കൂദാശയാകയാൽ വിവാഹശുശ്രൂഷയുടെ കാർമ്മികൻ വൈദികനാണ്. വി.കുർബാനയ്ക്കുള്ള അംശവസ്ത്രങ്ങൾ പട്ടക്കാരൻ ധരിക്കുന്നു. വധൂവരന്മാർ പള്ളിയിൽ പ്രവേശിക്കുമ്പോൾ മുതൽ ശുശ്രൂഷ അവസാനിക്കുന്നതുവരെ വി.മദ്ബഹായുടെ തിരശീലനീക്കി മദ്ബഹാ തുറന്നിടുന്നു. പ്രാർത്ഥനകൾ എല്ലാം കിഴക്കോട്ട് തിരിഞ്ഞുനിന്നും, ഗാനങ്ങൾ എല്ലാം പടിഞ്ഞാറോട്ടുതിരിഞ്ഞുനിന്നുമാണ് നിർവ്വഹിക്കുന്നത്. കാരണം ഗാനങ്ങൾ എല്ലാംതന്നെ ഉത്ബോ

www.malankaralibrary.com

ധനങ്ങൾ അഥവാ പഠിപ്പിക്കലുകൾ ആണ്. വിവാഹശുശ്രൂഷ ആരംഭിക്കുന്നത് 51-ാം സങ്കീർത്തനത്തോടെയാണ്. കാരണം എല്ലാ ശുശ്രൂഷകൾക്കും അനുതാപത്തിന് അതുല്ല്യമായ സ്ഥാനം ഉണ്ട്. മോതിരം വാഴ്ത്തൽ ക്രമത്തിന്റെ മർമ്മപ്രധാനമായ ഭാഗം മോതിരങ്ങൾ ആശീർവദിച്ച് വധൂവരന്മാരെ അണിയിക്കുന്ന കർമ്മമാണ്.

**മോതിരം ഉടമ്പടിയുടെ അടയാളമാണ്**

ദൈവവും തന്റെ ജനമായ ഇസ്രായേൽ മക്കളും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായിരുന്നു വിവാഹം (ഉല്പ.17. 15-16). പരസ്പരമുള്ള വിശ്വസ്തതയാണ് ഉടമ്പടിയുടെ അടിസ്ഥാനം. വിവാഹം ദൈവത്തോടുള്ള വിശ്വസ്തതയുടെ പ്രതീകമാണ് എന്ന വേദപുസ്തകത്തിൽ ദർശിക്കുവാൻ സാധിക്കും.

(ഹോസിയ 1:2-3, ജറമിയ 2:1-2; 3:1, എസക്കിയേൽ 16:8-10; 25-28, മലാക്കി 2:14-16). പഴയനിയമത്തിൽ സ്നേഹവും വിശ്വസ്തതയും ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ പ്രതീകമായിരുന്നു. വിശ്വസ്തതയും സ്നേഹവും വിവാഹബന്ധത്തിന്റെ ഉടമ്പടിയുടെ കാതലാണ്. "സ്ത്രീപുരുഷന്മാരുടെ വിവാഹനിശ്ചയം മോതിരത്തിൽകൂടി നിവൃത്തിയാകണമെന്നും, വിവാഹനിശ്ചയം ചെയ്തവരുടെ ആനന്ദം മോതിരത്തിൽ കൂടി പൂർണ്ണമാകണമെന്നും നിശ്ചയിച്ചവൻ നീയാകുന്നു. ദൈവമായ കർത്താവേ, നിന്റെ ബലഹീനദാസരായ ഞങ്ങൾ വാഴ്ത്തുന്ന ഈ മോതിരങ്ങളെ നീ സന്തോഷപൂർവ്വം അനുഗ്രഹിക്കണമെ. ഈ മോതിരങ്ങളെ കരുണാപൂർവ്വം വാഴ്ത്തി ഇവരുടെ ബന്ധത്തെ വിശുദ്ധീകരിക്കണമെ" എന്ന് സഭ പ്രാർത്ഥിക്കുന്നു. വിവാഹശുശ്രൂഷയിൽ യേശുനാഥൻ തന്റെ തിരുശരീരവും തിരുരക്തവും സഭയ്ക്ക് മോതിരമായി കൊടുക്കുകയും തന്റെ സന്തോഷരശ്മിയാൽ അവളെ പ്രശോഭിപ്പിക്കുകയും ചെയ്തു.

"മോതിരമേകി തിരുസഭയെ മിശിഹാവധുവാക്കി
പരിപാവന തനുരുധിരങ്ങൾ കൈക്കൊണ്ടാളവളും"[1]

മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹശുശ്രൂഷയിലെ പ്രാർത്ഥനകളിലും ഗാനങ്ങളിലും നാം കാണുന്നത്. വിവാഹശുശ്രൂഷയിൽ പ്രാർത്ഥിക്കുന്ന

1. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പേജ്. 48

www.malankaralibrary.com

പ്രാർത്ഥനകളും ആലപിക്കുന്ന ഗാനങ്ങളും ഈ ബന്ധത്തെയാണ് സ്പഷ്ടമാക്കുന്നത്.

മോതിരം : മോതിരം ഉടമ്പടിയുടെ അടയാളം മാത്രമല്ല വിശ്വസ്തതയുടെ പ്രതീകവും കൂടിയാണ്. വിവാഹജീവിതം വിശ്വസ്തതയുടെ ജീവിതമാണ്. ദൈവത്തോടും ജീവിതപങ്കാളിയോടുമുള്ള വിശ്വസ്തത. ഇത് ആധിപത്യത്തിന്റെ ജീവിതമല്ല. അതിലുപരി ആത്മസമർപ്പണത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റെയും ജീവിതമാണ്. ദൈവത്തോടും ജീവിതപങ്കാളിയോടും ദൈവം നല്കുന്ന മക്കളോടും സഭയോടും ഉള്ള സമർപ്പണത്തിന്റെ ജീവിതം കൂടിയാണിത്.

"ഉപമകളാൽ ശ്ലേമോൻ ചൊന്നാനേവം
ചാരുമുഖി - പാരം നീ
ശ്ലാഘിക്കും നിൻ പ്രിയനേവൻ
എൻ നാഥൻ പതിനായിരമതിലുത്തമനാം
തൻ പൂങ്കാവാണിസ്രായേൽ
ശുഭ്രൻയാക്കോബിൻ ലതയിൽ
ശോണൻ നർദീൻ തൈലത്തിൽ
പ്രബലൻ ലബനോൻ കാരകിലിൽ
പാർത്തിടുകിൽ, ദൈവസമൻ
ഉന്നതനാം ഇവനെ നാം വാഴ്ത്തിടുന്നു."[2]

ഉത്തമഗീതം 5 അദ്ധ്യായങ്ങൾ 8 മുതൽ 15 വരെ ഉള്ള ഭാഗത്തെ അധികരിച്ചാണ് ഈ ഗാനം. ശ്ലേമോൻ ഉപമകളിൽ ഇപ്രകാരം പറഞ്ഞു "സുന്ദരി നീ ഇത്രയധികം പ്രശംസിക്കുന്ന നിന്റെ പ്രിയൻ ആരാകുന്നു? എന്റെ പ്രിയൻ പതിനായിരങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവനാകുന്നു. ഇസ്രായേൽ അവന്റെ തോട്ടമാകുന്നു അവൻ യാക്കോബിന്റെ മുന്തിരിച്ചെടിയെക്കാൾ വെണ്മയും നർദീനിലെ എണ്ണയേക്കാൾ ചുവപ്പും, ലബനോനിലെ കാരിലുകളേക്കാൾ ബലവും ഉള്ളവനാകുന്നു. എന്തെന്നാൽ അവൻ മഹത്വമുള്ളവനാകകൊണ്ട് നാം സ്തുതിക്കുന്ന ദൈവത്തിനു സദൃശ്യനാകുന്നു. മഹോന്നതനായ അവനെ നമുക്ക് പ്രകീർത്തിക്കാം." ഇവിടെ

2. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പേജ്. 51

www.malankaralibrary.com

ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെയാണ് എടുത്തു കാട്ടുന്നത്.

'എക്ലേസിയ' എന്ന വാക്കിന് 'വിളിച്ചുവേർതിരിക്കപ്പെട്ടവൾ' എന്നാണർത്ഥം. സഭയെ മിശിഹാനാഥൻ പുറജാതികളിൽനിന്ന് തിരഞ്ഞെടുക്കണം. "പുറജാതികളുടെ പുത്രിയെ തനിക്ക് സഭയായി തെരഞ്ഞെടുക്കുകയും സകലവിധ കളങ്കങ്ങളിൽനിന്നും അവളെ തന്റെ നിർമ്മലരക്തത്താൽ പവിത്രീകരിക്കുകയും ചെയ്ത സ്വർഗ്ഗീയ മണവാളനും സ്തുതി. അവൻ ഭൗമിക സഭയുമായി വിവാഹനിശ്ചയം ചെയ്ത് സ്വയം അവൾക്ക് വരനായിത്തീരുകയും അശുദ്ധപിശാചുക്കളുടെ ദാസ്യത്തിൽനിന്ന് അവളെ രക്ഷിച്ച് സർവ്വവിധമായ കടങ്ങളിൽ നിന്നും, പാപങ്ങളിൽ നിന്നും അവൾക്ക് മോചനം നൽകുകയും ചെയ്തു." (മോതിരവാഴ്‌വിന്റെ ക്രമം പ്രുമിയോൻ പേജ് 44)

വിവാഹം പഴയനിയമത്തിൽ യഹോവയായ ദൈവവും തന്റെ ജനമായ ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ പ്രതീകമായിരുന്നെങ്കിൽ പുതിയ നിയമത്തിൽ മിശിഹാതമ്പുരാനും തന്റെ സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമാണ്. മോതിരം വാഴ്‌വിന്റെ ശുശ്രൂഷയിൽ മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് അവതരിപ്പിക്കുന്നത്. കാർമ്മികൻ കരങ്ങൾ അവസിപ്പിച്ചുകൊണ്ട് മോതിരങ്ങൾ ആശീർവദിക്കുന്നു. "വിശുദ്ധ സഭയുടെ മക്കളുടെ സന്തോഷപൂർത്തിക്കായി പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ ഈ മോതിരങ്ങൾ ആശീർവദിക്കപ്പെടുന്നു," എന്നു പറഞ്ഞുകൊണ്ട് മോതിരങ്ങൾ ആശീർവദിക്കപ്പെടുന്നു.

പൗരസ്ത്യസഭയിൽ വാഴ്‌വ് നൽകുമ്പോൾ ആശീർവദിക്കുന്നു എന്നല്ല പറയുക പിന്നെയോ ആശീർവദിക്കപ്പെടുന്നു എന്നാണ് പറയുന്നത്. കാരണം ആശീർവദിക്കുന്നത് ദൈവമാണ്. തുടർന്ന് മോതിരം അണിയിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന അർത്ഥസംപുഷ്ടമാവണം "നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ വലത്തുകൈ കരുണാപൂർവ്വം നിങ്കലേക്കു നീക്കട്ടെ. നിന്റെ വിവാഹ ഉടമ്പടിയുടെ ഈ മോതിരത്തോടൊപ്പം കാരുണ്യവാനായ അവന്റെ കൃപയും അനുഗ്രഹവും നീ പ്രാപിക്കട്ടെ. നന്മകൾ നിറഞ്ഞതും വാഴ്‌വുകൾ നൽകുന്നതുമായ ആ വലത്തുകൈ നിന്നോടുകൂടെ ആയിരിക്കുകയും ആയുഷ്ക്കാലം മുഴുവൻ നിന്നെ സംരക്ഷിക്കു

www.malankaralibrary.com

കയും ചെയ്യട്ടെ." ഇവിടെ മണവാളനെയും മണവാട്ടിയെയും മോതിരങ്ങൾ അണിയിക്കുന്നത് ദൈവം തന്നെയാണ്. അതിനാലാണ് ക്രിസ്തുവിന്റെ സ്ഥാനപതിയും പ്രതിപുരുഷനുമായ വൈദികൻ തന്നെ ദമ്പതികളെ മോതിരം അണിയിക്കുന്നത്.

**കിരീടം വാഴ്‌വിന്റെ ക്രമം**

ആദിയിൽ ആദാമും ഹവ്വായും പറുദീസായിലെ രാജാവും രാജ്ഞിയും ആയിരുന്നു. പുതിയ നിയമത്തിൽ വിവാഹം എന്ന കൂദാശയിലൂടെ ദമ്പതികൾ കുടുംബത്തിന്റെ രാജാവും രാജ്ഞിയുമാക്കി മാറ്റുകയാണ്. അതിന്റെ പ്രതീകമായാണ് ഈ ശുശ്രൂഷയിൽ കാർമ്മികൻ ഇവരെ കിരീടം ധരിപ്പിക്കുന്നത്. പ്രാരംഭപ്രാർത്ഥനകൾക്കു ശേഷം പട്ടക്കാരൻ സ്ലീബായുടെ അടയാളത്തിൽ ദമ്പതികളെ ആശീർവദിക്കുന്നു. പ്രതിസ്താത്രഗാനത്തിൽ പൂർവ്വമാതാപിതാക്കളെ വാഴ്ത്തിയ ദൈവം ഇവരെയും വാഴ്ത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആദം - ഹവ്വാ, അബ്രഹാം - സാറാ, ഇസ്സഹാക്ക് - റബേക്ക, യാക്കോബ് - റാഹേൽ, മിസറേമിൽ യൗസേഫ് എന്നിവരുടെ വിവാഹബന്ധത്തെ പവിത്രമാക്കിയ ദൈവം ഈ വിവാഹബന്ധത്തെയും പവിത്രീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അന്ത്യോക്യൻ സുറിയാനി സഭ യൂദയാ - ക്രൈസ്തവമായിരുന്നു എന്ന യാഥാർത്ഥ്യത്തിന്റെ ഒരു ശക്തമായ തെളിവാണ് ഈ പൂർവ്വപിതാക്കന്മാരുടെ ആത്മസ്മരണ.

കിരീടം വാഴ്‌വിന്റെ ക്രമത്തിൽ മുഴുവൻ കാണുന്നത് സഭയുടെ മഹത്വത്തെക്കുറിച്ചും യേശുക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുമാണ്. മിശിഹാ എന്ന രാജാവും സഭ എന്ന രാജ്ഞിയും തമ്മിലുള്ള വിവാഹമാണ് ക്രൈസ്തവവിവാഹത്തിന്റെ അടിസ്ഥാനം. മണവാളൻ സൂര്യനു തുല്യനും മണവാട്ടി പകൽ പോലെ പ്രകാശിക്കുന്നവളുമാണെന്ന് ആരാധനയിൽ നാം ദർശിക്കുന്നു. കൗദാശികകൃപാവരത്തിന്റെ അടയാളമാണ് കിരീടം വാഴ്വ്. നീതിയുടെ കിരീടത്തിന്റെ പ്രതീകവുമാണിത്. മണവാളന്റെ കിരീടം മിശിഹായുടെ മുൾമുടിക്ക് സദൃശ്യമാണ് (മണവാളൻ തൻ മകുടം തിരുമുൾമുടിയോടുപമം). മണവാട്ടിയുടെ കിരീടം ഉത്തമസ്ത്രീകളുടെ കിരീടത്തിന് സദൃശ്യമാണ്. 'ശ്ലേമോൻ രാജൻ വിമലസഭേ' എന്നു തുടങ്ങുന്ന ഗാനത്തിൽ സഭയുടെ ശ്രേഷ്ഠതയെ എടുത്തുകാട്ടുന്നു. 'പുറജാതികളുടെ പുത്രീ' നീ അതീവസുന്ദരിയാകുന്നു.

www.malankaralibrary.com

സ്വർഗ്ഗമാകുന്ന വിശുദ്ധ മദ്ബഹായുടെയും വിജയസ്ലീബായുടെയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ പരസ്പരം സ്വീകരിക്കുന്ന വധൂവരന്മാരെ ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികൻ സ്ലീബായുടെ അടയാളത്താൽ ആശീർവദിക്കുന്നു. വിശുദ്ധ ഏവൻഗേലിയോൻ വായന വിവാഹം ഒരു ഉടമ്പടിയും വിവാഹം ഒരു കൂദാശയുമാകുന്നുവെന്ന് സ്പഷ്ടമാക്കുന്നു. തുടർന്ന് വൈദികൻ കരങ്ങൾ ആഘോഷിച്ച് ചലിപ്പിച്ചുകൊണ്ട് കിരീടങ്ങളെ (മാല) ആശീർവദിക്കുന്നു. തുടർന്ന് മണവാളനെയും മണവാട്ടിയെയും കിരീടം ധരിപ്പിക്കുന്നു. കിരീടം അഥവാ മാല പട്ടക്കാരൻ മുകളിൽ നിന്ന് താഴേയ്ക്ക് സ്ലീബായുടെ അടയാളത്തിൽ ആഘോഷിച്ചണിയിക്കുന്നു.

"വാനിൽ നിന്നൊരുമകുടം
കർത്തൻകയ്യാലിറങ്ങി
മണവാളനെ ആചാര്യൻ
അണിയിക്കും മകുടം രമ്യം"[3]

ഈ കിരീടം സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതും ക്രിസ്തുമുഖാന്തരവും ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനിലൂടെ ദമ്പതികളെ അണിയിക്കുന്നതിനാൽ ഈ വിവാഹം ദൈവത്താൽ സ്ഥാപിതമാണെന്നും ദൈവമാണ് ഇവരെ യോജിപ്പിക്കുന്നതെന്നും ഇതൊരു കൂദാശയാണെന്നും സ്പഷ്ടം. കിരീടം ധരിപ്പിക്കുന്നതിലൂടെ അവർ കുടുംബത്തിന്റെ രാജാവും രാജ്ഞിയുമായി തീരുന്നു. വിവാഹമെന്ന കൂദാശയെപ്പറ്റി അഗ്നിമയനായ വി. ഇഗ്നാത്തിയോസ് ഇങ്ങനെ പറയുന്നു: "വിവാഹം മോഹത്തിനധീനമല്ലാതെ ദൈവേഷ്ടാനുസരണം ആയിത്തീരുവാൻ അവരുടെ ഐക്യം എപ്പിസ്കോപ്പായുടെ അഭിപ്രായത്തോടെ നിർവ്വഹിക്കണം."[1] തെർത്തുല്യൻ ഇപ്രകാരം പറയുന്നു "മറ്റു കൂദാശകളെപ്പോലെ വിവാഹവും കൂദാശ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് സഭ ആഗ്രഹിക്കുകയും വി.കൂദാശയാൽ അതിനെ ഉറപ്പിക്കുകയും വാഴ്വിനാൽ അതിനെ മുദ്രയിടുകയും ചെയ്യുന്ന വിവാഹത്തിന്റെ ഭാഗ്യത്തെ നമുക്ക് എങ്ങനെ വർണ്ണിക്കുവാൻ കഴിയും."[2] വിവാഹം ഒരു പരിപാവനമായ കൂദാശയാകയാൽ ക്രിസ്തുവിന്റെ സ്ഥാനപതിയായ പട്ടക്കാരനെ കൂടാതെ ആ കൂദാശ പൂർണ്ണമല്ല. ഉയരാഴങ്ങളെ തന്റെ കുരിശിനാൽ സംയോജിപ്പിച്ച് മിശിഹാതമ്പുരാൻ തന്റെ സമാധാനവും രമ്യതയും ഈ ദമ്പതികളുടെ

3. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം, പേജ്. 54

www.malankaralibrary.com

ഇടയിൽ വർഷിക്കുവാനായി സഭ പ്രാർത്ഥിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഉത്തരവാദിത്വം എടുത്തുകാണിച്ചുകൊണ്ടും അവരുടെ കടമകൾ ഉദ്ബോധിപ്പിച്ചുകൊണ്ടും പട്ടക്കാരൻ അവരെ പരസ്പരം ഭരമേല്പിക്കുന്നു. അന്ത്യോക്യൻ പാരമ്പര്യത്തിലില്ലാത്ത താലികെട്ടും മന്ത്രകോടി അണിയിക്കലും മലങ്കരസഭയുടെ വിവാഹശുശ്രൂഷയിൽ ഉണ്ട്. ഈ രണ്ട് ഭാരതീയപാരമ്പര്യങ്ങളെയും മലങ്കരസഭ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. താലി കെട്ടലിനും മന്ത്രകോടി അണിയിക്കലിനും ഭാരതീയ കാഴ്ചപ്പാടിൽ വളരെ സമുന്നതമായ സ്ഥാനമുണ്ട്. താലി അണിയിക്കുമ്പോൾ സ്ലീബായുടെ സന്ദേശമാണ് അതിലൂടെ സഭ നൽകുന്നത്. തുടർന്ന് പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥത യാചിച്ചുകൊണ്ടും സഭയുടെ വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടും ശുശ്രൂഷ സമാപിക്കുന്നു.

വിവാഹം പരിപാവനമായ ഒരു കൂദാശയും ഉടമ്പടിയും ദൈവ വരപ്രസാദം ലഭിക്കുവാനുള്ള മുഖാന്തരവുമാണ്. വിവാഹത്തിൽ ഏർപ്പെടുന്ന ഓരോ വ്യക്തിയും വിവാഹത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കുവാൻ ബന്ധശ്രദ്ധരാകേണ്ടതുണ്ട്. ഇത് ഒരു കൂദാശയാകയാൽ വിവാഹം പ്രസാദവരദായകമാണ്, രക്ഷാകര പദ്ധതിയിലെ ഒരു ആവിഷ്കാരണം കൂടിയാണ്. "വിവാഹത്തിന്റെ സാമൂഹ്യവും നിയമപരവുമായ വശങ്ങളിൽ എന്തൊക്കെ മാറ്റം സംഭവിച്ചാലും വൈവാഹിക ബന്ധത്തിൽ നിന്ന് ഉടലെടുക്കുന്ന പുതിയ ജീവിതം ഭാര്യയും ഭർത്താവും ജീവിച്ചിരിക്കുന്നിടത്തോളം കാലം നിലനില്ക്കേണ്ടതാണ്."[4] ഈ വിശുദ്ധ കർമ്മത്തിലൂടെ ദമ്പതികൾ തങ്ങളെത്തന്നെയും കുടുംബത്തെയും സമൂഹത്തെയും വിശുദ്ധീകരിക്കുന്നു. സൃഷ്ടികർമ്മം നിർവ്വഹിക്കുവാനും പരസ്പരബലിയിലൂടെ ജീവിതം നയിക്കുവാനും അവരെ പ്രാപ്തരാക്കുന്നത് ഈ വിശുദ്ധ കൂദാശ മുഖാന്തിരമാണ്.

---

4. Charles P. Kindregan, A Thelology of Marriage, Milwaukee: The Bruce publishing company, 1967, P. 21.

www.malankaralibrary.com

# വി. മൂറോൻ - മലങ്കര അന്ത്യോക്യൻ സഭാ പാരമ്പര്യത്തിൽ

പൗരസ്ത്യസഭയുടെ പ്രത്യേകിച്ച് മലങ്കര സഭയുടെ കാഴ്ചപ്പാടിൽ വി.മൂറോന് അതിശ്രേഷ്ഠമായ സ്ഥാനമുണ്ട്. വിശ്വാസത്തിൽ സ്ഥിരതയും ക്രിസ്തുവിന്റെ പടയാളിയുമാക്കി ഒരുവനെ മാറ്റുന്ന കൂദാശയാണ് മൂറോനഭിഷേകം. മൂറോൻ എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം തൈലം എന്നാണ്. മലങ്കരസഭയുടെ മൂറോൻ അഭിഷേകക്രമത്തിൽ വി.മൂറോനെ പറ്റി പറയുന്നത് "മ്ശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി.മൂറോൻ എന്നാണ്."[1]

പൗരസ്ത്യസഭയുടെ ദർശനം അനുസരിച്ച് വി.കുർബാനയിൽ യേശുവിന്റെ സാന്നിധ്യം ഉള്ളതുപോലെ വി.മൂറോനിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ട്. വി.മൂറോൻ അഭിഷേകം മുഖാന്തിരമാണ് ഒരുവന് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്. മൂറോൻ അഭിഷേകത്തെ കൂടാതെ മാമോദീസാ പൂർണ്ണമാകുന്നില്ല. മാമോദീസാ, മൂറോൻ, പട്ടത്വം ഈ മൂന്ന് കൂദാശകൾ ആവർത്തിച്ച് നല്കുന്നില്ല. കാരണം ഇവ ഒരിക്കലും മാഞ്ഞുപോകാത്ത മുദ്ര ഒരുവന്റെ ആത്മാവിൽ പതിക്കുന്നു.

1. ഡോ. കുര്യൻ എപ്പിസ്ക്കോപ്പാ കണിയാംപറമ്പിൽ, സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങൾ, പേജ് 104.

www.malankaralibrary.com

സത്യവിശ്വാസത്തിന്റെ മുദ്രയുടെ അടയാളവും പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണതയും മിശിഹായുടെ പരിമളവുമായ വി. മൂറോൻ എന്നാണ് മൂറോനെപ്പറ്റി സഭയുടെ ആരാധനക്രമത്തിൽ കാണുന്നത്.

വി.തൈലം - വി.ഗ്രന്ഥത്തിൽ ദൈവം മോശയോട് അഭിഷേകതൈലം ഉണ്ടാക്കുവാൻ കല്പിച്ചു. അതിന് ആവശ്യമായ സാധനങ്ങൾ ദൈവം തന്നെ നിശ്ചയിച്ചു. (പുറ.30: 22-33)

പഴയനിയമകാലത്ത് ആചാര്യന്മാരെയും (ലേവ്യ 6:20, 8:10, 10:7) രാജാക്കന്മാരെയും (1 ശാമു.10:3, 16:13, 1രാജാക്കന്മാർ 1:39) മറ്റും അഭിഷേകം ചെയ്യുന്നതിനായി തൈലം ഉപയോഗിച്ചിരുന്നു. സമാഗമ കൂടാരം, കൂടാര ഉപകരണങ്ങൾ, ഹോമയാഗപീഠം മുതലായവയുടെമേൽ വി.തൈലം പൂശി പുരോഹിതന്മാർ അവയെ പ്രതിഷ്ഠിച്ചിരുന്നു.

1. സമാധാനം സൗഹൃദം ഇവയുടെ സൂചനയാണ് തൈലം - ഉല് :8:11
2. സുഭിക്ഷതയുടെ സൂചന - സങ്കീർത്തനം 5:28, 128: 3
3. അഗതികളോടുള്ള കരുണ - നിയമാവർത്തനം 24:20
4. അഭിഷേകം - 1 ശാമുവേൽ 10: 11
5. തലയിൽ പുരട്ടുന്നതിന് - റൂത്ത് 3:3
6. വിളക്കു കത്തിക്കുന്നതിന് - പുറ: 29:20
7. കുഷ്ഠരോഗികളുടെ ശരീരശുദ്ധീകരണത്തിന് - ലേവ്യ 14:8
8. രോഗികളുടെ തൈലാഭിഷേകത്തിന് - യാക്കോബ് 5:14
9. വി.തൈലം സൗന്ദര്യത്തിന്റെ ദൃഷ്ടാന്തമാണ് - ഹോസിയ 14:16
10. വീടുപണിക്കായി - 1രാജാക്കന്മാർ 6:31

പഴയനിയമകാലത്ത് ആചാര്യന്മാരെയും രാജാക്കന്മാരെയും അഭിഷേകം ചെയ്യുന്നതിനും സമാഗമകൂടാരത്തേയും യാഗപീഠത്തേയും അഭിഷേകം ചെയ്യുന്നതിനും തൈലം ഉപയോഗിച്ചിരുന്നു. പുറ.30:25-33 വരെയുള്ള ഭാഗങ്ങളിൽ ഇത് വളരെ സ്പഷ്ടമായി കാണാം. വി.വേദപുസ്തകത്തിൽ അഭിഷേകം എന്ന പദം ഏകദേശം 20 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

www.malankaralibrary.com

## വി.മൂറോനെപറ്റി സഭാപിതാക്കന്മാർ

രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തെർത്തുല്യൻ പറയുന്നു. “ആത്മാവ് ശുദ്ധീകരിക്കപ്പെടുവാൻവേണ്ടി മാമോദീസാ കഴിഞ്ഞാലുടനെ ശരീരം വിശുദ്ധ തൈലത്താൽ അഭിഷേകം ചെയ്യപ്പെടുന്നു. ആത്മാവിനെ സുസ്ഥിരമാക്കുന്നതിനുവേണ്ടി ശരീരം മുദ്രകുത്തപ്പെടുന്നു. ആത്മാവ് പരി.റൂഹായാൽ പ്രകാശിതമാകുവാൻ വേണ്ടി ശരീരത്തിന്റെമേൽ കൈകൾ വയ്ക്കപ്പെടുന്നു.[2]

“വീണ്ടും ജനനത്തിന്റെ വി.കൂദാശ പ്രാപിച്ചവന് വി.മൂറോനിലുള്ള പൂർത്തീകരണത്തിന്റെ അഭിഷേകംമൂലം പരി.റൂഹായുടെ ആവാസം ലഭിക്കുന്നു.”[3]

വി.തെയോഫിലോസ് (രണ്ടാം നൂറ്റാണ്ട്) “മ്ശിഹാ എന്നാൽ അഭിഷേകം ചെയ്യപ്പെട്ടവൻ. ഇത് വലിയ ബഹുമാനാർഹമായ പേരാകുന്നു. ഇതുമൂലം ദൈവികതൈലത്താൽ നാം അഭിഷേകം ചെയ്യപ്പെടുന്നതുകൊണ്ട് നാം ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നു.”[4]

വി. കൂറിലോസ് (ജറുസലേം) ഇപ്രകാരം പറയുന്നു.

“നിങ്ങൾ തൈലത്താൽ അഭിഷേചിക്കപ്പെടുകയാൽ ക്രിസ്തുവിന്റെ ഓഹരിക്കാരും, സഹപ്രവർത്തകരുമായിരിക്കുന്നു. കേവലം തൈലമെന്ന നിലയിൽ മാത്രം അതിനെ പരിഗണിക്കരുത്. എന്തെന്നാൽ വി.കുർബ്ബാനയിലെ അപ്പം പരി.റൂഹായോടുള്ള പ്രാർത്ഥനാന്തരം വെറും അപ്പമായിരിക്കാതെ ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നതുപോലെ ഈ വി.തൈലവും പ്രാർത്ഥനയുടെ ശേഷം സാധാരണതൈലമല്ല. പ്രത്യുത ദൈവാനുഗ്രഹത്താൽ ശക്തിപ്രാപിച്ചിരുന്ന ക്രിസ്തുവിന്റെയും പരി.റൂഹായുടെയും ദാനമാകുന്നു ഒരു വിശുദ്ധ വസ്തുവത്രെ.”[5] വി.മൂറോൻ പരിശുദ്ധാത്മാവിന്റെ ഇടപെടലിന്റെയും ആവാസത്തിന്റെയും മാധ്യമമാണ്. പഴയനിയമത്തിൽ പുരോഹിതന്മാരേയും രാജാക്കന്മാരേയും കർത്താവിന്റെ ശുശ്രൂഷകരും ദാസന്മാരുമായി വേർതിരിക്കപ്പെട്ടത് അഭിഷേകം വഴിയാണ്. (ലേവ്യ 8:1-13,

---

2. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമം (കൂദാശക്രമങ്ങൾ) പേജ്. 104
3. ” ” പേജ് 104
4. ” ” പേജ് 104
5. ” ” പേജ് 104

www.malankaralibrary.com

1സാമു 10:1-8) ഈ പരിശുദ്ധമായ അഭിഷേകം മുഖാന്തിരം അവർ കർത്തൃശുശ്രൂഷ ചെയ്യുവാൻ ശക്തിപ്രാപിക്കുന്നു. വി.സഭയിൽ മൂറോൻ അഭിഷേകത്തിലൂടെ ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾകൊണ്ട് നിറയുകയും ചെയ്യുന്നു. അതിനാൽ ആണ് മൂറോൻ അഭിഷേകക്രമത്തിൽ ഇപ്രകാരം പാടുന്നത്.

"ചൊ-ന്നാൻ ദൈവം അഹറോനെ പൂശുക
നിർമ്മലനാവാൻ പാവന തൈലത്താൽ
പൂശുന്നിപ്പോൾ സ്നാനം പ്രാപിച്ചൊരു
കുഞ്ഞാടിനെയീ - പാവന തൈലത്താൽ"[6]

ഇപ്രകാരം മാമോദീസായിലൂടെ ലഭിച്ച ദൈവപുത്രസ്ഥാനം മൂറോൻ അഭിഷേകത്തിലൂടെ സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്. പ്രതികൂല സൈന്യങ്ങൾക്ക് അജയ്യനാകുവാനും, തേജസിൽ നടന്ന് പ്രകാശത്തിന്റെ പുത്രനായി തീരുവാനും, ലോകത്തിന്റെ സമഗ്രവിമോചകനായ യേശുനാഥനോട് ചേർന്ന് സഞ്ചരിച്ച് ദൈവസന്നിധിയിൽ എത്തിച്ചേരുവാനും ഒരുവനെ പ്രാപ്തനാക്കുന്നത് മൂറോൻ അഭിഷേകത്തിലൂടെയാണ്. ഈ കൂദാശ ഒരുവനെ പരിശുദ്ധാത്മാവിന്റെ ദാനത്താൽ മുദ്രയിടുന്നു.

വിശുദ്ധ മൂറോൻ അഭിഷേകത്തിന്റെ ആത്യന്തികമായ ലക്ഷ്യം പരിശുദ്ധാത്മാവിന്റെ ആവാസവും പരിശുദ്ധാത്മപ്രാപ്തിയുമാണ്. വിശുദ്ധ മൂറോൻകൊണ്ട് അഭിഷേകം ചെയ്യപ്പെടുന്ന വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. പരിശുദ്ധാത്മദാനങ്ങളും പ്രാപിക്കുന്നു. വിശുദ്ധ മൂറോൻ പൂർണ്ണതയുടെ കൂദാശയാണ്. ദേവാലയങ്ങളും വിശുദ്ധ ബലിപീഠങ്ങളും തബ്ലീത്താകളും വിശുദ്ധ മൂറോനാൻ പൂർണ്ണമാക്കപ്പെടുന്നു.

**മൂറോൻ കൂദാശ ചെയ്യുന്ന ക്രമം**

"കാനോനനുസരിച്ച് മൂറോൻ തയ്യാറാക്കുവാനുള്ള സാധനങ്ങൾ, ശുദ്ധമായ ഒലിവെണ്ണ, കറുവാപ്പട്ട, ജടാമഞ്ചി, ജാതിക്ക, കുങ്കുമപ്പൂവ്, ഗ്രാമ്പൂവ്, ചുക്ക്, കുരുമുളക്, ഞെരിയാസ് എന്നിവയാണ്.

6. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമ കൂദാശകൾ, പേജ് 33.

www.malankaralibrary.com

ഇതിന്റെ അനുപാതക്രമവും തയ്യാറാക്കാനുള്ള വിധികളും നിജപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധ സാധനങ്ങൾ പൊടിച്ച് ഒലിവെണ്ണയിൽ യോജിപ്പിച്ച് നീരാവിയിലോ എണ്ണ കാച്ചുന്നതുപോലെ തൈലം തയ്യാറാക്കാവുന്നതാണ്.

ശുശ്രൂഷയ്ക്ക് മേൽപ്പട്ടക്കാരെ കൂടാതെ ധൂപക്കുറ്റി വഹിക്കുന്ന 12 വൈദികർ, 12 മറുബഹസാ എടുത്തിരിക്കുന്ന 12 പൂർണ്ണ ശെമ്മാശന്മാർ, 12 മെഴുകുതിരി പിടിച്ചിരിക്കുന്ന 12 എവുപ്പദിയക്കന്മാർ, കുരിശു കൈകളിൽ എടുത്തിരിക്കുന്ന ഒരു വൈദികൻ, ബൈബിൾ കൈകളിൽ വഹിച്ചിരിക്കുന്ന മറ്റൊരു വൈദികൻ, അംശവടി പിടിച്ചിരിക്കുന്ന ഒരു വൈദികൻ (ആർച്ചുഡീക്കൻ) എന്നിവരുമുണ്ടായിരിക്കണം. മുഖ്യവൈദികൻ ആർച്ചുഡീക്കന്റെ സ്ഥാനമാണു വഹിക്കുന്നത്.

ശുശ്രൂഷയ്ക്കു പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാം ശുശ്രൂഷയ്ക്കു മുമ്പായി സങ്കീർത്തനങ്ങളും പ്രത്യേകപ്രാർത്ഥനകളും ഉള്ള ഒരു അനുബന്ധഭാഗമുണ്ട്. ഈ അനുബന്ധഭാഗം കഴിഞ്ഞാണ് ഒന്നാം ശുശ്രൂഷ ആരംഭിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ അനുബന്ധഭാഗം പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്. ശുശ്രൂഷയ്ക്ക് ഒന്നിലധികം പാട്ടുകളോ പ്രാർത്ഥനകളോ ഓരോ ഭാഗത്തും ഉള്ളത് ക്രമീകരിക്കാവുന്നതാണ്. മലങ്കര കത്തോലിക്കാസഭയിൽ ശുശ്രൂഷക്രമം മൊത്തത്തിൽ എഡിറ്റുചെയ്താണ് ഉപയോഗിക്കാറുള്ളത്. അനുബന്ധഭാഗത്തുള്ള സങ്കീർത്തനങ്ങൾ ഗദ്യമായോ കുക്കിലിയോൻ രാഗങ്ങളിലോ ചൊല്ലാവുന്നതാണ്.

**ഒന്നാം ശുശ്രൂഷ**

ഈ ഭാഗത്ത് 148, 150 എന്നീ സങ്കീർത്തനങ്ങളും 'മറിയാം പറഞ്ഞതെന്തെന്നാൽ' എന്ന ദൈവമാതാവിന്റെ പാട്ടും, 'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ' എന്നുതുടങ്ങുന്ന അഷ്ടഭാഗ്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

ഈ ഭാഗത്ത് സെദറായ്ക്കുശേഷമോ സെദറാ സമയത്തോ ഒരു പ്രദക്ഷിണം ഉണ്ട്. സാധാരണയായി ഇത് പള്ളിക്കു പുറത്തു

www.malankaralibrary.com

കൂടിയാണ് നടക്കുന്നത്. ഇത് പള്ളിക്കുള്ളിലായും നടത്താറുണ്ട്. പ്രധാനകാർമ്മികൻ കുബ്സായ്ക്കുള്ളിൽ സഞ്ചരിക്കുന്നത് ശുദ്ധീകരിക്കുവാനുള്ളതാണ്. ഇത് കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെ ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നു. സാധാരണയായി ഈ പ്രദക്ഷിണത്തിന് സഹകാർമ്മികരിൽപ്പെട്ട ഒരു മേൽപ്പട്ടക്കാരൻ, മുമ്പിലായി കുരിശുവഹിക്കുന്ന, ഒരു വൈദികൻ അതിനു പിന്നിലായി (ധൂപാർപ്പണം നടത്തുന്ന മേൽപ്പട്ടക്കാരന്റെ മുമ്പിലായി) അംശവടി പിടിച്ചിരിക്കുന്ന ഒരു വൈദികർ, ധൂപക്കുറ്റി വഹിക്കുന്ന രണ്ടു വൈദികർ മറുബഹാസ എടുത്തിരിക്കുന്ന രണ്ടുപൂർണ്ണശെമ്മാശന്മാർ, മെഴുകുതിരിപിടിച്ചിരിക്കുന്ന 2 എവുപ്പദിയക്കന്മാർ എന്നിവർ ഉണ്ടായിരിക്കും. 'കുബ്സാ' സഞ്ചരിക്കുന്ന സ്ഥലഭാഗം, മേൽപ്പട്ടക്കാരൻ ധൂപം വീശി ശുദ്ധീകരിക്കുന്നു. സഹകാരികളായ വൈദികരും മറ്റുള്ളവരും ധൂപം വീശുന്ന മേൽപ്പട്ടക്കാരന്റെ ഇരുവശങ്ങളിലായി മുൻപിലും പിമ്പിലുമായി നീങ്ങണം.

രണ്ടാമത്തെ പ്രദക്ഷിണത്തിന് പ്രധാന കാർമ്മികൻ 'കുബ്സോ' എന്ന കൂടാരത്തിലാണ് നിൽക്കുന്നത്. കുബ്സോ ദൈവസാന്നിദ്ധ്യത്തിൽ കൂടാരത്തെ മറച്ച മേഘത്തിനു സാദൃശ്യമാണ്.

ധൂപാർപ്പണം നടത്തുന്ന മേൽപ്പട്ടക്കാരൻ തന്നെ അംശവടി എടുത്തിരിക്കണം എന്ന ഒരു നിർദ്ദേശവും കാണുന്നുണ്ട്. ചില അസാധാരണ സന്ദർഭങ്ങളിൽ സഹകാരികളെ കൂടാതെ മേൽപ്പട്ടക്കാരൻ മാത്രം സെദറാ സമയത്തു ധൂപാർപ്പണം നടത്തുന്നതും കണ്ടിട്ടുണ്ട്.

ഒന്നാം പ്രദക്ഷിണത്തിനുശേഷം പ്രത്യേകഗാനങ്ങൾ ആലപിക്കുന്നു. തുടർന്നു അംശവസ്ത്രധാരിയായ ഒരു പുരോഹിതൻ മദ്ബഹാ വാതിൽക്കൽ പടിഞ്ഞാറോട്ടു മുഖമായി നിന്ന് പഴയ നിയമത്തിൽ നിന്നു വായനകൾ വായിക്കുന്നു. ഇവിടെ 11 വായനകൾ ക്രമപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. സന്ദർഭാനുസരണം ഒന്നോ, മൂന്നോ വായനകൾ നടത്തുന്നു.

പഴയനിയമവായനക്കുശേഷം പ്രധാനകാർമ്മികൻ സഹകാർമ്മികനായ രണ്ടു മേൽപ്പട്ടക്കാരോടൊന്നിച്ച് "ബസ്ഗാസാ"

www.malankaralibrary.com

യിൽ പ്രവേശിക്കുന്നു. 'ബസ്ഗാസ' സ്ഥിരമായി ഇല്ലാത്ത ദൈവാലയങ്ങളിൽ മദ്ബഹായുടെ വടക്കുഭാഗത്തോ, കിഴക്കുഭാഗത്ത് സാക്രിസ്റ്റിയിലോ 'ബസ്ഗാസ'മുറി ക്രമീകരിച്ചിരിക്കും. 'ബസ്ഗാസ' യിൽ പ്രധാനകാർമ്മികന്റെ സഹായിയായ മുഖ്യവൈദികനും പ്രവേശിക്കാവുന്നതാകുന്നു.

ബസ്ഗാസയിൽ മുറോൻ തൈലവും 'ബാൾസം' എന്ന സുഗന്ധതൈലവും വേറേവേറെയായി ക്രമീകരിച്ചിരിക്കണം. പ്രദക്ഷിണത്തിനുപയോഗിക്കുവാൻ സൗകര്യപ്രദമായ ഒരു ചെറിയ കുപ്പിയിൽ തൈലം നിറച്ചിരിക്കണം. പ്രധാനകാർമ്മികൻ രണ്ട് സഹകാർമ്മികരോടൊന്നിച്ച് തയ്യാറാക്കിയിരിക്കുന്ന തൈലവും 'ബാൾസം' എന്ന സുഗന്ധ തൈലവും യോജിപ്പിക്കുന്നു. ഈ സമയം മറ്റു മേൽപ്പട്ടക്കാരും സഹകാരികളും അവരവരുടെ സ്ഥാനങ്ങളിൽ നിൽക്കുന്നു. സംയോജിപ്പിക്കൽ നടക്കുമ്പോൾ ഗാനങ്ങൾ ആലപിക്കുന്നു. ഗാനങ്ങളുടെ അവസാനം ആർച്ചുഡീക്കൻ ലുത്തിനിയാ വായിക്കുന്നു. ഈ ലുത്തിനിയാ ഒഴിവാക്കാവുന്നതാണ്.

**രണ്ടാം പ്രദക്ഷിണം**

ഒന്നാം പ്രദക്ഷിണത്തിൽ ശുദ്ധീകരിച്ച സ്ഥാനത്തുകൂടിയാണ് ഈ പ്രദക്ഷിണം നീങ്ങുന്നത്.

പ്രധാന കാർമ്മികൻ മൂറോൻ പാത്രം എടുത്ത് കാപ്പയ്ക്കുള്ളിൽ മറച്ചുപിടിക്കുന്നു. അദ്ദേഹം 'കുബ്സോ' എന്ന പ്രത്യേക കൂടാരത്തിൽ പ്രവേശിക്കുന്നു. സഹകാർമ്മികരായ മേൽപ്പട്ടക്കാർ മദ്ബഹായിൽ യഥാസ്ഥാനങ്ങളിൽ നിൽക്കുന്നു. പ്രധാനകാർമ്മികൻ കുബ്സായ്ക്കുള്ളിൽ പടിഞ്ഞാറോട്ടു മുഖമായി മദ്ബഹായിൽ ത്രോണോസിനു മുമ്പിൽ നിൽക്കുന്നു. ധൂപക്കുറ്റി എടുത്തുനിൽക്കുന്ന 12 വൈദികരും മർബഹാസാ എടുത്തിരിക്കുന്ന 12 ശെമ്മാശന്മാരും മെഴുകുതിരി പിടിച്ചിരിക്കുന്ന 12 എവുപ്പദിയക്കന്മാരും കുബ്സായ്ക്കു മുന്നിലും വശങ്ങളിലും രണ്ടുനിരയായി നിൽക്കണം. ധൂപക്കുറ്റിയിൽ കുന്തിരുക്കം ഇട്ടിരിക്കണം. തിരികൾ കത്തിച്ചിരിക്കണം. മർബഹാസാ കിലുക്കണം. കുരിശും ബൈബിളും അംശവടിയും എടുത്തിരിക്കുന്നവരിൽ പ്രധാന കാർമ്മികനു മുമ്പിൽ അംശവടി എടക്കുന്ന വൈദികൻ, അതിനുമുമ്പിൽ ബൈബിൾ എടു

www.malankaralibrary.com

ത്തിരിക്കുന്ന വൈദികൻ, ഏറ്റവും മുമ്പിൽ കുരിശ് എടുത്തിരിക്കുന്ന വൈദികൻ എന്നിവർ പടിഞ്ഞാറോട്ടു മുഖമായി നിൽക്കണം. (ഈ പ്രദക്ഷിണം മലങ്കര കത്തോലിക്കാ സഭയിൽ പള്ളിക്കുള്ളിൽ പള്ളിയുടെ വടക്കുവശം വഴി പടിഞ്ഞാറോട്ടും അവിടെനിന്ന് തെക്കുവശം വഴി കിഴക്കോട്ടും നീങ്ങി മദ്ബഹാ വാതിൽക്കൽ എത്തിനിൽക്കുന്നു. മറുബഹാസാകൊണ്ട് 'കുബ്സോ' മറയ്ക്കത്തക്കവണ്ണം നിൽക്കുവാനാണ് ക്രമപുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്. സഹകാർമ്മികരായ മേൽപ്പട്ടക്കാരും വിശ്വാസി സമൂഹവും അവരവരുടെ സ്ഥാനങ്ങളിൽ നിൽക്കുന്നു. പള്ളിയുടെ വടക്കേ വാതിൽ വഴി പുറത്തിറങ്ങി പടിഞ്ഞാറുചുറ്റി തെക്കേവാതിൽ വഴി പ്രവേശിച്ച് മദ്ബഹാ വാതിൽക്കൽ നിൽക്കുന്ന വിധം നടത്തുന്നതും കണ്ടിട്ടുണ്ട്).

മദ്ബഹാ വാതിൽക്കൽ പടിഞ്ഞാറോട്ടു മുഖമായിനിൽക്കുന്ന പ്രധാന കാർമ്മികൻ ഹാലേലൂയ്യാ എന്നുദ്ഘോഷിക്കുന്നു. ഗായക സംഘം പ്രതിവാക്യം ചൊല്ലുന്നു. പ്രദക്ഷിണം വടക്ക്, പടിഞ്ഞാറ്, തെക്ക് വാതിലുകളിൽ എത്തുമ്പോൾ ആർച്ചുഡീക്കന്റെ പ്രഖ്യാപനവും വിശ്വാസസമൂഹത്തിന്റെ പ്രതിവാക്യങ്ങളും ഉണ്ടായിരിക്കും. പ്രദക്ഷിണസമയം പ്രത്യേക കുക്കിലിയോനുകൾ ആലപിക്കുന്നു. മദ്ബഹാ വാതിൽക്കൽ നിന്നുകൊണ്ട് കുക്കിലിയോൻ ചൊല്ലുന്നു. അതിനുശേഷം കുബ്സോ നീക്കം ചെയ്യുന്നു. കാർമ്മികരും സഹശുശ്രൂഷികളും ക്രമംപോലെ മദ്ബഹായിൽ പ്രവേശിക്കുന്നു. മൂറോൻ പാത്രം ത്രോണോസിൽ തബ്ലിത്താ മേൽ വയ്ക്കുന്നു. ഇരുവശങ്ങളിലുമായി മറ്റു മൂറോൻ പാത്രങ്ങൾ വയ്ക്കുന്നു. ശോശപ്പാ കൊണ്ടു മൂടുന്നു. ഇവിടെ ഒന്നാംശുശ്രൂഷ സമാപിക്കുന്നു. സാധാരണ തലേദിവസം സന്ധ്യ പ്രാർത്ഥന കഴിഞ്ഞിട്ടാണ് ഒന്നാം ശുശ്രൂഷ നടത്തുന്നത്. ആവശ്യമെങ്കിൽ രണ്ടുശുശ്രൂഷകളും ഒന്നിച്ചു നടത്താവുന്നതാണ്. രണ്ടായി നടത്തുകയാണെങ്കിൽ പിറ്റേദിവസം രാവിലെ മൂന്നാം മണിയുടെ പ്രാർത്ഥന കഴിഞ്ഞ് 9 മണിയോടെ രണ്ടാംശുശ്രൂഷ ആരംഭിക്കുന്നു. രണ്ടാം ശുശ്രൂഷയുടെ അവസാനത്തിൽ മൂറോൻകുപ്പി ഉയർത്തി ആശീർവദിച്ചശേഷം വിശുദ്ധ കുർബാന ചൊല്ലാവുന്നതാണ്. വേണമെങ്കിൽ വിശുദ്ധ കുർബാന മൂറോൻ കൂദാശയുടെ ഭാഗമല്ലാത്തതുകൊണ്ട് ഒഴിവാക്കാവുന്നതാണ്.

www.malankaralibrary.com

വൈദികർ ധൂപകലശമേന്തിയും ശെമ്മാശന്മാർ മർബഹാസായും എവുപ്പദിയക്കന്മാർ മെഴുകുതിരിയും പിടിച്ചു നിശ്ചിത സ്ഥാനങ്ങളിൽ നിൽക്കണം. സഹമേൽപ്പട്ടക്കാരോടുചേർന്ന് പ്രധാന കാർമ്മികൻ രണ്ടാംശുശ്രൂഷ ആരംഭിക്കുന്നു.

കുക്കിലിയോനുകൾ, പ്രാർത്ഥനകൾ, പ്രുമിയോൻ, സെദറാ, വിശ്വാസപ്രമാണം ഇവയ്ക്കുശേഷം സൂമ്മോറാ പാടുന്നു. അനന്തരം ലേഖനങ്ങൾ വായിക്കുന്നു. വിശുദ്ധ കുർബ്ബാനയ്ക്കെന്നപോലെ രണ്ടു വായനകളാണുള്ളത്. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽനിന്നു മാത്രം വായിക്കുന്ന പതിവും കാണുന്നുണ്ട്.

തുടർന്ന് ഹാലേലൂയ്യ - ഇസ്രായേലിൻ നല്ലിടയാ - എന്ന് പെസ്ഗോമോ പാടുന്നു. തുടർന്ന് പ്രധാന കാർമ്മികൻ ഏവൻഗേലിയോൻ വായിക്കുന്നു. അതിനുശേഷം ആർച്ചുഡീക്കനോ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആളോ, മദ്ബഹാ വാതിലിനു പടിഞ്ഞാറോട്ടഭിമുഖമായി നിന്ന് ലുത്തിനിയ വായിക്കുന്നു. പ്രതിവാക്യമായി 'കുറിയേലായിസോൻ' എന്ന് ഏറ്റു ചൊല്ലുന്നു.

ലുത്തിനിയായ്ക്കുശേഷം പ്രധാന പുരോഹിതൻ ദർഗ്ഗായിൽ കയറിനിന്നുകൊണ്ട് കൂദാശയുടെ മുഖ്യശുശ്രൂഷ ആരംഭിക്കുന്നു. മറ്റു മേൽപ്പട്ടക്കാർ ഇരുവശങ്ങളിലുമായി നിൽക്കുന്നു. ഈ ഭാഗത്ത് രഹസ്യപ്രാർത്ഥന, ഉച്ചത്തിലുള്ള പ്രാർത്ഥന, ശോശപ്പാ ആഘോഷം, പരിശുദ്ധ റൂഹായുടെ ആവാസപ്രാർത്ഥന, ആർച്ച് ഡീക്കന്റെ പ്രഖ്യാപനങ്ങൾ, രഹസ്യപ്രാർത്ഥനകൾ, കുറിയേലായിസോൻ എന്നുള്ള പ്രാർത്ഥന, ജനത്തിനു നേരേയുള്ള റൂശ്മാകൾ തുടങ്ങിയവ നടത്തുന്നു: ശോശപ്പാ ആഘോഷിപ്പിക്കുമ്പോഴും പരിശുദ്ധ റൂഹായുടെ ആവാസപ്രാർത്ഥന സമയത്തും ആർച്ചു ഡീക്കൻ ജനത്തിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്തുന്നു.

രണ്ടാമത്തെ റൂശ്മായ്ക്കുശേഷം പ്രധാനകാർമ്മികൻ തൈലത്തിന്മേൽ സ്ലീബാവരച്ച് റൂശ്മാ ചെയ്യുന്നു, സഹകാർമ്മികരായ മേൽപ്പട്ടക്കാർക്കും റൂശ്മാ ചെയ്യാവുന്നതാകുന്നു. തുടർന്ന് ആർച്ചു ഡീക്കനോ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവരോ ലുത്തിനിയാ വായിക്കുന്നു. ജനം കുറിയേലായിസോൻ എന്ന പ്രതിവാക്യം ചൊല്ലുന്നു.

www.malankaralibrary.com

അതിനുശേഷം വിശുദ്ധ മൂറോനിന്മേൽ ആശീർവദിച്ച് സ്ലീബാ വരയ്ക്കുന്നു. അനന്തരം പ്രധാന കാർമ്മികൻ പ്രദക്ഷിണത്തിനെടുത്ത മൂറോൻപാത്രം എടുത്ത് ധൂപക്കുറ്റി മുതലായവ എടുത്തിട്ടുള്ള സഹകാരികളോടൊന്നിച്ച് ഹൈക്കലായിൽ സജ്ജമാക്കിയിരിക്കുന്ന ബീമായിലേക്കോ, മദ്ബഹായുടെ വാതിൽക്കലേക്കോ വരുന്നു. അവിടെ നിന്നുകൊണ്ട് കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും തിരിഞ്ഞ് മാനീസോയും മസ് അക്കനീസയും ഉച്ചത്തിൽ ചൊല്ലുന്നു. അന്ത്യത്തിൽ കുറിയേലായിസോൻ എന്നു മൂന്നു പ്രാവശ്യം വിശ്വാസി സമൂഹം ഏറ്റു ചൊല്ലുന്നു. ഈ സമയം മൂറോൻ കുപ്പി ഉയർത്തി ആഘോഷിക്കുന്നു.

അതിനുശേഷം ഈ ക്രമംപോലെ നിന്നുകൊണ്ട് "ഹൗദ്മാലാഖേ"-ചൊല്ലുന്നു. പ്രതിവാക്യമായി, 'ദൈവമേ നീ പരിശുദ്ധനാകുന്നു' തുടങ്ങിയവ ഓരോ ആഘോഷത്തിന്റെയും അവസാനം ചൊല്ലുന്നു. ഒടുവിലായി 'പരിശുദ്ധ ത്രിത്വമേ ഞങ്ങളോടു കരുണയുണ്ടാകണമെ' എന്ന് ചൊല്ലുന്നു. 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമെ' എന്ന ഒരു പാഠഭേദവും കാണുന്നുണ്ട്.

ഇതിനുശേഷമുള്ള മംഗളാശംസ, ലുത്തിനിയാ എന്നിവ ആവശ്യമെങ്കിൽ ഒഴിവാക്കാവുന്നതാണ്. ബീമായിൽ നിന്നാണ് ഈ ഭാഗം നിർവഹിക്കുന്നതെങ്കിൽ എല്ലാവരും ക്രമപ്രകാരം മദ്ബഹായിലേക്കു മടങ്ങുന്നു.

മദ്ബഹാ വാതിൽക്കൽ നിന്നുകൊണ്ട് പ്രധാന കാർമ്മികൻ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ... അഥവാ ബ്രക്കീത്തൂൻ.... എന്ന സമാപന ആശീർവാദം നൽകുന്നു.

സമൂഹം വിശുദ്ധ മൂറോൻ പാത്രത്തിൽ നിന്നും അനുഗ്രഹം സ്വീകരിച്ചുകൊണ്ട് സമാധാനമായും സ്തോത്രത്തോടും ഭവനങ്ങളിലേക്കു മടങ്ങുന്നു."[7]

ഇതാണ് മൂറോൻ കൂദാശയുടെ സംക്ഷിപ്ത വിവരണം

സൈത്തെണ്ണയിൽ ഔഷധങ്ങൾ ചേർത്ത് ഉണ്ടാക്കിയ തൈല

7. റവ.ഫാ. പി. ടി. തോമസ് വിശുദ്ധ മൂറോൻ കൂദാശ ക്രൈസ്തവകാഹളം, 2004 ഫെബ്രുവരി ലക്കം, പേജ് 41.

www.malankaralibrary.com

ത്തിൽ ഞെരിയാസ് ചേർത്ത് കാച്ചിയെടുക്കുന്ന പരിമളക്കൂട്ട് വി.റൂഹാ മുഖാന്തിരം പരി.ദൈവമാതാവിൽനിന്നും കർത്താവ് എടുത്ത തന്റെ മനുഷ്യത്വത്തെ കാണിക്കുന്നു. ശുശ്രൂഷാവേളയിൽ പരിമളക്കൂട്ടിൽ ചേർക്കുന്ന ബൾസാമിൽ തന്റെ ദൈവത്വത്തെ കാണിക്കുന്നു. രണ്ടും ചേർത്ത് ഒന്നാക്കുന്നത് തന്റെ മനുഷ്യാവതാരത്തിന്റെ ദൃഷ്ടാന്തമാക്കുന്നു. അങ്ങനെ ഉണ്ടാക്കിയിട്ടുള്ള തന്റെ ദിവ്യമനുഷ്യത്വത്തിൽ (Divine manhood) പരിശുദ്ധാത്മാവ് ഇറങ്ങി വസിക്കുന്ന പ്രക്രിയയാണ് ക്രൊയ്ത്തോദുറുഹോ (പരിശുദ്ധാത്മാഹ്വാനം, റുശ്മാകൾ മുതലായവ). ഈ തൈലം അഭിഷേകം ചെയ്യുമ്പോൾ പരിശുദ്ധ റൂഹാ പുത്രനിൽനിന്നും തന്റെ ദിവ്യ മനുഷ്യത്വ കൃപകൾ എടുത്ത് അഭിഷേകം ചെയ്യപ്പെടുന്ന ആളിന് നൽകുകയാണ് ചെയ്യുന്നത്. മാമോദീസ്, മൂറോനഭിഷേകം, പള്ളികൂദാശ, ത്ബലൈത്താ കൂദാശ എന്നിവയിൽ അതാതു കൂദാശയ്ക്കു ചേർന്ന പ്രകാരമുള്ള കൃപകൾ നൽകപ്പെടുന്നു. മിശിഹായുടെ ദിവ്യമനുഷ്യത്വത്തോടു സംയോജിച്ചിരിക്കുന്ന പരിശുദ്ധാത്മകൃപകളും ആവാസവും തന്മൂലം സിദ്ധിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ദാനവും രഹസ്യത്തിനടുത്ത അഭിഷേകവുമായ ഈ കൂദാശ ഒരിക്കൽമാത്രമെ ഒരു വിശ്വാസിക്ക് നല്കപ്പെടുന്നുള്ളൂ.

www.malankaralibrary.com

# മലങ്കര അന്ത്യോക്യൻ ആരാധനക്രമവത്സരം

യേശുക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങൾ ഇന്ന് വി.സഭയിൽ അനുഭവവേദ്യമാകുന്നത് സഭയുടെ ആരാധനയിലൂടെയാണ്. സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമാണ് ഭൂമിയിൽ നടക്കുന്ന ആരാധന. യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പുനരാവിഷ്ക്കാരം ഇന്ന് നടക്കുന്നത് ആരാധനയിലൂടെയാണ്. സഭയുടെ ശിരസായ പുത്രൻതമ്പുരാനും തന്റെ ജനമായ വിശ്വാസികളും ഒന്നുചേർന്നുനടക്കുന്ന പൗരോഹിത്യകർമ്മമാണ് ആരാധന. വിശ്വാസത്തിന്റെ നിയമം ആരാധനയുടെ നിയമത്തിൽ നിന്നാണ് ലഭ്യമാകുന്നത്. ക്രൈസ്തവജീവിതം അർത്ഥസംപുഷ്ടമായിത്തീരുന്നത് സഭയുടെ ആരാധനയോടും, അതിൽനിന്ന് ഉളവാകുന്ന ആദ്ധ്യാത്മികതയോടും ചേർന്ന് നിൽക്കുമ്പോഴാണ്. പൗരസ്ത്യസഭയിൽ ആത്മീയജീവിതം അടിസ്ഥാനപ്പെട്ടിരിക്കുന്നത് ആരാധനയിലാണ്. ആരാധനക്രമം വി.സഭയുടെ ഏറ്റവും സമുന്നതമായ പ്രവർത്തനവും ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രവുമാണ്.

വി. സഭയുടെ സത്യവിശ്വാസത്തിന്റെയും പഠിപ്പിക്കലിന്റെയും പ്രധാനപ്പെട്ട സ്രോതസ്സും ആരാധനക്രമം തന്നെ. മലങ്കരസഭയിൽ ആരാധനാവത്സരത്തിന്റെ ആചരണത്തിലൂടെ പിതാവായ ദൈവം പുത്രൻ തമ്പുരാനിലൂടെ നടത്തിയ രക്ഷാകരസംഭവങ്ങൾ മുഴുവൻ തന്റെ ജനം അനുഭവിക്കുന്നു. പൗരസ്ത്യസഭയെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമം സഭയുടെ വിശ്വാസസത്യങ്ങളുമായി ആവഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷാകരസംഭവങ്ങൾ അതിന്റെ പൂർണ്ണത

www.malankaralibrary.com

യിൽ പൗരസ്ത്യർ അനുഭവിക്കുന്നത് തങ്ങളുടെ ആരാധന ജീവിതത്തിലൂടെയാണ്.

ആരാധനക്രമമാണ് വിശ്വാസികൾക്ക് യഥാർത്ഥ ക്രിസ്തീയ ചൈതന്യവും ഉത്തേജനവും സമാർജിക്കുവാനുള്ള ഉറവിടം. ആരാധനവത്സരത്തിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങൾ അനുസ്മരിക്കുകയും അതിൽ പങ്കുപറ്റുകയും ചെയ്യുന്നു. മലങ്കര സഭയിൽ ആരാധനക്രമത്തെ ദിനചക്രം, വാരചക്രം, വത്സരചക്രം എന്ന് മൂന്നായി വിഭജിച്ചിരിക്കുന്നു. ആരാധനാകേന്ദ്രീകൃതമായ ജീവിതം എന്നാൽ ആരാധനക്രമോന്മുഖമായ ആദ്ധ്യാത്മികത എന്നാണർത്ഥം. പ്രാർത്ഥനയ്ക്ക് വ്യക്തിപരം, സാമൂഹികം എന്നു രണ്ടുതലമുണ്ട്. വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് ഒരു ക്രമം നിർബന്ധമല്ല. എന്നാൽ സമൂഹപ്രാർത്ഥനയ്ക്ക്, സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനകൾക്ക് ഒരു ക്രമം ഉണ്ട്. ആരാധനാ അനുഷ്ഠാനങ്ങൾ വെറും കർമ്മങ്ങൾ അല്ല പിന്നെയോ അത് ഒരു വിശ്വാസിയുടെ ജീവിതമാണ്. വിശ്വാസ സത്യങ്ങൾ ആരാധനയിലൂടെ ജീവിക്കുന്നു.

**ദിനചക്രം :** ദിനചക്രം എന്നാൽ രക്ഷാകരകർമ്മത്തിന്റെ ദിനം പ്രതിയുള്ള ആഘോഷം. മലങ്കരസഭയുടെ ആരാധനയിൽ യഹൂദ ആരാധനക്രമത്തിന്റെ ശക്തമായ സ്വാധീനമുണ്ട്. യഹൂദമതത്തിലേതുപോലെ സുറിയാനിക്കാരുടെ ദിവസം ആരംഭിക്കുന്നത് തലേദിവസം സന്ധ്യയോടും അവസാനിക്കുന്നത് പിറ്റേദിവസം സന്ധ്യയോടും കൂടിയാണ്. മലങ്കര അന്ത്യോക്യൻ ആരാധനാരീതി അനുസരിച്ച് ഒരു ദിവസത്തെ ഏഴ് യാമങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. അവ താഴെ പറയുന്നു.

റംശോ (സന്ധ്യാനമസ്കാരം), സുത്താറാ (ശയനമനസ്ക്കാരം) ലിലിയോ (രാത്രിനസ്ക്കാരം), സപ്രോ (പ്രഭാതനമസ്കാരം) മൂന്നാമണിയുടെ, (ഏഴരയുടെ) നമസ്കാരം, അറാമണിയുടെ നമസ്ക്കാരം (ഉച്ചപ്രാർത്ഥന) ഒൻപതാമണിയുടെ നമസ്ക്കാരം (ഇരുപത്തിരണ്ടര) എന്നിവയാണ് അത്. സഭാപിതാക്കന്മാർ യാമപ്രതീകരണത്തെ കർത്താവിന്റെ പീഡാനുഭവവും മരണവുമാകുന്ന പെസഹാരഹസ്യത്തോടാണ് ഉപമിക്കുന്നത്.

**പ്രാർത്ഥനകളിലെ ധ്യാനവിഷയം**

സന്ധ്യാപ്രാർത്ഥന (റംശോ) - മർക്കോസിന്റെ മാളികയിൽ ഉപവിഷ്ടനായ യേശുനാഥൻ, തന്റെ ശിഷ്യന്മാരോട് ചേർന്ന്

www.malankaralibrary.com

പെസഹാ ഭക്ഷിച്ചു. തന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമായ കബറടക്കത്തിന്റെയും ജീവദായകമായ ഉയിർത്തെഴുന്നേല്പ്പിന്റെയും ഓർമ്മയ്ക്കായി വി.കുർബ്ബാന സ്ഥാപിച്ചതിന്റെ ഓർമ്മ ഇതെല്ലാമാണ് സന്ധ്യാനമസ്ക്കാരത്തിന്റെ ധ്യാനവിഷയം.

**സുത്താറാ:** നമ്മുടെ കർത്താവ് ഗത്സമെൻ തോട്ടത്തിൽ തീവ്രതയോടെ പ്രാർത്ഥിച്ചതിന്റെയും മാനസികപീഢയുടെയും സംഭവങ്ങളാണ് സുത്താറാ പ്രാർത്ഥനയിൽ ഓർക്കുന്നത്.

**രാത്രിനമസ്ക്കാരം :** കർത്താവിനെ ഹന്നാന്റെയും കയ്യപ്പാസിന്റെയും ഹേറോദേസിന്റെയും മുമ്പിൽവച്ച് വിചാരണ ചെയ്തതിന്റെ ഓർമ്മയാണ് രാത്രിപ്രാർത്ഥനയിൽ അനുസ്മരിക്കുന്നത്.

**പ്രഭാതനമസ്കാരം :** യേശുനാഥനെ മഹാപുരോഹിതന്മാരുടെ മുമ്പിലും പിന്നീട് നാടുവാഴിയായ പീലാത്തോസിന്റെ മുമ്പിലും വിസ്തരിച്ചതിനെ ഓർക്കുന്നു.

**മൂന്നാംമണിനമസ്കാരം :** യേശുതമ്പുരാൻ കുരിശുംവഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്ക് നടന്നു നീങ്ങിയതിനെ അനുസ്മരിക്കുന്നു. ക്രൈസ്തവജീവിതയാത്രയിൽ ക്രൂശിന്റെ പ്രാധാന്യത്തെ പറ്റിയും ധ്യാനിക്കുന്നു.

**ആറാംമണി അഥവാ ഉച്ചനമസ്കാരം**

യേശുനാഥനെ കുരിശിൽ തറച്ച സംഭവത്തെയാണ് ഉച്ചനസ്മക്കാരത്തിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്.

**ഒൻപതാംമണിയുടെ നമസ്കാരം**

കർത്താവിന്റെ കുരിശുമരണവും, കബറടക്കവും പ്രത്യേകം ഓർക്കുന്നു.

ദിനചക്രത്തിൽ 7 യാമങ്ങളിലെ പ്രാർത്ഥനയിലൂടെ കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ 7 പ്രധാനപ്പെട്ട സംഭവങ്ങളെ പ്രത്യേകം അനുസ്മരിക്കുകയും രക്ഷണ്യവ്യാപാരങ്ങളിലൂടെ ദൈവം തന്ന കൃപയെയും രക്ഷയേയും ഓർത്ത് സഭ ത്രിയേക ദൈവത്തിന് സ്തുതിയും സ്തോത്രവും കരേറ്റുകയും ദൈവസാമീപ്യം അനുഭവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

**വാരചക്രം അഥവാ ആഴ്ചവട്ടത്തിലുള്ള ആഘോഷം**

കർത്താവായ യേശുനാഥന്റെ മഹത്വത്തോടുള്ള ഉയിർത്തെഴുന്നേൽപ്പാണ് ആഴ്ചവട്ടത്തിലെ ആഘോഷങ്ങളുടെ മുഖ്യമായ പ്രതിപാദ്യവിഷയം.

**ഞായർ:** ഓരോ ഞായറാഴ്ചയും യേശുനാഥന്റെ മഹത്വത്തോടെയുള്ള ഉയിർപ്പിന്റെ ആഘോഷമാണ് സഭ കൊണ്ടാടുന്നത്. കംത്യാ എന്നവാക്കിന്റെ അർത്ഥം ഉയിർപ്പ് എന്നാണ്. ഞായറാഴ്ച ഉയിർപ്പിന്റെ ആഘോഷമാകയാൽ അന്നേദിവസം കുമ്പിടാറില്ല.

**തിങ്കളും ചൊവ്വായും :** ഈ ദിവസങ്ങളിലെ പ്രധാനചിന്താവിഷയം അനുതാപമാണ്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു അനുതപിക്കുവിൻ" എന്ന സ്നാപകയോഹന്നാന്റെ പ്രസംഗമാണ് തിങ്കളാഴ്ചയുടെ പ്രത്യേകത എങ്കിൽ "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" മാനസാന്തരപ്പെടുവിൻ എന്ന യേശുനാഥന്റെ ആഹ്വാനമാണ്, അനുതാപത്തിലേക്കുള്ള വിളിയാണ് ചൊവ്വാഴ്ചയുടെ പ്രത്യേകത.

**ബുധൻ:** പരിശുദ്ധ ദൈവമാതാവിനുവേണ്ടി പ്രത്യേകം സമർപ്പിക്കപ്പെട്ടിരുന്ന ദിവസം. രക്ഷാകരസംഭവങ്ങളിലുള്ള പരിശുദ്ധ ദൈവമാതാവിനുള്ള പങ്കിനെപ്പറ്റിയും ഈ ദിവസം ധ്യാനിക്കുന്നു.

**വ്യാഴം :** നിബിയന്മാരേയും ശ്ലീഹന്മാരേയും സഹദേന്മാരേയും പ്രത്യേകം ഓർക്കുന്നു. അവരുടെ ജീവിതമാതൃക അനുകരിക്കുവാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

**വെള്ളി:** വി. സ്ലീബായെ അനുസ്മരിക്കുന്ന ദിവസം. വി.സ്ലീബായിലൂടെ നേടിത്തന്ന രക്ഷയെ ഓർത്ത് സ്തോത്രം ചെയ്യുകയും വി.കുരിശിന്റെ പ്രാധാന്യത്തെ ഓർക്കുകയും ചെയ്യുന്നു.

**ശനി** : എല്ലാ പരേതരേയും ഓർക്കുന്ന ദിവസം. നമ്മെ ദൈവവിശ്വാസത്തിൽ വളർത്തിയ വിശ്വാസത്തിൽ ഉറപ്പിച്ച മാതാപിതാക്കളെയും പട്ടക്കാരേയും മേല്പട്ടക്കാരേയും വിശ്വാസി സമൂഹത്തെ മുഴുവനായും ഓർക്കുന്ന ദിവസം.

**വത്സരചക്രം :** (രക്ഷാകരസംഭവങ്ങളുടെ ആണ്ടുവട്ടത്തിലുള്ള ആഘോഷം)

ഭൂമി സൂര്യനെ ചുറ്റാൻ 365 ദിവസങ്ങൾ എടുക്കുന്നു. അതുപോലെ സഭ അവളുടെ ആരാധനക്രമത്തിലൂടെ നീതിസൂര്യനായ

www.malankaralibrary.com

യേശുനാഥന്റെ രക്ഷാകരസംഭവങ്ങളെ ആചരിച്ചുകൊണ്ടും, ധ്യാനിച്ചുകൊണ്ട് ഒരുവർഷം പ്രദക്ഷിണം വയ്ക്കുന്നു. ആരാധനക്രമവത്സരം യഹൂദമതാചാരപ്രകാരം ഉടലെടുത്തതാണ്. യഹോവയായ ദൈവത്തിന്റെ കല്പന പ്രകാരം അവർ വിവിധതരം തിരുന്നാളുകൾ ആചരിച്ചിരുന്നു.

1. പെസഹാ തിരുന്നാൾ : വിഗ്രഹപൂജയിൽ നിന്നുള്ള വിമോചനത്തിന്റെ ഓർമ്മ
2. പെന്തിക്കോസ്തി തിരുന്നാൾ : മോശ സീനായ്മലയിൽവച്ച് കല്പനകൾ പ്രാപിച്ചതിന്റെ ഓർമ്മ
3. കൂടാരപ്പെരുന്നാൾ : ഇസ്രായേൽജനം വർഷാവസാനത്തോടെ ആഘോഷിച്ചിരുന്ന തിരുന്നാൾ. ഈജിപ്റ്റിൽനിന്ന് കാനാൻ നാട്ടിലേക്കുള്ള യാത്രയിൽ ഇസ്രായേൽജനം കൂടാരങ്ങളിൽ വസിച്ചതിനെ ഓർക്കുന്നു. യേശുനാഥൻ ഈ തിരുന്നാളുകൾ വളരെ തീക്ഷ്ണതയോടെ ആചരിച്ചു.

മലങ്കര അന്ത്യോക്യൻ പാരമ്പര്യത്തിൽ ആരാധനക്രമവത്സരത്തെ വിവിധ കാലഘട്ടങ്ങളായിട്ടാണ് തരംതിരിച്ചിരിക്കുന്നത്. ഓരോ കാലഘട്ടത്തിനും അതിന്റേതായ ആചരണങ്ങളും ധ്യാനങ്ങളും ഉണ്ട്.

**1. സൂബോറോ കാലം അഥവാ വചനിപ്പുകാലം**

ഒക്ടോബർ അന്ത്യത്തിലോ നവംബർ ആരംഭത്തിലോ വരുന്ന ഞായറാഴ്ചയോടെയാണ് ആരാധനക്രമവത്സരം ആരംഭിക്കുന്നത്. കൂദോശ്ഇത്തോ (സഭയുടെ വിശുദ്ധീകരണം) ഹുദോസ് ഇത്തോ (സഭയുടെ നവീകരണം) ഇവയ്ക്കുശേഷം വചനിപ്പിന്റെ ഞായറാഴ്ച ആരംഭിക്കുന്നു. സഖറിയായോടുള്ള അറിയിപ്പ്, ദൈവമാതാവിനോടുള്ള അറിയിപ്പ്, മറിയം എലിസബേത്തിനെ സന്ദർശിച്ചത്, കർത്താവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനം വി. യൗസേപ്പിനുണ്ടായ ദർശനം ഇവയാണ് വചനിപ്പ് കാലത്തിൽ ഉൾപ്പെടുന്നത്. ദൈവത്തിന്റെ രക്ഷാകരമായ വാഗ്ദാനമാണ് ഈ കാലത്തിന്റെ പ്രധാന ചിന്താവിഷയം.

**2. യൽദാ - ദനഹാക്കാലം**

യൽദാ പെരുന്നാളും ദനഹാപെരുന്നാളും പ്രകാശത്തിന്റെ

www.malankaralibrary.com

പെരുന്നാളുകൾ എന്നറിയപ്പെടുന്നു. ജനനപ്പെരുന്നാളിന് മുൻപുള്ള ഞായറാഴ്ചയാണ് യൽദാ - ദനഹാക്കാലം ആരംഭിക്കുന്നത്. കർത്താവിന്റെ ജനനപ്പെരുന്നാളിനുമുൻപായി 25 നോമ്പ് എടുത്ത് ജനനത്തെ വരവേൽക്കാൻ ഉള്ള ദിവസങ്ങളും നമ്മുടെ കർത്താവിന്റെ മാമ്മോദീസായെ അനുസ്മരിക്കുന്ന ദനഹാപെരുന്നാൾ ആഘോഷിക്കുന്നതും ഈ കാലഘട്ടത്തിലാണ്. കർത്താവിന്റെ മനുഷ്യാവതാരം, മാമ്മോദീസാ ഇവയാണ് ഈ കാലഘട്ടത്തിലെ ആചരണവും, ചിന്താവിഷയവും.

### 3. സൗമോ റാബോ (വലിയ നോമ്പുകാലം)

ആരാധനവത്സരത്തിലെ ഏറ്റം പ്രധാനപ്പെട്ട കാലഘട്ടമാണ് വലിയനോമ്പുകാലം. നോമ്പിൽ ഏഴ് ഞായറാഴ്ചകൾ ഉണ്ട്. ഓരോ ഞായറാഴ്ചകളിലും യേശുനാഥൻ പ്രവൃത്തിച്ച ഓരോ അത്ഭുതങ്ങൾ ആണ് ധ്യാനിക്കുന്നത്. യേശു പ്രവർത്തിച്ച ഓരോ അത്ഭുതങ്ങളും യേശുനാഥന്റെ ദൈവികതയെ വെളിപ്പെടുത്തിയ അടയാളങ്ങളാണ്.

### നോമ്പിലെ ഞായറാഴ്ചകളിലെ ഏവൻഗേലിയോൻ

1. ഒന്നാം ഞായർ - കാനായിലെ അത്ഭുതം (കൊത്തിനെ ഞായർ യോഹ.2:11)

   രണ്ടാം ഞായർ - കുഷ്ഠരോഗിയെ സൗഖ്യമാക്കിയ സംഭവം (ഗർബോ ഞായർ) (മർ. 1:40-45)

   മൂന്നാം ഞായർ - തളർവാതരോഗിയെ സുഖപ്പെടുത്തിയ സംഭവം (മ്ശറിയോ ഞായർ) (മർക്കോ 1-12)

   നാലാം ഞായർ - കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തുന്നു (ക്നൊയ്ത്തോ ഞായർ) (മർക്കോസ് 7:24-30)

   അഞ്ചാം ഞായർ - കൂനിയായ സ്ത്രീയെ സൗഖ്യമാക്കുന്നു (കിഫ്ത്തോ ഞായർ ലൂക്കോ 13:10-13)

   ആറാം ഞായർ - പിറവി കുരുടനെ സൗഖ്യമാക്കുന്നു. (സ്മിയോ ഞായർ യോഹ.9:1)

   ഏഴാം ഞായർ - ഊശാന ഞായർ

www.malankaralibrary.com

ഏഴാമത്തെ ആഴ്ച ഹാശാ ആഴ്ചയാണ്. നമ്മുടെ കർത്താവിന്റെ ജറുസലേം പ്രവേശനം, പെസഹാ ആചരണം, കുരിശ് മരണം, കബറടക്കം, മഹത്വത്തോടെ ഉള്ള ഉയിർപ്പ് ഇവയെ ആചരിക്കുന്നത് ഈ ആഴ്ചയാണ്. 50 ദിവസം നോമ്പ് എടുത്ത് സഭ ഒരുങ്ങുന്നത് ഈ സംഭവങ്ങളുടെ ഗൗരവം എടുത്തുകാട്ടാനും ഉയിർപ്പിന്റെ പ്രത്യാശയിൽ ശരണപ്പെടുവാനുമാണ്. കർത്താവിന്റെ നോമ്പും, ഉപവാസവും, നമ്മെ ജീവിപ്പിച്ച യേശുനാഥന്റെ കഷ്ടാനുഭവവും ഉയിർപ്പും അതിലുള്ള സഭയുടെ പങ്കുപറ്റലുമാണ് ഈ കാലഘട്ടത്തിന്റെ ചിന്താവിഷയം. വിശ്വാസികളിൽ നവീകരണവും മാനസാന്തരവും ഉളവാക്കുവാനുള്ള അമൂല്യമായ കാലഘട്ടമാണിത്.

**ഉയിർപ്പുകാലം (ക്യംതാകാലം)**

ഉയിർപ്പു ഞായറാഴ്ച തുടങ്ങി, ഉയിർപ്പിനുശേഷം 50-ാം ദിവസമുള്ള പെന്തിക്കോസ്തിതിരുനാൾ വരെയുള്ള കാലഘട്ടമാണ് ക്യംതാകാലം. ഉയിർപ്പുകഴിഞ്ഞ 40-ാം ദിവസമാണ് കർത്താവിന്റെ സ്വർഗ്ഗാരോഹണം. കർത്താവിന്റെ ഉത്ഥാനം, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പുതിയ ജീവിതത്തിലുള്ള സഭയുടെ പങ്കാളിത്തം എന്നിവയാണ് ക്യംതാകാലത്തിന്റെ ചിന്താവിഷയം. ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങളിൽ നാം കുമ്പിടാറില്ല.

**പെന്തിക്കോസ്തികാലം (ശ്ലീഹാക്കാലം)**

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം 10-ാം ദിവസമാണ് പെന്തിക്കോസ്തിതിരുനാൾ. പരിശുദ്ധാത്മാവിന്റെ വരവിനുവേണ്ടിയും, സഭയുടെ ഉണർവ്വും ഉന്മേഷവും ലഭിക്കുന്നതിനുവേണ്ടിയും, നവീകരണത്തിന്റെ അനുഭവം ഉൾക്കൊള്ളുന്നതിനുവേണ്ടിയും സഭ മുട്ടിപ്പായി പ്രാർത്ഥിക്കുന്ന ദിവസങ്ങളാണ് ഈ പത്തു ദിവസക്കാലം. ഈ ദിവസങ്ങളിൽ വിവാഹആഘോഷങ്ങൾ വിലക്കപ്പെട്ടിരിക്കുന്നു. കർത്താവിന്റെ തേജസ്കരണകാലഘട്ടം വരെയാണ് പെന്തിക്കോസ്തി കാലഘട്ടം. പെന്തിക്കോസ്തിദിവസം പരി. ആത്മാവ് ഇറങ്ങിവന്നപ്പോൾ ശ്ലീഹന്മാർ ആത്മാവിൽ ബലപ്പെട്ട് സുവിശേഷപ്രഘോഷണത്തിനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടു. അതിനാൽ ഈ കാലഘട്ടം ശ്ലീഹാക്കാലമെന്നും അറിയപ്പെടുന്നു. പരി.ആത്മാവിന്റെ കടന്നുവരവ്, സഭയുടെ സ്ഥാപനം ഇവയാണ് പെന്തിക്കോസ്തി കാലഘട്ടത്തിന്റെ ചിന്താവിഷയം.

www.malankaralibrary.com

**തേജസ്ക്കരണകാലം**

ആരാധനക്രമവത്സരത്തിലെ മറ്റൊരു കാലഘട്ടമാണ് തേജസ്ക്കരണകാലം. താബോർ മലയിലെ കർത്താവിന്റെ രൂപാന്തരീകരണദിവസത്തോടെയാണ് തേജസ്ക്കരണകാലം ആരംഭിക്കുന്നത്. പരി.ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും (സൂലോക്കോ) ഈ കാലഘട്ടത്തിലാണ് ആചരിക്കുന്നത്. യേശുവിന്റെ രൂപാന്തരീകരണവും മഹത്വീകരണവും ലോകത്തിന്റെ സമഗ്രവിമോചകനായ യേശുവിൽ മനുഷ്യവംശത്തിന്റെ മഹത്വീകരണവുമാണ് ഈ കാലഘട്ടത്തിന്റെ ചിന്താവിഷയം.

**സ്ലീബാകാലം**

സ്ലീബാപെരുന്നാൾ സെപ്റ്റംബർ 14-നാണ്. രക്ഷാകരരഹസ്യങ്ങളെയെല്ലാം ഒരുമിച്ചു ധ്യാനവിഷയമാക്കുന്ന കാലഘട്ടമാണിത്. ആരാധനക്രമവത്സരത്തിലെ അവസാനകാലഘട്ടവുമാണിത്. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ മുതലാണ് ഈ കാലഘട്ടം ആരംഭിക്കുന്നത്. ദൈവസ്നേഹത്തിന്റെയും മനുഷ്യപാപത്തിന്റെയും രക്ഷയുടെയും അടയാളമായ കുരിശും കർത്താവിന്റെ മഹത്വത്തോടെയുള്ള വരവുമാണ് ഈ കാലഘട്ടത്തിന്റെ ധ്യാനവിഷയം. കുരിശിന്റെ വിജയത്തോടുകൂടിയാണ് ആരാധനക്രമവത്സരം സമാപിക്കുന്നത്.

നീതിസൂര്യനായ യേശുവിനെ നോക്കി സഭ ഒരു വർഷക്കാലം യാത്ര ചെയ്യുകയും യേശുനാഥന്റെ രക്ഷയുടെ വ്യാപാരങ്ങളെ ആരാധനവത്സരത്തിലൂടെ ആചരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# വി. നോമ്പുകൾ മലങ്കരസഭാപാരമ്പര്യത്തിൽ

അപ്പസ്തോലികസഭകൾ എല്ലാംതന്നെ അനുശാസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ദിവ്യമായ അനുഷ്ഠാനങ്ങളാണ് നോമ്പും ഉപവാസവും. സുറിയാനിഭാഷയിൽ 'സൗമോ' എന്ന പദത്തിന്റെ അർത്ഥം ഉപവാസം എന്നാണ്. ആരാധനാ ജീവിതത്തിൽ നോമ്പിനും ഉപവാസത്തിനും അതുല്യമായ സ്ഥാനം ഉണ്ട്. പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധപ്പെടുന്ന വിശ്വാസികൾ നോമ്പിലൂടെയും ഉപവാസത്തിലൂടെയും അതിന്റെ പാരമ്യത്തിൽ എത്തിച്ചേരുന്നു.

ലോകചരിത്രം പരിശോധിച്ചാൽ എല്ലാ മതവിഭാഗങ്ങളിലും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ നോമ്പിന്റെയും ഉപവാസത്തിന്റെയും ആചരണങ്ങൾ നിലനിൽക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ദൈവസ്നേഹത്തിന്റെ ആഴവും മനുഷ്യപാപത്തിന്റെ കാഠിന്യവും വെളിവാക്കിത്തരുന്ന അനുഗൃഹീതകാലഘട്ടമാണ് നോമ്പുകാലം. മാനസാന്തരമാണ് നോമ്പുകാലത്തിന്റെ സുപ്രധാനമായ സന്ദേശം.

നോമ്പിന്റെ ഉത്ഭവം ഏദൻതോട്ടത്തിൽ നിന്നാണ്. "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത്" (ഉല്പത്തി 2:17) എന്ന കല്പന ആത്മനിയന്ത്രണം പാലിക്കുവാനുള്ള ഒരു വ്യവസ്ഥയായി ദൈവം മനുഷ്യന് നല്കി. പഴയനിയമത്തിൽ പ്രവാചകന്മാർ തങ്ങളുടെ ദൗത്യനിർവ്വഹണത്തിനു മുമ്പായി ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നു. ഇസ്രായേൽ ജനത്തെ നയിച്ച മോശ സീനായ്

www.malankaralibrary.com

മലമുകളിൽവച്ച് ദൈവകല്പനകൾ സ്വീകരിക്കുന്നതിന് ഒരുക്കമായി നാല്പത് ദിനരാത്രങ്ങൾ ഉപവസിച്ചു (പുറ.4:28). ദാനിയേൽ പ്രവാചകൻ തനിക്ക് ഉണ്ടായ ദർശനങ്ങൾക്ക് മുൻപ് തപശ്ചര്യകൾ അനുഷ്ഠിക്കുകയും ഉപവസിക്കുകയും ചെയ്തു (ദാനിയേൽ 9:3). ചാക്ക് ധരിച്ച് വിലപിക്കുവാനും ഉപവസിച്ച് പ്രാർത്ഥിക്കുവാനും ജോയേൽ പ്രവാചകൻ ഉപദേശിക്കുന്നു (ജോയേൽ 1:13-15). മോശയെപ്പോലെ ഏലിയാപ്രവാചകനും നാല്പത് ദിവസങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചു (1 രാജാ.19:8). ആഹാബ് രാജാവ് ശിക്ഷിക്കപ്പെടും എന്ന് ഏലിയാ പ്രവാചകൻ മുഖാന്തരം ദൈവം ആഹാബിനോട് അറിയിച്ചു. ആഹാബ് ഇത് കേട്ട് വസ്ത്രം കീറുകയും ചാക്കുടുത്ത് ഉപവസിക്കുകയും, ചാക്കിൽ ഉറങ്ങുകയും മനം തകർന്ന് തലകുനിച്ച് നടക്കുകയും ചെയ്തു. അപ്പോൾ ദൈവം ഏലിയായോടു പറഞ്ഞു. "ആഹാബ് എന്റെ മുമ്പിൽ എളിമപ്പെട്ടു അവൻ തന്നെത്തന്നെ താഴ്ത്തിയതിനാൽ അവന്റെ ജീവിതത്തിൽ ഞാൻ നാശം വിതയ്ക്കുകയില്ല" എന്ന് അരുളിച്ചെയ്തു. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും" ചെയ്യുന്നതാണ് കർത്താവ് ആഗ്രഹിക്കുന്ന ഉപവാസം എന്ന് ദൈവം ഏശയ്യാ പ്രവാചകനിലൂടെ വെളിപ്പെടുത്തി (ഏശയ്യ 58:1-5). ഉപവാസത്തിലൂടെ കർത്താവ് തന്റെ പരസ്യശുശ്രൂഷയ്ക്ക് ഒരുങ്ങുകയും മരുഭൂമിയിൽവച്ച് നാല്പത് ദിവസം നോമ്പ് അനുഷ്ഠിക്കുകയും ചെയ്തു. വി.ശ്ലീഹന്മാരും തങ്ങളുടെ ദൗത്യനിർവ്വഹണത്തിനുമുമ്പായി ഉപവസിച്ചിരുന്നു. ആദിമക്രൈസ്തവസമൂഹം ഉപവാസത്തിനും, നോമ്പിനും വളരെ അതുല്യമായ സ്ഥാനം നൽകിയിരുന്നു. സമൂഹത്തിൽ നടമാടിയിരുന്ന അനീതിക്കും അധാർമ്മികതയ്ക്കും എതിരെ ശബ്ദിക്കുവാൻ പ്രവാചകന്മാരെ പ്രാപ്തരാക്കിയതിന്റെ പിന്നിലെ ശക്തി നോമ്പും ഉപവാസവും ആയിരുന്നു.

### നോമ്പുകൾ മലങ്കര പാരമ്പര്യത്തിൽ

ഉപവാസം നല്ലതാണ് എന്നാൽ ഒരുവൻ സ്നേഹം കൂടാതെ നോമ്പുനോറ്റാൽ അവന്റെ വ്രതംകൊണ്ട് ഒരു പ്രയോജനവും ഇല്ല എന്നും, പ്രാർത്ഥന നല്ലതാണ് എന്നാൽ സ്നേഹം അതിനെ കരേറ്റുന്നില്ലാ എങ്കിൽ അതിന്റെ ചിറക് ബലഹീനമത്രേ എന്നും നമ്മുടെ പ്രാർത്ഥനകളിൽ കാണുന്നു. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം

www.malankaralibrary.com

ഈ മൂന്നുഘടകങ്ങളും നോമ്പിൽ ലയിച്ചു ചേർന്നിരിക്കുന്നു. അനുതാപത്തേയും, മാനസാന്തരത്തേയും കുറിക്കുവാൻ ഗ്രീക്കുഭാഷയിൽ രണ്ട് പദങ്ങൾ ഉപയോഗിക്കുന്നു. 'എപ്പിസ്ത്രെഫെയിൻ' എന്നാൽ പ്രായോഗിക ജീവിതത്തിലേക്കുള്ള പരിവർത്തനം എന്നാണ് അർത്ഥം. 'മെത്തനോയിൽ' എന്നാൽ ആന്തരികപരിവർത്തനം അഥവാ മാനസാന്തരത്തെയാണ് കുറിക്കുന്നത്. അനുതാപവും മാനസാന്തരവും ഒന്നല്ല. ഒരേ പ്രക്രിയയുടെ രണ്ട് ഘട്ടങ്ങൾ ആണ്. ഒന്ന് ആരംഭമാണെങ്കിൽ മറ്റേത് പരിസമാപ്തിയാണ്.

ഉപവാസവും ഭക്ഷ്യവർജ്ജനയും കൂടാതെ നമ്മുടെ പ്രാർത്ഥന ഇമ്പമാവുകയില്ല എന്ന് മാബൂക്കിലെ മാർ ഫിലക്സീനോസ് പ്രസ്താവിക്കുന്നു. 'ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടനുനേരേ തോൽക്കാത്ത ആയുധവുമാണ്' എന്നും "നോമ്പ് സ്വർഗ്ഗത്തിലേക്ക് കരേറുവാനുള്ള ഗോവണിയും പ്രാർത്ഥന സ്വർഗ്ഗത്തിന്റെ താക്കോലുമാകുന്നു" എന്നും നാം പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനകൾ എഴുതിയ പിതാക്കന്മാർ നോമ്പിന്റെ ശക്തി അനുഭവിച്ച് അറിഞ്ഞവർ ആണ്. അതിനാൽ പരിശുദ്ധാത്മാവിനാൽ അവർ ഇങ്ങനെപാടി.

"വലിയൊരായുധമാം നോമ്പിൽ തീക്ഷ്ണതയുൾക്കൊൾക
ഇതിനാൽ ജയമേറ്റുംമൃതരാം മിശിഹായിൽ പൂർണ്ണരും

മലയിൽ മൂശ ശോഭിച്ചതിനാലെ
നാഥൻ സാത്താനെ ഇതിനാൽ വെന്നു

ഏലിയ നിബിയ ഇതിനാലെ കയറിയഹോ തേ-രിൽ
സഹദേർനയവാന്മാരിതിനാൽ ശ്രേഷ്ഠത പൂണ്ടല്ലോ
ഹാലേലൂയ്യാ ഉ ഹാലേലുയ്യാ"

"നാല്പത് നോമ്പതു നോക്കുക നീ
തീറ്റുക തിനില്ലാത്തവരെ
ഈശോയീസുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴുഴം"

ഈ ഗാനങ്ങളിലൂടെ എല്ലാം നോമ്പിന്റെ ശ്രേഷ്ഠതയെ എടുത്തുകാട്ടുന്നു. ആഴ്ചയിൽ രണ്ടുദിവസം ഉപവസിക്കുന്ന പാരമ്പര്യം യഹൂദന്മാരിൽനിന്ന് ലഭിച്ചതാണ്. തിങ്കളാഴ്ചയും വ്യാഴാഴ്ചയും യഹൂദന്മാർ ഉപവസിച്ചിരുന്നു. തിങ്കളാഴ്ച മോശ സീനായ് മലയി

www.malankaralibrary.com

ലേക്ക് കയറിപ്പോയതിനെയും വ്യാഴാഴ്ച സീനായ്മലയിൽനിന്നും കല്പനകളുമായി ഇറങ്ങിവന്നതിനേയും അനുസ്മരിച്ച് അവർ നോമ്പ് അനുഷ്ഠിച്ചിരുന്നു. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പഠിപ്പിക്കലുകളിൽ നാം ഇപ്രകാരം കാണുന്നു. യഹൂദന്മാരുടെ നിയമ കോടതി യേശുവിനെ വധിക്കുവാൻ തീരുമാനിച്ചത് ബുധനാഴ്ചയാണ്. വെള്ളിയാഴ്ച വധിക്കുകയും ചെയ്തു. അതിനാൽ ബുധൻ, വെള്ളി ദിവസങ്ങളിൽ ആദിമകാലം മുതൽ ക്രൈസ്തവർ പ്രത്യേകിച്ച് അന്ത്യോക്യൻ പാരമ്പര്യമുള്ളവർ ഉപവസിക്കുന്നു.

കാനോനികമായി 5 നോമ്പുകൾ ആരാധനാവത്സരത്തിൽ ആചരിക്കപ്പെടണം എന്ന് സഭ നിഷ്കർഷിക്കുന്നു. യൽദോനോമ്പ് (25 നോമ്പ്) നിനുവാ നോമ്പ് (3 നോമ്പ്) വലിയ നോമ്പ് (50 നോമ്പ്) ശ്ലീഹാനോമ്പ് (13 നോമ്പ്) ശൂനോയോ നോമ്പ് (15 നോമ്പ്) ഇവയാണ് അവ. കാനോനിക നോമ്പ് അല്ലാ എങ്കിലും 8 നോമ്പ് വളരെ തീക്ഷ്ണതയോടെ മലങ്കരസഭയിൽ ആചരിക്കുന്നുണ്ട്.

**യൽദാനോമ്പ് അഥവാ 25 നോമ്പ്**

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനുള്ള ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ ഈ നോമ്പ് ആചരിക്കുന്നു. എന്നാൽ കോപ്റ്റിക്ക്, ബൈസന്റയിൽ പാരമ്പര്യത്തിൽ 40 ദിവസം ആചരിക്കുന്നു. യൽദാനോമ്പു കാലത്തെ ചിന്താവിഷയം യേശുനാഥന്റെ ജനനത്തെക്കുറിച്ചും മനുഷ്യഹൃദയങ്ങളിൽ ദൈവം ജനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമാണ്. അതിനുള്ള ഒരുക്കമാണ് ഈ നോമ്പ് കാലഘട്ടം.

**നിനുവാനോമ്പ് അഥവാ മൂന്ന് നോമ്പ്**

വലിയനോമ്പിനു മുൻപായി ഏതാണ്ട് മൂന്ന് ആഴ്ചയ്ക്ക് മുമ്പാണ് മൂന്ന് നോമ്പ് ആചരിക്കപ്പെടുന്നത്. നിനുവാ നിവാസികളുടെ മാനസാന്തരമാണ് ഈ നോമ്പിന്റെ ചിന്താവിഷയം. അതോടൊപ്പംതന്നെ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കം കൂടിയാണ് ഇത്.

**വലിയനോമ്പ് അഥവാ 50 നോമ്പ്**

ഈ നോമ്പിൽ ആദ്യത്തെ 40 ദിവസം പരസ്യശുശ്രൂഷയ്ക്ക് ഒരുക്കമായി യേശുനാഥൻ 40 ദിവസം ഉപവസിച്ചതിന്റെയും 10

www.malankaralibrary.com

ദിവസം തന്റെ രക്ഷാകരമായ കഷ്ടാനുഭവത്തെയും അനുസ്മരിച്ചുകൊണ്ട് 50 ദിവസം നോമ്പ് ആചരിക്കുന്നു. പെരുന്നാളുകളിൽവച്ച് ഏറ്റം വലിയ പെരുന്നാളായ ഉയിർപ്പുപെരുന്നാളിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കത്തിന്റെ കാലഘട്ടമാണ് വലിയനോമ്പുകാലം.

**ശ്ലീഹാനോമ്പ് അഥവാ 13 നോമ്പ്**

ശ്ലീഹാ നോമ്പ് ജൂൺ 16-ന് ആരംഭിച്ച് 29-ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളിൽ സമാപിക്കുന്നു. ശ്ലീഹാനോമ്പ് സുറിയാനിസഭയിൽ ആരംഭിച്ചത് 7-ാം നൂറ്റാണ്ടുമുതലാണ്. ആദിമസഭ പെന്തിക്കോസ്തിക്കുശേഷമുള്ള തിങ്കളാഴ്ചമുതൽ പത്രോസ്, പൗലോസ്ശ്ലീഹന്മാരുടെ തിരുന്നാളായ ജൂൺ 29വരെ ആചരിച്ചിരുന്നതായി ബാർ എബ്രായ രേഖപ്പെടുത്തിയിട്ടുണ്ട്.

**ശൂനോയോനോമ്പ്**

പരി.ദൈവമാതാവിന്റെ വാങ്ങിപ്പിന് മുന്നോടിയായി ആചരിക്കുന്ന നോമ്പ്. ഇത് 15 ദിവസങ്ങളിലായി ആചരിക്കുന്നു. ആഗസ്റ്റ് 15 നാണ് പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് ആചരിക്കുന്നത്. ദൈവമാതാവിന്റെ മരണാനന്തരം അവൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. പരി.ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനു മുൻപായി 15 നോമ്പ് അഥവാ ശൂനോയോനോമ്പ് സഭ ആചരിക്കുന്നു.

www.malankaralibrary.com

# vi. ദേവാലയം മലങ്കര അന്ത്യോക്യൻ സഭാ ദർശനത്തിൽ

'ദേവാലയം' എന്നാൽ 'ദൈവം വസിക്കുന്ന സ്ഥല'മെന്നാണർത്ഥം. ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യമുള്ള വിശുദ്ധ സ്ഥലമാണ് ദേവാലയം. അത് സ്വർഗ്ഗത്തിന്റെ പടിവാതിലാണ്. ദേവാലയത്തെ കുറിക്കുവാൻ വിവിധ പദങ്ങൾ ഉപയോഗിക്കുന്നു

1. കുര്യാക്കോസ് ഡോമൂസ് - ദൈവഭവനം
2. ഈത്തോ - ദൈവഭവനം
3. ബൈത്തോ ദാലോഹോ - ദൈവഭവനം (ബഥേൽ)

ദേവാലയം ദൈവം വസിക്കുന്ന സ്ഥലമാണ്. അത് സ്വർഗത്തിന്റെ പടിവാതിലാണ്. പൗരസ്ത്യസഭയുടെ കാഴ്ചപ്പാടിൽ ദേവാലയം ആത്മീയ ബഥേലാണ്. ഉൽപ്പത്തി പുസ്തകം ഇരുപത്തിയെട്ടാം അദ്ധ്യായം പത്ത് മുതൽ ഇരുപത് വരെയുള്ള വാക്യങ്ങളിൽ യാക്കോബ് കണ്ട ദർശനവുമായി ദേവാലയം ബന്ധപ്പെട്ടിരിക്കുന്നു. നിദ്രയിൽ യാക്കോബ് ഒരു സ്വപ്നം കണ്ടു. ഭൂമിയുടെ അറ്റം മുതൽ ആകാശം വരെ മുട്ടിനിൽക്കുന്ന ഒരു ഗോവേണി. അതിൽക്കൂടി മാലാഖമാർ കയറി ഇറങ്ങുന്നു. തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. ഈ സ്ഥലം എത്ര ഭയാനകമാണ്. ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം എന്ന് യാക്കോബ് ഉദ്ഘോഷിച്ചു. യാക്കോബ് അതിരാവിലെ എഴുന്നേറ്റ് തലയ്ക്ക് കീഴിൽ വച്ചിരുന്ന കല്ലെടുത്ത് ഒരു തൂണായി കുത്തിനിറുത്തി. അതിന്മേൽ എണ്ണയൊഴിച്ചു. യാക്കോബ് ആ സ്ഥലത്തിന് ബഥേൽ എന്ന് പേരിട്ടു.

www.malankaralibrary.com

മലങ്കര സഭയിൽ ദേവാലയ കൂദാശവേളയിൽ ത്രോണോസി ന്മേൽ വിശുദ്ധ മൂറോൻകൊണ്ട് വിശുദ്ധീകരിക്കുമ്പോൾ ഈ സംഭവം അനുസ്മരിക്കുകയും ദൈവീക സാന്നിദ്ധ്യത്താൽ ദേവാ ലയം നിറയപ്പെടുകയും ചെയ്യുന്നു. മലങ്കര ദേവാലയത്തെ സസൂക്ഷ്മം വീക്ഷിച്ചാൽ ഒരു ഗോവേണിയുടെ രൂപത്തിലാണ് നാം കാണുന്നത്. പടിഞ്ഞാറെ വാതിൽ മുതൽ മദ്ബഹാവരേയും ധാരാളം പടികൾ ഉണ്ട്. പൂമുഖത്തുനിന്ന് ഹൈക്കലായിലേക്കും ഹൈക്കലായിൽ നിന്ന് കെസ്ത്രൂമായിലേക്കും അവിടെ നിന്ന് മദ്ബ ഹായിലേക്കും ധാരാളം പടികളുണ്ട്.

## ദേവാലയം സമാഗമകൂടാരത്തിന് തുല്യം

ഇസ്രായേൽ ജനത്തെ അടിമത്വത്തിൽ നിന്ന് വിടുവിക്കുവാൻ ആഗ്രഹിക്കുന്ന ദൈവം അവരുടെ മധ്യേ ഇറങ്ങിവന്ന് അവരോട് കൂടെ പാർക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ അവരുടെ ഇടയിൽ വസിക്കുവാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്ക ണം. ഞാൻ കാണിച്ചുതരുന്ന മാതൃകയിലായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കേണ്ടത് (പുറപ്പാട് 25 : 8-9). മലങ്കര അന്ത്യോക്യൻ ആരാധനക്രമത്തിൽ കൂദോസ് ഈത്തോ ഞായറാഴ്ച നാം ഇങ്ങനെ പാടുന്നു.

"മൂശയെ ആ സകലേശൻ
മുള്ളുമരത്തിൽ നിന്ന്
അങ്ങുവിളിച്ച് - അരുൾചെയ്തു
കൂടാരത്തിന്മേലും
കൂടെയതിൻ ഉള്ളതിലും
കൈക്കൊണ്ടേൻ അധികാരം
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
കഹനൂസാ നടത്തുക നീ"[1]

## ദേവാലയത്തിന്റെ വിവിധ ഭാഗങ്ങൾ

ദൈവം സീനായ് മലയിൽ വച്ച് സ്വർഗ്ഗീയ ജറുസലേമിന്റെ മാതൃക മോശക്ക് കാണിച്ചുകൊടുത്തു. ആ മാതൃകയിലാണ് മോശ

1. മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം, പേജ് 40

www.malankaralibrary.com

ഇസ്രായേൽ ജനത്തിനുവേണ്ടി സമാഗമകൂടാരം പണിതത്. പിന്നീട് ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ അതേ മാതൃക സ്വീകരിച്ച് ജറുസലേം ദേവാലയം പണികഴിച്ചു. ആ ദേവാലയത്തിൽ ദൈവം സംപ്രീതനായി ഇപ്രകാരം അരുൾചെയ്തു. ''നീ എന്റെ സന്നിധിയിൽ സമർപ്പിച്ച പ്രാർത്ഥനകളും യാചനകളും ഞാൻ ശ്രവിച്ചു. നീ നിർമ്മിക്കുകയും എന്നേക്കുമായി എന്റെ നാമം പ്രതിഷ്ഠിച്ചിരിക്കുകയും ചെയ്ത ഈ ആലയം ഞാൻ വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ഹൃദയപൂർവ്വമായ കടാക്ഷം സദാ അവിടെയുണ്ടായിരിക്കും'' (1 രാജാ. 9:3).

ദൈവിക നിർദ്ദേശപ്രകാരം മോശ പണിത സമാഗമ കൂടാരത്തിൽ മോശ നാല് ഭാഗങ്ങൾ ക്രമീകരിച്ചു.

1. മഹാവിശുദ്ധ സ്ഥലം
2. വിശുദ്ധ സ്ഥലം
3. അകത്തെ പ്രാകാരം
4. പുറത്തെ പ്രാകാരം

ജറുസലേം ദേവാലയത്തിനും ഇപ്രകാരം നാല് ഭാഗങ്ങളുണ്ടായിരുന്നു. ഇതിൻ പ്രകാരം സുറിയാനി സഭയുടെ ദേവാലയത്തിനും നാല് ഭാഗങ്ങളുണ്ട്. അവ താഴെപ്പറയുന്നു.

1. മദ്ബഹാ അഥവാ അതിവിശുദ്ധ സ്ഥലം
2. കെസ്ത്രൂമ
3. ഹൈക്കലാ
4. മോണ്ടളം

**1. വി. മദ്ബഹാ**

മദ്ബഹാ അതിവിശുദ്ധ സ്ഥലമാണ്. 'മദ്ബഹാ' എന്ന വാക്കിന്റെ അർത്ഥം 'ബലി അർപ്പിക്കുന്ന സ്ഥലം' എന്നാണ്. 'ദാബാഹാ' എന്ന സുറിയാനി വാക്കിന്റെയർത്ഥം 'ബലികഴിച്ചു' എന്നാണ്. ബസ്ക്കുദിശോ അഥവാ അതിവിശുദ്ധസ്ഥലമെന്നും മദ്ബഹാ അറിയപ്പെടുന്നു. ജറുസലേം ദേവാലയത്തിലെ മഹാവിശുദ്ധസ്ഥലത്തിന് തുല്യമാണ് മദ്ബഹാ. മദ്ബഹാ പള്ളിയുടെ ഏറ്റവും കിഴക്കേ അറ്റത്തായി പണിയുന്നു. കാരണം, ഇത് ഭൂമിയുടെ സ്വർഗ്ഗമായി കണക്കാക്കപ്പെടുന്നു. ''കെസ്ത്രൂമായിൽ നിന്ന് ഒൻപത് പടി

www.malankaralibrary.com

കൾ ഉയർന്ന സ്ഥലമാണ് മദ്ബഹാ. കുറഞ്ഞത് മൂന്ന് പടികളെങ്കിലും ഉണ്ടായിരിക്കണം. ദൈവികസിംഹാസനമായ ത്രോണോസ് സ്ഥാപിതമായിരിക്കുന്ന സ്ഥലത്തുനിന്ന് ഒൻപത് പടികൾ താഴോട്ടു കാണുന്നത് ഒൻപത് ഗണം മാലാഖമാരുടെ സ്ഥാനങ്ങളാണ്. അഥവാ മൂന്ന് പടികളാണെങ്കിൽ മൂന്ന് സൈന്യനിരകൾ (ഏലോയേ, മെസഓയേ, തഹത്തോയേ) നിൽക്കുന്ന സ്ഥാനങ്ങളെ സൂചിപ്പിക്കുന്നു."[2]

### 1. മദ്ബഹാ ശുദ്ധതയുടെ സ്ഥലമാണ്

പഴയനിയമത്തിലെ മശ്കൻ സബിനായുടെ സ്ഥാനത്താണ് മദ്ബഹാ നിലനിൽക്കുന്നത്. മലങ്കര സഭയിൽ വിശുദ്ധ മദ്ബഹായെക്കുറിച്ച് മനോഹരമായ ഒരു ഗാനമുണ്ട്.

"ശുദ്ധതയിൻ ശുദ്ധതലം
കയറുമൊരാ-വൈദികരെ
പറക വിളി-ച്ചീവണ്ണം
അഴകൊടു കൈ - കഴുകി വെടി
പ്പാക്കുവിനു -ൾകാമ്പുകളെ
പൂകിയഹോ-മദ്ബഹായിൽ
ഹാലേ-ലുയ്യാ ഉ ഹാലേ-ലുയ്യാ
തീയിനല്ലോ പരിചരിപ്പൂ.
തീയല്ലോ ഇമ്മദ്ബഹാ
തീ തന്നെ പൂജയിതും
തീയതിനെ - ചുറ്റുന്നു
തീയിനല്ലോ പരിചരിപ്പൂ
വൈദികരെ, നിങ്ങളിഹ
ഇത്തീയിൻ ജ്വാലയതിൽ
ഹാലേ-ലുയ്യാ ഉ ഹാലേ-ലുയ്യാ
എരിയായ്‌വാൻ സൂക്ഷിപ്പിൻ."[3]

അപ്പോൾ ശുദ്ധതയുടെ ശുദ്ധസ്ഥലമായ മദ്ബഹായിൽ കൈവയ്പ്പുള്ളവർ മാത്രമേ പ്രവേശിക്കുന്നുള്ളു. ശുശ്രൂഷകർ മാലാഖമാരുടെ സ്ഥാനത്താണ് നിൽക്കുന്നത്. ആയതിനാൽ വിശുദ്ധിയുടെ അടയാളമായ ശുശ്രൂഷ കുപ്പായം ധരിച്ചുകൊണ്ട് മാത്രമേ

2. ഫാ. ഗീവർഗ്ഗീസ് പണിക്കർ കാരിച്ചാൽ, മലങ്കര കുർബ്ബാന തീർത്ഥാടക സഭയിൽ, പേജ് 57

3. മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥന, പേജ് 43

www.malankaralibrary.com

അവർ അവിടെ ശുശ്രൂഷിക്കാൻ പാടുള്ളു. വൈദികരും ശുശ്രൂഷകരും ചെരുപ്പ് ധരിക്കാതെയോ, അല്ലെങ്കിൽ ശുശ്രൂഷയ്ക്ക് മാത്രമുള്ള പ്രത്യേക ചെരുപ്പ് ധരിച്ചുമാണ് ശുശ്രൂഷയ്ക്ക് കയറുന്നത്. ശുദ്ധതയുടെ ശുദ്ധസ്ഥലത്തിന്റെ ഗൗരവം എടുത്തു കാണിക്കുന്നതിനു വേണ്ടി തിരശീലയാൽ മദ്ബഹായെ വേർതിരിക്കുന്നു.

**2. മദ്ബഹാ സ്വർഗ്ഗത്തിന്റെ പ്രതീകം**

വി. മദ്ബഹായിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ത്രോണോസ് ദൈവം എഴുന്നെള്ളിയിരിക്കുന്ന സിംഹാസനമാണ്. 'ത്രോണോസ്' എന്ന വാക്കിന്റെ അർത്ഥം 'സിംഹാസനം' എന്നാണ്. "ഊസിയാ രാജാവ് മരിച്ച വർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നത് ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവയ്ക്ക് ആറ് ചിറകുകൾ വീതം ഉണ്ടായിരുന്നു. രണ്ട് ചിറകുകൾകൊണ്ട് മുഖവും രണ്ട് എണ്ണം കൊണ്ട് പാദവും അവ മറച്ചിരുന്നു. രണ്ട് ചിറകുകൾ പറക്കാൻ ഉള്ളവയായിരുന്നു. അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ പരിശുദ്ധൻ ...... സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞുനിന്നിരുന്നു. അവയുടെ ശബ്ദഘോഷത്താൽ ഭൂമുഖങ്ങളുടെ അടിസ്ഥാനങ്ങൾ ഇളകുകയും ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു" (ഏശയ്യാ 6:1-4). ദേവാലയത്തിന്റെ മഹത്വവും പരിശുദ്ധിയും ഒരു പോലെ നിറഞ്ഞ് നിൽക്കുന്ന ത്രോണോസ് കർത്താവിന്റെ മഹത്വപൂർണ്ണമായ സിംഹാസനമാണ്. അവിടെ ആചാര്യശുശ്രൂഷ നിർവ്വഹിക്കുന്ന പുരോഹിതൻ, നിത്യപുരോഹിതനായ മിശിഹായുടെ പ്രതിനിധിയും, ശുശ്രൂഷകർ മാലാഖമാരുടെ പ്രതിനിധികളുമാണ്.

"ക്രോബന്മാരുടെ തേരതുപോലെ സ്ഥിരമീ മദ്ബഹാ
സ്വർഗ്ഗത്തിൻ സേനകളുണ്ടതിനെ ചുറ്റിക്കൊണ്ട്"[4]

അതുകൊണ്ട് വി. മദ്ബഹാ സ്വർഗ്ഗം തന്നെയാണ്.

**3. മദ്ബഹാ സീനായ് മലയ്ക്ക് തുല്യം**

നാനൂറ്റിമുപ്പത് വർഷക്കാലം മെസമ്രേ്യ അടിമത്വത്തിൽ

4. വി. കുർബാനക്രമം, പേജ് 18

www.malankaralibrary.com

കിടന്നു പിടഞ്ഞ ഇസ്രായേൽ മക്കളുടെ നിലവിളികേട്ട് ദൈവം മോശയെ അവരുടെ വിമോചകനായി തിരഞ്ഞെടുത്തു. ഇസ്രായേൽ ജനത്തെ മോശ കാനാൻ നാട്ടിലേക്ക് നയിച്ചപ്പോൾ ഇസ്രായേൽ ജനത്തിനും മോശയ്ക്കും ദൈവം സീനായ് മലയിൽ പ്രത്യക്ഷപ്പെട്ടു. "മൂന്നാം ദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽപ്പിണരും ഉണ്ടായി. മലമുകളിൽ കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങി. പാളയത്തിലുണ്ടായിരുന്ന ജനമെല്ലാം ഭയന്ന് വിറച്ചു. ദൈവത്തെ കാണുന്നതിനുവേണ്ടി മോശ ജനത്തെ പാളയത്തിനു പുറത്ത് കൊണ്ടുവന്നു. അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിലിറങ്ങി വന്നതിനാൽ സീനായ് മലമുഴുവൻ ധൂമാവൃതമായി. ചൂളയിൽ നിന്നെന്നതുപോലെ അവിടെ നിന്ന് പുക ഉയർന്നുകൊണ്ടിരുന്നു. മല ശക്തമായി ഇളകി വിറച്ചു. കാഹളശബ്ദം ശക്തിപ്പെട്ടുകൊണ്ടേയിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്താൽ ഉത്തരം നൽകുകയും ചെയ്തു" (പുറപ്പാട് 19: 16-19). പഴയനിയമത്തിൽ മോശയോടും ഇസ്രായേൽ ജനത്തോടും സംസാരിച്ച യഹോവ തന്നെയാണ് പുതിയ ഇസ്രായേലായ വിശുദ്ധ സഭയോടും സംസാരിക്കുന്നത്.

മദ്ബഹാ സീനായ് മലയ്ക്ക് തുല്യമാണ്. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങിയതുപോലെ മദ്ബഹായിൽ മണിനാദങ്ങളുടെയും മർബഹാസാകളുടെയും ശബ്ദഘോഷമുണ്ട്. സീനായ് മല മുഴുവൻ ധൂമാവൃതമായതുപോലെ മദ്ബഹായിൽ ധൂപക്കുറ്റിയിൽ നിന്ന് പുക മുകളിലേക്കുയരുന്നു. മോശയുടെ സ്ഥാനത്ത് പുരോഹിതൻ മദ്ബഹായിൽ നിന്നുകൊണ്ട് ദൈവാരാധന നടത്തുന്നു. മിന്നൽപ്പിണരുകൾക്ക് സദൃശ്യമായി മെഴുകുതിരികൾ പ്രകാശം പരത്തുന്നു. ഇസ്രായേൽ ജനത്തിനുവേണ്ടി മോശ മലയിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയതുപോലെ പട്ടക്കാരൻ മദ്ബഹായിൽ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

### 4. വി. മദ്ബഹാ പറുദീസായെ സൂചിപ്പിക്കുന്നു

മദ്ബഹാ പറുദീസായ്ക്ക് സദൃശ്യമാണ്. ആദാമും ഹൗവ്വയും പാപം ചെയ്യുന്നതിനു മുമ്പ് പറുദീസായിൽ ജീവവൃക്ഷമുണ്ടായിരുന്നു. പുതിയനിയമത്തിൽ വി. മദ്ബഹായിൽ ജീവവൃക്ഷത്തിന്റെ സ്ഥാനത്ത് രക്ഷാകരമായ സ്ലീബാ നിൽക്കുന്നു. ഉയിർത്തെഴുന്നേറ്റ

www.malankaralibrary.com

കർത്താവിനെ സൂചിപ്പിക്കുവാനായി, കർത്താവിന്റെ സാന്നിദ്ധ്യമായി വി. സ്ലീബാ ത്രോണോസിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ജീവവൃക്ഷമാണെന്ന് കാണിക്കുവാൻ സ്ലീബായുടെ മുമ്പിൽ ഒരു മെഴുകുതിരി കത്തിക്കുന്നു. ജീവവൃക്ഷത്തെ സൂചിപ്പിക്കുവാൻ തോട്ടത്തിന്റെ കിഴക്ക് ഭാഗത്ത് ക്രൂബേ മാലാഖ നിന്നതുപോലെ കുരിശിന്റെ ഇരുഭാഗത്തും തിരികൾ കത്തിജ്ജ്വലിക്കും.

**5. വി. മദ്ബഹാ കാൽവറി മലയാണ്**

കാൽവറി മലയിൽ യേശുനാഥന്റെ ശരീരത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. വി. മദ്ബഹായിൽ യേശുവിന്റെ ശരീരവും രക്തവും വി. ത്രോണോസിന്മേലുണ്ട്. പരിശുദ്ധ ദൈവമാതാവിന്റെയും ശിഷ്യന്മാരുടെയും സ്വർഗ്ഗീയ സാന്നിദ്ധ്യം കാൽവറി മലയിലുണ്ടായിരുന്നതുപോലെ വി. മദ്ബഹായിലുണ്ട്.

**2. കെസ്ത്രൂമ അഥവാ അഴിക്കകം**

ദേവാലയത്തിൽ വിശുദ്ധ മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയിലുള്ള സ്ഥലമാണ് കെസ്ത്രൂമ. തറയിൽ നിന്ന് ഉയർന്ന സ്ഥലം എന്നർത്ഥമുള്ള 'കത്താസ്ത്രോമാ' എന്ന ഗ്രീക്കു പദത്തിന്റെ സുറിയാനി രൂപമാണ് 'കെസ്ത്രൂമ'. വി.കുർബാനയും, പട്ടാഭിഷേകവും ഒഴികെയുള്ള കൂദാശകൾ ഇവിടെനിന്നാണ് നടത്തുന്നത്. ജറുസലേം ദേവാലയത്തിന്റെ വിശുദ്ധസ്ഥലത്തിന്റെ സ്ഥാനമാണ് കെസ്ത്രൂമായ്ക്കുള്ളത്. കെസ്ത്രൂമയിൽ നിന്ന് മദ്ബഹായിലേക്ക് കൈവയ്പ്പുള്ളവർ മാത്രമേ പ്രവേശിക്കുന്നുള്ളു. ബാർ എബ്രായ എന്ന സഭാപിതാവ് കെസ്ത്രൂമായെ ദൈവകൽപ്പനകൾ കൊടുക്കപ്പെട്ട സീനായ്മലയോടാണുപമിച്ചിരിക്കുന്നത്.

**3. ഹൈക്കല**

'ഹൈക്കല' എന്ന സുറിയാനി പദത്തിന് 'ആരാധനാസ്ഥലം' എന്നാണർത്ഥം. ഹൈക്കല ഈ പ്രപഞ്ചം മുഴുവന്റെയും പ്രതീകമാണ്. ജ്ഞാനികളുടെ ജ്ഞാനിയായ സോളമൻ പണി കഴിപ്പിച്ച ദേവാലയത്തിന്റെ അകത്തെ പ്രാകാരത്തോട് ഹൈക്കലായെ ഉപമിക്കാം. മാമോദീസാ സ്വീകരിച്ച വിശ്വാസികൾക്ക് നിൽക്കുവാനുള്ള സ്ഥലമാണ് ഹൈക്കല.

www.malankaralibrary.com

**4. മോണ്ടളം അഥവാ പൂമുഖം**

ദേവാലയത്തിലെ ഏറ്റം അവസാനഭാഗമാണ് മോണ്ടളം. സ്നാനാർത്ഥികൾ വിശ്വാസം പഠിക്കുന്നതും പുറജാതികൾ പ്രാർത്ഥിക്കുന്നതും ഈ സ്ഥലത്താണ്. പക്ഷേ. ഇന്ന് ഈ സ്ഥലം ഈ ഉദ്ദേശത്തോടു കൂടിയല്ല, പ്രായോഗികമായി ഇത് ഇന്ന് കുട്ടികളുമായി വരുന്ന മാതാപിതാക്കൾ നിൽക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്നു. ദേവാലയത്തിന്റെ നാലുഭാഗങ്ങളെ ചുരുക്കമായി പറഞ്ഞാൽ മോണ്ടളം പ്രപഞ്ചത്തെയും, ഹൈക്കല ഭൂമിയെയും കെസ്ത്രൂമ ഭൗമിക പറുദീസായെയും മദ്ബഹാ സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. പൗരസ്ത്യ സഭയിൽ പ്രത്യേകിച്ച് മലങ്കരസഭയുടെ ദർശനപ്രകാരം പള്ളികൾ കിഴക്ക് പടിഞ്ഞാറായാണ് നിർമ്മിക്കുന്നത്. പൗരസ്ത്യ സഭാവിശ്വാസികൾ പ്രാർത്ഥിക്കുന്നത് എപ്പോഴും കിഴക്കോട്ട് തിരിഞ്ഞു നിന്നാണ്.

❋❋❋

MALANKARA
LIBRARY

www.malankaralibrary.com

# ജനനപ്പെരുന്നാൾ ശുശ്രൂഷയിലെ ദൈവശാസ്ത്രം

നിത്യ രക്ഷയുടെയും ശാന്തിയുടെയും സമാധാനത്തിന്റെയും സ്വർഗ്ഗീയ സന്ദേശമാണ് ക്രിസ്മസ് അഥവാ യൽദോ പെരുന്നാളിൽ നാം ദർശിക്കുന്നത്. ദൈവം മനുഷ്യനായി അവതരിച്ച മഹാ സംഭവമാണ് ഇത്. ദൈവം രക്തവും മാംസവുമുള്ള മനുഷ്യനായി അവതരിച്ച അനർഘവും, അസുലഭവുമായ സംഭവം. ആദിയിൽ ദൈവം തന്റെ ഛായയിലും, സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ മാറ്റിനിർത്തിക്കൊണ്ട് ദൈവമാകുവാൻ പരിശ്രമിച്ചു. അതിന്റെ ഫലമായി അവൻ പാപത്തിന്റെ, അന്ധകാരത്തിന്റെ പടുകുഴിയിൽ നിപതിച്ചു. ഈ മനുഷ്യനെ ആത്യന്തികമായി പരിവർത്തനപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. ഇതാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതി. ഈ പദ്ധതിയുടെ പ്രത്യക്ഷമായ പ്രകടനമാണ് യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരം.

പൗരസ്ത്യ സഭയുടെ പ്രത്യേകിച്ച് മലങ്കര സഭയുടെ കാഴ്ചപ്പാടിൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഒരു രഹസ്യമാണ്. ദൈവം മനുഷ്യനാകുക, മരിക്കുക, ഉയർക്കുക എന്ന യാഥാ ർത്ഥ്യം മനുഷ്യബുദ്ധിക്ക് അതീതമാണ്. മനുഷ്യനായി അവതരിച്ച യേശു ക്രിസ്തു മനുഷ്യബന്ധത്തിന്റെ മദ്ധ്യസ്ഥൻ മാത്രമല്ല, പിന്നെയോ യേശുവിന്റെ മനുഷ്യശരീരത്തിലൂടെയും മനസ്സിലൂടെയും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുകയായിരുന്നു. ബി.സി. 6-നും എ.ഡി. 30-നും ഇടയിൽ നസ്രത്തിൽ ജീവിച്ച യേശു വെറും ഒരു മനുഷ്യൻ

www.malankaralibrary.com

മാത്രമല്ല പ്രത്യുത, മനുഷ്യനായി അവതരിച്ച ദൈവമാണ് എന്ന താണ് മനുഷ്യാവതാരത്തിന്റെ അന്തസത്ത.

മലങ്കര സഭയിലെ ആരാധനക്രമം അനുസരിച്ച് ഓരോ പെരുന്നാളുകൾക്കും, അതിന്റേതായ ശുശ്രൂഷകൾ ഉണ്ട്. മനുഷ്യാവതാരത്തിന്റെ മഹത്വം എടുത്തുകാണിച്ചുകൊണ്ട്, പരിശുദ്ധാത്മ പ്രേരിതരായ പുണ്യ പിതാക്കന്മാരാൽ എഴുതപ്പെട്ട പ്രാർത്ഥനകളാലും, ഗാനങ്ങളാലും നിറയപ്പെട്ട ദൈവശാസ്ത്രസമ്പന്നമായ ശുശ്രൂഷകളാണ് യൽദാപെരുന്നാളിന്റെ ശുശ്രൂഷകൾ. യൽദാ പെരുന്നാളിന്റെ ക്രമം യാമപ്രാർത്ഥനകളോടെയാണ് ആരംഭിക്കുന്നത്. ദൈവം മനുഷ്യകുലത്തിന് നല്കിയ രക്ഷാകര പ്രവൃത്തികളെപറ്റി ധ്യാനിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുകയാണ് നമസ്ക്കാരങ്ങളുടെ ലക്ഷ്യം. ജനനപെരുന്നാളിന്റെ ശുശ്രൂഷയിൽ സന്ധ്യാപ്രാർത്ഥന, രാത്രി പ്രാർത്ഥന, പ്രദക്ഷിണം, തീ ഉഴലിച്ച ശുശ്രൂഷ, സ്ലീബാ ആഘോഷം, വി. കുർബ്ബാന എന്നിവയാണ് ഉൾപ്പെടുന്നത്. ഈ ശുശ്രൂഷകളിൽ പരി. ദൈവമാതാവിനോടും, വി. യൗസേപ്പിനോടും, ഇടയന്മാരോടും, വിദ്വാന്മാരോടും ചേർന്ന് യേശുനാഥന്റെ ജനനത്തിൽ നാം പങ്കുചേരുകയും അവരോടൊപ്പം നാമും യേശുവിനെ ആരാധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുകയുമാണ് ചെയ്യുന്നത്.

പൗരസ്ത്യസഭയുടെ ദർശനപ്രകാരം ആരാധന ക്രമത്തിലൂടെ കർത്താവിന്റെ രക്ഷണ്യ വ്യാപാരങ്ങളെ അനുസ്മരിക്കുക മാത്രമല്ല, ഈ ശുശ്രൂഷകളിലൂടെ ആത്മികമായി നാം ആ സംഭവങ്ങളിൽ പങ്കുചേരുകയുമാണ് ചെയ്യുന്നത്. യേശുക്രിസ്തുവിന്റെ ജനനം രാത്രിയിലാണ് നടന്നത്. ആയതിനാൽ ജനനപ്പെരുന്നാളിന്റെ ശുശ്രൂഷ രാത്രിയിലാണ് നടത്തുന്നത്. സാധാരണയായി മൂന്ന് മണിയോടുകൂടി രാത്രി പ്രാർത്ഥന ആരംഭിക്കുന്നു. രാത്രി പ്രാർത്ഥനയുടെ അവസാനത്തിൽ കാർമ്മികരും ശുശ്രൂഷകരും വി. മദ്ബഹായിൽ പ്രവേശിച്ച് വി. കുർബ്ബാനയുടെ തുയോബോ (ഒരുക്കശുശ്രൂഷ) നടത്തുമ്പോൾ പഴയനിയമ വായനകൾ നടത്തുന്നു. ധാരാളം പ്രവചനങ്ങളുടെയും പ്രതീകങ്ങളുടെയും വിഷയമാണ് യേശുക്രിസ്തു.

ആദിമാതാപിതാക്കളുടെ പാപത്തിനുശേഷം സഹസ്രാബ്ദങ്ങൾ തന്നെ രക്ഷകന്റെ വരവിനുവേണ്ടി മനുഷ്യരാശി കാത്തിരി

www.malankaralibrary.com

ക്കുകയായിരുന്നു. പറുദീസായിൽ വച്ചുതന്നെ ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തു. യേശുക്രിസ്തുവിനെപ്പറ്റി ധാരാളം പ്രവചനങ്ങളും സൂചനകളും പഴയനിയമത്തിൽ ഉണ്ട്. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും, എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിൽ ആയിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും........" എന്ന് ഏശയ്യായും, അവൻ ബേദ്‌ലഹേമിൽ നിന്ന് വരും എന്ന് മീഖാ പ്രവാചകനും പ്രവചിച്ചു.

പഴയനിയമ വായനയ്ക്കുശേഷം കാർമ്മികരും, ശുശ്രൂഷകരും സ്ഥാനവസ്ത്രങ്ങൾ ധരിച്ച്, വി. മദ്ബഹായിൽ നിന്ന് ഇറങ്ങി നമസ്ക്കാരമേശയുടെ മുമ്പിൽ വന്ന് ശുശ്രൂഷാമദ്ധ്യേ അഗ്നികൂപത്തിൽ നിക്ഷേപിക്കാനുള്ള കുന്തിരിക്കം പ്രാർത്ഥനചൊല്ലി, ത്രിത്വ നാമത്തിൽ ആശീർവദിക്കുന്നു. ആശീർവദിച്ച കുന്തിരിക്കം പ്രദക്ഷിണത്തിന് ഇറങ്ങുമ്പോൾ വിശ്വാസികൾക്ക് നല്കുന്നു.

സഭ ഒരു തീർത്ഥാടക സംഘമാണ്. പഴയനിയമ സഭയായ ഇസ്രായേൽ കനാൻ നാടിനെ ലക്ഷ്യമാക്കി യാത്ര ചെയ്തെങ്കിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ നിയമ സഭ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന സംഘമാണ്. നമുക്ക് ഇവിടെ ഒരു സ്ഥിരമായ പട്ടണം ഇല്ല. ഈ ലോകം നശ്വരമാണ്. ഈ താല്ക്കാലിക കൂടാരവാസം വിട്ട് ദൈവസന്നിധിയിലേക്ക് മാറ്റപ്പെടേണ്ടവർ ആണ് മനുഷ്യർ. സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന സംഘമാണ് നാം. ഇതെല്ലാമാണ് സാധാരണ പ്രദക്ഷിണത്തിന്റെ അർത്ഥം. എന്നാൽ യൽദാ ശുശ്രൂഷയിലെ പ്രദക്ഷിണത്തിന്റെ അർത്ഥം ഇടയന്മാരും, വിദ്വാന്മാരും കർത്താവിനെ കാണാൻ പോയ യാത്രയെ ആണ് സൂചിപ്പിക്കുന്നത്. ആഘോഷമായ പ്രദിക്ഷണം വടക്കേ വാതിൽ വഴി ഇറങ്ങി പടിഞ്ഞാറെ അറ്റത്ത് കുരിശാകൃതിയിൽ പ്രത്യേകം ഒരുക്കിയ കുഴിയുടെ സമീപത്തേക്ക് നീങ്ങുന്നു.

ദൈവം മനുഷ്യനാവുക. അതിനപ്പുറമായ ഒരു ത്യാഗം ഇല്ല. അതിനാൽ യേശുവിന്റെ ജനനം തന്നെ ഏറ്റവും വലിയ ത്യാഗമാ

www.malankaralibrary.com

യിരുന്നു. സാധാരണയായി നാം കഷ്ടാനുഭവം എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നത് ഹാശാ ആഴ്ചയിലെ ശുശ്രൂഷകളാണ്. എന്നാൽ മനുഷ്യാവതാരം തന്നെ ഏറ്റവും വലിയ ത്യാഗമാണ്. ഇതിന്റെ പൂർത്തീകരണമാണ് ഗോഗുൽത്തായിൽ നടക്കുന്നത്. അതിനാലാണ് കുരിശാകൃതിയിൽ കുഴി ഉണ്ടാക്കുന്നത്. കുഴിയുടെ സമീപത്ത് എത്തിയാൽ ഉടനെ തന്നെ പ്രുമിയോൻ സെദറാ വായിക്കുന്നു. ദൈവശാസ്ത്ര പണ്ഡിതനും പിതാവുമായ മാർ ഈവാനിയോസ് (വി. ജോൺ ക്രിസോസ്റ്റം) എഴുതിയ അർത്ഥസംപുഷ്ടവും ദൈവശാസ്ത്രസമ്പന്നവുമായ സെദറായാണിത്. പഴയ നിയമവും, പുതിയ നിയമവും തമ്മിലുള്ള ബന്ധം, മനുഷ്യാവതാരത്തിന്റെ മഹത്വം ഇവയെല്ലാം ഈ സെദറായിൽ നിഴലിട്ടു കാണാം. "ഉദരങ്ങളിൽ ശിശുക്കളെ വളർത്തുന്ന നീ തിരുവിഷ്ടത്താൽ ഉദരത്തിൽ ശിശുവായിത്തീർന്നു. ദാവീദിനെ സൃഷ്ടിച്ച ലോകങ്ങൾക്കും മുമ്പനായ നീ പുതുതായി ദാവീദിന്റെ പുത്രിയിൽ നിന്ന് കാലപൂർണ്ണതയിൽ ജനിച്ചു. തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികനായ നീ കാലത്തികവിൽ ശിശു എന്ന നിലയിൽ ചെറിയവനായി കാണപ്പെട്ടു. ഭൂമിയിൽ മഞ്ഞും മഴയും പൊഴിക്കുന്ന നീ, സ്ത്രീയിൽ നിന്ന് മാനുഷിക രീതിയിൽ മുലപ്പാൽ നുകർന്നും, സ്വശക്തിയാൽ പർവ്വതങ്ങളെ നിലനിർത്തുന്ന നീ ദരിദ്രനായി കല്ലടാവിൽ കിടന്നു. ആകാശ വിതാനത്തെ സ്വശക്തിയാൽ വഹിക്കുന്ന നിന്നെ ബാലിക അവളുടെ കൈകളിൽ അനായാസം വഹിച്ചു. ഉജ്ജ്വല പ്രകാശത്തിൽ വസിക്കുന്ന നീ ശിലകളാൽ എളിയവനെപ്പോലെ പൊതിയപ്പെട്ടു. ക്രൂബേന്മാരുടെ മേൽ പ്രബലതയോടെ ആരൂഢനായിരിക്കുന്ന നീ മറിയാമിന്റെ ഭുജങ്ങളിൽ ശാന്തമായി ആഘോഷിക്കപ്പെട്ടു. നിനക്ക് കാദീശ് പാടുവാൻ സ്രോപ്പേന്മാരെ ഉത്തേജിപ്പിക്കുന്ന നിന്നെ ദാവീദിന്റെ പുത്രി താരാട്ടു പാടി താലോലിച്ചും അംഗുലീചലനത്താൽ സൃഷ്ടികളെ നയിക്കുന്ന നീ ബേത്‌ലഹേമിൽ ശിശുവായി മുട്ടിന്മേൽ നീന്തി....."[1] (യൽദായുടെ തീ ഉഴലിച്ച ശുശ്രൂഷ, സെദറാ)

ഈ സെദറായിൽ ദൈവത്തെ അത്ഭുതമായി വർണ്ണിക്കുന്നു. സെദറായുടെ അവസാനം കാർമ്മികൻ പള്ളിയുടെ നടയിൽ പടി

1. മലങ്കര കത്തോലിക്കരുടെ ആരാധനക്രമം, പെരുന്നാളുകൾ, പേജ് 67

www.malankaralibrary.com

ഞ്ഞാറോട്ട് അഭിമുഖമായി നിന്ന് ഏവൻഗേലിയോൻ വായിക്കുന്നു. വായനാമദ്ധ്യേ "കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു" എന്നു പറഞ്ഞു കഴിയുമ്പോൾ കാർമ്മികൻ കുഴിയുടെ കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമായി തീ കത്തിക്കുന്നു. തീ കത്തിക്കുമ്പോൾ 'വെളിവു നിറഞ്ഞോരീശോ' - എന്ന ഗാനം ആലപിക്കുന്നു. യേശുക്രിസ്തു ലോകത്തിന്റെ പ്രകാശമാണ് "കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്" (സങ്കീ. 27/1). "അങ്ങ് എന്റെ ദീപമാണ്" (2 സാമുവേൽ 29). "കർത്താവായിരിക്കും നിന്റെ പ്രകാശം" (ഏശയ്യ 60/19). "അന്ധകാരത്തിൽ കഴിഞ്ഞിരിക്കുന്ന ജനം മഹത്തായ പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു" (ഏശയ്യ 9/2). "അവനിൽ ജീവനുണ്ടായിരുന്നു ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹ. 1/4). ഈ ശുശ്രൂഷയിലെ അഗ്നി യേശുക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. ജ്ഞാനികൾ വന്ന് യേശുവിനെ സന്ദർശിച്ച് പൊന്നും മീറയും, കുന്തിരിക്കവും സമർപ്പിച്ച് ലോകത്തിന്റെ സമഗ്ര വിമോചകനായ യേശുവിന്റെ രാജത്വത്തെയും, ദൈവത്വത്തെയും, മനുഷ്യത്വത്തെയും ഏറ്റുപറഞ്ഞതുപോലെ, വിശ്വാസികൾ തങ്ങളുടെ കൈയിലുള്ള കുന്തിരിക്കം ലോകത്തിന്റെ പ്രകാശമായ യേശുവിന് സമർപ്പിക്കുന്നതിന്റെ സൂചനയായി കുന്തിരിക്കം തീയിലേക്ക് ഇട്ടുകൊണ്ട് യേശുവിന്റെ രാജത്വത്തേയും, ദൈവത്വത്തേയും, മനുഷ്യത്വത്തേയും ആദരിക്കുന്നു. കുന്തിരിക്കം ഇടുന്നതുവഴി ഓരോ വിശ്വാസിയും യേശുവിന് തന്നെതന്നെ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

"അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ" എന്ന സ്തുതിപ്പ് ചൊല്ലിക്കൊണ്ട് പ്രദക്ഷിണം വയ്ക്കുകയും കുന്തിരിക്കം അഗ്നിയിൽ ഇടുകയും ചെയ്യുന്നു. തുടർന്ന് സുവിശേഷവായന പൂർത്തിയാക്കുന്നു. മോറാൻ യേശുമിശിഹാ എന്ന പ്രാർത്ഥനയും ഒരു കൗമായും ചൊല്ലിയ ശേഷം പ്രദക്ഷിണം പൂർത്തിയാക്കി പള്ളിയുടെ തെക്കേ വാതിൽ വഴി പള്ളിക്കകത്ത് പ്രവേശിക്കുന്നു. തുടർന്ന് സ്ലീബാ ആഘോഷം നടത്തുന്നു. സ്ലീബാ ആഘോഷ ശുശ്രൂഷയിൽ മാലാഖമാരോടും, ക്രൂബേന്മാരോടും, സ്രോപ്പേന്മാരോടും, അഗ്നിമയന്മാരോടും, ആത്മമയന്മാരോടും, മൺമയരോടും, മദ്ധ്യഭാഗത്തുള്ളവ

www.malankaralibrary.com

രോടും, അധോഭാഗത്തുള്ളവരോടും ചേർന്ന് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ വർണ്ണിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. തുടർന്ന് കുർബ്ബാനയോടെ ശുശ്രൂഷകൾ സമാപിക്കുന്നു.

വി. കുർബ്ബാനയിലെ പ്രുമിയോൻ, സെദറാ, സമാധാന പ്രാർത്ഥനകൾ, ഹൂത്തോമോ ഇവയെല്ലാം ഈ പെരുന്നാളിന്റെതാണ്. ഈ ശുശ്രൂഷകളിലൂടെയെല്ലാം മനുഷ്യാവതാര രഹസ്യത്തിൽ ഒരു വിശ്വാസി പങ്കുപറ്റുകയാണ് ചെയ്യുന്നത്. ഈ ശുശ്രൂഷകളുടെ ഏറ്റം വലിയ സന്ദേശം സമാധാനത്തിന്റെ സന്ദേശമാണ്. സമാധാനത്തെ കുറിക്കുവാൻ രണ്ടു സുറിയാനി വാക്കുകളാണ് ഉപയോഗിക്കുന്നത്. (1) ശ്‌ലോമോ, (2) ശൈനോ. ശ്‌ലോമോ എന്നാൽ സമാധാനം, ശൈനോ എന്നാൽ ശാന്തി. ഇതിൽ ശൈനോ അഥവാ ശാന്തി ദൈവത്തിന്റെ ദാനമാണ്. ലഭിച്ച ശൈനോ ആശംസിക്കുന്നതാണ് ശ്‌ലോമോ. യേശുക്രിസ്തുവിന്റെ ജനനം ഒരു ചരിത്ര സംഭവം മാത്രമല്ല മറിച്ച് അത് നിത്യനൂതനമായ ഒരു യാഥാർത്ഥ്യമാണ്. ഓരോ നിമിഷവും നമ്മിൽ നാം ആയിരിക്കുന്ന സാഹചര്യങ്ങളിൽ നടക്കുന്ന, നടക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ക്രിസ്മസിന്റെ സന്തോഷം രണ്ടു തൂണുകളിന്മേലാണ്. ഒന്ന് ക്രിസ്തു നമുക്കുവേണ്ടി തന്നെത്തന്നെ നല്കി. രണ്ട്, നാം അവന് നമ്മെ തന്നെ നല്കണം. ഈ ആഹ്വാനമാണ് നമ്മുടെ ശുശ്രൂഷകളിൽ തെളിഞ്ഞു കാണുന്നതും.

www.malankaralibrary.com

# മ്ശംശോനോ പദവി: മലങ്കര അന്ത്യോക്യൻ സഭാ ദർശനത്തിൽ

ശ്ലൈഹികകാലം മുതൽ വിശുദ്ധ സഭയിൽ നിലനിൽക്കുന്ന ഒരു സഭാശുശ്രൂഷയാണ് മ്ശംശോനോ പദവി. ദൈവത്തേയും ദൈവജനത്തേയും ശുശ്രൂഷിക്കുന്ന മ്ശംശോനോമാർക്ക് അഥവാ ശെമ്മാശന്മാർക്ക് വി.സഭയുടെ ആരംഭംമുതലേ വളരെ അതുല്യമായ സ്ഥാനമുണ്ട്. ശുശ്രൂഷിക്കപ്പെടുവാനല്ല, പിന്നെയോ ശുശ്രൂഷിക്കുവാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന് അരുളിച്ചെയ്ത യേശുമിശിഹായുടെ ശുശ്രൂഷയിൽ പങ്കുപറ്റുവാൻ പ്രത്യേകം വിളിക്കപ്പെട്ടവരാണ് ശെമ്മാശന്മാർ. അജപാലനരംഗത്തും, ആരാധനയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ശെമ്മാശന്മാർക്ക് പ്രത്യേക ശുശ്രൂഷാദൗത്യമുണ്ട്. ശെമ്മാശന്മാരുടെ സ്ഥാനമഹിമയെക്കുറിച്ചും അവരുടെ ദൗത്യത്തെക്കുറിച്ചും പ്രതിപാദിക്കുകയാണിവിടെ.

### മ്ശംശോനോ: പദത്തിന്റെ ഉദ്ഭവം

'ശ്മെശ്' - ശമ്മെശ് എന്ന ക്രിയാധാതുവിൽ നിന്നാണ് മ്ശംശോനോ എന്ന പദത്തിന്റെ ഉദ്ഭവം. ശുശ്രൂഷിക്കുക, ശ്രദ്ധിക്കുക, കാത്തുനിൽക്കുക എന്നൊക്കെയാണ് ഈ സുറിയാനിക്രിയകളുടെ അർത്ഥം.[1] 'മ്ശംശോനോ' എന്ന സുറിയാനിപദത്തിന് തത്തുല്യമായ ഗ്രീക്കുപദം 'ദിയാക്കണോസ്' എന്ന വാക്കാണ്. ഭക്ഷണമേശയിൽ

1. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.) പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 858

www.malankaralibrary.com

ശുശ്രൂഷ ചെയ്യുന്നവനെയാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. 'ദിയാക്കോണേയോ' എന്ന വാക്കിന്റെ നാമരൂപമാണ് 'ദിയാക്കോണിയ' - ഈ വാക്കിന്റെ അർത്ഥം 'ശുശ്രൂഷ'യെന്നാണ്. സ്നേഹത്താൽ പ്രേരിതമായി ചെയ്യുന്ന ശുശ്രൂഷയെ കുറിക്കാനും ഈ വാക്ക് ഉപയോഗിക്കുന്നു. ശുശ്രൂഷി എന്നർത്ഥംവരുന്ന 'ദിയാക്കോനോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'ഡീക്കൻ' എന്ന പദം ഉത്ഭവിച്ചത്. സുറിയാനി സഭയിൽ 'ഡീക്കൻ' എന്ന പദത്തിന് പകരമുപയോഗിക്കുന്ന പേരാണ് 'ശെമ്മാശൻ'. ഡീക്കൻ എന്ന പേരിനേക്കാൾ ശെമ്മാശൻ എന്ന പേരിനാണ് കൂടുതൽ പ്രചാരം. 'ഡീക്കൻ' അഥാവ 'ശെമ്മാശൻ' എന്ന വാക്കിന്റെ അർത്ഥം 'ശുശ്രൂഷകൻ' എന്നാണ്.

**മ്ശംശോനോ: ആദിമസഭയിൽ**

ആദിമസഭയിൽ ഡീക്കന്മാർക്ക് സുപ്രധാനമായ സ്ഥാനമുണ്ടായിരുന്നു. സഭാസേവനത്തിനായി ഏഴുപേരെ ശ്ലീഹന്മാർ കൈവയ്പുവഴി നിയോഗിക്കുന്നതായി നാം കാണുന്നു (നടപടി 6:1-7). ആദ്യനൂറ്റാണ്ടുകളിൽ ഏഴു മ്ശംശാനാമാരെ മാത്രമേ ഓരോ സഭയും തിരഞ്ഞെടുത്തിരുന്നുള്ളൂ. പ്രത്യേകിച്ചും റോമിൽ വളരെക്കാലത്തേയ്ക്ക് ഏഴ് ശെമ്മാശന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.[2] സഭാപിതാക്കന്മാരുടെ കാലം ആയപ്പോഴേക്കും രണ്ടുതരത്തിലുള്ള ഡീക്കന്മാർ ഉണ്ടായി. ഒന്നാമത്തെ വിഭാഗം ഡീക്കൻ പദവി കശീശോപട്ടം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി സ്വീകരിക്കുന്നു. രണ്ടാമത്തെ കൂട്ടർ നിത്യഡീക്കന്മാരാണ്. നിത്യഡീക്കന്മാരുടെ കൂട്ടത്തിൽ വിവാഹിതരും അവിവാഹിതരുമുണ്ടായിരുന്നു. ആദിമസഭയിൽ മെത്രാനോടും, വൈദികരോടും ചേർന്ന് ഡീക്കന്മാരും സഭാഭരണത്തിൽ സഹായിച്ചിരുന്നു.[3] തിരുക്കർമ്മത്തിലും സഭാഭരണത്തിലും അവർക്ക് സ്ഥാനമുണ്ടായിരുന്നു. പാശ്ചാത്യസഭയിൽ അഗതികളെ സംരക്ഷിക്കുക, സഭാവസ്തുക്കൾ കൈകാര്യം ചെയ്യുക എന്നീ കർത്തവ്യങ്ങൾ നിർവ്വഹിച്ചവരും ഡീക്കന്മാരായിരുന്നു.

2. P. Hinchliff "Deacon". j. G. Davies (ed)
A New Dictionary of Liturgy and worship (London 1974) Pg. 208
3. ഡോ. ജേക്കബ് വെള്ളിയൻ, ആരാധനക്രമവിജ്ഞാനകോശം, പേജ് 378

www.malankaralibrary.com

ആദിമസഭയിൽ സുവിശേഷം വായിക്കുവാനും വി.കുർബാന കൊടുക്കുവാനും വി.കുർബാന രോഗികൾക്ക് കൊണ്ടുപോയി കൊടുക്കുവാനും ഡീക്കന്മാർ പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്നു. വി.സഭയിലെ ശെമ്മാശസ്ഥാനം ശുശ്രൂഷയിലേക്കുള്ള ഒരു വിളി യാണ്. ഇവർ വി.സഭയെ ശുശ്രൂഷിക്കുന്ന ഔദ്യോഗിക സേവക രാണ്. പൗരോഹിത്യശ്രേണിയിലെ മൂന്നാമത്തെ പദവിയാണ് ശെമ്മാശസ്ഥാനം. മെത്രാൻ പദവിയും, പൗരോഹിത്യപദവിയുമാണ് ആദ്യത്തെ രണ്ട് പദവികൾ. വിശുദ്ധ സഭയെ സേവിക്കുവാനും ആരാധനയിൽ സഹായിക്കുവാനു മാണ് ഡീക്കന്മാരെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നത്.

**മ്ശംശോനോ: മലങ്കര അന്ത്യോക്യൻ സഭാ ദർശനത്തിൽ**

മലങ്കര അന്ത്യോക്യൻ ആരാധനാപാരമ്പര്യത്തിൽ ശെമ്മാശ ന്മാർക്ക് വളരെ ഉയർന്ന സ്ഥാനമുണ്ട്. ശെമ്മാശന്മാരുടെ സഹായ മില്ലാത്ത ഒരു ശുശ്രൂഷപോലും മലങ്കര സഭാപാരമ്പര്യത്തിലില്ല. മലങ്കര അന്ത്യോക്യൻ സഭാ കാഴ്ചപ്പാടിൽ ശെമ്മാശന്മാർ മാലാഖ മാരുടെ പ്രതിനിധികൾ ആണ്. അവർ സഭാസമൂഹത്തെ ശുശ്രൂഷി ക്കുന്നവരും കൂദാശകളുടെ പരികർമ്മത്തിൽ വളരെ പ്രധാനപ്പട്ട പങ്കുവഹിക്കുന്നവരുമാണ്. ശെമ്മാശന്മാരുടെ സ്ഥാനം ദൈവത്താൽ സ്ഥാപിതവുമാണ്. മലങ്കര സഭയിൽ വി.കുർബാന കൊടുക്കുമ്പോൾ ആലപിക്കുന്ന ഗാനത്തിൽ അതു വളരെ വ്യക്തമാക്കുന്നുണ്ട്.

"മേൽപ്പട്ടക്കാർ പട്ടക്കാരോടു ശെമ്മാശന്മാർ
കർത്താവിവരെ നിയമിച്ചാക്കി ഭൂമിയതിങ്കൽ."

പൗരോഹിത്യം ദൈവത്തിന്റെ ദാനമാണ്. വി. ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം യോഗ്യരായ അനുയായികളെ ശിഷ്യന്മാർക്ക് ലഭിച്ച ദൗത്യം ഭരമേൽപ്പിച്ചു. കൈവയ്പ് വഴിയായിട്ടാണ് അവരെ നിയമിച്ചത് (നടപടി 13:1-3). പൗലോസ് ശ്ലീഹാ തീമോത്തിയെയും തീത്തൂസിനെയും കൈവയ്പുവഴിയാണ് നിയമിച്ചത് (2 തിമോ 2;1-2, തീത്തൂസ് 1:5) ഇത് മനുഷ്യർ നൽകുന്ന അധികാരമല്ല ദൈവത്തിൽ നിന്നു വരുന്നതാണ്. കൈവയ്പുവഴി പരിശുദ്ധാത്മാഭിഷേകവും പൗരോഹിത്യദാനവും കൈമാറ്റപ്പെടുന്നു.

www.malankaralibrary.com

മലങ്കര - അന്ത്യോക്യൻ ആരാധനക്രമത്തിലെ ശെമ്മാശപട്ടംകൊട ക്രമത്തിൽ നാം കാണുന്നത് ഇപ്രകാരമാണ്. "വിശുദ്ധ സഭയിൽ ശെമ്മാശനാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു." ഇപ്രകാരം മേൽപ്പട്ടക്കാരൻ പറഞ്ഞുകൊണ്ടാണ് പട്ടാഭിഷേകശുശ്രൂഷക്രമം ആരംഭിക്കുന്നത്. മലങ്കര സഭയുടെ കാഴ്ചപ്പാടിൽ ഈ വിളി പരിശുദ്ധാത്മാവിന്റെ വിളിതന്നെയാണ്. അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നാത്തിയോസിന്റെ വാക്കുകൾ ഇപ്രകാരമാണ് "താഴ്ന്ന് പട്ടങ്ങൾ ലഭിച്ചിരിക്കുന്നവരും പുരോഹിത ശ്രേഷ്ഠനായ മിശിഹായുടെ ദൗത്യത്തിലും പ്രസാദത്തിലും പ്രത്യേകമായ രീതിയിൽ ഭാഗഭാക്കുകളാകുന്നുണ്ട്. ഇവരിൽ പ്രഥമസ്ഥാനമർഹിക്കുന്നത് ഡീക്കന്മാരാണ്."[4] ആരാധനക്രമ വ്യാഖ്യാതാവായ തിയോഡർ പറയുന്നത് ഇപ്രകാരമാണ് "ഭീതിജനകമായ ഈ കൂദാശ പരികർമ്മം ചെയ്യുമ്പോൾ മ്ശംശാനാമാർ പ്രതിനിധീകരിക്കുന്നത് അരൂപികളായ ആത്മാക്കളുടെ പ്രവർത്തനങ്ങളുടെ സാദൃശ്യമാണ്. ഭീതകരമായ ഈ കൂദാശപരികർമ്മത്തിൽ മ്ശംശാനാമാർ സഹായിക്കുമ്പോൾ നമ്മൾ മാലാഖമാരെക്കുറിച്ചും അവരുടെ അവർണ്ണനീയമായ ശുശ്രൂഷയെക്കുറിച്ചും ചിന്തിക്കണം."[5] ആരാധനയിൽ കാർമ്മികനേയും ദൈവജനത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി അവർ വർത്തിക്കുന്നു. "പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുക, ആരാധനസമയത്ത് ക്രമപാലനം നടത്തുക. അവിടെ നടക്കുന്ന കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുക. ബലിവസ്തുക്കൾ മദ്ബഹായിൽ കൊണ്ടുവന്ന് സ്ഥാപിക്കുക, വി.കുർബാന കൊടുക്കുവാൻ കാർമ്മികനെ സഹായിക്കുക എന്നീ ദൗത്യങ്ങൾ നിർവഹിച്ചിരുന്ന മ്ശംശാനാമാരെ ദൈവവചനത്തെപ്പോലെ ബഹുമാനിക്കണമെന്ന് അന്ത്യോക്യയിലെ ഇഗ്നേഷ്യസ് വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു."[6]

മലങ്കര - അന്ത്യോക്യൻ ആരാധനക്രമത്തിലെ ശെമ്മാശപട്ടക്രമത്തിലെ പ്രുമയൂൻ സെദറായിൽ ശെമ്മാശന്റെ വിശുദ്ധ

4. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.) പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 865
5 ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.) പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 867
6. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.) പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 876

www.malankaralibrary.com

ജീവിതത്തെക്കുറിച്ചും, ആത്മീയതയെ കുറിച്ചും പ്രതിപാദിക്കുന്ന തോടൊപ്പം അവൻ ചെയ്യേണ്ട മിഷ്യൻ ശുശ്രൂഷയെ പറ്റിയും വളരെ സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. "മ്ശംശോനോ സ്ഥാനത്തിന് അടുത്തുവന്നിട്ടുള്ള ഈ നിന്റെ ദാസന്മാരെ നിന്റെ തിരുവിഷ്ടപ്ര കാരം ചൊവ്വുള്ള നിന്റെ കല്പകനകളുടെ വഴി നടക്കുന്ന ശെമ്മാ ശന്മാരാക്കി തീർക്കണമേ. നിരന്തരമായി ആത്മീയകാര്യങ്ങളിൽ ശുഷ്കാന്തി കാണിക്കുന്ന ശെമ്മാശന്മാരും ആത്മശരീരങ്ങളെ വെടിപ്പാൽ വ്യാപരിക്കുന്ന ശെമ്മാശന്മാരുമാക്കി തീർക്കണമെ. ഇവരെ കർത്താവായ നിന്റെ പ്രമാണത്തിൽ രാവും പകലും ധ്യാനി ക്കുന്ന ശെമ്മാശന്മാരാക്കി തീർക്കണമെ. ഹാലേലൂയാകളും സംഗീ തങ്ങളിലും ആത്മീയഗാനങ്ങളും നിരന്തരമായി ആലപിക്കുന്ന ശെമ്മാശന്മാരും വെടിപ്പും വിശുദ്ധിയുമുള്ള ശെമ്മാശന്മാരായി ഇവരെ ആക്കിത്തീർക്കണമെ. പൂർണ്ണമായ സത്യസ്നേഹം ഇവരിൽ കാണപ്പെടുന്ന സ്ഥിരമുള്ള ശെമ്മാശന്മാരും ഏവൻഗേലിയോൻ അടുത്ത ഉപദേശങ്ങളിൽ താല്പര്യം കാണിക്കുന്ന ശെമ്മാശന്മാരും, ഭരമേറ്റിട്ടുള്ള താലന്തുകളെ ഏവൻഗേലിയോനിൽ പറഞ്ഞിട്ടുള്ള പ്രകാരം ഉചിതമായി വർദ്ധിപ്പിക്കുന്ന ശെമ്മാശന്മാരുമായി ഇവരെ ആക്കിത്തീർക്കണമെ. താഴ്മയോടും ശ്രേഷ്ഠകരമായ വിശുദ്ധിയോ ടുംകൂടി വിശുദ്ധ മദ്ബഹായെ അലങ്കരിക്കുന്ന ശെമ്മാശന്മാരും ശ്ലൈഹിക കല്പനപ്രകാരം നല്ല ദൃഷ്ടാന്തം നല്കുന്ന ശെമ്മാശ ന്മാരുമായി ഇവരെ ആക്കിത്തീർക്കണമെ. സകല വഞ്ചനകളിൽ നിന്നും തിന്മകളിൽനിന്നും ഹൃദയങ്ങളേയും നാവുകളേയും കാത്തു കൊള്ളുന്നവരും നാശകരമായ സകല വേദവിപരീതങ്ങളെ പൂർണ്ണ മായി ദ്വേഷിക്കുന്ന വലത്തുഭാഗത്തെ ശെമ്മാശന്മാരുമായി ഇവരെ ആക്കിത്തീർക്കണമെ. താഴ്മയോടും ശ്രേഷ്ഠകരമായ വിശുദ്ധിയോ ടുംകൂടെ വിശുദ്ധ മദ്ബഹായെ അലങ്കരിക്കുന്ന ശെമ്മാശന്മാരും, ശ്ലൈഹിക കല്പനപ്രകാരം നല്ല ദൃഷ്ടാന്തം നല്കുന്ന ശെമ്മാശ ന്മാരുമായി ഇവരെ ആക്കിത്തീർക്കണമെ. വിശുദ്ധ മദ്ബഹാകളിൽ നിരപ്പാകുന്ന ധൂപം അർപ്പിക്കുന്ന വലത്തുഭാഗത്തെ ശെമ്മാശന്മാരും വെടിപ്പുള്ള നോമ്പുകളാചരിച്ച് സ്വീകാര്യമായ പ്രാർത്ഥനകൾ കഴി ക്കുന്ന ശെമ്മാശന്മാരും വിശുദ്ധ റൂഹാ മൂലം രസമുള്ള രാഗങ്ങൾ പാടി ശുശ്രൂഷിക്കുന്ന ദൈവിക കിന്നരങ്ങളാകുന്ന ശെമ്മാശന്മാരും ദൈവസ്നേഹത്താലും സഹോദരങ്ങളോടും പരദേശികളോടുള്ള

www.malankaralibrary.com

സ്നേഹംകൊണ്ടും ശ്രേഷ്ഠതപ്പെടുന്ന ശെമ്മാശന്മാരുമായി ഇവരെ ആക്കിത്തീർക്കണമെ....''[7] അപ്പോൾ ശെമ്മാശന്റെ ശുശ്രൂഷകൾ ദൈവാലയത്തിൽ മാത്രം ഒതുങ്ങുനിൽക്കേണ്ടതല്ല. സഭയടെ മിഷ്യൻ ശുശ്രൂഷയിൽ വളരെ ഉദാത്തമായ പങ്ക് ശെമ്മാശന്മാർക്ക് ഉണ്ട്. ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ (1കൊറി. 12:4). അതുപോലെ ഈ പൗരോഹിത്യ വരങ്ങൾ പലതാണെങ്കിലും അവയെ പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഒന്നുമാത്രമാണ്. മലങ്കര സഭയുടെ കാഴ്ചപ്പാടിൽ ഈ പട്ടത്വവരങ്ങൾ മൂന്നാണ്. 1. മഹാപുരോഹിതൻ, 2. പുരോഹിതൻ, 3. ശെമ്മാശൻ. വെടിപ്പാക്കുക, പ്രകാശിപ്പിക്കുക, പൂർണ്ണമാക്കുക എന്നിവയാണ് മൂന്ന് ദൗത്യങ്ങൾ. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ശെമ്മാശന് വെടിപ്പാക്കാനുള്ള വരവും പുരോഹിതന് പ്രകാശിപ്പിക്കാനുള്ള വരവും, മെത്രാന് പൂർണ്ണമാക്കാനുള്ള വരവുമാണ് ലഭിച്ചിരിക്കുന്നത്. മെത്രാന്റെയും പുരോഹിതന്റെയും ശെമ്മാശന്റെയും സ്ഥാനവും, അവരുടെ ദൗത്യത്തെക്കുറിച്ചും, അന്ത്യോക്യായിലെ മാർ ഇഗ്നാത്തിയോസ് മാഗ്നേഷ്യർക്ക് എഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട് "മെത്രാൻ ദൈവത്തിന്റെ സ്ഥാനത്ത് അദ്ധ്യക്ഷത വഹിക്കുന്നു. വൈദികൻ ശ്ലീഹന്മാരുടെ സ്ഥാനമെടുക്കുന്നു. ശെമ്മാശന്മാർ യേശുവിന്റെ ശുശ്രൂഷകന്മാ രാകുന്നു, (മാഗ്നേഷ്യർക്ക് എഴുതിയ ലേഖനം IV, 1). മലങ്കരസഭയിൽ മേല്പ്പട്ട സ്ഥാനാഭിഷേക കർമ്മത്തിലെ പ്രൂമയൂനിൽ ഇപ്രകാരം പറയുന്നു: "അവൻ സ്വർഗ്ഗീയ സഭയിൽ അദൃശ്യമായി സ്തുതിക്ക പ്പെടുകയും ഭൗമികസഭയിൽ മേല്പട്ടക്കാരാലും ശെമ്മാശന്മാരാലും പുകഴ്ത്തപ്പെടുകയും ചെയ്യുന്നു.'' സെദറായിൽ വീണ്ടും ഇങ്ങനെ കാണുന്നു 'ഉത്കൃഷ്ടമായ ശുശ്രൂഷകൊണ്ട് അവർ ധന്യരും സംശുദ്ധരും പ്രകാശിതരും സമ്പൂർണ്ണരുമായ തീരുവാൻ തക്കവണ്ണം നിന്റെ ദൈവിക ദാനങ്ങൾ അവർക്കു നീ നൽകി.'

സ്വർഗ്ഗീയ സഭയിൽ ഒൻപത് ഗണം മാലാഖമാരുണ്ട്. മാർ യാക്കോബിന്റെ അന്നാഫുറായിൽ നാം ഇപ്രകാരം കാണുന്നു.

7. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വൈദികാഭിഷേകക്രമം (ശെമ്മാശന്മാരുടെ കൈവയ്പുക്രമം, പേജ് 72)

www.malankaralibrary.com

'മാലാഖമാരും, പ്രധാന മാലാഖമാരും റീശനുവോസേന്മാരും, ശൂൽത്തോനേന്മാരും, മൗത്ത്ബേന്മാരും മോറാവോസേന്മാരും, ഹൈലാവോസേന്മാരും അനേക കണ്ണുകളുള്ള ക്രോബേന്മാരും, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നടുത്ത്, 'പരിശുദ്ധൻ' എന്ന ഉച്ചത്തിൽ പാടുന്ന, ആറാറു ചിറകുകളുള്ള സ്രോപ്പേന്മാരുമായ സ്വർഗ്ഗീയ സൈന്യങ്ങൾ'[8] എന്ന്. ഇങ്ങനെ ഒൻപതുഗണം മാലാഖമാർ സ്വർഗ്ഗത്തിലുള്ളതുപോലെ ഭൗമിക സഭയിലും 9 ഗണം വൈദിക സ്ഥാനികൾ ഉണ്ട്. ഒൻപത് ഗണം മാലാഖമാരുടെ ഗണത്തെ ചുരുക്കമായി മൂന്നു ഗണത്തിൽ ഉൾപ്പെടുത്താം. ഏലോയെ, മെസഓയെ, തഹത്തോയെ എന്നിവയാണ് ഈ മൂന്ന് ഗണങ്ങൾ. ഏലോയേ വിഭാഗത്തിൽ സ്രോപ്പേ, ക്രൂബേ, മൗത്ത്ബേ എന്നീ ഗണങ്ങളും മെസഓയെ വിഭാഗത്തിൽ മോറാഖോസെ, ഹൈലവോസെ, ശൂൽത്തോനെ എന്നീ ഗണങ്ങളും തഹത്തോയെ വിഭാഗത്തിൽ ആർക്കാവോസെ, റാബേമാലാലെ, മാലാലെ എന്നീ ഗണങ്ങളും ഉൾപ്പെടുന്നു. ഏലോയെ ഉന്നതഗണത്തിൽപ്പെട്ടവരും മെസഓയെ മദ്ധ്യപദവിയിൽ ഉള്ളവരും തഹത്തോയെ താണപദവിയിലുള്ളവരുമാണ്. അതുപോലെ ഒൻപത് ഗണം വൈദികസ്ഥാനികളെ ഈ മാലാഖമാരുടെ ഗണങ്ങളുമായി താരതമ്യെപ്പെടുത്താം.

| **സ്വർഗ്ഗീയ സൈന്യങ്ങൾ** | **പൗരോഹിത്യ പദവികൾ** |
|---|---|
| **I. ഏലോയെ (ഉന്നതപദവി)** | **മഹാപുരോഹിതൻ** |
| a. സ്രോപ്പേ | a. പാത്രിയർക്കീസ് |
| b. ക്രൂബേ | b. മെത്രാപ്പോലീത്ത |
| c. മൗത്ത്ബേ | c. എപ്പിസ്ക്കോപ്പാ |
| **II മെസഓയേ (മദ്ധ്യപദവി)** | **പൗരോഹിത്യം** |
| a. മോറോവോസെ | a. ഫെറദ്യൂത്തോ (Episcopal Visitor) |
| b. ഹൈവലാവോസെ | b. കോറെപ്പിസ്ക്കോപ്പാ |
| c. ശൂൽത്തോനെ | c. കൊഹനോ |

8. വി. കുർബാന തക്സാ, പേജ് 44

www.malankaralibrary.com

| **III തഹത്തോയെ (താണപദവി)** | **ശുശ്രൂഷാസ്ഥാനം** |
|---|---|
| a. അൽക്കാവോസെ | a. അർക്കദിയാക്കോൻ |
| b. റാബെമാലാഖെ | b. ശെമ്മാശൻ |
| c. മാലാഖെ | c. എവുപ്പ്ദിയാക്കോൻ[9] |

ഇവയാണ് 9 ഗണം മാലാഖമാരും 9 ഗണം പൗരോഹിത്യ ശ്രേണികളും. ശെമ്മാശന്മാർ എന്നത് പൂർണ്ണശെമ്മാശന്മാരെ ഉദ്ദേശിച്ചു പറയുന്നതാണെങ്കിലും അവരുടെ കീഴ്സ്ഥാനികളായ എവുപ്പ്ദിയാക്കോനോ, കോറൂയോ, മസമ്രോനോ പദവിക്കാരേയും സാധാരണ ശെമ്മാശന്മാർ എന്ന് വിളിക്കുന്നു. പൂർണ്ണശെമ്മാശന്മാർ അഥവാ ഡീക്കന് 'നൽവരവും' മ്സമ്രോനോ, കോറൂയോ എവുപ്പദിയക്കിനോ സ്ഥാനികൾക്ക് അനുഗ്രഹത്തിന്റെ വരമാണ് ലഭിക്കുന്നത്.

**സ്ഥാനക്രമങ്ങൾ**

**മ്സമ്രോനോ** - വി.കുർബാനയിലും മറ്റു ശുശ്രൂഷകളിലും സംഗീതാലാപനം നടത്തുന്നതിന് മ്സമ്രോനോ പട്ടക്കാരൻ നിയമിക്കപ്പെടുന്നു.

**കോറൂയോ** - വായനക്കാരൻ. വി.കുർബാനയിലും മറ്റു ശുശ്രൂഷകളിലും പഴയനിയമവും പുതിയനിയമവും (ലേഖനങ്ങൾ) വായിക്കുവാൻ അധികാരമുള്ളവൻ. ഈ സ്ഥാനി ഉറാറാ പുറത്തും നെഞ്ചത്തുമായി കുരിശാകൃതിയിൽ ധരിക്കുന്നു.

**എവുപ്പദിയാക്കിനോ** - അർദ്ധശെമ്മാശൻ (സബ് - ഡീക്കൻ) വിളക്കുവഹിച്ചിരുന്ന അഹറോന്റെ പുത്രന്മാരുടെ സ്ഥാനം. വി.കുർബാനാ സമയത്ത് ഇവർ തിരികൾ വഹിക്കുന്നു. ഇവർ ഉറാറാ വലതുകക്ഷത്തുകൂടി ചുറ്റി ഇടത്തേ തോളിൽ മുൻപോട്ടും പിറകോട്ടുമായി ഇടുന്നു.

**പൂർണ്ണശെമ്മാശൻ** - ഡീക്കൻ. വി. കുർബാനയിൽ ധൂപം വീശുന്നു. ഉറാറാ ഇടത്തെ തോളിൽ മുൻപോട്ടും പിറകോട്ടുമായി

9. ഫാദർ ഗീവർഗീസ് പണിക്കർ, കാരിച്ചാൽ, വി. കുർബാന തീർത്ഥാടകസഭയിൽ, പേജ് 40

www.malankaralibrary.com

ടുന്നു. കത്തോലിക്കാസഭയിൽ പൂർണ്ണശെമ്മാശൻമുതൽ ബ്രഹ്മചര്യ വ്രതം കാത്തുസൂക്ഷിക്കുവാൻ കടമയുണ്ട്.

**ഉപസംഹാരം**

മലങ്കര സഭയിൽ ശെമ്മാശന്മാർക്ക് വളരെ ഉന്നതമായ സ്ഥാനമുണ്ട്. ഒരു വ്യക്തിയെ ശെമ്മാശനാക്കുന്നത് വളരെ പ്രധാന പ്പെട്ട കാര്യമാണ്. ഈ സ്ഥാനത്തിന്റെ ഗൗരവം എന്താണ് എന്ന് തിരുപ്പട്ടശുശ്രൂഷയിലെ പ്രാർത്ഥനകളിലൂടെ വിളിച്ചറിയിക്കപ്പെ ടുന്നു. യേശുമിശിഹായുടെ ശുശ്രൂഷയിൽ പങ്കുപറ്റുന്ന ഇവരുടെ പ്രവർത്തനമേഖലകൾ ദൈവാലയത്തിൽമാത്രം ഒതുങ്ങുനിൽ ക്കേണ്ടതല്ല. കാർമ്മികനെയും, ദൈവജനത്തെയും തമ്മിൽ യോജി പ്പിക്കുന്ന കണ്ണിയും, വിശ്വാസരഹസ്യത്തിന്റെ സൂക്ഷിപ്പുകാരുമാണ് മ്ശംശോനാമാർ. വിശുദ്ധിയിൽ വളരുവാനും വിശുദ്ധീകരിക്കു വാനുമായി ദൈവത്താൽ വിളിച്ച് അഭിഷിക്തരായ ശെമ്മാശന്മാർ വി.സഭയുടെ ശുശ്രൂഷകന്മാരാണ്.

❋❋❋

www.malankaralibrary.com

# കിഴക്കിനഭിമുഖമായ പ്രാർത്ഥന: അന്ത്യോക്യൻ ആരാധനാ പാരമ്പര്യത്തിൽ

മലങ്കര - അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ കിഴക്ക് ദിക്കിന് വളരെ അതുല്യമായ സ്ഥാനമുണ്ട്. മലങ്കര സഭയിൽ എല്ലാ പ്രാർത്ഥനകളും ശുശ്രൂഷകളും കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ടാണ് നടത്തുന്നത്. കിഴക്കോട്ടുതിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നത് വി.സഭയുടെ പുരാതനമായ രീതിയാണ്. വി.ഗ്രന്ഥത്തിന്റെയും ആരാധനക്രമത്തിന്റെയും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലിന്റെയും വെളിച്ചത്തിൽ 'കിഴക്കിന്റെ' പ്രാധാന്യത്തെ എടുത്തു കാട്ടുകയാണ് ഇവിടെ.

### കിഴക്ക് എന്ന പദത്തിന്റെ അർത്ഥതലങ്ങൾ

'കിഴക്ക്' എന്ന പദത്തിന്റെ ഉറവിടം 'സൂര്യൻ' സൂര്യോദയം, പ്രഭാതം എന്നീ വാക്കുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കിഴക്ക് എന്ന പദത്തിന് തത്തുല്യമായ ഹീബ്രുപദം 'മിസ്രാഹ്' (Mizrah) എന്ന വാക്കാണ്. ഈ പദത്തിന് ഉദിക്കുക, 'പ്രകാശിക്കുക' എന്നാണർത്ഥം. മിസ്രാഹ് എന്ന ഹീബ്രുപദത്തിന് യോജിച്ച 'ഗ്രീക്ക്പദം' 'അന ത്തോലേ' എന്ന വാക്കാണ്. ഉദിച്ചുയരുന്ന സൂര്യൻ എന്നാണർത്ഥം. സുറിയാനിഭാഷയിൽ 'മദ്നഹോ' എന്നാൽ കിഴക്ക് എന്നർത്ഥം. കിഴക്ക് എന്ന വാക്ക് വ്യക്തമായി പറഞ്ഞാൽ ഉദയസൂര്യനോട് ബന്ധപ്പെട്ടിരിക്കുന്നു. കിഴക്കും പ്രകാശവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

## കിഴക്കിന്റെ പ്രാധാന്യം വി.ഗ്രന്ഥത്തിൽ

വി. ഗ്രന്ഥത്തിന്റെ ആരംഭം മുതൽ അവസാനം വരെയും കിഴക്കിന്റെ പ്രത്യേകതയെ എടുത്തുകാട്ടുന്നുണ്ട്. ദൈവം ഏദൻതോട്ടം കിഴക്കാണ് നിർമ്മിച്ചത് (ഉല്പ 2:8). ഏദൻ തോട്ടത്തിന്റെ വാതിൽ കിഴക്കാണ് (3:24). ക്രോബേന്മാർ ദൈവാലയത്തിന്റെ കിഴക്കേ വാതിൽക്കൽ നിന്നു (എസക്കി 10:19). ദൈവത്തിന്റെ തേജസ് കിഴക്ക് ഉദിച്ചു (എസ. 43:1, 2). ദൈവാലയ ഗോപുരത്തിന്റെ ദർശനം കിഴക്കോട്ടായിരുന്നു (എസക്കി 43:4). കിഴക്കുനിന്ന് നീതി, എതിരേൽക്കുന്നവനെ ഉണർത്തി (ഏശയ്യ 41:2). കർത്താവിന്റെ രണ്ടാമത്തെ വരവ് കിഴക്കുനിന്ന് ആയിരിക്കും (മത്തായി 24:27).

വി.ഗ്രന്ഥത്തിൽ 188 പ്രാവശ്യം കഴിക്ക് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിൽ 179 പ്രാവശ്യവും പുതിയ നിയമത്തിൽ 9 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്. പൗരസ്ത്യ സഭയുടെ കാഴ്ചപ്പാടിൽ പ്രകാശത്തെ പ്രതിനിദാനം ചെയ്യുന്ന കിഴക്ക് നീതിസൂര്യനായ മിശിഹായെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. "വി.ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ 'കിഴക്ക്' എന്നത് പറുദീസായേയും (സ്വർഗ്ഗത്തേയും) പ്രകാശ മായ മിശിഹായേയുമാണ് പ്രതിനിധാനം ചെയ്യുന്നത്."[1] പ്രകാശവും കിഴക്കുമായി പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതു പോലെ പ്രകാശവും യേശുനാഥനുമായി ബന്ധപ്പെട്ടിരിക്കുന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ.8:12). പഴയ നിയമത്തിൽ നാം ഇപ്രകാരം കാണുന്നു. "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും" (ഏശയ്യ 49:6). "കർത്താവ് എന്റെ രക്ഷയും പ്രകാശവും ആകുന്നു" (സങ്കീ. 27:1). കിഴക്കോട്ട് അഭി മുഖമായ പ്രാർത്ഥന വേദപുസ്തകാധിഷ്ഠിതവും അർത്ഥ പൂർണ്ണവുമാണ്.

## കിഴക്കിന്റെ പ്രാധാന്യം പിതാക്കന്മാരുടെ വീക്ഷണത്തിൽ

പിതാക്കന്മാർ കിഴക്കിനെ പറുദീസായുടെ പ്രതീകമായും മിശിഹായുടെ പ്രതീകമായും ദർശിച്ചിരുന്നു. നീതി സൂര്യനായ

1. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.), പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 31

www.malankaralibrary.com

മിശിഹായെ കിഴക്കോട്ടു തിരിഞ്ഞുനിന്ന് ആരാധിക്കുക എന്നത് വളരെ പുരാതനമായ പാരമ്പര്യമാണ് എന്ന് ആദിമസഭാപിതാക്കന്മാർ സാക്ഷിക്കുന്നു. ഹിപ്പോളിറ്റസ്, അലക്സാണ്ഡ്രിയായിലെ വി. ക്ലമന്റ്, തെർത്തുല്ല്യൻ, ഒരിജൻ ഇവരെല്ലാം കിഴക്കിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു.

പൗരസ്ത്യസഭാപിതാവായ വി.ബേസേലിയോസ് ഇപ്രകാരം പറയുന്നു: "പ്രാർത്ഥിക്കുമ്പോൾ നാമെല്ലാവരും കിഴക്കോട്ട് തിരിഞ്ഞുനിൽക്കുന്നു."[2] നിസ്സായിലെ വി.ഗ്രഗറി ഇപ്രകാരം പറയുന്നു. "നാം കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നത് ദൈവം അവിടെ മാത്രമാണുള്ളതെന്നു ചിന്തിക്കുന്നതുകൊണ്ടല്ല. മറിച്ച് നമ്മുടെ ആദ്യത്തെ പിതൃരാജ്യം കിഴക്കായതുകൊണ്ടാണ്."[3] സഭാപിതാക്കന്മാരുടെ കാലത്തുമാത്രമല്ല അതിനുശേഷവും എഴുതപ്പെട്ടരേഖകളിൽ കിഴക്കിന്റെ പ്രാധാന്യത്തെപറ്റി പരാമർശിക്കുന്നുണ്ട്.

**മലങ്കര - അന്ത്യോക്യൻ ആരാധനാ പാരമ്പര്യത്തിൽ**

മലങ്കര - അന്ത്യോക്യൻ സഭാ പാരമ്പര്യത്തിൽ കിഴക്കിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. വാഗ്ദത്തനാട്ടിലേക്കുള്ള ഇസ്രായേൽജനം നടത്തിയ തീർത്ഥാടനത്തെ സൂചിപ്പിക്കുവാനാണ് കാർമ്മികന്റെ പുറകിൽ ജനം നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നത്. സഭ ഒരു ആരാധകസംഘം എന്ന സങ്കല്പത്തോടൊപ്പമുള്ള ചിന്ത യാണ് സഭ ഒരു തീർത്ഥാടകസംഘം എന്നുള്ളത്. പഴയ നിയമ സഭ തേനും പാലുമൊഴുകുന്ന കാനാൻനാട് ലക്ഷ്യമാക്കി യാത്ര ചെയ്തു എങ്കിൽ പുതിയനിയമ സഭ സ്വർഗ്ഗീയ ജെറുസലേമിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന സംഘമാണ്. തീർത്ഥാടനസംഘമാണ്.

ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു കിഴക്കോട്ടാണ്. കിഴക്കോട്ടുയിർത്ത നാഥനോടാണ് അപ്പസ്തോലന്മാർ പ്രാർത്ഥിച്ചി

2. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.), പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 37
3. ഡോ. ജോസഫ് കല്ലറങ്ങാട്ട് (എഡി.), പൗരസ്ത്യദൈവശാസ്ത്ര ദർശനങ്ങൾ, പേജ് 37

www.malankaralibrary.com

രുന്നത്. അവിടെ നിന്നുതന്നെയാണ് ഇനിയും വരുന്നതും.[4] കിഴക്കോട്ടു തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്ന രീതി അന്ത്യോക്യൻ സഭാ പാരമ്പര്യത്തിൽ അപ്പസ്തോലിക കാലം മുതൽ ആരംഭിച്ചതാണ്. മലങ്കര സഭയിൽ ശുശ്രൂഷകൾ എല്ലാം കിഴക്കോട്ട് തിരിഞ്ഞു നിന്നാണ് നടത്തുന്നത്. വിവാഹശുശ്രൂഷയിലും, പട്ടംകൊട ശുശ്രൂഷയിലും, മാമോദീസ, മൂറോൻഅഭിഷേകം തുടങ്ങിയ കൂദാശകളിൽ പ്രാർത്ഥനകൾ എല്ലാം കിഴക്കോട്ടും തിരിഞ്ഞുനിന്നുകൊണ്ടും, ഗാനങ്ങൾ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ടുമാണ്. കാരണം ഗാനങ്ങൾ ഒട്ടുമിക്കവയും പ്രബോധനമാണ്. ഗാനാലാപനത്തിലൂടെ ജനത്തെ വിശ്വാസസത്യങ്ങൾ പ്രബോധിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനാലാണ് ഗാനമാലപിക്കുമ്പോൾ പടിഞ്ഞാറോട്ട് തിരിയുന്നത്.

പാശ്ചാത്യസഭയിലോ പൗരസ്ത്യസഭയിലോ ആകട്ടെ, ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നു കുർബാന ചൊല്ലുന്ന രീതി ഉണ്ടായിരുന്നില്ല. തന്നെയുമല്ല, ഏതെങ്കിലും ഒരിടത്തു ജനങ്ങൾക്ക് അഭിമുഖമായിനിന്നു കുർബാന അർപ്പിച്ചതായി ഒരു രേഖയുമില്ല. കിഴക്കോട്ടു തിരിഞ്ഞുനിന്നു ബലിയർപ്പിച്ചതായിട്ടേ രേഖയുള്ളൂ.[5] യഹൂദന്മാർ ജറുസലേമിലേക്ക് നോക്കി പ്രാർത്ഥിച്ചിരുന്നപ്പോൾ ക്രിസ്ത്യാനികൾ സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കുന്നുവെന്നതിന്റെ സൂചനയായി കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കണമെന്നായിരുന്നു ആദിമസഭയുടെ നിർദ്ദേശം. ജനാഭിമുഖമായ ആരാധന അന്ത്യോക്യൻ സഭാപാരമ്പര്യത്തിലില്ല. 'കിഴക്കോട്ട് ദർശനമുള്ള വാതലിലേക്ക് അവൻ എന്നെ കൊണ്ടുവന്നു. കിഴക്കേ വാതിലിൽ നിന്ന് ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം വരുന്നത് ഞാൻ ദർശിച്ചു' (ഏശയ്യ 43:1-14).

മലങ്കരസഭാ പാരമ്പര്യത്തിൽ കിഴക്കോട്ടു തിരിഞ്ഞുനിന്നുള്ള പ്രാർത്ഥനയ്ക്ക് ശക്തമായ വേദപുസ്തക അടിത്തറയും, ആദിമസഭാ

4. റവ. ഡോ. ജേക്കബ് വെള്ളിയാൻ ആരാധനക്രമ വിജ്ഞാന കോശം, പേജ് 243

5. റവ. ഡോ. ജേക്കബ് വെള്ളിയാൻ ആരാധനക്രമ വിജ്ഞാന കോശം, പേജ് 241

www.malankaralibrary.com

പിതാക്കന്മാരുടെ സാക്ഷ്യത്തിന്റെ പിൻബലവുമുണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവുവരെ പ്രാർത്ഥനാപൂർവം സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള തീർത്ഥാടനത്തിൽ കാർമ്മികൻ സഭയെ നയിക്കുകയാണ് കിഴക്കോട്ടുള്ള പ്രാർത്ഥനയിലൂടെ. മലങ്കര സഭയിൽ കൂദാശകളും, കൂദാശസഹകരണങ്ങളും എല്ലാം കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട് നടത്തുന്നു. മൃതശരീരം അടക്കം ചെയ്യുന്നതും കിഴക്കോട്ടുള്ള ദർശനത്തിലാണ്. ദൈവാലയം നിർമ്മിക്കുമ്പോൾ അതിന്റെ മദ്ബഹാ കിഴക്കോട്ടായിരിക്കണം എന്നത് മലങ്കര സഭയുടെ പുരാതനമായ പാരമ്പര്യമാണ്. കിഴക്കോട്ടുതിരിഞ്ഞുള്ള പ്രാർത്ഥനയ്ക്ക് വേദശാസ്ത്രപരമായി വളരെ മൂല്യവും അർത്ഥവുമുണ്ട്.

www.malankaralibrary.com

# ആരാധനാക്രമാധിഷ്ഠിത ആദ്ധ്യാത്മിക

ആരാധനക്രമവും ആദ്ധ്യാത്മികജീവിതവും, പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആദിമസഭയിൽ ആരാധന ഉരുത്തിരിഞ്ഞത് ക്രിസ്തീയ ജീവിതത്തിൽ നിന്നാണ്. ഒരു സഭയുടെ ആദ്ധ്യാത്മികത വ്യക്തമാകുന്നത് ആ സഭയുടെ ആരാധനക്രമ അനുഷ്ഠാനം വഴിയാണ്. പൗരസ്ത്യസഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമത്തെ ഒഴിവാക്കി ഒരു ആദ്ധ്യാത്മികതയില്ല. ആയതിനാൽ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം ആരാധനക്രമ മാണ് എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ വ്യക്തിമാക്കുന്നുണ്ട്. ദൈവാരാധനയുടെ പശ്ചാത്തലത്തിലാണ് പൗരസ്ത്യർ വിശ്വാസസത്യങ്ങളെ മനസ്സിലാക്കുന്നത്.

വി.സഭയുടെ വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമത്തിൽ സംഭവിക്കുന്നത്. സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമാണ് ഭൂമിയിൽ നടക്കുന്ന ആരാധന. പുതിയ നിയമ സഭ ഒരു ആരാധകസമൂഹമാണ്. ദൈവജനം ആരാധനക്രമത്തിന്റെ ആന്തരികവും ബാഹ്യവുമായ ചൈതന്യം നിലനിർത്തി എങ്കിൽ മാത്രമെ ആരാധനവഴിയുള്ള ദൈവകൃപ സ്വീകരിക്കുവാൻ പ്രാപ്തരാകൂ. ക്രൈസ്തവജീവിതം അർത്ഥപൂർണ്ണമാക്കുന്നത് സഭയുടെ ആദ്ധ്യാത്മികതയോട് ചേർന്നു നിൽക്കുമ്പോഴാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ശരിയായ ക്രിസ്തീയ ജീവിതത്തിന് ശക്തി ലഭിക്കുന്നത് ആരാധന ക്രമത്തിന്റെ ആഘോഷം വഴിയായി, പ്രത്യേകിച്ച് കൂദാശ

www.malankaralibrary.com

കളിലുള്ള പങ്കാളിത്തം വഴിയായിട്ടാണ്. ആരാധനക്രമം സഭയുടെ സമുന്നതമായ പ്രവർത്തനവും വിശ്വാസത്തിന്റെയും പഠിപ്പിക്കലിന്റെയും പ്രധാനപ്പെട്ട സ്രോതസും ആണ്. വിശ്വാസം വ്യക്തഗതമായ പ്രതിഭാസത്തിലുപരിയായി അത് സഭാത്മകമാണ്. വിശ്വാസത്തിന് 3 തലങ്ങൾ ഉണ്ട്. വിശ്വാസം ആഘോഷിക്കുന്ന തലം (ആരാധന), ജീവിക്കുന്ന തലം (ആദ്ധ്യാ ത്മികജീവിതം), വിശ്വാസം കൈമാറുന്ന തലം (പ്രബോധനം), ആരാധനക്രമ ആദ്ധ്യാത്മികത ഒന്നാമതായി "യേശുവിന്റെ ഭൗതിക ശരീരമായ സഭയെന്ന കൂട്ടായ്മയിലൂടെ സജീവമാകുന്ന ആദ്ധ്യാത്മി കതയാണിത്. വ്യക്തികളുടെ തോന്നലു കളോ, വ്യക്തിനിഷ്ഠമായ അനുഭവങ്ങളോ ആസ്പദമാക്കിയുള്ള ആദ്ധ്യാത്മികതയല്ലിത്. മറിച്ച് യേശുവിൽ യാഥാർത്ഥ്യമായ മനുഷ്യരക്ഷയെ ആസ്പദമാക്കിയുള്ള വസ്തുനിഷ്ഠമായ ആദ്ധ്യാത്മികതയാണിത്."[1]

സർവശക്തനും മഹോന്നതനുമായ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിച്ച് സ്തുതിക്കുന്ന സഭയിൽ ക്രിസ്തു അനുഭവത്തിന്റെ ദൈവികമായ അനുഭവമാണ് ആരാധനക്രമത്തിൽ നടക്കുന്നത്. "വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിന്റെ അന്തസത്ത മുഴുവനും പ്രത്യേകിച്ച് ക്രിസ്തു രഹസ്യവും ക്രിസ്തുവിനോടുള്ള ഭൗതികമായ ഐക്യവും അനുഭവിച്ച് അറിയുന്നു ആരാധനക്രമത്തിൽ."[2] ആരാധന സഭയേയും ആദ്ധ്യാത്മിക ജീവിതത്തേയും ഒരുപോലെ സ്വാധീനിക്കുന്നു. സഭയുടെ ജീവിതം രൂഢമൂലമായിരിക്കുന്നത് അവളുടെ ആരാധനക്രമജീവിതത്തിലാണ്. പൗരസ്ത്യസഭയെ മറ്റു സഭകളിൽ നിന്ന് വേർതിരിച്ച് നിർത്തുന്നതും ഇതുമൂലമാണ്. ആരാധനക്രമത്തിലെ ഓരോ കാലഘട്ടത്തിലൂടെ യേശുവിന്റെ രക്ഷാകരസംഭവങ്ങൾ അനുസ്മരിക്കുന്നതിലൂടെ ഈ സംഭവങ്ങ ളിൽ സഭ പങ്കുപറ്റുകയാണ് ചെയ്യുന്നത്. യേശുനാഥന്റെ രക്ഷാകര സംഭവങ്ങളിലൂടെ നേടിത്തന്ന രക്ഷ ഇന്ന് അനുഭവവേദ്യമാകുന്നത് ആരാധനയിൽ ഉള്ള പങ്കുപറ്റലിലൂടെയാണ്.

1. ഡോ.ആന്റണി നരിക്കുളം, സീറോ മലബാർ സഭയുടെ ആരാധനക്രമം, പേജ് 89
2. Panayoints Bratsiots, The Greek Orthodox Church (Trs. Bueukinsopp) London, 1968, P.50

www.malankaralibrary.com

ശരിയായ ആദ്ധ്യാത്മികത സഭാപരമാണ്. അത് സഭാപരമായി മാറുന്നത് ശരിയായ ആരാധനക്രമം അനുഷ്ഠിച്ചുള്ള ആരാധന വഴിയാണുതാനും. ആരാധന ഒരു കർമ്മാനുഷ്ഠാനമല്ല മറിച്ച് അത് ഒരു ജീവിതമാണ് പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം. ദൈവത്താൽ വിളിച്ചുവേർതിരിക്കപ്പെട്ട സഭ അവളുടെ സ്വഭാവം വ്യക്തമാകുന്നത് ആരാധനക്രമത്തിലൂടെയാണ്. ക്രിസ്തീയ ജീവിതത്തിന്റെ അന്തർധാരയും, പ്രകാശനവും ആണ് ആരാധനക്രമ പരമായ ആദ്ധ്യാത്മികജീവിതത്തിൽ നടക്കുന്നത്. സഭ സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്ന വിശ്വാസ ജീവിതത്തിന്റെ ആഘോഷമാണ് ആരാധനക്രമത്തിൽ സംഭവിക്കുന്നത്. ആരാധനജീവിതത്തിലും ആദ്ധ്യാത്മികതയിലും വിശ്വാസത്തിന് അത്യുന്നതമായ സ്ഥാനമുണ്ട്. വിശ്വാസത്തെ കേന്ദ്രീകരിച്ച് അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ജീവിതമാണ് യഥാർത്ഥ ക്രിസ്തീയ ആദ്ധ്യാത്മികത.

"പിതാവാണ് ആരാധനയുടെ വിഷയം. പിതാവിനെ ആരാധിക്കുവാൻ നമുക്ക് സാധിക്കുന്നത്, മനുഷ്യനായി അവതരിച്ച പുത്രനായ യേശുവിലൂടെയാണ്. ദൈവമനുഷ്യനായ അവിടുത്തോട് നമ്മെ ഐക്യപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. ആകയാൽ പിതാവായ ദൈവത്തെ ആരാധിക്കുവാൻ സാധിക്കുക പരിശുദ്ധാത്മാവിൽ പുത്രനായ മിശിഹായിലൂടെയാണ്."[3] വിശ്വാസിയുടെ ആരാധനാ ജീവിതം വി.ത്രിത്വത്തിൽ അധിഷ്ഠിതമായ ജീവിതമാണ് കാരണം. വി.ത്രിത്വത്തിലുള്ള എല്ലാ മാനങ്ങളും ആരാധനയിൽ ഉണ്ട്.

ആരാധിക്കുന്ന സമൂഹമായ ഏകസഭ വിവിധ സഭകളുടെ കൂട്ടായ്മയാണ്. സഭയ്ക്ക് കൂട്ടായ സ്വഭാവം ലഭിക്കുന്നത് കൂട്ടായ്മയുടെ അത്യുന്നത വെളിപ്പെടലായ വി.കുർബാനവഴിയാണ്. ഈ കൂട്ടായ്മയുടെ എല്ലാ മാനങ്ങളും അതിന്റെ തനിമയിൽ വെളിപ്പെടുത്തുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നത് വി.കുർബാനയിലൂടെയാണ്. ഏഴുനേരത്തെ പ്രാർത്ഥനകളിലൂടെ യേശുനാഥന്റെ രക്ഷാകരസംഭവങ്ങളെ അനുസ്മരിക്കുകയും നോമ്പിലൂടെയും

3. ഡോ. മാത്യു വെള്ളാനിക്കൽ, വിശുദ്ധ കുർബാനയും ആദ്ധ്യാത്മികജീവിതവും, പേജ് 100

www.malankaralibrary.com

ഉപവാസങ്ങളിലൂടെയും ആത്മാവിനെ പുഷ്ടിപ്പെടുത്തുകയും ചെയ്യുകവഴി ആത്മീയ ജീവിതത്തിൽ യേശുനാഥനെ തകർന്ന ലോകത്തിന് കാണിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ആരാധന ഭൂമിയിലെ സ്വർഗ്ഗമായിട്ടാണ് പൗരസ്ത്യർ മനസ്സിലാക്കുന്നത്. ആരാധനയിലൂടെ സ്വർഗ്ഗവും ഭൂമിയും പരസ്പരം സമ്മേളിക്കുന്നു. ആയതിനാൽ സഭയുടെ ആരാധനക്രമം ഒരേസമയം തന്നെ സ്വർഗ്ഗീയവും ഭൗമികവുമാണ്. ആരാധനക്രമം സഭയുടെയും സഭ ആരാധനക്രമത്തിന്റെതുമാണ്. സഭ വിശ്വാസത്തിന്റെയും ദൈവിക വെളിപാടിന്റെയും സംരക്ഷകയാണ്. സഭ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന വിശ്വാസ സത്യങ്ങളുടെ വിശുദ്ധീകരണവും പ്രത്യക്ഷീകരണവുമാണ് ആരാധനക്രമം. മനുഷ്യരക്ഷയുടെ അഗാധതലങ്ങൾ ആരാധനയിലാണ് വെളിവാക്കപ്പെടുന്നത്. ത്രിയേക ദൈവത്തോടുള്ള വിശ്വാസികളുടെ കൂട്ടായ്മയും പ്രതിബദ്ധതയും രൂഢമൂലമാകുന്നത് സഭയോടുള്ള പ്രതിബദ്ധതയിലും സഭാത്മക ജീവിതം വഴിയുമാണ്. അതിനെ അവനെ പ്രാപ്തനാക്കുന്നത് വി.കുർബാനയാണ്.

ആരാധനയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികജീവിതം എന്നാൽ ബലിയുടെ ജീവിതം എന്നാണർത്ഥം. യഥാർത്ഥ ആരാധനാലയം ഈ പ്രപഞ്ചമാണ്. ഈ പ്രപഞ്ചത്തിൽ അനുഷ്ഠിക്കപ്പെടുന്നത് എല്ലാം ബലിയുടെ ജീവിതമായിരിക്കണം. "ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യബലിയായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ"[4] എന്ന് സഭ വി.കുർബാനയിൽ പ്രാർത്ഥിക്കുന്നു. ജീവിതമാകുന്ന ബലി നടക്കുന്നത് ദേവാലയത്തിന് പുറത്താണ്. ജീവിതമാകുന്ന ബലിക്ക് ഒരുവനെ ശക്തീകരിക്കുന്നത് ദൈവാലയത്തിലെ ബലിയർപ്പണത്തിലൂടെയാണ് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

രാത്രിമുഴുവനും പിതാവിനെ മലയിൽ ആരാധിച്ച് ആർജ്ജിച്ച ശക്തിയാൽ യേശുനാഥൻ താഴ്വരയിൽ പകലന്തിയോളം പരോപകാരത്തിൽ മുഴുകി നാനൂറ്റി മുപ്പത് വർഷക്കാലം മിസ്രേമ്യൽ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ നയിച്ചു

4. The order of the Holy Qurbono of the Syro-Malankara Church, Pg. 36

www.malankaralibrary.com

കൊണ്ടുവന്ന മോശയുടെ കാര്യവും മറിച്ചായിരുന്നില്ല. രാവും പകലും ദൈവസന്നിധിയിൽ ജാഗരിച്ച് പ്രാർത്ഥിച്ച മോശയാണ് താഴ്വരയിലെ ജീവിതപ്രശ്നങ്ങൾക്കും പരിഹാരം കാണുന്നത്. ആരാധനയും ജീവിതവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ഉത്തമ ഉദാഹരണമായിരുന്നു മദർ തെരേസായുടെ ജീവിതം. ജീവിതത്തിൽ ചെന്നു പതിക്കാത്ത ആരാധന വെറും അലങ്കാരമാണെങ്കിൽ ആരാധനയിൽ ആരംഭിക്കാത്ത ജീവിതം വെറും അലങ്കോലമായിരിക്കും. ഒരു വിശ്വാസിയുടെ ജീവിതത്തിന് ശക്തിയും ഉണർവും ഉന്മേഷവും നല്കുന്നതും ക്രിസ്തുവിന്റെ സാക്ഷിയായി മാറുവാൻ അവനെ പ്രാപ്തനാക്കുന്നതും ആരാധനയിൽനിന്ന് പ്രത്യേകിച്ച് വി.കുർബാനയിൽ നിന്ന് ശക്തി സംഭരിക്കുമ്പോൾ മാത്രമാണ്. പണ്ടെന്നോ കഴിഞ്ഞുപോയ സംഭവങ്ങളുടെ ഒരു ഓർമ്മപുതുക്കൽ മാത്രമല്ല ആരാധനയിൽ നടക്കുന്നത് പിന്നെയോ അവയുടെ പുനരവതരണം തന്നെയാണ് നടക്കുന്നത്. "ആരാധനക്രമത്തിലൂടെ സഭ ദൈവാരാധന നടത്തുന്നു. ആരാധന ക്രമം വഴി സഭ വിശുദ്ധീകരിക്കപ്പെടുന്നു. ആരാധനക്രമം സഭയെ വളർത്തുന്നു. സഭാംഗങ്ങളെ ഐക്യത്തിൽ ഉറപ്പിക്കുന്നു, ആരാധനക്രമത്തിലൂടെ സഭയുടെ സ്വർഗ്ഗോന്മുഖമായ കാത്തിരിപ്പ് കൂടുതൽ പ്രത്യാശ പൂർണ്ണമാക്കുന്നു."[5]

ദൈവത്തെ ആരാധിക്കുക ഓരോ മനുഷ്യന്റെയും വ്യക്തിപരമായ കടമയാണ്. സൃഷ്ടിയുടെ ലക്ഷ്യംതന്നെ മനുഷ്യൻ ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് ആരാധിച്ച് മോക്ഷം പ്രാപിക്കുവാനാണ്. മനുഷ്യന്റെ അസ്ഥിത്വത്തിലും നിലനിൽപ്പിലും അവൻ ദൈവത്തോട് അവഗാഢമായി ബന്ധപ്പെടുവാനാണ്. ദൈവത്തിന് ആരാധന അർപ്പിക്കുകയും അതിൽ അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മിക ജീവിതം നയിക്കുകയും ചെയ്യേണ്ടത് സഭയുടെ ഏറ്റവും വലിയ കർത്തവ്യമാണ്. ഈ സാക്ഷ്യം നിർവഹിക്കുന്നത് യേശുക്രിസ്തു കാണിച്ചു തന്നിരിക്കുന്ന മാർഗ്ഗമാണ് ആരാധനക്രമം. സഭ ദൈവത്തെ ആരാധിക്കുന്നത് ക്രിസ്തുവിനോടുകൂടെയും തന്റെ മൗതിക

5. റെവ.ഡോ. ജേക്കബ് വെള്ളിയാൻ, ആരാധനക്രമവിജ്ഞാന കോശം, പേജ് 119

www.malankaralibrary.com

ശരീരമെന്ന നിലയിലുമാണ്. പുത്രൻതമ്പുരാൻ പിതാവിന് അർപ്പിക്കുന്ന ആരാധനയിലുള്ള യഥാർത്ഥമായ പങ്കുചേരലാണ് സഭയുടെ ആരാധന. യഥാർത്ഥ ആദ്ധ്യാത്മികജീവിതത്തിന് ശക്തി പകരുന്നത് സഭയുടെ ആരാധനക്രമം മുഖാന്തിരമാണ്.

ആരാധന ഒരേ സമയം തന്നെ മാനുഷികവും ദൈവികവും കർമ്മനിരതവും ധ്യാനാത്മകവും സ്വർഗ്ഗീകവും ഭൗതികവുമാണ്. ദൈവത്താൽ വിളിച്ച് വേർതിരിക്കപ്പെട്ട സഭ അതിന്റെ സ്വഭാവം പ്രകടമാക്കുന്നതും അവളുടെ ആരാധനയിലൂടെയാണ്. പൗരസ്ത്യ ചിന്തയിൽ ആരാധന ജീവശ്വാസമാണ്, അത് ഒരു ജീവിതമാണ്. ക്രിസ്തീയജീവിതസാക്ഷ്യത്തിന്റെ അന്തർധാരയും പ്രകാശനവും ആണ് ആരാധനക്രമപരമായ ആദ്ധ്യാത്മികജീവിതം. യേശുക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങൾ മുഴുവൻ അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ ജീവിതം മുഴുവൻ സഭയുടെ ആരാധനക്രമത്തിലൂടെ പ്രതിഫലിക്കുന്നു. അതിനാൽ ആരാധനക്രമം രക്ഷാകരചരിത്രത്തിന്റെ സവിശേഷമായ പുനരവതരണമാണ്. സഭാജീവിതത്തിന്റെയും വിശ്വാസജീവിതത്തിന്റെയും അടിസ്ഥാനം ആരാധനക്രമമാണ്. സഭ സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. അപ്പോൾ വിശ്വാസത്തിന് വളരെ അത്യുന്നതമായ സ്ഥാനം ഉണ്ട് ആരാധനാജീവിതത്തിൽ. വിശ്വാസത്തെ കേന്ദ്രീകരിച്ച് അടിസ്ഥാനപ്പെടുത്തിയുള്ള ജീവിതമാണ് യഥാർത്ഥ ക്രിസ്തീയ ആദ്ധ്യാത്മികത. സൃഷ്ടാവായ ദൈവത്തിന് മാത്രം നൽകേണ്ട അംഗീകരണമാണ് ആരാധന.

www.malankaralibrary.com

# സഭ ഒരു ആരാധനാ സമൂഹം

ദൈവം തന്റെ ജനത്തെ ഒരു ആരാധനാസമൂഹമായിട്ടാണ് രൂപപ്പെടുത്തിയത്. സഭ ഒരു ആരാധനാസമൂഹമാണ്. ഈ യാഥാർത്ഥ്യം സഭയുടെ അടിസ്ഥാനസ്വഭാവങ്ങളിൽ ഒന്നാണ്. സൃഷ്ടാവിനെ ആരാധിച്ച് മഹത്വപ്പെടുത്തുക എന്നത് മനുഷ്യന്റെ ഏറ്റവും വലിയ കടമയാണ്. ആരാധനകളിൽ വച്ച് ഏറ്റം വലിയ ആരാധന വി.കുർബ്ബാനയാണ്. ഈ സ്വർഗ്ഗീയ ആരാധന പരികർമ്മം ചെയ്യപ്പെടുന്നത് ദൈവാലയത്തിൽവച്ചാണ്.

ഒരു സത്യക്രിസ്ത്യാനിയുടെ യഥാർത്ഥ ഭവനം അവന്റെ പള്ളിയാണ്. ഒരു ക്രൈസ്തവ വിശ്വാസിയുടെ ആത്മീയ ജനനം ദേവാലയത്തിലാണ് സംഭവിക്കുന്നത്. വി.മാമ്മോദീസായാൽ ജനിക്കുന്ന ക്രൈസ്തവൻ വി.കൂദാശകളിലൂടെ വളരുന്നു. അദ്ധ്യാത്മിക ജീവിതപരിപോഷണത്തിനുള്ള ആത്മീയ ആഹാരമായ തിരുശരീരരക്തങ്ങൾ നാം അനുഭവിക്കുന്നതും ദേവാലയത്തിൽ നിന്നാണ്. പ്രാർത്ഥനയിൽ കൂടെയും ദിവ്യപ്രബോധനങ്ങളിൽ കൂടെയും വളരുന്ന വിശ്വാസി വിശുദ്ധ വിവാഹത്തിൽ കൂടി ക്രിസ്തീയ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതും ദൈവാലയത്തിൽ വച്ചാണ്. നമ്മുടെ തീർത്ഥാടനം പൂർത്തിയാക്കി ജീവിതാവസാനം നീതിയുടെ കിരീടത്തിനായി നോക്കിപ്പാർത്തുകൊണ്ട് ദേവാലയസെമിത്തേരിയിൽ നാം വിലയം പ്രാപിക്കുന്നു. അപ്പോൾ ഒരു വ്യക്തിയുടെ ജീവിതം, ജനനംമുതൽ മരണംവരേയും ദേവാലയവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ദൈവം നല്കിയ ദാനങ്ങൾക്ക് ആത്മാർത്ഥമായി നന്ദി പറയുവാൻ പരിശുദ്ധനായ ദൈവത്തെ വിശുദ്ധിയിൽ ആരാധിക്കുവാൻ, ദൈവമേഖലയുടെ അനുഭൂതി നുകരുവാൻ യേശുവിന്റെ സാക്ഷികളായി ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത് ദൈവാലയത്തിലെ ആരാധനയാണ്.

**സഭ ഒരു ആരാധനാസംഘം**

ആരാധിക്കാൻ വരുന്ന സംഘം വെറും ഒരുജനക്കൂട്ടമല്ല. പിന്നെയോ കർത്താവിന്റെ നാമത്തിൽ വിളിച്ചുവേർതിരിക്കപ്പെട്ട സംഘമാണ്. വിശ്വാസികളുമായി ആരാധനയിലൂടെ ദൈവം ബന്ധപ്പെടുന്നു. സഭയുടെ കൂട്ടായ്മ പ്രതിഫലിക്കുന്നതും ആരാധനാ സമൂഹത്തിലാണ്. "സഭയുടെ മനസ്സും പ്രകൃതിയും സഭാത്മക ജീവിതവും ആരാധനയിലാണ് വെളിപ്പെടുന്നത്."[1] സഭാ കൂട്ടായ്മയുടെ അനുഭവം സഭയ്ക്ക് ലഭ്യമാകുന്നത് ആരാധനാ കൂട്ടായ്മയിൽ നിന്നാണ്. ആരാധന ഇല്ല എങ്കിൽ സഭയുമില്ല. കൂട്ടായ്മയും ഇല്ല. ഒരേസമയം തന്നെ സഭ ആരാധകസംഘവും കൂട്ടായ്മസംഘവും ആണ്. അതിനാലാണ് അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് പറയുന്നത് വി.കുർബാന സഭയെ നിർമ്മിക്കുന്നു എന്ന് സ്വർഗ്ഗീയ ജറുസലേമിൽ നടക്കുന്ന ആരാധനയുടെ മുന്നാസ്വാധനമാണ് ഭൂമിയിൽ നടക്കുന്നത്. അതിനാൽ ആരാധനാസമയം സ്വർഗ്ഗവും ഭൂമിയും തമ്മിൽ സമ്മേളിക്കുന്ന സുന്ദരമുഹൂർത്തമാണ്. ആരാധനയിലെ ഓരോ തിരുക്കർമ്മവും രക്ഷകനായ മിശിഹായുടെയും തന്റെ സഭയുടെയും പ്രവർത്തനമാണ്. വി.സഭയെ എക്ലേസിയ (വിളിച്ചുവേർതിരിക്കുന്ന സംഘം) ആകുന്നതും പരിശുദ്ധാത്മാവിന്റെ ആലയവും ആക്കി തീർക്കുന്നതും അതിലെ ആരാധന മുഖാന്തിരമാണ്.

"ആരാധന ജീവിക്കുന്ന തത്വസംഹിതകളാണ്, സഭയുടെ ഹൃദയമാണ്. ആരാധന വിശ്വാസത്തിന്റെ പ്രഘോഷണമാണ്, നാമാണ് ത്രിയേകദൈവത്തെ അതിൽ ഏറ്റുപറയുക"[2] ആരാധനക്രമം സഭയുടെ ഔദ്യോഗികമായ പരസ്യ ആരാധനയാണ്. അത് ആരും

1. ഫാ. ലൂക്ക് പൂതൃക്കയിൽ എഡിറ്റർ
   മൂന്നാം സഹസ്രാബ്ദത്തിലേക്ക്, പേജ് 121
2. ഫാ. ലൂക്ക് പൂതൃക്കയിൽ എഡിറ്റർ
   മൂന്നാം സഹസ്രാബ്ദത്തിലേക്ക്, പേജ്, 126

www.malankaralibrary.com

വ്യക്തിപരമായ രീതിയിൽ നടത്താനുള്ളതല്ല. സഭയുടെ പരസ്യ ആരാധന ആകയാൽ അതിന്റെ ക്രമങ്ങൾ പാലിച്ചുനടത്തുവാൻ ഏവർക്കും ബാദ്ധ്യതയുണ്ട്. സഭ രക്ഷാകരമായ ബലിയിൽനിന്നും നിരന്തരം തന്റെ ജീവൻ സ്വീകരിക്കുന്നു. വിശ്വാസപൂർണ്ണമായ വെറും ഒരു ഓർമ്മയിലൂടെ മാത്രമല്ല യഥാർത്ഥ സമ്പർക്കത്തിലൂടെയാണ് സഭ അതിനെ സമീപിക്കുന്നത്. വി.കുർബാന സഭയിലെ കൂട്ടായ്മ യുടെ പരമമായ കൗദാശിക പ്രകടനമാണ്. വി.ബലി കൂട്ടായ്മയെ രൂപപ്പെടുത്തുകയും കൂട്ടായ്മയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. കൂട്ടായ്മയാണ് സഭയുടെ തനിമ. ഈ തനിമ രൂപപ്പെടുത്തുന്നത് അതിന്റെ ആരാധനയിൽനിന്നാണ്.

വി.കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നുള്ളിക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നത് "എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, അദൃശ്യമായ നിന്റെ വലത്തു കൈ നീട്ടി കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെ ആത്മധൈര്യത്തിനുമായി നിന്റെ വിലയേറിയ തിരുശരീരരക്തങ്ങൾ കൈക്കൊള്ളുന്ന ആരാധകരുടെ ഈ സംഘത്തെ നീ വാഴ്ത്തണമേ."[3] അപ്പോൾ സഭ അവളുടെ സ്വഭാവത്താലെ ആരാധനാ സമൂഹമാണ്. ആരാധന ഇല്ലെങ്കിൽ സഭ ഇല്ല, സഭ ഇല്ലെങ്കിൽ ആരാധനയും ഇല്ല. വി.കുർബ്ബാനയാകുന്ന യാത്രാഭക്ഷണം കഴിച്ചുകൊണ്ട് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന സംഘം കൂടിയാണ് സഭ. പള്ളിക്ക് അകത്തും, പള്ളിക്ക് പുറത്തും പ്രദക്ഷിണം നടത്തുന്നതിന്റെ അർത്ഥവും ഇതു തന്നെയാണ്. നാം സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ദൈവത്തെ ആരാധിച്ച് മഹത്വപ്പെടുത്തി തീർത്ഥാടനം ചെയ്യുന്നു.

ഇന്ന് ലോകം അനുഭവിക്കുന്ന ഏറ്റം വലിയ പ്രശ്നങ്ങളിൽ ഒന്ന് ആത്മീയ ശൂന്യതയാണ്. നന്മയെ തിന്മയായും, തിന്മയെ നന്മയായും ചിത്രീകരിക്കുന്ന ലോകം. ഇതിന് പ്രധാനമായും രണ്ട് കാരണങ്ങളാണ്. ഒന്ന് ലോകത്തിൽ ദൈവബോധം ഉള്ളവരുടെ എണ്ണം കുറയുന്നു. രണ്ട് ദൈവം ഉണ്ട് എന്ന് അംഗീകരിക്കുന്നവർ ദൈവഭയം ഇല്ലാതെ ജീവിക്കുന്നു. ഈ രണ്ടു കാരണങ്ങളും മനുഷ്യനെ ആത്മീയ ശൂന്യതയിലേക്ക് നയിക്കുന്നു. മനുഷ്യജീവിതം ഇന്ന് വഴി

3. വി. കുർബാന തക്സാ, പേജ് – 67

www.malankaralibrary.com

ത്തിരിവിലാണ്. ബന്ധങ്ങൾ നഷ്ടപ്പെട്ട് ഒറ്റപ്പെട്ട വ്യക്തിത്വങ്ങളായി ആൾക്കൂട്ടത്തിൽ തനിയെ എന്ന അവസ്ഥയിൽ മനുഷ്യൻ എത്തി നില്ക്കുന്നു. ജീവിതത്തിന്റെ നാല്ക്കവലകളിൽ വഴി അറിയാതെ പകച്ചു നില്ക്കുന്ന മനുഷ്യൻ അന്യവത്ക്കരണത്തിൽ നിന്നും കമ്പോളവത്ക്കരണത്തിൽ നിന്നും വിമോചനം നേടുവാൻ ഭൗതീക സുഖങ്ങളെ ആശ്രയിച്ചുകൊണ്ട് വെറും പൊള്ളയായ മനുഷ്യനായി രൂപാന്തരപ്പെടുന്നു. കലുഷിതമായ ഈ സാഹചര്യത്തിൽ മനു ഷ്യനെ നേർപാതയിൽ നയിക്കേണ്ടതു ഇടവകയിലെ ശുശ്രൂഷക ളും, അതിൽനിന്ന് ഉത്ഭവിക്കുന്ന പ്രവർത്തനശൈലികളും ആകണം. വിരൂപമാക്കപ്പെട്ട, മലീമസമാക്കപ്പെട്ട ലോകത്തിൽ യേശുവിന്റെ ശബ്ദമായി, സ്പർശനമായി ഓരോ വിശ്വാസിയും മാറണം എങ്കിൽ ഈ ആരാധനയിൽ നിന്ന് ശക്തി സംഭരിക്കണം. 40 രാവും 40 പകലും മോശ ദൈവത്തോട് സംസാരിച്ചശേഷം സീനായ്മലയിൽ നിന്ന് താഴേക്ക് ഇറങ്ങിയപ്പോൾ മോശയുടെ മുഖം സൂര്യനെ പ്പോലെ പ്രശോഭിച്ചു. ദേവാലയത്തിലെ സ്വർഗ്ഗീയ ആരാധനയായ വി.കുർബാനയിൽ പങ്കെടുത്തശേഷം പള്ളിയിൽനിന്ന് പുറത്തേക്ക് ഇറങ്ങുമ്പോൾ ഓരോ വിശ്വാസിയുടെയും മുഖം ദൈവസ്നേഹ ത്താലും പരസ്നേഹത്താലും ജ്വലിക്കണം. ഈ ജ്വലനം നടക്കണം എങ്കിൽ ആദ്യമായും അധികമായും ആരാധനയിൽ നിന്ന് ശക്തി സംഭരിക്കണം.

ദേവാലയത്തിലേക്ക് ഒരു വിശ്വാസി കടന്നുവരുന്നത് വെറും കൈയ്യോടെയല്ല. "ദൈവമേ ബഹുമതി പൂർവ്വം നിന്റെ ഭവനത്തി ക്കേ് പ്രവേശിച്ച് എന്റെ നേർച്ചകൾ ഞാൻ നിനക്ക് കഴിക്കും"[4] എന്നു പറഞ്ഞുകയറുന്നു എങ്കിൽ 'ത്രിയേക ദൈവത്തിന്റെ കരുണയ്ക്കും കൃപയ്ക്കുമായി ഞാൻ നിങ്ങളെ ഭരമേൽപ്പിച്ച് അയയ്ക്കുന്ന ഈ സമയത്ത് സമാധാനത്തോടെ പോകുവിൻ' എന്ന് ശ്രവിച്ചുകൊണ്ട്, വലിയ ഉത്തരവാദിത്വവുമായി ഭരമേൽപ്പിക്കപ്പെട്ട മനുഷ്യരായി ആണ് വിശ്വാസി പുറത്തേക്ക് ഇറങ്ങുന്നത്. യേശുവിന്റെ സാക്ഷികളാകാൻ ഭരമേൽപ്പിക്കപ്പെടുന്നു. ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യബലിയായി തീരണമേ എന്ന് പ്രാർത്ഥിക്കുന്നതിന്റെ പൊരുൾ ഇതാണ്. കൂടി വരുന്നതും പ്രാർത്ഥിക്കുന്നതും, ആരാധിക്കുന്നതുമായ ജനങ്ങളുടെ

4. വി. കുർബാന ക്രമം, പേജ് 2

www.malankaralibrary.com

കൂട്ടായ്മയാണ് ഇടവക. ഇടവിടാതെ സ്തുതിയും, സ്തോത്രവും കരേറ്റുവാൻ വിളിക്കപ്പെട്ട സമൂഹം. മലങ്കര ആരാധനകളിൽ സ്തുതിക്കും, അനുതാപത്തിനും തുല്യപ്രാധാന്യം ഉണ്ട്. ഒരുവൻ ദേവാലയത്തിലേക്ക്, ത്രോണോസിന്റെ മുന്നിലേക്ക് കടന്നുവരുന്നത് ധൂർത്തപുത്രൻ പിതാവിന്റെ പക്കലേക്ക് വരുന്ന അനുഭവത്തോടെയാണ്. ദേവാലത്തിൽനിന്നും പുറത്തേക്കു പോകുന്നത് സന്തോഷത്തോടും, സമാധാനത്തോടും കൂടെയും ആണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആരാധന എല്ലാ സമയത്തേക്കും ഉള്ള യാഥാർത്ഥ്യമാണ് ഈ ആരാധനയിൽ നിന്ന് ഉത്ഭവിക്കുന്നത് ആത്മീയത പൂർണ്ണമാകണം എങ്കിൽ അതിന് മൂന്ന് തലങ്ങൾ കൂടി ചേരണം. ഒന്ന് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം, രണ്ട് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, മൂന്ന് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം. മൂന്ന് ബന്ധങ്ങളുടെയും സമഞ്ജമായ സമ്മേളനത്തിനാണ് ആത്മീയത എന്നു പറയുന്നത്. യഥാർത്ഥ ആരാധനാലയം ഈ പ്രപഞ്ചമാണ് അതിൽ മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തനവും ലിറ്റർജിക്കൽ ആയിരിക്കണം യഥാർത്ഥസാക്ഷ്യം നടക്കണം എങ്കിൽ ഈ മൂന്ന് തലങ്ങളും ഒരുമിക്കണം.

നല്കപ്പെട്ട സമയത്തിനുള്ളിൽ ഏൽപ്പിക്കപ്പെട്ട ദൗത്യം ഉത്തരവാദിത്വത്തോടെ ചെയ്യുന്നതാണ് സാക്ഷ്യം. മറ്റൊരു കുർബ്ബാനയായി മാറുന്ന അനുഭവമാണ് ഇത്. അനേകർക്കും വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരം എന്നാണ് ആരാധനയിൽ നാം കേൾക്കുന്നത്. അന്ത്യഅത്താഴത്തിൽ യേശു അഞ്ച് കാര്യങ്ങൾ ചെയ്തു. അവൻ അപ്പം എടുത്തു, ഉയർത്തി, വാഴ്ത്തി, മുറിച്ചു, കൊടുത്തു. അവൻ നമ്മെ എടുക്കും, ഉയർത്തും, വാഴ്ത്തും, മുറിക്കും, കൊടുക്കും. ആരാധന അവസാനിക്കുന്നതല്ല ജീവിതമാകുന്ന ബലി, സാക്ഷ്യം ഇവയ്ക്കു ശക്തി നൽകുന്നത് ദേവാലയത്തിലെ ആരാധനയാണ്. ജീവിതത്തിൽ ചെന്നു പതിക്കാത്ത ആരാധന വെറും അലങ്കാരമാണെങ്കിൽ ആരാധനയിൽ ആരംഭിക്കാത്ത ജീവിതം അലങ്കോലമായിരിക്കും.

www.malankaralibrary.com

# മലങ്കര കുർബാന ഒരു ദൈവശാസ്ത്ര വീക്ഷണം

ക്രൈസ്തവ ആദ്ധ്യാത്മികതയുടെ കേന്ദ്രമാണ് വി. കുർബാന. ക്രൈസ്തവ ആരാധനയുടെ കേന്ദ്രവും വി. കുർബാന തന്നെയാണ്. പൗരസ്ത്യസഭയുടെ കാഴ്ചപ്പാടിൽ ഏഴു കൂദാശകളിൽ ഒന്നു മാത്ര മായിട്ടല്ല പിന്നെയോ കൂദാശകളുടെ മകുടമാണ് വി. കുർബാന. കുർബാന എന്ന പേരിലാണ് സുറിയാനി സഭയിൽ ദിവ്യബലി അറി യപ്പെടുന്നത്. കുർബാന എന്ന പദം കൂറോബോ എന്ന വാക്കിൽ നിന്നാണ് വരുന്നത്. കുറോബോ എന്നാൽ യാഗം എന്നാണ് അർത്ഥം. 'കുർബാന' എന്ന വാക്കിന്റെ അർത്ഥം 'കാഴ്ചഅർപ്പണം' എന്നാണ്.

സൃഷ്ടിയുടെയും പരിത്രാണത്തിന്റെയും ദൈവിക സംവിധാ നത്തിൽ കേന്ദ്രസ്ഥാനമാണ് വി. കുർബാനയ്ക്കുള്ളത്. ദൈവത്തോട് മനുഷ്യർക്കുള്ള ആശ്രയ ഭാവം എറ്റു പറയുന്നതിനും ദൈവവുമായി ഐക്യപ്പെടുവാനുള്ള മനുഷ്യന്റെ ആഗ്രഹം പ്രദർശിപ്പിക്കുന്നതി നുള്ള മാർഗ്ഗവുമാണ് വി. ബലി അർപ്പണം. യേശുക്രിസ്തുവിന്റെ തിരുബലിയിൽ പങ്കു പറ്റുന്നതിനുള്ള കൂദാശയാണ് ഇത്. "വി.കുർ ബാനയ്ക്ക് വിവിധ നാമങ്ങളുണ്ട്. വി. കുർബാന കർത്താവുമായി സംസർഗ്ഗം ഉണ്ടാക്കുന്നതിനാൽ സംസർഗ്ഗം (ശൗത്തോപ്പൂസോ) എന്നും സ്വർഗ്ഗീയരും ഭൗമികരും അകന്നവരും അടുത്തവരും തമ്മിൽ ഒന്നുചേരുന്നതിനാൽ കൂട്ടായ്മ (കൂറോബോ) എന്നും പാപപരി ഹാരം നല്കുന്നതിനാൽ യാഗം (ദെബഹോ) എന്നും മാളികയി ൽവച്ച് രഹസ്യമായി ശിഷ്യന്മാരെ ഏൽപിച്ചതിനാൽ രഹസ്യം

www.malankaralibrary.com

(റോസോ) എന്നും എല്ലാ കൂദാശകളും കുർബാന യിൽ പൂർത്തീക രിക്കപ്പെടുന്നതിനാൽ പൂർണ്ണതയുടെ പൂർണ്ണത (ഗ്മീറൂസ് ഗിർ വോസോ) എന്നും വിശ്വാസികൾ പിതാവായ ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്ന തിനാൽ സ്തോത്രം (എവുക്കരിസ്തിയ) എന്നും വിവിധ നാമങ്ങൾ പറഞ്ഞുവരുന്നു." [1]

യേശുനാഥന്റെ പെസഹാരഹസ്യത്തിന്റെ ഓർമ്മയും ആഘോഷവുമാണ് വി.കുർബാന. വി.കുർബാനയിലെ ശക്തി ജീവി തബലിക്ക് അത്യന്താപേക്ഷിതമാണ്. വി.കുർബാന അനുഭവിക്കുന്ന വിശ്വാസി യേശുവുമായി ഐക്യത്തിലാകുന്നു. ജീവിതമില്ലാത്ത ആരാധന അർത്ഥശൂന്യമാണ്. ദൈവശാസ്ത്ര പണ്ഡിതനും, സഭാ പിതാവുമായ വി.ജോൺ ക്രിസോസ്റ്റം (മാർ ഈവാനിയോസ്) ഇപ്രകാരം പറയുന്നു: "ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ, അവൻ നഗ്നനായിരിക്കു മ്പോൾ അവനെ അവഗണിക്കരുത്. പുറത്ത് അവിടുന്ന് നഗ്നനായി തണുത്തു വിറച്ചിരിക്കുമ്പോൾ അവനെ മറന്ന് ദേവാലയങ്ങളിൽ ആഡംബര പൂർണ്ണമായ ആദരവ് നൽകിയിട്ട് എന്തുപ്രയോജനം? ഇത് എന്റെ ശരീരമാണെന്ന് പറഞ്ഞവൻ തന്നെയാണ് വിശക്കുന്നവ നായി കണ്ടിട്ടും നിങ്ങൾ എനിക്ക് ആഹാരമൊന്നും തന്നില്ലയെന്നു പറഞ്ഞത്. ക്രിസ്തു വിശന്നു മരിക്കുമ്പോൾ, അവനുവേണ്ടി അൾ ത്താരയിൽ സ്വർണ്ണക്കാസ ഒരുക്കിയിട്ട് എന്തു പ്രയോജനം? ആദ്യം അവന്റെ വിശപ്പടക്കാൻ വേണ്ടത് ചെയ്യുക. അതിനുശേഷം മിച്ചമുള്ള തുകൊണ്ട് അൾത്താര അനുയോജ്യമായി അലങ്കരിക്കുക."[2] മനുഷ്യ ബുദ്ധിക്ക് അതീതമായി ദൈവികരഹസ്യങ്ങളുടെ കലവറയാണ് ഈ വി.കുർബാന. വി.കുർബാനയിൽ സഭയുടെ വിശ്വാസം പ്രഘോഷി ക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.

വി.കുർബാനയിലൂടെ യേശുനാഥൻ തന്റെ സഭയിൽ കൗദാശികമായി സന്നിഹിതനാകുന്നു. വിശ്വാസിക്ക് ജീവൻ

1. സി. കെ. വർഗീസ്, ജീവനുള്ള ബലി, വി.കുർബാനക്രമം വ്യാഖ്യാനവും ഗാനങ്ങളുടെ അർത്ഥവും വേദപുസ്തക ങ്ങളുടെ അടിസ്ഥാനവും (പേജ് 22)

2. എഡി. മാനബൽ റിബേറോ ഒ.സി.സി, 'എന്റെ ഓർമ്മയ്ക്കായ് ദിവ്യകാരുണ്യ പഠനങ്ങൾ,' പേജ് 81

www.malankaralibrary.com

നൽകുന്നത് വി.കുർബാനയാണ്. അന്ത്യോക്യായിലെ മാർ ഇഗ്നാത്തിയോസ് വി.കുർബാനയെ 'അമർത്ത്യതയുടെ ഔഷധം' എന്നാണ് വിളിക്കുന്നത്. വി.കുർബാന സഭയുടെ ഐക്യത്തിന്റെയും, കൂട്ടായ്മയുടെയും അടയാളമാണ്. സഭ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ വിശുദ്ധന്മാരോടും മാലാഖമാരോടും നാം ഐക്യപ്പെടുന്നു. അതിനാൽ വി.കുർബാനയിൽ സ്വർഗ്ഗവും ഭൂമിയും പരസ്പരം സമ്മേളിക്കുന്നു. കൂട്ടായ്മയാണ് സഭയുടെ യഥാർത്ഥ തനിമ. ഈ തനിമ സഭയിൽ രൂപപ്പെടുന്നത് ഐക്യത്തിന്റെയും കൂട്ടായ്മയുടെയും അടയാളമായ വി.കുർബാനയിൽ നിന്നാണ്. സഭയെ കുർബാന നിർമ്മിക്കുന്നതുപോലെ കുർബാനയെ സഭ സൃഷ്ടിക്കുന്നു. സഭ വി.കുർബാനയിൽനിന്ന് ജീവൻ സ്വീകരിക്കുന്നു. വി.കുർബാന സഭയിലെ കൂട്ടായ്മയുടെ അത്യുന്നതവും ഉദാത്തവുമായ കൗദാശിക പ്രകടനമാണ്.

വി.കുർബാന ബലി മാത്രമല്ല അത് സ്വർഗ്ഗീയമായ വിരുന്നും കൂദാശകളുടെ കൂദാശയും, കൃതജ്ഞതാസ്തോത്രവും കൂടിയാണ്. ഇത് ഇനിയും വരുവാനിരിക്കുന്ന ദൈവരാജ്യത്തിലെ സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം ആകയാൽ വി.കുർബാനയ്ക്ക് യുഗാന്ത്യോന്മുഖമായ ഒരു വീക്ഷണവും ഉണ്ട്. സ്നേഹത്തിന്റെയും, ക്ഷമയുടെയും, കൂട്ടായ്മയുടേതുമായ വിരുന്നാണ് വി.കുർബാന. ഒരേ കാസായിൽനിന്നും പീലാസായിൽ നിന്നും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവഴി സഭ ഒരു സമൂഹമായി മാറുന്നു. വി.കുർബാന മുഖാന്തിരം ഓരോ വ്യക്തിയും ഐക്യത്തിന്റെ അടയാളമായി മാറുന്നു.

"ഒരു ക്രിസ്ത്യാനിയുടെ യേശുവിലുള്ള വിശ്വാസം പക്വതയുള്ളതായിത്തീരുന്നത് തന്റെ വിശ്വാസവെളിച്ചത്താൽ വി.കുർബാനയിൽ ജീവിക്കുന്നവനായ യേശുവിനെ ദർശിക്കുമ്പോഴാണ്. വി.കുർബാനയിൽ സംബന്ധിക്കുന്ന ഓരോ ക്രൈസ്തവനും ഈ കൂദാശയിൽ തനിക്കായി സന്നിഹിതനാവുന്ന യേശുവിനെ ദർശിക്കുവാനും നല്കപ്പെടുന്ന യേശുവിനെ സ്വീകരിക്കുവാനും തയ്യാറാകുമ്പോഴാണ് വി.കുർബാന യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ കൂദാശയായി അനുഭവവേദ്യമാകുന്നത്."[2]

www.malankaralibrary.com

**വി. കുർബാന ബലിയാകുന്നു**

വി. കുർബാന ബലിയാകുന്നു എന്നത് വി.സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാണ്. വി. കുർബാനയിൽ യേശു ക്രിസ്തു തന്നെയാണ് ബലി അർപ്പകനും, ബലി വസ്തുവും. വി. കുർബാന ബലിയാകുന്നു എന്ന് മലങ്കര ആരാധനക്രമത്തിൽ നമുക്ക് ദർശിക്കാം. വി. കുർബാനയിൽ പെസഹാ വ്യാഴാഴ്ച ചൊല്ലുന്ന ഒരു സെദറാ ഇപ്രകാരമാണ് :-

"ദൈവികവും ആത്മീയവുമായ ഈ ബലിയെ നോക്കി കൊണ്ട് ആത്മീക സന്തോഷത്തോടു കൂടി ഞങ്ങൾ ആഹ്ലാദപൂർവ്വം സമ്മതിച്ചു പറയുന്നു. രക്ഷയ്ക്കു വേണ്ടി ഞങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവിക ബലി ഇതാകുന്നു. ഞങ്ങളുടെ കളങ്കങ്ങൾ വെണ്മയാകുകയും കടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നുദൈവിക ബലി ഇതാകുന്നു..............."[3]

ഹാബേൽ അർപ്പിച്ച സമാധാന ബലി :- മഹാ പുരോഹിതനായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും വച്ച് അർപ്പിച്ച ബലി, മെസ്യമിൽ കുഞ്ഞാടിനെ അറുത്ത് രക്തം തളിച്ചത്, ഏശയ്യാ ദീർഘദർശിക്ക് അഗ്നിക്കൊടിൽ കൊണ്ടു കൊടുത്ത തീക്കട്ട, മേശമേൽ സൂക്ഷിച്ചിരുന്ന കാഴ്ചയപ്പം, ഇവയെല്ലാം വി. കുർബ്ബാനയെ കുറിച്ച് പഴയ നിയമദൃഷ്ടാന്തങ്ങൾ ആയിരുന്നു. വി. കുർബാനയിൽ യേശു ക്രിസ്തു തന്നെയാണ് ബലി അർപ്പകനും, ബലി വസ്തുവും.

വി. കുർബാന പാപപരിഹാര ബലിയാണ്.
വി. കുർബാന പെസഹാ ബലിയാണ്
വി. കുർബാന പുതിയ നിയമ ബലിയാണ്.
വി. കുർബാന ഹോമബലിയാണ്.

പഴയനിയമത്തിൽ ഇസഹാക്ക് വിറകും തോളിൽ വച്ചുകൊണ്ട് മോറിയ മലയിലേയ്ക്ക് നീങ്ങി. പുതിയ നിയമത്തിൽ യേശു ക്രിസ്തു മനുഷ്യന്റെ പാപഭാരമാകുന്ന കുരിശും ചുമലിൽ വച്ചു കൊണ്ട് ഗോഗുൽത്താ മലയിലേക്ക് നീങ്ങി.

---

3. വി.കുർബാന തക്സാ, പേജ് 310

www.malankaralibrary.com

**ബലിഅർപ്പണം പഴയനിയമത്തിൽ**

| | |
|---|---|
| ഹോമയാഗം | ലേവ്യ 1:3-17 |
| സമാധാന യാഗം | ലേവ്യ 3.1-17 |
| സ്തോത്ര യാഗം | ലേവ്യ 7.12 |
| പ്രായശ്ചിത്ത യാഗം | പുറ. 30:13-15 |
| പാനിയ യാഗം | ഉല്പ. 35:14, പുറ. 29:40 |
| ഭോജന യാഗം | സംഖ്യാ 15:4 |
| അകൃത്യ യാഗം | ലേവ്യ 5: 6-19 |
| പാപരിഹാരയാഗം | ലേവ്യ 4:3-15 |
| പൂർണ്ണ ദഹന യാഗം | ലേവ്യ 22:17-25 |

ഇവ എല്ലാം യേശുക്രിസ്തുവിന്റെ ബലിയുടെ നിഴലായിരുന്നു. പഴയ നിയമ പെസഹാ ഫറവോന്റെ അടിമത്വത്തിൽ നിന്നുള്ള മോചനമായിരുന്നു എങ്കിൽ യേശു ക്രിസ്തുവിന്റെ ബലി പാപത്തിന്റെയും മരണത്തിന്റെയും അടിമത്വത്തിൽ നിന്നുള്ള രക്ഷയും വിടുതലുമായിരുന്നു. പഴയ നിയമത്തിൽ മൃഗബലികൾക്ക് വളരെ അധികം പ്രാധാന്യം ഉണ്ടായിരുന്നു. ബലിമൃഗങ്ങളായ കുഞ്ഞാടിനെ പുരോഹിതന്റെ മുമ്പിൽ കൊണ്ടു വരും. പുരോഹിതനും, ഇസ്രായേൽ ജനവും പാപങ്ങൾ ഏറ്റുപറഞ്ഞശേഷം കുഞ്ഞാടിനെ അറുക്കും. അതിന്റെ രക്തം എടുത്ത് പുരോഹിതൻ ഇസ്രായേൽ ജനത്തിന്റെ മേൽ തളിക്കും. ഈ രക്തത്തിന് പാപമോചന ശക്തിയുള്ളതായി ഇസ്രായേൽ ജനം കരുതി. പുതിയ നിയമത്തിൽ യേശുക്രിസ്തു ജോർദാൻ നദീ തീരത്തേയ്ക്ക് വന്നപ്പോൾ സ്നാപക യോഹന്നാൻ യേശുവിനെ ലോകത്തിന് പരിചയപ്പെടുത്തികൊടുത്തു. ഇതാ ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്. പഴയനിയമ പെസഹാ അടിമത്വത്തിൽ നിന്ന് പുറപ്പെട്ട് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയായിരുന്നു എങ്കിൽ പുതിയ നിയമ പെസഹാ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവരാജ്യത്തിന്റെ അവകാശത്തിലേക്കുള്ള യാത്രയാണ്.

പഴയ നിയമ പെസഹാ ഭക്ഷിക്കുന്നത് എങ്ങനെ എന്ന് നാം വേദപുസ്തകത്തിൽ കാണുന്നു. അരകെട്ടി - (പ്രത്യേക ഒരുക്കത്തെയും, തയ്യാറെടുപ്പിനെയും സൂചിപ്പിക്കുന്നു) കാലിൽ ചെരിപ്പിട്ട്,

www.malankaralibrary.com

കയ്യിൽ വടി പിടിച്ചും (വഴിയാത്രയെ സൂചിപ്പിക്കുന്നു) തിടുക്കത്തോടെ കഴിക്കണം (ദീർഘയാത്ര ചെയ്യണം). നമ്മുടെ പെസഹാ ശുശ്രൂഷയുടെ സന്ധ്യയുടെ സെദ്റായിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "വിനയമാകുന്ന അരക്കച്ച കെട്ടിയും, സമാധാനമാകുന്ന ചെരിപ്പ് ധരിച്ചും ജയമുള്ള സ്ലീബയാകുന്ന വടി പിടിച്ചും ഇത് ഭക്ഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ"[4] എന്ന്.

### വി. കുർബാന - രഹസ്യങ്ങളുടെ രഹസ്യം

വി. കുർബാന രഹസ്യങ്ങളുടെ രഹസ്യമാണ്. സുറിയാനി ഭാഷയിൽ 'റാസാ' എന്ന വാക്കിന് 'രഹസ്യം' എന്നാണ് അർത്ഥം. ഗ്രീക്ക് ഭാഷയിലെ മിസ്റ്റീരിയോൺ എന്ന പദം ഇംഗ്ലീഷിൽ മിസ്റ്ററി എന്നാണ് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. മനുഷ്യ ബുദ്ധിക്ക് അതീതമായത് രഹസ്യമാണ്. ദൈവം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ആയിത്തീരുക. ഇത് വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാണേണ്ട കാര്യമാണ്. മനുഷ്യബുദ്ധിക്ക് അതീതമായ ദൈവിക രഹസ്യം ആണ് വി. കുർബാന. ദൈവിക ശക്തിയിലും, അവന്റെ കൃപയിലും അല്ലാതെ ഈ രഹസ്യത്തെ മനസ്സിലാക്കാൻ സാധ്യമല്ല. മിസ്റ്ററി അഥവാ രഹസ്യം എന്ന വാക്ക് വി. കുർബാനയ്ക്കായി പൗരസ്ത്യ സഭ ഉപയോഗിക്കുന്നു. അതിന് രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്. ഒന്നാമത് ദൈവസന്നിധിക്കു ചുറ്റുമുള്ള സ്വർഗ്ഗീയ ഗായകസംഘത്തിലേക്ക് പ്രവേശിക്കുക. രണ്ടാമത് ക്രിസ്തുവിൽ മനുഷ്യന്റെ മദ്ധ്യസ്ഥതയിലൂടെ പ്രപഞ്ചവും ദൈവവും തമ്മിലുള്ള സ്നേഹപ്രവർത്തനം, ഇവ രണ്ടും പരസ്പരബന്ധിതമാണ്. "ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവികരഹസ്യങ്ങളുടെ വെളിപാട് ഇന്ന് ലോകത്തിന് വി.കൂദാശകളിലൂടെ നൽകപ്പെടുന്നതിനാൽ വി. കൂദാശകളെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നു. പ്രത്യേകിച്ച് കൂദാശകളുടെ മകുടമായ വി. കുർബാനയെ രഹസ്യം എന്ന വാക്കിൽ വിശേഷിപ്പിക്കപ്പെടുന്നു."[5] വി. കുർബാനയിൽ യേശുക്രിസ്തുവിന്റെ ജനനം, പരസ്യ ജീവിതം, കഷ്ടാനുഭവം, മരണം, കബറടക്കം, ഉയി

---

4. പീഢാനുഭവ ആഴ്ചയിലെ പ്രുമയൂൻ സെദറാ (വ്യാഴം സന്ധ്യ), പേജ് 78

5. എഡി. മാനബൽ റിബറോ ഒ.സി.ഡി., എന്റെ ഓർമ്മയ്ക്ക്, പേജ് 82

www.malankaralibrary.com

ർപ്പ്, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ് ഇവയെല്ലാം അനുസ്മരിക്കുന്നു. വി. കുർബാന രഹസ്യമാകുന്നുവെന്ന് എടുത്തു കാണിക്കുവാൻ വേണ്ടിയാണ് മദ്ബഹായിൽ മറയിടുന്നതും ത്രോണോസിൽ കാസായും, പീലാസായും ശോശപ്പാ കൊണ്ടും കബ്ലാനാ കൊണ്ടു മൂടുകയും ചെയ്യുന്നത്.'' ദൈവവും മനുഷ്യനും തമ്മിൽ ഒന്നിക്കുന്ന, ദൈവകൃപ മനുഷ്യരിലേക്ക് ചൊരിയപ്പെടുന്ന മനുഷ്യനെ കൃപയാൽ വിശുദ്ധീകരിക്കുന്ന പ്രക്രിയ മനുഷ്യബുദ്ധിക്കതീതമായിരുന്നതിനാലും ആരാധനയുടെ പശ്ചാത്തലത്തിൽ സഭയിൽ കൂദാശകൾ അനുഷ്ഠിക്കുമ്പോൾ, മനുഷ്യബുദ്ധിക്ക് അതീതമായ കൃപകൾ മനുഷ്യൻ സ്വീകരിക്കുന്നതിനാലുമാണ് ഇതിനെ രഹസ്യം എന്ന് പറയുന്നത്.[6] മലങ്കരസഭയിൽ വി. കുർബാന കൊടുക്കുമ്പോൾ പാടുന്ന രഹസ്യം - രഹസ്യം എന്ന ഗാനത്തിൽ വി. കുർബാനയുടെ രഹസ്യാത്മകത വളരെ വ്യക്തമായും സമഗ്രമായും ചിത്രീകരിക്കുന്നു.

''രഹസ്യം രഹസ്യം ഉടയോനരുളി
രഹസ്യമെനിക്കും എൻവീട്ടുകാർക്കും
ഹാബേലാരേ - സ്വയബലിയാലേ
രൂപീകരിച്ചോ ആയതിവൻ താൻ
ആചാര്യനായ മൽക്കിസദേക്ക്
പൂജിച്ചതായ യാഗമിതുതാൻ
തരുവിൽ കണ്ട കുഞ്ഞാടു മൂലം
ഇസഹാക്കിനേയും വീണ്ടോനിവൻ താൻ
മുൾപ്പടർപ്പതിൽ താ - നിറങ്ങിയ നേരം
മൂശാ നിബിയാം കണ്ടോനിവൻ താൻ
തൻവസനത്തെ - വിഭജിച്ചതായി
ദാവിദു രാജൻ കണ്ടോനിവൻ താൻ
ഏശായനിബിക്കു ദൂതൻ കൊടുത്ത
പാവനമായ തീക്കനലുമിതുതാൻ
ഹസ്കിയേലാരെ നരരൂപിയായി
തേരിൽ കണ്ടോ ആയവനിവൻ താൻ
നിബിയർ നിവഹം നിന്നാഗമനം

6. എഡി. മാനബൽ റിബറോ ഒ.സി.ഡി., എന്റെ ഓർമ്മയ്ക്ക്, പേജ് 85

www.malankaralibrary.com

മുന്നറിയിച്ച ദൈവമിവൻ താൻ
ഏദനിലാദം രുചിനോക്കാത്ത
ജീവതരുവിൻ കനിയുമിവൻ താൻ
മരുഭൂമി തന്നിലിസറേല്യർക്കു
കൊടുത്ത ഗഗന - മന്നായിതു താൻ
മാളികയിൽ വ- ച്ചേശുമിശിഹാ
വാഴ്ത്തിക്കൊടുത്ത ഭോജ്യമിതുതാൻ"[7]

വി. കുർബാന ഒരു വിരുന്നും യാത്രാ ഭക്ഷണവും ആണ്. സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന വിശ്വാസിക്കുള്ള യാത്രാഭക്ഷണമാണ് വി. കുർബാന. സമാപന ആശിർവാദത്തിൽ ഇത് വളരെ വ്യക്തമാണ്. "സഹോദരങ്ങളും വാത്സല്യ ഭാജനങ്ങളുമേ, കർത്താവിന്റെ പാപപരിഹാരപ്രദമായ ബലിപീഠത്തിൽനിന്ന് നിങ്ങൾ പ്രാപിച്ച അനുഗ്രഹത്തോടും യാത്രാഭക്ഷണത്തോടും കൂടെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭരമേൽപ്പിക്കുന്ന ഈ സമയത്ത് സമാധാനത്തോടുകൂടെ പോകുവിൻ."[8] അപ്പോൾ ദേവാലയത്തിൽ നിന്ന് ഒരു വ്യക്തി പുറത്തേയ്ക്ക് വരുന്നത് ത്രിയേക ദൈവത്തിന്റെ മിഷ്യൻ ശുശ്രൂഷയിൽ പങ്കുപറ്റിക്കൊണ്ട് ഭരമേൽപ്പിക്കപ്പെട്ട വ്യക്തിയായിട്ടാണ്. ഈ സാക്ഷ്യത്തിനായി ഒരുവനെ പ്രാപ്തനാക്കുന്നത് വി. കുർബാനയിൽ നിന്നുള്ള ശക്തി മുഖാന്തരം ആണ്. സ്വർഗ്ഗവും, ഭൂമിയും, തമ്മിൽ സമ്മേളിക്കുന്ന അതുല്ല്യമായ നിമിഷമാണ് വി. കുർബാനയുടെ സമയം.

---

7. മലങ്കര സുറിയാനി കത്തോലിക്കരുടെ ഹാശാഗാനങ്ങൾ, പേജ് 14
8. വി. കുർബാന തക്സാ, പേജ് 70

www.malankaralibrary.com

# മലങ്കരകുർബാന ഒരു വ്യാഖ്യാനം

## ഒരുക്കശുശ്രൂഷ (തൂയോബോ)

മലങ്കരസഭയിൽ വി.കുർബാന ആരംഭിക്കുന്നത് യാമനമസ്കാരത്തോടുകൂടിയാണ്. വി. കുർബാനയ്ക്കുള്ള ഒരുക്കമാണ് ഇത്. മൂന്ന് മണിക്കൂർ യേശുക്രിസ്തു കുരിശിൽ കിടക്കുവാൻ 33 വർഷക്കാലം അവൻ ഒരുങ്ങി. ഒരുക്കവും വിശുദ്ധിയും വി. കുർബാനയ്ക്ക് അത്യന്താപേക്ഷിതമാണ്. നമസ്ക്കാരത്തിന്റെ സമയത്ത് വി.ത്രോണോസിൽ വി.സ്ലീബായുടെ മുമ്പിൽ ഒരു തിരികത്തി നിൽക്കും. യാമനമസ്കാരങ്ങളുടെ അവസാനത്തിൽ പട്ടക്കാരൻ വി.മദ്ബഹായിലേക്ക് തെക്കുവശത്തുകൂടെ പ്രവേശിക്കുന്നു. അതിനു മുൻപായി പ്രാരംഭപ്രാർത്ഥനയും 51-ാം സങ്കീർത്തനവും ചൊല്ലിയിരിക്കണം.

പാപാവസ്ഥ അനുതാപത്തെ സൂചിപ്പിച്ചുകൊണ്ട് കറുത്തകുപ്പായം ധരിച്ചുനിൽക്കുന്ന വൈദികൻ സാക്ഷാൽ യേശുക്രിസ്തുവിന്റെ സ്ഥാനത്താണ് നിൽക്കുന്നത്. യേശുക്രിസ്തു ജോർദ്ദാൻ നദിയിലേക്കു വന്നപ്പോൾ സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തു, ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. ഇവിടെ ക്രിസ്തുവിന്റെ സ്ഥാനത്ത് നിൽക്കുന്ന വൈദികൻ തന്റെ ഇടവകജനത്തിന്റെ മുഴുവൻ പാപങ്ങളും ഏറ്റെടുത്തിരിക്കുന്നു എന്നതിന്റെ അടയാളം കൂടിയാണ് കറുത്തകുപ്പായം ധരിച്ച് പ്രവേശിക്കുന്നത്. വി.മദ്ബഹായിൽ പ്രവേശിച്ച് വൈദികൻ ദൈവത്തോടും ജനത്തോടും അനുരഞ്ജനപ്പെട്ടുകൊണ്ട് ശുബക്കോനോ[1] ചോദിക്കുന്നു. ബലി ദൈവം

1. ഗീവർഗ്ഗീസ് പണിക്കർ മലങ്കര കുർബ്ബാന തീർത്ഥാടകസഭയിൽ രണ്ടാംഭാഗം, പേജ് 23

www.malankaralibrary.com

കൈക്കൊള്ളണം എങ്കിൽ ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടണം. പഴയനിയമത്തിൽ ദൈവം 2 ചോദ്യങ്ങൾ ചോദിച്ചു. ഒന്ന് ആദാം നീ എവിടെയാണ്? രണ്ട് ദൈവത്തോടുള്ള ബന്ധത്തിൽ നീ എവിടെ നിൽക്കുന്നു? ബലി അർപ്പണത്തിന് ഈ ബന്ധങ്ങൾ പുനഃസ്ഥാപിക്കേണ്ടത് ആവശ്യമാണ്. "സഹോദരങ്ങളെ, ജീവപ്രദമായ വിശുദ്ധ ബലി സഭക്കു മുഴുവനും വേണ്ടി അർപ്പിക്കുന്നതിന് ഞാൻ യോഗ്യനാകുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ"[2] എന്ന് ആവശ്യപ്പെടണം. വിശുദ്ധ കുർബാന സഭയ്ക്ക് മുഴുവനും വേണ്ടിയാണ് അർപ്പിക്കപ്പെടുന്നത്. സഭയാൽ ആണ് അർപ്പിക്കപ്പെടുന്നത്. തുടർന്ന് ത്രോണോസ് വഹിച്ചുകൊണ്ട് അതിന്റെ കോണുകൾ ചുറ്റിമുത്തുന്നു. 'കർത്താവേ, ഞങ്ങളുടെ പെരുന്നാളുകളെ നിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോട് ബന്ധിക്കണമെ' എന്ന് പ്രാർത്ഥിക്കുന്നു. പഴയനിയമത്തിൽ യാഗം നടത്തുന്നതിനുമുമ്പായി ബലിമൃഗത്തെ ബലിപീഠത്തിന്റെ കോണുകളിൽ ബന്ധിച്ചിരുന്നു. ഞാൻ അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുന്നു (സങ്കീ. 26, 6). ബലിവസ്തുവുമായി ബലിപീഠത്തിനു ചുറ്റും പ്രദക്ഷിണം വച്ചതിനെയും ഇത് സൂചിപ്പിക്കുന്നു. അപ്പോഴേക്ക് വി. മദ്ബഹായുടെ മറ ഇട്ടിരിക്കും. "വചനമായ ദൈവപുത്രൻ പരി.കന്യകമറിയാമിന്റെ ഗർഭപാത്രത്തിൽ ഒൻപത് മാസം അദൃശ്യമായി വസിച്ചതുപോലെ തിരിശ്ശീലയ്ക്കുള്ളിൽ ബലിവസ്തുക്കൾ അദൃശ്യമാകാൻ മറയിടുന്നു." ശുശ്രൂഷകർ വി.സ്ലീബായുടെ മുൻപിൽ കത്തിനിൽക്കുന്ന തിരിയിൽനിന്ന് ആദ്യം വടക്കുവശത്തെ തിരികത്തിക്കുന്നു. ഇതിന്റെ അർത്ഥം പുത്രൻ തമ്പുരാൻ പിതാവായ ദൈവത്തിൽനിന്ന് അനാദിയിൽ ജനിച്ച് നിത്യപ്രകാശമാണ് എന്ന് കാണിക്കാനാണ്. തെക്കുവശത്തെ തിരികത്തിക്കുമ്പോൾ പരിശുദ്ധാ റൂഹാ പിതാവിൽനിന്നും പുറപ്പെട്ട് പുത്രനിൽനിന്ന് സ്വീകരിക്കുന്നവനാണ് എന്നു കാണിക്കുവാൻ വേണ്ടിയാണ്. തുടർന്ന് രണ്ട് ശുശ്രൂഷകളാണ് നടക്കുന്നത്.

1. മൽക്കിസദേക്കിന്റെ ക്രമം
2. അഹറോന്റെ ക്രമം

---

2. സീറോ മലങ്കര കുർബ്ബാന തക്സാ, പേജ് 66, പേജ് 1

www.malankaralibrary.com

**മൽക്കിസദേക്കിന്റെ ക്രമം**

അപ്പവും വീഞ്ഞും വി. ത്രോണോസിൽ ക്രമപ്പെടുത്തുന്ന ശുശ്രൂഷയാണ് മൽക്കിസദേക്കിന്റെ ക്രമം. അത്യുന്നത ദൈവത്തിന്റ പുരോഹിതനായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും എടുത്തു കൊണ്ട് അബ്രഹാമിനെ എതിരേറ്റ സംഭവമാണ് ഇവിടെ അനുസ്മരിക്കുന്നത് (ഉല്പ14:18). എബ്രായലേഖനത്തിൽ ക്രിസ്തുവിന്റെ ഒരു നിഴലായിട്ടാണ് മൽക്കിസദേക്ക് പരിഗണിക്കപ്പെടുന്നത്. മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഉള്ള പുരോഹിതൻ (എഫ്രേ 6:0) എന്ന് യേശു ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നു.

**അഹറോന്റെ ക്രമം (ധൂപാർപ്പണ ശുശ്രൂഷ)**

ഈ ശുശ്രൂഷ പട്ടക്കാരൻ വി. അംശവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണ് നടത്തുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ പുരോഹിതന്മാർ അംശവസ്ത്രങ്ങൾ ധരിച്ചിരുന്നത് ദൈവത്തിന്റെ മഹത്വത്തിലും പൗരോഹിത്യശുശ്രൂഷനിർവ്വഹിക്കാനായി ദൈവത്തിൽനിന്നും പ്രാപിച്ച വിശുദ്ധിയുടെയും അടയാളമായിട്ടാണ്. മഹത്വത്തിനും, അലങ്കാരത്തിനുംവേണ്ടി മഹാപുരോഹിതനായ അഹറോൻ, വി. വസ്ത്രങ്ങൾ ധരിച്ച് ധൂപാർപ്പണം നടത്തി (പുറ.28:2) യേശുക്രിസ്തു രാജാവും പുരോഹിതനും പ്രവാചകനുമാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന വൈദികൻ രാജാവും, പുരോഹിതനും പ്രവാചകനാണ്. ഓരോ അംശവസ്ത്രങ്ങളും പ്രാർത്ഥന ചൊല്ലി, റൂശ്മാചെയ്താണ് ധരിക്കുന്നത്.

അഹറോന്റെ ക്രമത്തിൽ പട്ടക്കാരൻ കാസായും പീലാസായും കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് യേശുനാഥന്റെ രക്ഷാകരസംഭവങ്ങൾ; വചനിപ്പ്മുതൽ - സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്തെ ഇരിപ്പ്വരെ അനുസ്മരിക്കുകയും ആദം മുതൽ ഇതുവരെ ഉള്ള എല്ലാവരേയും ഓർക്കുകയും വാങ്ങിപ്പോയവരെ ഓർത്ത് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തുടർന്ന് കാസായും പീലാസായും ശോശാപ്പകൊണ്ട് മൂടുന്നു. വി.കുർബാനയിൽ നിഗൂഢമായിരിക്കുന്ന ദൈവമഹത്വത്തിന്റെ അദൃശ്യാവസ്ഥയും രഹസ്യാത്മകതയും ആണ് ഇവിടെ സൂചിപ്പിക്കുന്ന

www.malankaralibrary.com

ത്. ശോശപ്പാ കർത്താവിന്റെ കല്ലറവാതിൽക്കൽ വയ്ക്കപ്പെട്ട കല്ലായും ഇതിനെ ചിത്രീകരിക്കുന്നു. തുടർന്ന് ധൂപാർപ്പണം നടത്തി ശോശാപ്പയുടെമേൽ ധൂപക്കുറ്റികൊണ്ട് ആഘോഷിച്ചുകൊണ്ട് സഭ മുഴുവനെയും അനുസ്മരിക്കുന്നു. ശോശാപ്പയുടെ കിഴക്കുവശത്ത് ആഘോഷിക്കുമ്പോൾ നീതിമാന്മാരെ നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ ധൂപാർപ്പണത്തോടുകൂടെ ദൈവമാതാവായ കന്യകാ മറിയം അനുസ്മരിക്കപ്പെടട്ടെ എന്നും പടിഞ്ഞാറുവശത്ത് ആഘോഷിക്കുമ്പോൾ ദീർഘദർശിമാരെയും ശ്ലീഹന്മാരെ, രക്തസാക്ഷികളെയും ഓർക്കുന്നു. വടക്കുവശത്ത് ആഘോഷിക്കുമ്പോൾ ഗുരുക്കന്മാരേയും ആചാരന്മാരേയും, നീതിമാന്മാരേയും, ഓർക്കുന്നു. തെക്കുവശത്ത് ആഘോഷിക്കുമ്പോൾ വി.സഭയെയും അവളുടെ മക്കളെയും അനുസ്മരിക്കുന്നു.

സഭ ജീവിച്ചിരിക്കുന്ന സമൂഹം മാത്രമല്ല, ജീവിച്ചിരിക്കുന്നവരും മരിച്ചവരും ചേർന്ന സമൂഹമാണ്. ഇവർ എല്ലാവരും ആത്മീയമായി വി.കുർബ്ബാനയിൽ സംബന്ധിക്കുന്നു. ഈ രണ്ടു ശുശ്രൂഷകളും രഹസ്യമായി സഭയ്ക്കുള്ളിൽ നടത്തുന്നത് യേശുക്രിസ്തുവിന്റെ രഹസ്യജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. പുരോഹിതനായ സ്കറിയാ ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലത്ത് ധൂപം അർപ്പിച്ചപ്പോൾ ഇസ്രായേൽ ജനം പുറത്തുവന്ന് പ്രാർത്ഥിച്ചിരുന്നു.

**പരസ്യശുശ്രൂഷ**

വി.കുർബ്ബാനയിൽ പരസ്യമായി ആരംഭിക്കുമ്പോൾ മദ്ബഹായുടെ മറ നീക്കുകയും കാർമ്മികനും ശുശ്രൂഷകരും ത്രോണോസ് ചുറ്റി പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു. മറനീക്കി മദ്ബഹാ തുറക്കുന്നതിനാൽ മനുഷ്യന്റെ പാപംമൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം തുറക്കപ്പെട്ട് അദൃശ്യനായ ദൈവം ആരാധനാസമൂഹത്തിന് ദർശനമരുളുന്നുവെന്ന് വ്യക്തമാക്കുന്നു. മദ്ബഹാ തുറക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെടുന്നതായിട്ടാണ് ആരാധനാസംഘം ദർശിക്കുന്നത്. പ്രദക്ഷിണം തുടങ്ങുമ്പോൾ മദ്ബഹാ സുഗന്ധധൂപത്താൽ നിറയുന്നു. പള്ളിമണികൾ മുഴങ്ങുന്നു. മാലാഖമാർ ദൈവത്തെ പരിശുദ്ധൻ എന്ന് പാടി സ്തുതിക്കുന്നു. അതിന്റെ പ്രതീകമായി രണ്ട് ശുശ്രൂഷകർ പുരോഹിതന്റെ മുമ്പിലും പുറകിലുമായി

www.malankaralibrary.com

മർബഹാസാകൾ കിലുക്കുന്നു. യേശുക്രിസ്തുവിന്റെ ജനനത്തെയാണ് ഇവിടെ അനുസ്മരിക്കുന്നത്. "നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമ്മോദീസാ നല്കിയ യോഹന്നാനും......" എന്ന് ചൊല്ലിക്കൊണ്ട് കുർബാന പരസ്യമായി തുടങ്ങുന്നു. വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലുള്ള വിശ്വാസവും കൂട്ടായ്മയും നാം ഉറക്കെ പ്രഖ്യാപിക്കുന്നു. പ. ദൈവമാതാവിനും സ്നാപകയോഹന്നാനും സഭയിൽ അതിശ്രേഷ്ഠമായ സ്ഥാനമാണുള്ളത്. കാരണം, ഇവർ രണ്ടുപേരും പരിശുദ്ധാത്മാവിനാൽ ജനിച്ചവരും യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം വഹിച്ചവരുമാണ്. രാജകീയ വസ്ത്രവിഭൂഷിതനായ കാർമ്മികൻ പരസ്യമായി പ്രത്യക്ഷപ്പെടുന്ന രാജാധിരാജാവായ യേശുക്രിസ്തുവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ പ്രദക്ഷിണത്തിൽ കാർമ്മികൻ നേർമുമ്പിൽ നടക്കുന്ന പ്രധാനശുശ്രൂഷകൻ യേശുക്രിസ്തുവിന് വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാന്റ പ്രതിനിധിയാണ്. അന്ത്യോക്യയിലെ മാർ സേവേറിയോസിനാൽ രചിക്കപ്പെട്ട അർത്ഥം സമ്പുഷ്ടവും ദൈവശാസ്ത്രസമ്പന്നമായ "സ്വഭാവപ്രകാരം മരണമില്ലാത്തവനു....." എന്നു തുടങ്ങുന്ന മനോഹരമായ മാനീസ ചൊല്ലിക്കൊണ്ട് പ്രദക്ഷിണം പൂർത്തിയാക്കുന്നു. യേശുക്രിസ്തു ആരാണെന്നും അവൻ എന്തിനുവേണ്ടി ലോകത്തിലേക്കു വന്നുവെന്നും അവന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകത എന്താണെന്നും ഈ പ്രാർത്ഥനയിൽ സ്പഷ്ടമാണ്.

പഴയനിയമ സഭ തേനും പാലുമൊഴുകുന്ന കാനാൻദേശം ലക്ഷ്യമാക്കി യാത്ര ചെയ്യുന്നു. പുതിയനിയമസഭ സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന സംഘമാണ് ഈ യാത്രയാണ്. ഈ പ്രദക്ഷിണം സൂചിപ്പിക്കുന്നത്. തുടർന്ന് ദൈവമെ നീ പരിശുദ്ധനാകുന്നു എന്ന് തുടങ്ങുന്ന കീർത്തനം ആരംഭിക്കുന്നു. ഏറ്റവും വലിയ പ്രാർത്ഥന ദൈവം പരിശുദ്ധനാകുന്നുവെന്ന് മാലാഖമാരോട് ചേർന്ന് ഏറ്റുപറയുന്നതാണ്. യേശുവിന്റെ കബറടക്ക സമയത്ത് ഒരുകൂട്ടം മാലാഖമാർ ദൈവമെ നീ പരിശുദ്ധനാകുന്നുവെന്നും, മറ്റൊരുകൂട്ടം ബലവാനേ നീ പരിശുദ്ധാകുന്നുവെന്നും വേറൊരുകൂട്ടം മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നുവെന്നും

www.malankaralibrary.com

പാടി. ഇതെല്ലാം കേട്ടുകൊണ്ട് യൗസേപ്പും നിക്കേദേമൂസും കൂടെ നിന്നവരും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമെ എന്നു പ്രാർത്ഥിച്ചുവെന്നാണ് പാരമ്പര്യം.

ഏറ്റവും വലിയ പ്രാർത്ഥന ദൈവം പരിശുദ്ധനാകുന്നുവെന്ന് മാലാഖമാരോടൊപ്പം ഏറ്റുപറയുന്നതാണ്. അതിനലാണ് ഇത് നീട്ടി ആലപിക്കുന്നത്. തുടർന്ന് പുതിയനിയമത്തിൽ നിന്നുള്ള വായനകൾ ആരംഭിക്കുന്നു. ഒരു വായന വടക്കുവശത്തും ഒരുവായന തെക്കുഭാഗത്തും നടത്തുന്നു. ഇത് രണ്ടും വരാനിരിക്കുന്ന സുവിശേഷവായനയ്ക്കായുള്ള അകമ്പടികളാണ്. മൂന്നാമതായി വി.ഏവൻഗേലിയോൻ വായിക്കുന്നു. പുറപ്പാടുപുസ്തകം 19-ാം അദ്ധ്യായത്തിൽ ദൈവം ഇസ്രായേൽ ജനത്തോട് സംസാരിച്ചതായി നാം വായിക്കുന്നു.

"മൂന്നാംദിവസം പ്രഭാതത്തിൽ ഇടിമുഴുക്കവും, മിന്നൽപിണരുകളും ഉണ്ടായി. കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. കാഹളധ്വനി അത്യുച്ചത്തിൽ മുഴങ്ങി. പാളയത്തിലുണ്ടായിരുന്ന ജനമെല്ലാം ഭയന്നുവിറച്ചു. ദൈവത്തെ കാണുന്നതിനുവേണ്ടി മോശ ജനത്തെ പാളയത്തിനു പുറത്തുകൊണ്ടുവന്നു. അവർ മലയുടെ അടിവാരത്തിൽ നിലയുറപ്പിച്ചു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനായ്മല മുഴുവൻ ധൂമാവൃതമായി. ചൂളയിൽനിന്നെന്നപോലെ അവിടെനിന്നു പുക ഉയർന്നുകൊണ്ടിരുന്നു. മല ശക്തമായി ഇളകിവിറച്ചു. കാഹളശബ്ദം ശക്തിപ്പെട്ടുകൊണ്ടേയിരുന്നു. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്താൽ ഉത്തരം നല്കുകയും ചെയ്തു" (പുറ.19:16-19).

അന്ന് സീനായ് മലയിൽ സംഭവിച്ചതുപോലെ മദ്ബഹായിലും സംഭവിക്കുന്നു. സീനായ്മല ധൂമാവൃതമായതുപോലെ മദ്ബഹാ ധൂപത്താൽ നിറയുന്നു. കാഹളശബ്ദം ശക്തിപ്പെട്ടിരിക്കുന്നതുപോലെ മദ്ബഹായിൽ മണിനാദങ്ങളുടെയും മർബഹാസാകളുടെയും ശബ്ദഘോഷമുണ്ട്. നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന വി. ഏവൻഗേലിയോൻ ശ്രദ്ധിച്ച് കേൾക്കണമെന്ന് ശുശ്രൂഷകൻ പ്രഖ്യാപിക്കുന്നു. ശുശ്രൂഷകന്റെ പ്രഖ്യാപനംകേട്ട് ഭയഭക്തിയോടെ നില്ക്കുന്ന ആരാധകരെ ആശ്വസിപ്പിച്ചുകൊണ്ട് 'നിങ്ങൾക്കെല്ലാ

www.malankaralibrary.com

വർക്കും സമാധാനമുണ്ടായിരിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് വൈദികൻ സ്ലീബായുടെ അടയാളത്താൽ ആശീർവദിക്കുന്നു. ഏവൻഗേലിയോൻ വായിക്കുമ്പോൾ ശുശ്രൂഷകർ അതിനോടുള്ള ആദരസൂചകമായി ഇരുവശങ്ങളിലും തിരികൾ പിടിക്കുന്നു. തുടർന്ന് ഏവൻഗേലിയോൻ വായന കഴിഞ്ഞാലുടനെതന്നെ വചനശുശ്രൂഷ ആരംഭിക്കുന്നു. വി.കുർബാനയിൽ ജനത്തിന് രണ്ട് വിരുന്നുകളാണ് ലഭിക്കുന്നത്. വചനം വിളമ്പുന്നു, അപ്പം വിളമ്പുന്നു. സഭയുടെ ഏറ്റവും വലിയ ശുശ്രൂഷ വചനശുശ്രൂഷയാണ്. വചനത്തെക്കൂടാതെ സഭയ്ക്കോ സഭയെക്കൂടാതെ വചനത്തിനോ നിലനില്പില്ല. ഇന്ന് വചനം കുടികൊള്ളുന്നത് സഭയിലാണ്. സഭയ്ക്ക് ജീവൻ കൊടുക്കുന്നതും സഭയെ വഴിനടത്തുന്നതും ദൈവത്തിന്റെ ജീവനുള്ള വചനമാണ്. വചനശുശ്രൂഷയ്ക്കും വി.കുർബാനയ്ക്കും സഭയിൽ തുല്യപ്രാധാന്യമാണുള്ളത്. വി.കുർബാനയിൽ യേശുവിന്റെ സാന്നിദ്ധ്യമുള്ളതുപോലെതന്നെ വി.ഗ്രന്ഥത്തിൽ ദൈവത്തിന്റെ സജീവസാന്നിദ്ധ്യമുണ്ട്. അതുകൊണ്ടാണ് വി. ത്രോണോസിനും ഏവൻഗേല്യോൻ പീഠത്തിനും ഒരേ നിറമുള്ള ചിത്തോല ഉപയോഗിക്കുന്നത്. ആദിമകാലങ്ങളിൽ വി.സൂന്നഹദോസുകൾ നടത്തുമ്പോൾ വി. ഗ്രന്ഥം തുറന്ന് പ്രതിഷ്ഠിച്ചിരുന്നു. വചനത്തിലൂടെയുള്ള ദൈവത്തിന്റെ സജീവസാന്നിദ്ധ്യമാണ് എടുത്തുകാട്ടുന്നത്. അതുകൊണ്ട് വചനശുശ്രൂഷയില്ലാതെ വി.കുർബാനയില്ല.

തുടർന്ന് പ്രുമയോൻ-സെദറാ ആരംഭിക്കുന്നു. പ്രുമയൂൻ സെദറാകൾ മാറിമാറി വരുന്നെങ്കിലും പാപപരിഹാരം നല്കുന്നവരും എന്ന ഹൂസോയോ പ്രാർത്ഥന മാറ്റമില്ലാത്തതാണ്. നമ്മുടെ ആരാധനയിൽ അനുതാപത്തിനും സ്തുതിക്കും തുല്യപ്രാധാന്യമാണ്. പാപക്ഷമ ലഭിക്കാതെ ആരും വി.രഹസ്യങ്ങളെ സമീപിക്കുവാൻ പാടില്ല. സെദറായുടെ അവസാനം വൈദികൻ ആരാധനാസംഘത്തിന് പരസ്യമായി പാപമോചനം കൊടുക്കുന്നു. 'ദൈവത്തിൽനിന്ന് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും രണ്ട് ലോകങ്ങളിലേക്കും എന്നുമെന്നേക്കും പ്രാപിക്കുമാറാകട്ടെ' എന്താണ് കടങ്ങൾ? എന്താണ് പാപം? ദൈവത്തിനുവേണ്ടിയും സഹോദരനുവേണ്ടിയും ചെയ്യേണ്ടത് ചെയ്യാതിരുന്നപ്പോൾ അത് കടമായി.

www.malankaralibrary.com

ദൈത്തിനും സഹോദരനും എതിരായി ചെയ്യരുതാത്തത് ചെയ്തപ്പോൾ അത് പാപമായി. ഇത് രണ്ടും ക്ഷമിക്കുവാൻ വൈദികൻ പ്രാർത്ഥിക്കുന്നു.

## ധൂപകുറ്റി വാഴ്വ്

ത്രിയേക ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുകയാണ് ധൂപക്കുറ്റിവാഴ്വിലൂടെ നടക്കുന്നത്. അതേസമയം യേശുക്രിസ്തുവിന്റെ മാമോദീസായും ഈ അവസരത്തിൽ അനുസ്മരിക്കുന്നു. ജോർദാൻ നദി ജറുസലേമിനും അന്ത്യോക്യായ്ക്കും ഇടയിൽ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. യേശുവിന്റെ മാമോദീസാ നടന്നത് യോർദാൻ നദിയിൽവച്ചാണ്. അതിനാൽ വൈദികൻ തെക്കോട്ട് തിരിഞ്ഞുനിൽക്കുന്നു. ധൂപക്കുറ്റി ഈ ലോകം മുഴുവന്റെയും പ്രതീകമാണ്. ധൂപകുറ്റിയുടെ അടിഭാഗം ഭൂമിയേയും മുകൾഭാഗം ആകാശത്തെയും അതിനുള്ളിലെ കരി പാപികളായ മനുഷ്യരേയും അഗ്നി ദൈവത്തെയും സൂചിപ്പിക്കുന്നു. 72 കൊളുത്തുകൾ 72 അറിപ്പുകാരേയും 12 മണികൾ 12 ശ്ലീഹന്മാരേയും സൂചിപ്പിക്കുന്നു. പരിശുദ്ധനായ പിതാവ് പരിശുദ്ധൻ എന്ന് കീർത്തിച്ച് പാടുമ്പോൾ ഒരു ചങ്ങല വാഴ്ത്തുന്നു. (കാദീശ് അബോ കാദിശോ) പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ (കാദീശ് ബ്രോ കാദിശോ) എന്നു പറയുമ്പോൾ രണ്ടു ചങ്ങലകൾ കൂട്ടിപ്പിടിച്ചു വാഴ്ത്തുന്നു. പുത്രൻ തമ്പുരാന്റെ ദൈവത്വത്തേയും, മനുഷ്യത്വത്തേയും ആണ് ഇവിടെ എടുത്തുകാട്ടുന്നത്. ജീവപ്രദനായ റൂഹാ പരിശുദ്ധൻ (കാദിശ് റൂഹോ ഹായോ കാദീശോ) എന്നു പറയുമ്പോൾ നാലാമത്തെ ചങ്ങലയും വാഴ്ത്തുന്നു. "ധൂപക്കുറ്റി സഭയുടെ പ്രതീകമാകയാൽ ധൂപക്കുറ്റി വാഴ്വ് സഭയുടെ ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു."[3] ധൂപക്കുറ്റി വാഴ്വിൽ ക്കൂടി സത്യവിശ്വാസം ഏറ്റുപറയുകയും ത്രിയേകദൈവം പരിശുദ്ധനാണ് എന്ന് സമ്മതിക്കുകയും ചെയ്യുന്നു.

## വിശ്വാസപ്രമാണം

വിശ്വാസത്തിന്റെ മർമ്മങ്ങൾ എല്ലാം വിശ്വാസപ്രമാണത്തിൽ

3. ഗീവർഗ്ഗീസ് പണിക്കർ, മലങ്കര കുർബാന തീർത്ഥാടകരുടെ സഭയിൽ, പേജ് 78

www.malankaralibrary.com

അടങ്ങിയിട്ടുണ്ട്. വിശ്വാസപ്രമാണത്തിലൂടെ സഭയുടെ സത്യവിശ്വാസത്തെയും അപ്പസ്തോലികത്വത്തെയും വിളിച്ചറിയിക്കുകയാണ്. എല്ലാ ശുശ്രൂഷകളും സമാപിക്കുന്നത് വിശ്വാസപ്രമാണത്തോടെയാണ്. വിശ്വാസപ്രമാണസമയത്ത് പട്ടക്കാരൻ കൈകൾ കഴുകുന്നു. ഇത് ആത്മീയ ഒരുക്കത്തെ സൂചിപ്പിക്കുന്നു. ജനത്തോട് ശുബാക്കോനോ ചോദിക്കുന്നു. കുമ്പിട്ട് പ്രാർത്ഥിക്കുന്നു. ഈ സമയം പ്രധാനശുശ്രൂഷകൻ പടിഞ്ഞാറെ വാതിൽവരെ ധൂപം വീശിക്കൊണ്ട് പോകുന്നു. വി.കുർബാനയ്ക്ക് വിശുദ്ധിയും വെടിപ്പും അത്യന്താപേക്ഷിതമാണ്. ജനത്തെ വിശുദ്ധീകരിക്കുവാൻ വേണ്ടിയാണ് ഈ സമയം ശുശ്രൂഷകൻ പടിഞ്ഞാറെ വാതിൽവരെ പോകുന്നത്. ഈ സമയം വൈദികൻ തന്റെ ജനത്തിന്റെ പാപമോചത്തിനായി കുമ്പിട്ട് പ്രാർത്ഥിക്കുകയും, വി.കുർബാനയിൽ പേര് ഓർക്കേണ്ടവരെ ഓർക്കുകയും ചെയ്യുന്നു. വി.ദൈവമാതാവിനെയും വിശുദ്ധന്മാരേയും ഓർക്കുമ്പോൾ ത്രോണോസിന്റെ മധ്യഭാഗത്തും മരിച്ചുപോയവരെ ഓർക്കുമ്പോൾ ഇടത്തുഭാഗത്തും, ജീവിച്ചിരിക്കുന്നവരെ ഓർക്കുമ്പോൾ വലതുവശത്തും സ്ലീബായുടെ അടയാളത്താൽ റൂശ്മാ ചെയ്യുന്നു.

**അന്നാഫൂറാ**

വിശ്വാസപ്രമാണവും യാചിക്കേണ്ടും സമയമിതാ എന്ന ഗാനത്തിനുശേഷം വൈദികൻ എഴുന്നേറ്റ് വി.ത്രോണോസ് മുത്തി കൈകൾ നെഞ്ചിൽ അടക്കിപ്പിടിച്ച് സമാധാനത്തിന്റെ പ്രാർത്ഥന ആരംഭിക്കുന്നു. സമാധാനപ്രാർത്ഥനമുതൽ യാത്ര പറച്ചിൽ വരെയുള്ള ഭാഗമാണ് അന്നാഫൂറാ പ്രാർത്ഥന. തുടർന്ന് സമാധാനം നൽകുന്നു (കൈയസ്തുരി). വി. കുർബാനയ്ക്ക് ദൈവത്തോടു സഹോദരങ്ങളോടുമുള്ള നിരപ്പ് അത്യന്താപേക്ഷിതമാണ്. ദൈവമായ കർത്താവിന്റെ സ്നേഹംമൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ പരസ്പരം സമാധാനം നൽകുന്നു. സ്വർഗ്ഗീയമായ ത്രോണോസിൽനിന്ന് ശുശ്രൂഷകൻവഴി കൊടുത്തുവിട്ട ദൈവിക സമാധാനം ജനം പരസ്പരം കൈമാറുകയും ആശംസിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

**ശോശപ്പാ ആഘോഷം**

വി. രഹസ്യങ്ങൾ മറച്ചിരുന്ന ശോശപ്പാ പട്ടക്കാരൻ എടുത്ത് ഉയർത്തി ആഘോഷിക്കുന്നു. ഏറ്റവും കുറഞ്ഞത് മൂന്ന് പ്രാവശ്യം എങ്കിലും മുകളിലോട്ടും കീഴിലോട്ടുമായി ആഘോഷപൂർവ്വം ചലിപ്പിക്കുന്നു. ശോശപ്പാ രക്ഷാകരമായ കബറിന്റെ വാതിൽക്കൽ വച്ച കല്ലിന്റെ പ്രതീകമാണ്. ശോശപ്പാ ഉയർത്തി ആഘോഷിക്കുമ്പോൾ കബർ മൂടിയ കല്ല് ഉയർത്തി സമയത്ത് തെറ്റിച്ചുപോയതിനെയാണ് സൂചിപ്പിക്കുന്നത്. ശുശ്രൂഷകന്റെ പ്രഖ്യാപനവും, മണിനാദങ്ങളും സമയത്തിന്റെ ഗൗരവം എടുത്തു കാട്ടുന്നു. തുടർന്ന് ജനത്തെ അഭിമുഖീകരിച്ച് ത്രിയേകദൈവത്തിന്റെ നാമത്തിൽ അവരെ ആശീർവദിക്കുന്നു.

തുടർന്ന് ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവസന്നിധിയിൽ ആയിരിക്കണം എന്ന് ജനത്തെ ആഹ്വാനംചെയ്യുന്നു. കാരണം വി.കുർബാനയുടെ മർമ്മപ്രധാനമായ ഭാഗങ്ങൾക്ക് കടക്കുവാൻ പോവുകയാണ്. "പിതാവിന്റെ സ്നേഹംമൂലം സ്വർഗ്ഗത്തിലെ കരുണയുടെ വാതിൽ നമുക്ക് തുറന്നുതരുന്നു. ഏകജാതന്റെ കൃപമൂലം, ദൈവസമക്ഷം മനോധൈര്യത്തോടെ നില്പ്പാൻ നമുക്ക് ഉറപ്പുതരുന്നു (ഹെബ്രായ 10:19). പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും കാഴ്ചവസ്തുക്കളെ രൂപാന്തരപ്പെടുത്തുന്നതുപോലെ നമ്മെയും നിരന്തരം രൂപാന്തരപ്പെടുത്തുന്നു."[4]

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും...... എന്നു തുടങ്ങുന്ന മാലാഖമാരുടെ കീർത്തനം ആലപിക്കുന്നു. മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശിക്ക് ഉണ്ടായ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ പ്രാർത്ഥന രചിക്കപ്പെട്ടിരിക്കുന്നത്. മാലാഖമാർ പറക്കുന്നതുപോലെ പട്ടക്കാരൻ കൈകൾ ചലിപ്പിക്കുന്നു.

**വി.കുർബാന സ്ഥാപനവചനങ്ങൾ**

പട്ടക്കാരൻ കർത്താവ് ഉച്ചരിച്ച അതേ വാക്യങ്ങൾ ഉച്ചരിച്ചുകൊണ്ട് അപ്പവീഞ്ഞുകളെ വാഴ്ത്തുന്നു അന്ത്യഅത്താഴത്തിൽ

4. ഗീവർഗീസ് പണിക്കർ, മലങ്കര കുർബാന തീർത്ഥാടകരുടെ സഭയിൽ, പേജ് 104

www.malankaralibrary.com

കർത്താവ് ചെയ്ത അതേ ക്രിയകളാണ് ഇവിടെയും നടത്തുന്നത്. അപ്പം കരങ്ങളിൽ എടുത്തു എന്നുപറയുമ്പോൾ അപ്പം എടുത്ത് ഇടതുകയ്യിൽ വയ്ക്കുന്നു. ബാറോക് അഥവാ വാഴ്ത്തി എന്നു ചൊല്ലുമ്പോൾ 2 പ്രാവശ്യം വാഴ്ത്തുന്നു. ഉകാദേശ് അഥവാ ശുദ്ധീ കരിച്ചു എന്നു ചൊല്ലുമ്പോൾ ഒരു പ്രാവശ്യവും വാഴ്ത്തും. അതു പോലെ കാസയും വാഴ്ത്തുന്നു. തുടർന്ന് കല്പനാക്കുസരണം നട ത്തുന്നു. "ഈ രഹസ്യങ്ങളിൽ നിങ്ങൾ സംബന്ധിക്കുമ്പോഴെല്ലാം എന്റെ മരണത്തേയും കബറടക്കത്തേയും, പുനരുത്ഥാനത്തെയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓർമ്മിക്കുവിൻ എന്ന് അപ്പോൾത്തന്നെ അവൻ കല്പിച്ചരുളിചെയ്തു." ഇപ്രകാരം കാർമ്മി കൻ ചൊല്ലുമ്പോൾ കാസായുടെ വടക്കുവശത്തിരിക്കുന്ന സ്പൂൺ എടുത്ത് മരണത്തേയും എന്നു പറയുമ്പോൾ കാസായിലും പീലാ സായിലും കബറടക്കത്തെയും എന്നു പറയുമ്പോൾ തബ്ലിത്താ യാലും പുനരുത്ഥാനത്തെയും എന്നു പറയുമ്പോൾ നെറ്റിയിലും തൊടുവിക്കുന്നു. ഞാൻ വരുന്നതുവരെ എന്നു പറയുമ്പോൾ സ്പൂൺ ഉയർത്തിക്കാട്ടി തെക്കുവശത്തേക്കു വയ്ക്കുന്നു. കിഴക്കു നിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർപ്പുപോലെ ആയി രിക്കും മനുഷ്യപുത്രന്റെ ആഗമനം. അപ്പോൾ ഈ സ്പൂൺ നമ്മുടെ കർത്താവിനെ സൂചിപ്പിക്കുന്നത്. സ്പൂൺ വടക്കുവശത്തുനിന്ന് തെക്കുവശത്തേക്ക് മാറ്റുന്നത് മിശിഹാ തമ്പുരാൻ രണ്ടാമത്തെ വര വിൽ കരുണയിൽ സിംഹാസനത്തിൽനിന്ന് നീതിയുടെ സിംഹാ സനത്തിലേക്ക് പ്രവേശിക്കുന്നതിനെയാണ് കാണിക്കുന്നത്.

**പരിശുദ്ധാത്മ വിളിയും കൈ ആഘോഷിക്കലും**

പൗരസ്ത്യസഭയുടെ കാഴ്ചപ്പാടിൽ എല്ലാ കൂദാശകളെയും പൂർത്തിയാക്കുന്നത് പരിശുദ്ധാത്മാവിന്റെ വരവോടെയാണ്. പട്ട ക്കാരൻ പരിശുദ്ധ രഹസ്യങ്ങളുടെമേൽ കൈ ആഘോഷപൂർവ്വം ചലിപ്പിക്കുന്നത് പരിശുദ്ധാത്മ പ്രതാപത്തോടുകൂടി ഇറങ്ങിവരുന്ന തിനെയാണ് കാണിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഇറക്കത്തെ സൂചിപ്പിക്കാനായി പ്രാവ് പറക്കുന്നതുപോലെ കൈകൾ വി.രഹ സ്യങ്ങളുടെമേൽ ആഘോഷിക്കുന്നു. തുടർന്ന് കാർമ്മികൻ അനിൻമൊറിയോ (കർത്താവേ എന്നോട് നീ ഉത്തരമരുളണമെ)

www.malankaralibrary.com

എന്ന് മൂന്ന് പ്രാവശ്യം ഹൃദയവേദനയോടെ പ്രാർത്ഥിക്കുന്നു. 1 രാജാക്കന്മാർ 18 അദ്ധ്യായം 20-40 ഉള്ള ഭാഗത്ത് ഏലിയായുടെ ബലിവസ്തുവിനെ ശുദ്ധീകരിക്കുവാൻ ഏലിയ പ്രാർത്ഥിച്ച പ്രാർത്ഥനയാണ് ഇത്. തുടർന്ന് പരിശുദ്ധ റൂഹാ അവനിലെ അപ്പത്തെ തിരുശരീരമാക്കി പൂർത്തിയാക്കട്ടെ എന്നും കാസായിലെ കലർപ്പിനെ തിരുരക്തമാക്കി പൂർത്തിയാക്കട്ടെ എന്ന് പ്രാർത്ഥിച്ച് കൈകൾ ചലിപ്പിച്ച് ആഘോഷിക്കുന്നു. "പരിശുദ്ധാത്മാവ് കന്യകാമറിയാമിന്റെ ഗർഭത്തിൽ ഇറങ്ങിവസിച്ച് യേശുവിന്റെ ശരീരം ഉണ്ടാക്കിയതുപോലെ പരിശുദ്ധാത്മാവ് വി.ത്രോണോസിലെ അപ്പവീഞ്ഞുകളിന്മേൽ ഇറങ്ങിവസിച്ച യേശുവിന്റെ ശരീരവും രക്തവുമാക്കി രൂപാന്തരപ്പെടുത്തുന്നു."[5]

**മാദ്ധ്യസ്ഥപ്രാർത്ഥന (തുബ്ദേൻ)**

ഇത് സഭയ്ക്ക് മുഴുവനുംവേണ്ടി നടത്തുന്ന അപേക്ഷയാണ്. 6 മദ്ധ്യസ്ഥപ്രാർത്ഥനകൾ ഉള്ളതിൽ ഇതിൽ 3 എണ്ണം ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയും 3 എണ്ണം മരിച്ചുപോയവർക്കുവേണ്ടിയും ആണ്. സഭയെ നയിക്കുന്നവരേയും വിശ്വാസികളെയും ഭരണാധികാരികളെയും, പരി.ദൈവമാതാവിനെയും, പിതാക്കന്മാരെയും വാങ്ങിപ്പോയവരേയും എല്ലാം ഓർത്ത് പ്രാർത്ഥിക്കുന്നു.

**അപ്പംമുറിക്കൽ ശുശ്രൂഷ**

ഈ ശുശ്രൂഷ മറയ്ക്ക് ഉള്ളിൽ വച്ച് നടത്തുന്നു. തിരുശരീരം മുറിക്കുകയും അത് തിരുരക്തത്തിൽ മുക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് ഇത്. അപ്പം മുറിക്കൽ ശുശ്രൂഷാസമയത്ത് 4 കാര്യങ്ങൾ ആണ് അനുസ്മരിക്കുന്നത്. 1. കർത്താവിന്റെ കഷ്ടാനുഭവം, 2. മരണം, 3. കബറടക്കം, 4. ഉയിർപ്പ് എന്നിവയാണ് അവ. ദൈവം മരിക്കുക, കബറടക്കുക, ഉയിർക്കുക ഇവ മനുഷ്യബുദ്ധിക്ക് അധീതമാണ്. അതിനാൽ ഈ പ്രവൃത്തികളെ പൗരസ്ത്യസഭ രഹസ്യം എന്നു വിളിക്കുന്നു. ഈ രഹസ്യാത്മകതയെ കാണിക്കുവാനും 6-ാം മണിക്കൂർ മുതൽ 9-ാം മണിക്കൂർ വരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതിനെ അനുസ്മരിപ്പിച്ചുകൊണ്ടും ആണ് ആ സമയത്ത്

5. ഫാ. ജോൺ സ്വർഗ്ഗീയമന്ന, പേജ് 169

www.malankaralibrary.com

മറയിടുന്നത്. അപ്പോൾ ആലപിക്കുന്ന അൻപുടയോനേ എന്ന ഗാനം സമയത്തിന്റെ ഗൗരവം മനസിലാക്കി അനുതാപത്തിന്റെ ഈണത്തിലാണ് ആലപിക്കേണ്ടത്. മാർ ദിവന്നാസിയോസ് ബർസ്ലീബിയാൽ രചിക്കപ്പെട്ട അർത്ഥസംപുഷ്ടമായ പ്രാർത്ഥന കാർമ്മികൻ ചൊല്ലിക്കൊണ്ടാണ് അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നത്.

തിരുശരീരം കൈകളിൽ എടുത്ത് ഉയർത്തി രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം സത്യമായി ശരീരത്തിൽ കഷ്ടതയനുഭവിച്ചെന്നും, കുരിശിൽ ബലി കഴിക്കപ്പെട്ടെന്നും ശരീരം നുറുക്കപ്പെടുന്നു എന്നു സൂചിപ്പിക്കുന്നു. വൈദികർ കാണിക്കുന്നു. വീണ്ടും അവചേർത്തു പിടിക്കുന്നതിനാൽ അവിടുത്തെ ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടെങ്കിലും ദൈവത്വം ആത്മാവിൽനിന്നോ ശരീരത്തിൽനിന്നോ വേർപിരിഞ്ഞില്ല എന്ന് സൂചിപ്പിക്കുന്നു. ഒരു ഭാഗം രക്തത്തിൽ മുക്കി. അതുകൊണ്ട് മറുഭാഗം റൂശ്മാചെയ്യുന്നതുവഴി നുറുക്കപ്പെട്ട ശരീരം അവിടുത്തെ രക്തത്താൽ നനഞ്ഞു എന്ന് സൂചിപ്പിക്കുന്നു. ശരീരവും രക്തവും രണ്ടുപാത്രങ്ങളിൽ വയ്ക്കപ്പെട്ടിരിക്കുന്നുവെങ്കിലും അത് വചനമായ ദൈവത്തിന്റെ ജീവനുള്ള ശരീരമാണ് എന്ന് കാണിക്കാനാണ് രക്തത്തിൽ ശരീരത്തിന്റെ ഒരു ഭാഗമിടുന്നത്. അതിനുശേഷം രണ്ടു ഭാഗങ്ങളും ഒന്നിച്ചു ചേർത്തുവയ്ക്കുന്നത്, അവിടുന്ന് കുരിശിൽ അർപ്പിക്കപ്പെട്ടപ്പോൾ, കുരിശിൽ ചിന്തിയ രക്തംവഴി എല്ലാ വസ്തുക്കളെയും രമ്യതപ്പെടുത്തി സമാധാനം സ്ഥാപിച്ചു എന്നു കാണിക്കാനാണ്. അവസാനം ശരീരത്തിൽ മൂന്നുപ്രാവശ്യം രക്തം പുരട്ടി ഉയിർത്തെഴുന്നേല്പിനെ സൂചിപ്പിക്കുന്നു. കാരണം രക്തം ആത്മാവാണ്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരമാണ്. ജനനപ്പെരുന്നാൾമുതൽ പെസഹാവ്യാഴാഴ്ചവരെ കുഞ്ഞാടിന്റെ രൂപത്തിലും, ദുഃഖവെള്ളിയാഴ്ചമുതൽ സ്ലീബാ പെരുന്നാൾവരെ മനുഷ്യപുത്രന്റെ രൂപത്തിലും സ്ലീബാപെരുന്നാൾമുതൽ ജനനപ്പെരുന്നാൾവരെ സ്ലീബായുടെ ആകൃതിയിലുമാണ് ഖണ്ഡൻശുശ്രൂഷ നടത്തി തിരുശരീരം പീലാസായിൽ ക്രമപ്പെടുത്തുന്നത്.[6]

വി.കുർബാനയിലെ ഏറ്റംപ്രധാനപ്പെട്ട സമയം ആകയാൽ

6. ഗീവർഗീസ് പണിക്കർ, പേജ് 134

www.malankaralibrary.com

എല്ലാവിശ്വാസികളും ഈ സമയത്ത് ഭയഭക്തിയോടുകൂടെ കർത്താവിന്റെ രക്ഷാകരവ്യാപാരങ്ങളെ ഓർക്കേണ്ട സമയമാണ് ഇത്.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ**

തിരിശീല നീക്കിയതിനുശേഷം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്നു വിളിച്ചുപ്രാർത്ഥിക്കുവാൻ വായകളെയും അധരങ്ങളെയും നിർമ്മലമാക്കണമെ എന്ന് പ്രാർത്ഥിക്കുന്നു. യഹൂദന്മാർ ഒരിക്കലും ദൈവത്തെ പിതാവേ എന്ന് വിളിച്ചിരുന്നില്ല. പുതിയനിയമത്തിൽ യേശുക്രിസ്തു പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിച്ചു. ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ ഉദാത്തമായ പ്രകടനമാണ് ഈ പ്രാർത്ഥന.

**ത്രിത്വനാമത്തിലുള്ള ആശീർവാദം**

പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം ക്രിസ്തീയ വിശ്വാസത്തിന്റെ കാതലാണ്. എല്ലാറ്റിന്റെയും ആരംഭവും അർത്ഥവും ലക്ഷ്യവും ഈ മഹാരഹസ്യത്തിലാണ് അടങ്ങിയിരിക്കുന്നത്. സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്ന കൂട്ടായ്മയാണ് ത്രിത്വരഹസ്യത്തിന്റെ ഉള്ളടക്കം. 'ത്രിത്വം' എന്നർത്ഥമുള്ള 'ത്രിയാസ്' എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് എ.ഡി. രണ്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യയിലെ മാർ തെയോഫിലോസ് ആണ്."[7] മലങ്കരസഭയുടെ ആരാധനയിൽ വി.ത്രിത്വത്തിന് 7 സവിശേഷതകൾ ഉള്ളതായി കാണിക്കുന്നു. വിശുദ്ധിയുള്ളതും മഹത്വമുള്ളതും, സൃഷ്ടിഅല്ലാത്തതും, ഉണ്മയായതും ആദ്യന്തമില്ലാത്തതും വന്ദിക്കത്തക്കതും, സാരാംശത്തിൽ സമമായിരിക്കുന്നതുമായ ത്രിത്വം എന്നാണ്. ത്രിയേക ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ത്ബലീത്തായിൽനിന്നും, പീലാസായിൽനിന്നും കാസായിൽനിന്നും ശക്തിസംഭരിച്ചശേഷം വൈദികൻ ജനത്തെ ത്രിത്വനാമത്തിൽ ആശീർവദിക്കുന്നു.

**തിരുശരീരരക്തങ്ങൾ ഉയർത്തി ആഘോഷിക്കുന്നു**

വിശുദ്ധരഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പുള്ളവർക്കായി

7. ജയിംസ് ആനാപറമ്പിൽ (എഡിറ്റർ) പരിശുദ്ധ ത്രിത്വം മൂന്നാം സഹസ്രാബ്ദത്തിന്റെ ജീവിതമാതൃക, പേജ് 21

www.malankaralibrary.com

നൽകപ്പെടുന്ന കാസയായി നൽകപ്പെടുന്നു എന്നു പറഞ്ഞുകൊണ്ട് വി.കുർബാന ഉയർത്തി ആഘോഷിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെയാണ് അനുസ്മരിക്കുന്നത്. പരിശുദ്ധനായ ഏകപിതാവും പരിശുദ്ധാത്മാവും ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായും അല്ലാതെ പരിശുദ്ധനില്ല എന്ന് ജനം ഏറ്റു പറയുന്നു. വിശുദ്ധ കുർബ്ബാന സ്വീകരണത്തിൽ വിശുദ്ധിയും വെടിപ്പും അത്യന്താപേക്ഷിതമാണ്. വി.കുർബ്ബാന സ്വീകരണത്തിനായുള്ള ക്ഷണം കൂടിയാണ് ഈ കർമ്മം. സ്വർഗ്ഗാരോഹണസമയത്ത് രണ്ടു മാലാഖമാർ കർത്താവിന്റെ ഇരുവശങ്ങളിലായി കാണപ്പെട്ടു (അ.പ്പ.1:10). അതിനെ സൂചിപ്പിക്കുവാനായി വി.കുർബ്ബാന ഉയർത്തി ആഘോഷിക്കുമ്പോൾ രണ്ട് ശുശ്രൂഷകർ തിരി പിടിച്ചുകൊണ്ട് നിൽക്കുന്നു. പിതാവ്, പുത്രന്, പരിശുദ്ധറൂഹാ നമ്മോടുകൂടെ എന്ന് വൈദികൻ ഉൽഘോഷിക്കുന്നു. വി.ത്രിത്വം നമ്മോടുകൂടെ ഉള്ളതിനാൽ ഈ ദൈവികരഹസ്യങ്ങൾ സ്വീകരിക്കുവാൻ ദൈവം നമ്മെ യോഗ്യരാക്കുന്നു

**കുക്കിലിയോൻ (വിശുദ്ധന്മാരോടുള്ള സംസർഗ്ഗം)**

വിശുദ്ധരോടുള്ള സംസർഗ്ഗം വി.സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാണ്. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥം അപേക്ഷിക്കുക എന്നത് വി.സഭയുടെ മഹനീയമായ പാരമ്പര്യമാണ്. വിശുദ്ധന്മാരിൽ ഏറ്റം ഉയർന്നസ്ഥാനം വി.ദൈവമാതാവിനാണ്. ആയതിനാൽ ആദ്യംതന്നെ പരി.ദൈവമാതാവിന്റെ മദ്ധ്യസ്ഥം അപേക്ഷിക്കുന്നു. അതിനുശേഷം വിശുദ്ധന്മാർ, ആചാര്യന്മാർ, വാങ്ങിപ്പോയവർ ഇവരുടെ കുക്കിലിയോനുകൾ ക്രമമായി ചൊല്ലുന്നു. ഈ കുക്കിലിയോനുകൾക്ക് എല്ലാം വേദപുസ്തകാടിസ്ഥാനം ഉണ്ട്.

1. നിന്നാൾ സ്തുതിയൊടു...... സങ്കീ. 45, 9-11
2. നയവാൻ പനപോലെ ........സങ്കീ. 12-14
3. ചാർത്തും നീതിയെ...... 132, 9-12
4. മക്കളിലപ്പൻ കൃപ.... സങ്കീ.103, 13-15

ധൂപപ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ വീണ്ടും ജനത്തോട് പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും ത്രോണോസിന്റെ

www.malankaralibrary.com

മുൻപാകെ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വി.കുർബ്ബാന സ്വീകരണത്തിനുള്ള യോഗ്യതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും വി.കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നു.

**വി.കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നു.**

മറനീങ്ങുന്നു. കർത്താവിന്റെ രണ്ടാംവരവിൽ സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

വി. കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ മഹത്വത്തോടുകൂടിയുള്ള രണ്ടാമത്തെ എഴുന്നള്ളത്തെയാണ് അനുസ്മരിക്കുന്നത്. ആദ്യം വന്നതുപോലെ അല്ല അവൻ വീണ്ടും വരുന്നത്. കാഹളനാദത്തോടുകൂടി വീണ്ടും വാനമേഘങ്ങളിൽ എഴുന്നെള്ളും. വി.കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ പള്ളിമണികൾ മുഴങ്ങുന്നത് ഈ കാഹളനാദത്തെയാണ് സൂചിപ്പിക്കുന്നത്. പുരോഹിതന്റെ ഇരുവശങ്ങളിലും കത്തിച്ച തിരികൾ ഏന്തിനിൽക്കുന്ന ശുശ്രൂഷകർ കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉള്ള മാലാഖമാരുടെ പ്രതീകമാണ്. അതീവ ഭയഭക്തിയോടെ ആരാധനസംഘം ദൈവത്തെ ആരാധിക്കേണ്ട സമയമാണ് ഇത്. തുടർന്ന് വി. കുർബ്ബാനകൊടുക്കുന്ന വി.കുർബ്ബാന നൽകുവാൻ ഉള്ള ഏറ്റം ഉചിതമായ സമയവും ഇതുതന്നെയാണ്.

വി.കുർബ്ബാന നൽകുമ്പോൾ പട്ടക്കാരൻ ചൊല്ലുന്നത് തിരുശരീരവും, തിരുരക്തവുമായ തീക്കട്ട കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യവിശ്വാസിക്ക് നൽകപ്പെടുന്നു എന്നാണ്. മഹത്വമുള്ളവനായ ഏശയ്യായ് സെറാഫ് അഗ്നി കൊടിൽകൊണ്ട് ഏശയ്യായുടെ നാവിൽ സ്പർശിച്ചതിനെയാണ് ഇവിടെ അനുസ്മരിക്കുന്നത്.

"ഏശയ്യാനിബിക്കു ദൂതൻ കൊടുത്ത
പാവനമാം തീക്കനലിലിളതാൻ" എന്ന് പെസഹാവ്യാഴാഴ്ച വി.കുർബാന കൊടുക്കുമ്പോൾ നാം പാടുന്നുണ്ട്. തീക്കട്ടയ്ക്ക് രണ്ട് സ്വഭാവം ഉണ്ട്. ഒരു വസ്തുവിനെ ശുദ്ധീകരിക്കുവാനും അതേ സമയം നശിപ്പിക്കുവാനും സാധിക്കും. വി.കുർബ്ബാന യോഗ്യതയോടു കൂടിയാണ് കൈക്കൊള്ളുന്നത് എങ്കിൽ അത് നമ്മെ ശുദ്ധീ

www.malankaralibrary.com

കരിക്കും. അയോഗ്യമായിട്ടാണ് സ്വീകരിക്കുന്നത് എങ്കിൽ നമ്മെ നശിപ്പിക്കും എന്നതിൽ തർക്കമില്ല. ശിക്ഷയ്ക്കും പ്രതികാരത്തിനുമായി ഭവിക്കരുതെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് വി.കുർബാനയുടെ എഴുന്നള്ളിപ്പ് പൂർത്തിയാക്കുന്നു.

**കൃതജ്ഞതാ പ്രാർത്ഥന**

ഈ വലിയ രഹസ്യത്തിൽ നമ്മെ യോഗ്യരാക്കിയ ദൈവത്തിന്റെ കൃപയ്ക്ക് നന്ദി കരേറ്റുകയാണ് കൃതജ്ഞതാ പ്രാർത്ഥനയുടെ കാതൽ.

**ആശീർവാദവും യാത്രയയപ്പും**

ത്രിയേകദൈവത്തിന്റെ കരുണയ്ക്കും കൃപയ്ക്കുമായി ഭരമേൽപ്പിച്ച് പറഞ്ഞയയ്ക്കുകയാണ് ഇവിടെ. യേശുക്രിസ്തുവിന്റെ മിഷ്യൻ ശുശ്രൂഷയിൽ പങ്കുപറ്റി ഓരോ വിശ്വാസിയും ഭരമേൽപ്പിക്കപ്പെട്ട് പുറത്തേക്ക് ഇറങ്ങുന്നു. ദൈവാലയത്തിലെ ബലി സമാപിച്ചു എങ്കിലും ജീവിതമാകുന്ന ബലി തുടരുകയാണ്. ജീവിതമാകുന്ന ബലി തുടരുവാൻ നമ്മെ പ്രാപ്തരാക്കുന്നതും, ശക്തീകരിക്കുന്നതും ദൈവാലയത്തിലെ ബലിയാണ്.

**സമാപനം**

സമാപന ആശീർവാദത്തിനുശേഷം മറയിട്ടുകൊണ്ട് പട്ടക്കാരൻ തിരുശരീരരക്തങ്ങൾ അനുഭവിച്ചു പൂർത്തിയാക്കുകയും പൂജാപാത്രങ്ങൾ തുടയ്ക്കുകയും വി.ത്രോണോസിനോട് മൂന്ന് പ്രാവശ്യം ഹൃദയവേദനയോടെ യാത്ര ചോദിച്ച് മുത്തുകയും ചെയ്യുന്നു. തുടർന്ന് വിശ്വാസി സംഘം പട്ടക്കാരന്റെ കരങ്ങൾ ചുംബിച്ച് പിരിയുന്നതോടെ വി.കുർബ്ബാന സമാപിക്കുന്നു.

www.malankaralibrary.com

# ദേവാലയത്തിലെ തിരുവസ്തുക്കൾ ഒരു പഠനം

ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന സംഘമാണ് സഭ. മാനുഷിക ഭാഷയ്ക്ക് ഒരു പരിമിതി ഉണ്ട്. ആ പരിമിതികളെ നികത്തുന്നത് അടയാളങ്ങൾ ആണ്. സ്വർഗ്ഗീയ ആരാധനയായ വി.കുർബ്ബാനയിൽ തിരുവസ്തുക്കളും അടയാളങ്ങളും ഉപയോഗിക്കുന്നു. ഈ തിരുവസ്തുക്കളെപ്പറ്റിയും അടയാളങ്ങളെക്കുറിച്ചും അതിന്റെ ആന്തരിക അർത്ഥങ്ങളെപ്പറ്റിയും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

**വി.ത്രോണോസ്**

'ത്രോണോസ്' എന്ന വാക്കിന്റെ അർത്ഥം 'സിംഹാസനം' എന്നാണ്. ദേവാലയത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധ ത്രോണോസ് ആണ്. സ്വർഗ്ഗീയരാജാവ് എഴുന്നള്ളിയിരിക്കുന്ന സിംഹാസനമാണ് വി.ത്രോണോസ്. ജറുസലേം ദേവാലയത്തിന്റെ കൃപാസനത്തെയാണ് വി.ത്രോണോസ് സൂചിപ്പിക്കുന്നത്. ഏശയ്യായുടെ പുസ്തകം 6-ാം അദ്ധ്യായത്തിൽ ഏശയ്യായ്ക്കുണ്ടായ ദർശനത്തിൽ യഹോവയായ ദൈവം ഉയർന്ന ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായിട്ടാണ് കണ്ടത്. ദൈവാലയത്തിലെ വി.ത്രോണോസിൽ സ്വർഗ്ഗീയ രാജാവ് എഴുന്നള്ളിയിരിക്കുന്നു എന്ന് പൗരസ്ത്യസഭ വിശ്വസിക്കുന്നു. വി.കുർബാന ത്രോണോസിൽ വച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ദൈവികസിംഹാസനമായ ത്രോണോസിൽ ദൈവത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ട്. മലങ്കര പാരമ്പര്യം അനുസരിച്ച് വി.ബലിപീഠത്തിനെ അൾത്താര എന്നു വിളിക്കാറില്ല. 'വി.ത്രോണോസ്' എന്നാണ് 'വി.ബലിപീഠം' അറിയപ്പെടുന്നത്.

www.malankaralibrary.com

അലക്സാണ്ഡ്രിയായിലെ വി.കൂറിലോസിന്റെ അഭിപ്രായത്തിൽ "ക്രിസ്തുവാണ് ത്രോണോസും, കാഴ്ചയും പുരോഹിതനും. പിതാവിന് സ്വർഗ്ഗീയത്രോണോസിൽ സദാനേരവും തന്നെ തന്നെ കാഴ്ചയർപ്പിക്കുന്ന ക്രിസ്തുവിന്റെ ചിത്രമാണ് ബലിപീഠം."[1] കർത്താവിന്റെ കബറിടവുമായും ത്രോണോസിനെ ചിത്രീകരിക്കുന്നുണ്ട്. വി.ബലിപീഠത്തെ വി.ത്രിത്വത്തിന്റെ വാസസ്ഥാനമായും പൗരസ്ത്യസഭ കരുതുന്നുണ്ട്. വി.ബലി അർപ്പിക്കപ്പെടുന്ന സമയത്ത് ത്രിയേകദൈവം രഹസ്യാത്മകമായി ബലിപീഠത്തിൽ എഴുന്നള്ളി വരുന്നുണ്ട്. ത്രോണോസ് ജീവന്റെ മേശയാണ്.

**തബലീത്താ**

വി.ത്രോണോസിന്മേൽ വയ്ക്കുന്ന ദീർഘചതുരാകൃതിയിൽ ഉള്ള ഒരു പലകയാണ് തബലീത്താ. 18 ഇഞ്ച് നീളവും, 12 ഇഞ്ച് വീതിയും അര ഇഞ്ച് ഘനവുമുള്ള പ്രത്യേക തടിയിലോ, മാർബിളിലോ ആണ് തബലീത്താ ഉണ്ടാക്കുന്നത്. തബലീത്താ കൂടാതെ വി.കുർബാന അനുഷ്ഠിക്കാൻ പാടില്ല എന്നാണ് സഭയുടെ നിയമം. വി. തബലീത്താമേൽ ആണ് കാസായും പീലാസായും വയ്ക്കുന്നത്. തബലീത്ത രക്ഷാകരമായ കുരിശിനെ സൂചിപ്പിക്കുന്നതിനാൽ സധാരണ ഗതിയിൽ തബലീത്ത തടികൊണ്ടാണ് നിർമ്മിക്കുന്നത്. "തബലീത്താ സഭയുടെ അടിസ്ഥാനക്കല്ലായ യേശുക്രിസ്തുവിന്റെ സാദൃശ്യമാണ്"[2] തബലീത്ത മൂറോൻ പൂശിയാണ് കൂദാശ ചെയ്യുന്നത്. കൂദാശ ചെയ്ത മെത്രാന്റെ പേരും കൂദാശചെയ്ത തീയ്യതിയും തബ്ലിത്തായുടെ മറുവശത്ത് സുറിയാനിയിൽ എഴുതിയിരിക്കും.

**വിരിക്കൂട്ടം**

മധ്യഭാഗത്ത് വെള്ള നിറവും അതിനുതാഴെ പച്ചനിറവും അതിനും താഴെയായി ചുവപ്പുനിറവും ഉള്ള ഒരു ശീലക്കൂട്ടമാണ് ഇത്. ഇത് തബലീത്തായുടെ മുകളിൽ ആണ് വിരിക്കുന്നത്. ചുവപ്പ് നിറം പ്രപഞ്ചത്തേയും പച്ച ഭൂമിയേയും വെള്ള സഭയേയും സൂചിപ്പിക്കുന്നു.

---

1. ഫാ. ജോൺ സ്വർഗ്ഗീയമന്ന, വി.കുർബാന ഒരു പഠനം പേജ് 85.
2. ഫാ. ഗീവർഗീസ് പണിക്കർ കാരിച്ചാൽ
മലങ്കര കുർബ്ബാന തീർത്ഥാടക സഭയിൽ, പേജ് 64

www.malankaralibrary.com

**ചിത്തോല**

വി.ത്രോണോസിനെ അലങ്കരിക്കുന്ന പട്ടുവസ്ത്രമാണ് ചിത്തോല. "ഏകനായ ദൈവം വി. ത്രിത്വമായി അറിയപ്പെട്ടതുകൊണ്ടാണ് ചിത്തോല എന്ന പട്ടുവസ്ത്രം മൂന്ന് ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നത്. മൂന്ന് ഖണ്ഡങ്ങളിലേയും ഒരേ നിറം ത്രിത്വത്തിലെ മൂന്നുപേരും സാരാംശത്തിൽ സമന്മാരാണ് എന്ന് കാണിക്കുന്നു."[3] നമ്മുടെ കർത്താവിന്റെ കബറടക്കസമയത്ത്, തന്റെ തിരുശരീരം പൊതിഞ്ഞ പട്ടുവസ്ത്രത്തെയും ചിത്തോല സൂചിപ്പിക്കുന്നുണ്ട്.

**സ്ലീബാ**

വി.സ്ലീബാ യേശുനാഥന്റെ ക്രൂശുമരണത്തിന്റെ മാത്രം അടയാളമല്ല. യേശുനാഥന്റെ ഉയിർപ്പിന്റേയും അതുവഴി നേടിത്തന്ന നിത്യജീവന്റെയും പ്രതീകം കൂടിയാണ്. ആയതിനാൽ രൂപമില്ലാത്ത വി.സ്ലീബാ ത്രോണോസിൽ വയ്ക്കുന്നു. വി.സ്ലീബായും തിരികളും വി.ത്രോണോസിൽ തന്നെ ഉണ്ടായിരിക്കണം. വി.സ്ലീബാ സമാധാനത്തിന്റേയും വിജയത്തിന്റേയും രക്ഷയുടേയും അടയാളമാണ്.

**മെഴുകുതിരികൾ**

വി.ത്രോണോസിൽ സ്ലീബായ്ക്കു ചുറ്റുമായി 13 തിരികൾ വയ്ക്കുന്നു. വി.കുരിശ് എപ്പോഴും തിരികളെക്കാൾ ഉയർന്നിരിക്കണം. തിരികൾ ത്രോണോസിന്റെ മുകളിലുള്ള പടികളിൽ വയ്ക്കണം. തിരികൾ കത്തിക്കുന്നതിന് വേദപുസ്തകപരമായി വലിയ അർത്ഥവും സ്ഥാനവും ഉണ്ട്. ദൈവം പ്രകാശമാണ് എന്ന് പഴയനിയമത്തിലും പുതിയനിയമത്തിലും ഒരു പോലെ വ്യക്തമാണ് (പുറ.13: 21, യോഹ.8: 12, വെളി.22:5). വാഗ്ദാനപേടകത്തിന് സമീപം കത്തുന്ന ദീപം വയ്ക്കണം എന്ന് ദൈവം തന്നെ ആഹ്വാനം ചെയ്തിട്ടുണ്ട്. യേശുനാഥൻ ലോകത്തിന്റെ പ്രകാശമാണ്. ദൈവസാന്നിദ്ധ്യത്തെ കാണിക്കുവാൻവേണ്ടിയാണ് ത്രോണോസിൽ തിരികൾ കത്തിക്കുന്നത്.

**കാസായും പീലാസായും**

നിയമപെട്ടകത്തിനകത്ത് മന്നാ ഇട്ടുവെച്ചിരുന്ന പൊൻ പാത്രത്തിന് സാദൃശ്യമാണ് കാസയും പീലാസായും. നിത്യജീവന്റെ അപ്പമായ യേശുനാഥന്റെ തിരുശരീരരക്തങ്ങൾ കുടികൊള്ളുന്നത് കാസാ

3. ഫാ. ഗീവർഗീസ് പണിക്കർ കാരിച്ചാൽ
മലങ്കര കുർബ്വാന തീർത്ഥാടക സഭയിൽ, പേജ് 64

www.malankaralibrary.com

യിലും പീലാസായിലും ആണ്. കാസായും പീലാസായും ലോഹ നിർമ്മിതമായിരിക്കണം എന്നാണ് സഭയുടെ നിയമം. കാസായും, പീലാസായും വെള്ളിയോ സ്വർണ്ണമോകൊണ്ട് ഉണ്ടാക്കപ്പെടുന്നു. സാധാരണയായി സ്വർണ്ണം പൂശുകയാണ് ചെയ്യുന്നത്.

**കബ്ലാനാകൾ**

കാസായും പീലാസായും മൂടുവാൻ ഉപയോഗിക്കുന്ന പട്ടുതുണികൾ ആണ് കബ്ലാനാകൾ. കബ്ലാനാകൊണ്ട് കാസായും പീലാസായും മൂടിവെച്ചിരിക്കുന്നസമയം ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ പഴയനിയമത്തിൽ പിതാവിനോട് കൂടെയായിരുന്ന സമയത്തോട് ഉപമിക്കാം.

**കൗക്ക്ബോ (നക്ഷത്രം)**

പീലാസായിൽ വയ്ക്കുന്ന കുരിശാകൃതിയിൽ ഉള്ള ഈ നക്ഷത്രം പീലാസായ്ക്ക് മുകളിൽ ഇടുന്ന കബ്ലാന (തുണി) വി.കുർബാനയെ സ്പർശിക്കാതിരിക്കാൻ സഹായിക്കുന്നു. യേശുക്രിസ്തുവിന്റെ ജനനവേളയിൽ ബേത്ലഹേമിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിന്റെ പ്രതീകമാണ് കൗക്ക്ബോ.

**തർവോദോ (സ്പൂൺ)**

കാസായിൽ നിന്നും തിരുശരീരം എടുക്കുവാനും തിരുരക്തം ഉൾക്കൊള്ളുവാനും ഉപയോഗിക്കുന്ന സ്പൂൺ ആണ് തർവോദോ. വി.ബലിയിൽ വിശ്വാസികൾക്ക് തിരുരക്തം നല്കേണ്ട അവസരത്തിൽ ഇതാണ് ഉപയോഗിക്കുന്നത്. ഏശയ്യായ്ക്ക് ഉണ്ടായ ദർശനത്തിൽ കണ്ട കൊടിലിന്റെ പ്രതീകമാണ് ഇത്.

**മ്ശംശോനീസോ**

കാസായും പീലാസായും നിർമ്മിക്കുന്ന അതേ ലോഹംകൊണ്ടാണ് മ്ശംശോനീസോ നിർമ്മിക്കുന്നത്. വി.കുർബാനയിൽ സ്പർശിച്ചശേഷം പട്ടക്കാരൻ കൈവിരൽ വെള്ളത്തിൽ മുക്കുവാൻ ഉള്ള പാത്രമാണ് ഇത്. വീഞ്ഞിൽ വെള്ളം കലർത്തുന്നതും ഈ പാത്രത്തിൽനിന്നാണ്.

**ചെറിയ കൂഷ്യൻ**

തർവോദോ (സ്പൂൺ) വയ്ക്കുന്നതിനുള്ള ചുവപ്പുനിറമുള്ള ചെറിയ കുഷ്യനാണ് ഇത്. എന്റെ ഓർമ്മയ്ക്കായിട്ട് ഇത് ചെയ്യു

www.malankaralibrary.com

വിൻ എന്ന് പറയുമ്പോൾ പട്ടക്കാർ സ്പൂണും കുഷ്യനും ചേർത്താണ് ഉയർത്തുന്നത്. കുഷ്യൻ കർത്താവിന്റെ സിംഹാസനമായും സ്പൂൺ കർത്താവിനെയുമാണ് സൂചിപ്പിക്കുന്നത്.

**മർബഹാസാ**

മാലാഖമാരെ പ്രത്യേകിച്ച് സ്രോപ്പേ മാലാഖമാരെ പ്രതിനിധാനം ചെയ്യുന്ന ഉപകരണമാണ് മർബഹാസാകൾ. നാലാം നൂറ്റാണ്ടുമുതൽ ഇവ കുർബാനയ്ക്ക് ഉപയോഗിക്കുന്നു. സ്രോപ്പേ മാലാഖമാരുടെ മുഖവും ചിറകും ഇതിൽ കൊത്തി രൂപപ്പെടുത്തിയിട്ടുണ്ട്. വി.കുർബാനയിലും മറ്റു ശുശ്രൂഷകളിലും അദൃശ്യമായി നമ്മോടു സംസാരിക്കുന്ന മാലാഖമാരെയാണ് ഇത് സൂചിപ്പിക്കുന്നത്. മർബഹാസകൾ ചലിപ്പിക്കുമ്പോൾ മാലാഖമാർ പറന്ന് ഇറങ്ങുന്നതായും അർത്ഥമുണ്ട്.

**മണികൾ**

വി.കുർബാനയിലെ മർമ്മപ്രധാനഭാഗങ്ങൾ വരുമ്പോൾ സമയത്തിന്റെ ഗൗരവം എടുത്തുകാണിക്കാനായി മണികൾ ഉപയോഗിക്കുന്നു. വി.കുർബാന പരസ്യമായി ആരംഭിക്കുമ്പോഴും ഉയർത്തി ആഘോഷിക്കുമ്പോഴും പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോഴും വലിയ മണികളും അടിക്കാറുണ്ട്. ബാക്കിസമയങ്ങളിൽ ചെറിയ മണികൾ അടിക്കുന്നു.

**ശോശപ്പാ**

അപ്പവീഞ്ഞുകൾ ഒരുക്കിയശേഷം കാസായും പീലാസായും മൂടുവാൻ ഉപയോഗിക്കുന്ന വെള്ളത്തുണിയാണ് ശോശപ്പാ. മഹത്വമുള്ളവന്റെ തേജസ്കൊണ്ട് ആകാശം മൂടിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് ശോശാപ്പകൊണ്ട് പട്ടക്കാരൻ വി.രഹസ്യങ്ങൾ മൂടുന്നത്. നമ്മുടെ കർത്താവിന്റെ കബർ മൂടുവാൻ ഉപയോഗിച്ച വലിയ കല്ലായിട്ടാണ് ഇതിനെ ചിത്രീകരിച്ചിരിക്കുന്നത്. ദൈവീക രഹസ്യങ്ങൾ മനുഷ്യബുദ്ധിക്ക് അതീതമാണ് എന്നും ശോശപ്പാ മൂടുമ്പോൾ അർത്ഥമാക്കാം.

**ദർഗാ**

ത്രോണോസിനുതാഴെ കാണുന്ന ഒരു ചവിട്ടുപടിയാണ് ദർഗാ. പൂർണ്ണശെമ്മാശന്മാർ ഉൾപ്പെടെയുള്ള വൈദികസ്ഥാനികൾ മാത്രമെ

www.malankaralibrary.com

ദർഗായിൽ ചവിട്ടിനിൽക്കുകയുള്ളൂ.

**ഏവൻഗേലിയോൻ പീഠം**

വി.ഏവൻഗേലിയോൻ (സുവിശേഷം) വയ്ക്കുന്ന പീഠമാണ് ഇത്. വി. കുർബാനയിൽ യേശുവിന്റെ സാന്നിദ്ധ്യം ഉള്ളതുപോലെ തന്നെ ദൈവവചനത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. വി.ത്രോണോസിന് ഉപയോഗിക്കുന്ന ചിത്തോലയുടെ അതേ കളറുള്ള തുണി കൊണ്ടാണ് ഏവൻഗേലിയോൻ പീഠവും പൊതിയുന്നത്. കാരണം ദൈവവചനത്തിനും വി.കുർബാനയ്ക്കും തുല്യപ്രാധാന്യമാണ് സഭയിൽ ഉള്ളത്. വി.കുർബാനയിൽ രണ്ട് വിരുന്നുകൾ ആണ് ലഭിക്കുന്നത്. അപ്പം വിളമ്പുന്നു, വചനം വിളമ്പുന്നു. സഭയുടെ ഏറ്റം വലിയ ശുശ്രൂഷ വചനശുശ്രൂഷയാണ്. വചനം ഇന്ന് കുടികൊള്ളുന്നത് സഭയിലാണ്. വചനത്തെ കൂടാതെ സഭയോ സഭയെ കൂടാതെ വചനമോ ഇല്ല. ഏവൻഗേലിയോൻ വി. ത്രോണോസിന്റെ വടക്കുഭാഗത്ത് വയ്ക്കുന്നു. എപ്പോൾ ഏവൻഗേലിയോൻ വായിച്ചാലും തിരികൾ പിടിച്ചിരിക്കും. വചനം പ്രകാശമാണ്.

**ധൂപകുറ്റി**

മലങ്കരസഭയിൽ എല്ലാ ശുശ്രൂഷകൾക്കും ധൂപാർപ്പണം ഉണ്ട്. ധൂപത്തോടൊപ്പം പ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്ക് കരേറുന്നു. ധൂപകുറ്റി ഈ പ്രപഞ്ചം മുഴുവനേയും സൂചിപ്പിക്കുന്നു. ധൂപകുറ്റിയുടെ കീഴ്ത്തട്ട് ഭൂമിയേയും മുകൾതട്ട് ആകാശത്തേയും അതിനുള്ളിലെ കരി പാപികളായ മനുഷ്യരേയും അഗ്നി ദൈവത്തെയും സൂചിപ്പിക്കുന്നു. 4 ചങ്ങലകളിലായി 72 കൊളുത്തുകൾ 72 അറിയിപ്പുകാരേയും 12 മണികൾ 12 ശ്ലീഹന്മാരേയും സൂചിപ്പിക്കുന്നു. ധൂപാർപ്പണം വി.കുർബാനയിൽ നിർബന്ധമാണ്.

**തിരിശീല**

തിരിശീല യേശുനാഥന്റെ തകർന്ന ശരീരത്തെയാണ് സൂചിപ്പിക്കുന്നത്. വി. മദ്ബഹായെ (അതിവിശുദ്ധസ്ഥലം) വേർതിരിക്കുന്നത് തിരിശീലയാലാണ്. "തിരിശില സ്വർഗ്ഗത്തിന്റെ കവാടവും സ്വർഗ്ഗത്തെ ഭൂമിയിൽനിന്നും വേർതിരിച്ചുനിർത്തുന്ന ആകാശമണ്ഡലത്തിന്റെ പ്രതീകവുമാണ്."[4] പൗരസ്ത്യചിന്തയിൽ ദൈവവും

4. ഫാ. ജോൺ സ്വർഗ്ഗീയമന്ന, വി.കുർബാന ഒരു പഠനം, പേജ് 83.

www.malankaralibrary.com

മനുഷ്യനും തമ്മിലുള്ള രഹസ്യാത്മക ബന്ധത്തെയാണ് തിരിശീല സൂചിപ്പിക്കുന്നത്. ശുശ്രൂഷസമയങ്ങളിൽ മാത്രമെ തിരിശീല നീക്കുകയുള്ളു. "ദൈവത്തെ ഒരു മനുഷ്യസ്നേഹിയായി മാത്രം പരിഗണിച്ചാൽ ദൈവത്തോട് വേണ്ടത്ര ഭക്ത്യാദരവുകൾ ഉണ്ടാവില്ല. നമ്മുടെ അനർഹതാബോധത്തിൽ നിന്നുണരുന്ന ദൈവികഭയം അതിനു കൂടിയേ തീരൂ"[5]. തിരിശീല അതിവിശുദ്ധ സ്ഥലത്തിന്റെ ഭവ്യതയേയും, രഹസ്യാത്മകതയുമാണ് വിളിച്ചറയിക്കുന്നത്. പള്ളി വെറും ഒരു കെട്ടിടമല്ല, സ്വർഗ്ഗസിംഹാസനത്തിൽ ദൈവം അദൃശ്യനായി എഴുന്നള്ളിയിരിക്കുന്ന, മാലാഖമാരാൽ നിറയപ്പെട്ട, സ്വർഗ്ഗീയഭവനമാണ്. അവിടെ ഭയഭക്തിയോടെ മാത്രമെ, പെരുമാറാൻ സാധ്യമുള്ളൂ. തിരിശീല മാറ്റപ്പെടുമ്പോൾ സ്വർഗ്ഗം തുറക്കപ്പെടുന്നതായിട്ടാണ് കാണപ്പെടുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം ദർശിച്ചത് സ്ത്രീകൾ ആണ്. അതിനാൽ മറ നീക്കുമ്പോൾ ആദ്യം ത്രോണോസ് ദർശിക്കുന്നതും സ്ത്രീകളാണ്.

### അംശവസ്ത്രങ്ങൾ

പഴയനിയമത്തിൽ പുരോഹിതന്മാർ വിശുദ്ധ വസ്ത്രങ്ങൾ ധരിക്കേണ്ടതിനെ പറ്റി ദൈവം തന്നെ കല്പിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ പുരോഹിതൻ രാജാവും പ്രവാചകനുമാണ്. ഓരോ റീത്തിലും വ്യത്യസ്ഥമായ അംശവസ്ത്രങ്ങൾ ധരിക്കുന്നു. അന്ത്യോക്യൻ പാരമ്പര്യത്തിൽ ഉള്ള അംശവസ്ത്രങ്ങൾ താഴെ പറയുന്നു. ഓരോ വസ്ത്രം ധരിക്കുമ്പോഴും അതിന്റേതായ പ്രാർത്ഥനകൾ ഉണ്ട്.

### കറുത്തകുപ്പായം

മനുഷ്യന്റെ പാപാവസ്ഥയെയും അനുതാപത്തെയും സൂചിപ്പിക്കുന്നു.

### ആൽബ് - (വെള്ളയങ്കി)

വെടിപ്പിന്റെയും വിശുദ്ധിയുടെയും അടയാളമാണ്. ആത്മാവിനും ശരീരത്തിനും ആവശ്യമായ നൈർമല്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

---

5. ഡോ. ലൂയിസ് മൂലവീട്ടിൽ ഒ. ഐ. സി. യാക്കോബിന്റെ അന്നാഫൂറാ, ഒരു പഠനം, പേജ് 25

www.malankaralibrary.com

**ഹൈമ്മ്നിയ**

പട്ടക്കാർ ആൽബിന്റെ മീതെ ധരിക്കുന്ന തിരുവസ്ത്രമാണ് ഇത്. വി. പൗലോസ് ശ്ലീഹാ എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്ന നീതിയുടെ കവചമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഇത് പുരോഹിതന്റെ കടമയെ സൂചിപ്പിക്കുന്നു.

**അരക്കെട്ട് (സൂനോറോ)**

അരക്കെട്ട് വിജയത്തിന്റെ വാളിനെയും സത്യത്തെ കുറിക്കുന്ന അരപ്പട്ടയെയും (എഫേ. 6:14) സൂചിപ്പിക്കുന്നു.

**കൈ ഉറകൾ**

ആത്മീകശത്രുക്കളെ പരാജയപ്പെടുത്തുന്നതിനുള്ള ശക്തി നല്കണമെ എന്നു പ്രാർത്ഥിച്ചുകൊണ്ടാണ് കൈ ഉറകൾ ധരിക്കുന്നത്. ദൈവശുശ്രൂഷയ്ക്ക് താൻ തയ്യാറായിരുന്നു എന്നതിന്റെ സൂചനയാണ് ഇത്.

**കാപ്പ**

വൈദികൻ ഏറ്റവും പുറമെ ധരിക്കുന്ന വസ്ത്രം. നീതിയുടെയും മഹത്വത്തിന്റെയും അങ്കിയാണ് (സങ്കീ.132, 9) കാപ്പ. ദൈവസന്നിധിയിൽ യോഗ്യമായി നിൽക്കുന്നു എന്നാണ് കാപ്പ സൂചിപ്പിക്കുന്നത്. രാജാധിരാജന്റെ പ്രതിനിധിയായാണ് പട്ടക്കാരൻ നിൽക്കുന്നത്. മഹത്വത്തിന്റെ ശ്രേഷ്ഠമായ അങ്കിയാണ് ഇത്.

**ചെരുപ്പുകൾ**

മലങ്കരസഭയിൽ വി.കുർബാനയ്ക്കും മറ്റു ശുശ്രൂഷകൾക്കും കാപ്പയോടുകൂടെതന്നെ വൈദികർ ചെരുപ്പുധരിക്കുന്നു. ഇതിന്റെ അർത്ഥം ചെരിപ്പ് ധരിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ സ്പഷ്ടമാണ്. ''ദൈവമായ കർത്താവേ സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ എല്ലാ ശക്തിയേയും എന്നേക്കും എതിർക്കാൻ തക്കവണ്ണം സമാധാനസുവിശേഷത്തിന്റെ സന്നദ്ധതയാൽ എന്നെ ചെരുപ്പുധരിപ്പിക്കണമെ'' എന്ന് വൈദികൻ പ്രാർത്ഥിക്കുന്നു.

**മേല്പട്ടക്കാരുടെ അംശവസ്ത്രങ്ങൾ**

വൈദികൻ ധരിക്കുന്ന ഇത്രയും അംശവസ്ത്രങ്ങൾക്കുപുറമെ മേൽപട്ടക്കാർ ധരിക്കുന്ന അംശവസ്ത്രങ്ങൾ.

www.malankaralibrary.com

**മസനപ്സാ**

മേൽപ്പട്ടക്കാരും റമ്പാൻമാരും ധരിക്കുന്ന ശിരോവസ്ത്രം. ഇതിൽ 13 കുരിശുകൾ കാണാം കർത്താവിനെയും 12 ശ്ലീഹന്മാരേയും ആണ് ഇത് സൂചിപ്പിക്കുന്നത്. സന്ന്യാസത്തിന്റെ അടയാളവും കൂടിയാണ് ഇത്. ''ഹീബ്രുഭാഷയിലെ 'മിസ്നേഫേത്' എന്ന വാക്കിൽ നിന്നാണ് 'മസനപ്സാ' എന്ന വാക്കിന്റെ ഉത്ഭവം''[6].

**ശീലമുടി**

വി.കുർബാനയ്ക്ക് ഉപയോഗിക്കുന്ന ശിരോവസ്ത്രം. മോശ അണിഞ്ഞ മൂടുപടത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

**പത്രസിൻ**

കാപ്പായ്ക്ക് മുകളിൽ അണിയുന്ന വലിയ ഉറാറായാണ് ഇത്. മഹാപുരോഹിതന്റെ അധികാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

**കുരിശുമാല**

തിന്മയുടെ ശക്തിയിൽനിന്നുള്ള കാവൽ

**അംശവടി**

ഇടയന്റെ അടയാളം.

**സ്ലീബാ**

വിജയത്തിന്റെ അടയാളം. ജനത്തെ അശീർവദിക്കുന്നത് സ്ലീബാ ഉപയോഗിച്ചുകൊണ്ടാണ്.

**ശുശ്രൂഷകർ ധരിക്കുന്ന അംശവസ്ത്രങ്ങൾ**

ശുശ്രൂഷകന്മാർ മാലാഖമാരുടെ സ്ഥാനത്തുനിന്ന് ദൈവാരാധനയിൽ ശുശ്രൂഷിക്കുന്നവർ ആണ്. ആയതിനാൽ വിശുദ്ധിയുടെ അടയാളമായ ശുശ്രൂഷക്കുപ്പായം ധരിച്ച് ശുശ്രൂഷകളിൽ അവർ പങ്കെടുക്കുന്നു.

---

6. ഡോ. ലൂയിസ് മൂലവീട്ടിൽ ഒ. ഐ. സി. യാക്കോബിന്റെ അന്നാഫൂറാ, ഒരു പഠനം, പേജ് 51

www.malankaralibrary.com

# *Bibliography*

1. Manuel Rebero O.C.D. (Ed) Ente Ormaykay Divya Karunya Puthunangal, Jyotir Dhara Publications, Kalamassery, 2001.
2. Panicker Gheevarghese, Karichal, Malankara Qurbana Teerthatakasabhayil, Published by SEERI, Kottayam 1998.
3. Jose Philip, Medayil Viswasapariseelanam Paurastya Sabhakalil, Sandesanilayam Publications, Changanassery, 2003.
4. The order of The Holy Qurbono of the Syro- Malankara Church, St.Mary's Press, Pattom 2001.
5. Malankara Katholikarude Aradanakramam, Kudassikal, St.Mary's Press, Trivandrum, 1997.
6. Shehmo Namaskaram, St. Joseph's Printing house, Thiruvalla, 1975
7. Malankara Katholikarude Aradhanakramam, Puranalukal, St. Mary's Press, Trivandrum 2003.
8. Dr. Thomas Mannooram Parampil, Aradhana Kramathinnu Oru Amukham, OIRSE Publications Vadavathoor, Kottayam 1992.
9. Fr. Sylvester Kanjiramukalil OIC, Malankara Katholika Sabhayude Vyektituvem, Bethany Publications, 1988.

www.malankaralibrary.com



# മലങ്കര - അന്ത്യോഖ്യൻ ആരാധനക്രമ ദൈവശാസ്ത്രം

## ഫാ. മാത്യു കളരിക്കാലായിൽ

മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമത്തിന്റെ പൊരുൾ ആഴത്തിൽ മനസ്സിലാക്കാൻ എല്ലാവരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാദർ മാത്യു കളരിക്കാലായിൽ മലങ്കര അന്ത്യോക്യൻ ആരാധനക്രമ ദൈവശാസ്ത്രം എന്ന ഗ്രന്ഥത്തിനു രൂപം നല്കിയിരിക്കുന്നത്. മലങ്കരകത്തോലിക്കാസഭ അന്ത്യോക്യൻ ആരാധനക്രമമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഈ ആരാധനക്രമത്തെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ ഒരു പഠനമാണിത്.

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

പതിനെട്ട് അദ്ധ്യായങ്ങളിലൂടെ അന്ത്യോക്യൻ ആരാധനയുടെ ഉത്ഭവം, പൗരാണികത്വം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. അന്ത്യോക്യൻ ആരാധനക്രമ പഠനത്തിന് സഭാമക്കൾക്ക് ഏറ്റം പ്രയോജനപ്രദമായ ഒരു വഴികാട്ടിയാണീ പുസ്തകം.

ഡോ. ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്താ

ആരാധനയും ആരാധനയിലെ പ്രതീകങ്ങളെയും ദൈവത്തിന് അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളെയും വിശിദീകരിച്ച് വിശ്വാസികളെ യഥാർത്ഥ ആരാധകരാക്കി മാറ്റുന്നതിനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥം.

ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

18 അദ്ധ്യായങ്ങളിലായി അന്ത്യോക്യൻ ആരാധനക്രമങ്ങളുടെ ഉത്ഭവവും വളർച്ചയും മുതൽ ദൈവശാസ്ത്രപരവും ക്രിസ്തുശാസ്ത്രപരവുമായ കാര്യങ്ങളും അത്മീയതയും കൂദാശകളും ഉൾപ്പെടെ സമസ്ത മണ്ഡലങ്ങളേയും സ്പർശിച്ചു കൊണ്ടുള്ള വിജ്ഞാനപ്രദവും ആശയസംപുഷ്ഠതയും പ്രൗഢഗംഭീര്യവുമായ ലേഖനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബഹു. മാത്യു കളരിക്കാലായിൽ അച്ചന്റെ ഈ കൃതി അന്ത്യോക്യൻ പാരമ്പര്യമുള്ള സഭകൾക്കുമാത്രമല്ല സകല എപ്പിസ്കോപ്പൽ സഭകൾക്കും അമൂല്യവും അതുല്യവുമായ ഒരു മുതൽക്കൂട്ടും സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിന് ഉതകുന്നതുമാണെന്നതിന് സംശയമില്ല.

ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ